
മലയാളരാജ്യം
ആഴ്ചപ്പതിപ്പ്



PRINTED CEYLON

THE MALAYALA RAJYAM

11th May 1953. ILLUSTRATED WEEKLY Three Anni



ലക്ഷ്മിരാജ്യം

★

ആന്ധ്രദേശത്തിന് അഭിമാനിക്കത്തക്ക ഒരു ഉജ്വലചലച്ചിത്രനടിയത്രെ ലക്ഷ്മിരാജ്യം. വ്യത്യസ്ത സ്വഭാവത്തോടുകൂടിയ കഥാപാത്രങ്ങളെ പ്രതിനിധീകരിക്കുന്നതിന് ലക്ഷ്മിരാജ്യത്തിനുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. മാതൃവാത്സല്യത്തിന്റെ മൂർത്തിമദ്ഭാവമായ അമ്മയായും ഹൃദയനാഥനെ കാത്തിരിക്കുന്ന കാമുകിയായും ഇണവേർപിരിയാത്ത ഭാര്യയായും പണക്കാരന്റെ പരിഷ്കാരിയായ മകളായും മറ്റും ലക്ഷ്മിരാജ്യം തന്മയത്വമായി അഭിനയിച്ചിട്ടുണ്ട്. ഒരു ചിത്രത്തിലും ആ നടി പരാജയപ്പെട്ടിട്ടില്ല. പരിശ്രമവും ഉത്സാഹവുമാണ് ആ നടിയുടെ വിജയത്തിനു സഹായിച്ചിട്ടുള്ളതു്. എണ്ണമറ്റ ദുരിതങ്ങളും ക്ലേശങ്ങളും സഹിച്ചിട്ടാണ് ലക്ഷ്മിരാജ്യം ഇന്നത്തെ നിലയിലേക്ക് ഉയർന്നിട്ടുള്ളതും.

1920-ൽ കർണ്ണൂൽ ജില്ലയിൽ തെന്നാലി എന്ന സ്ഥലത്താണ് ലക്ഷ്മിരാജ്യം ജനിച്ചതു്. ചെറുപ്പത്തിൽ ലക്ഷ്മിരാജ്യം ഒരു ചലച്ചിത്രനടിയായിത്തീരുമെന്ന് സ്വപ്നത്തിൽപോലും ചിന്തിച്ചിരുന്നില്ല. ലക്ഷ്മിരാജ്യത്തിന്റെ കുടുംബം മദ്രാസിലേക്കുമാറിയതോടുകൂടിയാണ് സിനിമാരംഗത്തിലേക്കുപ്രവേശിക്കുവാൻ സൌകര്യം ലഭിച്ചതും. 1936-ൽ കേവലം പതിനാലുവയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ ഈസ്റ്റ് ഇന്ത്യാഫിലിം സ് നിർമ്മിച്ച "കൃഷ്ണതുലാഭാരം" എന്നചിത്രത്തിൽ അഭിനയിക്കുന്നതിന് ലക്ഷ്മിരാജ്യം തിരഞ്ഞെടുക്കപ്പെട്ടു. ഈ ചിത്രം കൽക്കത്തയിലായിരുന്നു നിർമ്മിച്ചിരുന്നതു്. ലക്ഷ്മിരാജ്യം ഈ ചിത്രത്തിൽ ഒരു ചെറിയഭാഗമാണ് അഭിനയിച്ചിരിക്കുന്നതെങ്കിലും ആ ഭാഗം ഭംഗിയായി അഭിനയിച്ചിട്ടുണ്ട്. അടുത്തതായി "കൃഷ്ണലീല" എന്ന തെലുങ്കുചിത്രത്തിലാണ് ലക്ഷ്മിരാജ്യം അഭിനയിച്ചതു്. സാമ്പത്തികമായും കലാപരമായും വിജയംവരിച്ച ഒരു ചിത്രമാണ് "കൃഷ്ണലീല". കൃഷ്ണലീലയിലെ അഭിനയത്തോടുകൂടി ലക്ഷ്മിരാജ്യത്തിന് വ്യാപകമായ പ്രശസ്തിയും ലഭിച്ചു. ആ നടിയുടെ അഭിനയത്താൽ ആകൃഷ്ടരായ നിർമ്മാതാക്കൾ തങ്ങളുടെ ചിത്രങ്ങളിൽ ലക്ഷ്മിരാജ്യത്തെ അഭിനയിപ്പിക്കുവാൻ അഹമഹമികയാ മുന്നോട്ടുവന്നു. "മായാബസാർ" എന്ന ചിത്രത്തിലാണ് പിന്നീടു ലക്ഷ്മിരാജ്യം അഭിനയിച്ചതു്. ശോഭനാചലയുടെ 'ഭീക്ഷുർ' പ്രഭാകർ പ്രൊഡക്ഷൻസിന്റെ മംഗളസൂത്രം എന്നിവയിൽ അഭിനയിച്ചശേഷം ലക്ഷ്മിരാജ്യം "ദ്രോഹി" എന്ന ചിത്രത്തിൽ പ്രത്യക്ഷപ്പെട്ടു. ദ്രോഹിയുടെവിജയം ലക്ഷ്മിരാജ്യത്തിന്റെ പ്രശസ്തി ഒന്നുകൂടി വർദ്ധിപ്പിച്ചു. അലൈഡ് പ്രൊഡക്ഷൻസിന്റെ "പരമാനന്ദശിഷ്യുലു" എന്ന ചിത്രത്തിലാണ് പിന്നീടു ലക്ഷ്മിരാജ്യം പ്രത്യക്ഷപ്പെട്ടതു. ഈ ചിത്രത്തിൽ നായകന്റെഭാഗം അഭിനയിച്ചതു് നാഗേശ്വരറാവുവായിരുന്നു. "പരമാനന്ദശിഷ്യുലു"വിലെ അഭിനയത്തിനുശേഷം ലക്ഷ്മിരാജ്യം അല്പകാലത്തേക്ക് സിനിമാ അഭിനയത്തിൽനിന്നു വിരമിക്കുകയുണ്ടായി. അതിനുശേഷം ലക്ഷ്മിരാജ്യം "സംസാരം" എന്ന ചിത്രത്തിൽ അഭിനയിച്ചു.

ലക്ഷ്മിരാജ്യത്തിന്റെ കലാപരമായകഴിവുകൾ തിക്കുംപ്രതിബിംബിപ്പിക്കുന്ന ഒരു ഉന്നതമായ സാമൂഹ്യചലച്ചിത്രമത്രെ "സംസാരം". സംസാരത്തിനുശേഷം സാധനപിക്ചേഴ്സ് നിർമ്മിച്ച 'അഗ്നിപരീക്ഷ' 'പ്രജാസേവ' എന്നീ ചിത്രങ്ങളിൽ ആ നടി പ്രത്യക്ഷപ്പെട്ടു. രാജ്യം പിക്ചേഴ്സ് എന്ന പേരിൽ ലക്ഷ്മിരാജ്യം ഒരു ചലച്ചിത്രനിർമ്മാണകമ്പനിയും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. രാജ്യം പിക്ചേഴ്സ് ആദ്യമായി നിർമ്മിച്ച ചിത്രമാണ് "ദാസി". ദാസി തെലുങ്കിൽ അസൂയാർഹമായ വിജയംവരിച്ചിട്ടുള്ള ഒരു ചിത്രമാണ്. ഈ ചിത്രത്തിന്റെ തമിഴ്പതിപ്പാണ് "വേലക്കാരി മകൾ". "വേലക്കാരിമകൾ" അടുത്തകാലത്തു റിലീസായിട്ടുള്ള ഒരു ചിത്രമാണ്. രാജ്യം പിക്ചേഴ്സ് ഇപ്പോൾ ഏതാനും പുതിയചിത്രങ്ങൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണ്. അഹംഭാവവും ആഡംബരവുമില്ലാതെ സാധാരണജീവിതം നയിക്കുന്ന ഒരുനടിയത്രെ ലക്ഷ്മിരാജ്യം. ലക്ഷ്മിരാജ്യം ഒരു സാഹിത്യകാരിയുമാണ്. ലക്ഷ്മിരാജ്യത്തിനു നന്നായി സിനിമാലോകത്തിനു് ഇനിയും മഹത്തായ പല സംഭാവനകളും പ്രതീക്ഷിക്കാവുന്നതാണ്. ലക്ഷ്മിരാജ്യത്തിന്റെ സഹോദരനായ സി. വി. കൃഷ്ണമൂർത്തിയും ഒരു ചലച്ചിത്രപ്രവർത്തകനാണ്. ആത്മാർത്തതയോടെ കലാസേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ലക്ഷ്മിരാജ്യം അവരുടെ കലാപ്രവർത്തനങ്ങളിൽ ഉപരി ഉപരി വിജയംവരിക്കുവാൻ ഇടയാകട്ടെ.



ചലച്ചിത്രവിശേഷം

'മദനമോഹിനി'

★

ജീവിതയാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത കാണികളുടെ പരീക്ഷകൾക്ക് പുറമെ നാം പിടിപ്പിക്കാത്ത ചില സങ്കല്പവാദികളും എഴുതുന്ന കഥകളെ ആസ്പദമാക്കി ചലച്ചിത്രങ്ങൾ നിർമ്മിക്കുന്ന ഒരു പാരമ്പര്യവും തമിഴർ പുലർത്തിപ്പോരുന്നുണ്ട്. മാനവസമുദായത്തിന്റെ ഉന്നമനത്തിന് ഇമ്മാതിരിചിത്രങ്ങൾ ഒരുവിധത്തിലും സഹായിക്കാറുമില്ല. കഴിഞ്ഞ ചിലപ്രാവശ്യം നിർമ്മാണകർക്ക് ലാഭം നേടിക്കൊടുത്തു എന്നവരാം ഏതായാലും ഈ ഇനത്തിൽപ്പെട്ട ഒരു പുതിയ ചിത്രമായ ലിബർട്ടി പിക്ചേഴ്സിന്റെ 'മദനമോഹിനി'. പുരാണകഥയെ ആധാരമാക്കി നിർമ്മിച്ചിട്ടുള്ള ഒരു ചിത്രത്തിൽക്കൂടിയാണ് 'മദനമോഹിനി' പ്രയാണം ചെയ്യുന്നതു്.

കാണികളെ മുഷിപ്പിക്കാതെ ഇത്തരത്തിലുള്ള സംഭവബഹുലമായ ഒരു കഥയില്ലാത്തതാണ് മദനമോഹിനിക്കു സംഭവിച്ച ഏറ്റവും വലിയ ബലഹീനത. കഥ എന്താണെന്നു നോക്കുക. വഞ്ചിനാട്ടിലെ പുലികേശി എന്നൊരു രാജാവു തന്റെ ആജ്ഞയെ അവഗണിച്ചതിനു് സ്വന്തം സഹോദരി മദനയെ രാജ്യത്തിൽനിന്നു ബഹിഷ്കരിക്കുന്നു. തന്റെ രാജ്യത്തുള്ളവരാരും ദൈവഭക്തനം ചെയ്യരുതെന്നായിരുന്നു രാജാവിന്റെ ആജ്ഞ. രാജ്യഭ്രഷ്ടയായ മദന അയൽരാജ്യത്തു ചെന്നേരുന്നു. മദനയോടു് രൂപസൗന്ദര്യമുള്ള മോഹിനി അവളെ രക്ഷിക്കുന്നു. ഒരുസംഘം കവർച്ചക്കാരായ ദസ്യുക്കളുടെ നേതാവായ രുദ്രൻ മോഹിനി മദനയെ വാരംവാരമാക്കിത്തീർത്തും അഭ്യസിപ്പിക്കുന്നു. കവർച്ചയിലുള്ള അവളുടെ സാമർത്ഥ്യം പരീക്ഷിക്കുന്നതിനായി മറ്റൊരു രാജാവിന്റെ കൊട്ടാരത്തിൽനിന്നു മൂന്നു രത്നങ്ങൾ മോഷ്ടിച്ചുകൊണ്ടുവരുവാൻ നിയോഗിക്കപ്പെടുന്നു. മദന രത്നങ്ങൾ മോഷ്ടിക്കുന്നതിൽ വിജയിച്ചു. പക്ഷേ അവൾ അറസ്റ്റുചെയ്യപ്പെടുന്നു. രാജകുമാരന്റെ— മണിവർണ്ണന്റെ— അപേക്ഷയനുസരിച്ച് അവളെ വിട്ടയച്ചെയ്യുന്നു. തുടർന്നു രാജകുമാരനും മദനയുംതമ്മിൽ പ്രേമബദ്ധരാകുന്നു. മദന രത്നാകരമായി മടങ്ങിപ്പോകുന്നു. മദനാത്തനായ രാജകുമാരൻ മദനയെ അന്വേഷിച്ചു് ചെല്ലുന്നു. എന്നാൽ മദനയുടെയും മോഹിനിയുടേയും രൂപസാദൃശ്യം രാജകുമാരനെ കുഴപ്പങ്ങളിലേക്കു വലിച്ചിഴയ്ക്കുന്നു. മോഹിനിയും രാജകുമാരനെ പ്രേമിച്ചുതുടങ്ങുന്നു. രാജകുമാരൻ മദനയെ പ്രേമിച്ചിരുന്നതുകൊണ്ടു് അവളെ കൊല്ലുന്നതിനു മോഹിനി ശ്രമിക്കുകയും ആ ശ്രമത്തിനു് അവൾ കൊല്ലപ്പെടുകയും ചെയ്യുന്നു. അവസാനം കൊല്ലപ്പെട്ടതു മോഹിനി മദനയുടെ സഹോദരിയാണെന്ന രഹസ്യം പുറത്താകുന്നു. ഇതിനിടയിൽ പുലികേശിയുടെ രണ്ടാമത്തെ സഹോദരി അനയുടെ കൈവശം വരാനുള്ള മാല കൊടുത്തയയ്ക്കുന്നു. ആ മാല മണിവർണ്ണന്റെ കഴുത്തിലുമാകുന്നു. മണിവർണ്ണൻ രാജാവിന്റെ സഹോദരിയെ പരിഗ്രഹിക്കുന്നതിൽ താല്പര്യമില്ലായിരുന്നു. പല കുഴപ്പങ്ങൾക്കുശേഷം പുലികേശിയുടെ രണ്ടു സഹോദരികളേയും മണിവർണ്ണൻ ഭാര്യമാരായി സ്വീകരിക്കുന്നു. ഇതത്രെ കഥയുടെ ചുരുക്കം. കഥയിൽ യാതൊരു പുതുമയുമില്ല. അതിനും പുറമെ അശ്ലീലതയും അസംഭാവ്യതകളും അവിടവിടെയായി സ്ഥലം പിടിച്ചിട്ടുണ്ട്. അസംഭാവ്യമായ ഈ കഥയെ അതർഹിക്കുന്ന ഗൗരവത്തോടെ ഡയറക്ടർ എം. എൽ. പതി സംവിധാനം ചെയ്തിട്ടുമുണ്ട്. വിഡ്ഢികളുടെ ബുദ്ധിക്കുപോലും യോജിക്കാത്ത സംഭവങ്ങളാണ് കഥയെ വലിച്ചുനീട്ടിക്കൊണ്ടു

(ശേഷം 32-ംപേജിൽ)

മുഖചിത്രം

★

ഡൽഹി റെഡ്ഫോർട്ടിനകത്തുള്ള പേർഷ്യൻ മോസ്ക്.

Photo by Raygraphs. Madras.

മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൪ | കൊല്ലം, ഫ്രഞ്ചുവ മേടം ൨൨ ാംനു തിങ്കളാഴ്ച | ലക്കം ൨൯൪

പനങ്കാവിൽ കൊട്ടാരം

★

കൊല്ലം ഒന്നാംശതകംമുതൽ ഏഴാംശതകംവരെ വേണാടിന്റെ തലസ്ഥാനം കൊല്ലംനഗരമായിരുന്നു. അക്കാലത്തു രാജാക്കന്മാർ താമസിച്ചിരുന്ന പനങ്കാവിൽ കൊട്ടാരത്തിന്റെ സ്ഥാനനിർണ്ണയം ചെയ്യുന്നതിനാണു് ചരിത്രഗവേഷകനായ ലേഖകൻ ശ്രമിക്കുന്നതു്.

ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

കൊല്ലത്തു പനങ്കാവിൽ കൊട്ടാരത്തിന്റെ സ്ഥാനം കണ്ടുപിടിക്കുവാൻ ഏതാനും വർഷങ്ങളായി ഞാൻ ശ്രമിക്കയായിരുന്നു. അടുത്ത കാലത്തു പ്രൊഫസർ കെ. പി. പിള്ളയും, ശ്രീ: ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ളയും ഞാനുംകൂടി ഇതിനെപ്പറ്റി അന്വേഷിക്കയുണ്ടായി. എന്നാൽ വിജയം ഇനിയും ദൂരഗതമായിരിക്കുന്നതേയുള്ളൂ. അറിവാൻ കഴിഞ്ഞിട്ടുള്ളതോളം സംഗതികൾ പ്രസിദ്ധപ്പെടുത്തുന്നപക്ഷം ആ വിഷയത്തിൽ താല്പര്യമുള്ളവർക്കു കൂടുതൽ അന്വേഷണം നടത്തുവാൻ സഹായമായിരിക്കുമെന്നു കരുതി ഈ ലേഖനത്തിൽ അതിനുദ്യമിച്ചുകൊള്ളുന്നു.

ചരിത്രകാലം ആരംഭിക്കുന്ന കൊല്ലം ഒന്നാംശതകംമുതൽ ഏഴാംശതകംവരെ വേണാടിന്റെ തലസ്ഥാനം കൊല്ലംനഗരമായിരുന്നുവെന്ന ശാസനങ്ങൾവഴി ഇപ്പോൾ തെളിഞ്ഞിട്ടുണ്ടു്. അക്കാലത്തു് രാജാക്കന്മാർ പനങ്കാവിൽ കൊട്ടാരത്തിലാണു് താമസിച്ചിരുന്നതു്. പുതുക്കളങ്ങര കൊട്ടാരവും തിരുമുമ്പാരം കൊട്ടാരവും മറവം പിൽക്കാലത്തുണ്ടായതാണു്. ഏറ്റവും പ്രാചീനമായ കൊട്ടാരം പനങ്കാവിൽ ആയിരുന്നു. പോർട്ടുഗീസുകാരുടെ കാലത്താണു് അതു നശിച്ചതു്. കൊല്ലം 149-ാമാണ്ടു് വൃശ്ചികമാസത്തിൽ ഞായറാഴ്ചയും അശ്വതിയും ക്രൂടിയ സുദിനത്തിൽ വേണാട്ടു രാജാവായിരുന്ന ഉത്തിരംതിരുനാൾ ശ്രീവല്ലഭൻ കോത 'കൊല്ലത്തുപനൈങ്കാവിൻകോയിലുടയരിയ കൊട്ടിലും' ഇരുന്നരുളുന്നതായി മന്പേള്ളി താമ്രശാസനത്തിലും, ശ്രീരാമവർമ്മകുലശേഖരചക്രവർത്തികാലം 278-ാമാണ്ടു ചിങ്ങമാസം 9-നു- * 'കുരക്കേണി കൊല്ലത്തു പനൈങ്കാവിൻകോയിലകത്തിരുന്നരുളി വന്ന വിരോതത്തിനു' പ്രായശ്ചിത്തംചെയ്യുന്നതായി രാമേശ്വരത്തു ശിലാരേഖയിലും പറയുന്നുണ്ടു്. ഉള്ളൂനീലിസന്ദേശത്തിൽ, അന്നു വേണാട്ടരാജാവായിരുന്ന ഇരവിവർമ്മനെ കൊട്ടാരത്തിൽചെന്നു കാണുന്നതിനുമുമ്പായി

"നേരേ പിന്നെ പ്രിയസഖ പന
ങ്ങാവനത്തിനകംപു-
ക്കാരവംകൊണ്ടഖിലജഗതാം
ഭൈരവീം ഭൈരവീം താം
നീരാന്നീട്ടും കരിമുകിൽ നിറ
കൊണ്ടു നിൻമൂലതായെ
ക്കോരിച്ചോരിക്കടൽ പരുക=മാ
ക്കാളിയെക്കൈതൊഴേണ്ടും"

എന്നു വേണാട്ടരാജാക്കന്മാരുടെ കുലദേവതയായിരുന്ന പനങ്കാവിൽ ഭദ്രകാളിയെ ആദ്യമായി കൈക്കൂപ്പണമെന്നു ഉപദേശിക്കുന്നു. പിന്നീടു് 'ആതിച്ചപുരമരിൻറപ്പനെ കൈ വണങ്ങി' കൊട്ടാരത്തിലേക്കുപോകുമ്പോൾ പണ്ഡിതശ്രേഷ്ഠന്മാരായ ബ്രാഹ്മണർ 'പട്ടത്താനം'ത്തിനുവേണ്ടി ആതിഥ്യവുമ്മനെ സമീപിക്കുമെന്നും പറയുന്നുണ്ടു്. ആതിച്ചപുരം എന്നൊരുസ്ഥലം കൊല്ലത്തുണ്ടെങ്കിലും ഇപ്പോളില്ല. അപ്പനെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് ശിവനോ വിഷ്ണുവോ ആയിരുന്ന ആ ക്ഷേത്രത്തിലെ പ്രതിഷ്ഠ എന്നു തീർച്ചപ്പെടുത്തുന്നതിനും പട്ടത്താനത്തുക്ഷേത്രത്തിലെ പ്രധാനപ്രതിഷ്ഠ പണ്ടു ശിവനായിരുന്നു. ഇപ്പോൾ ശിവനും ഭദ്രകാളിയുമുണ്ടു്. കൊല്ലം ആദിശതകങ്ങളിൽ വലിയ ക്ഷേത്രങ്ങളിലെല്ലാം 'മാവാരതപട്ടൻ' തുടങ്ങി ഏതാനും 'പട്ടത്താനം'ങ്ങളും ഉണ്ടായിരുന്നു. 'പട്ടത്താനം' ലഭിച്ച പണ്ഡിതന്മാരുടെ വാസഭൂമി എന്നോ അവർക്കു വിഭജിച്ചുകൊടുത്തിരുന്ന സ്ഥലമെന്നോ ഉള്ള അർത്ഥത്തിലായിരിക്കാം പട്ടത്താനം എന്നപേർ ആ ദേശത്തിനുണ്ടായതു്. അവിടെയുള്ള പാട്ടത്തിക്കാവുക്ഷേത്രം ആയിരിക്കുമോ ഇവിടെ ഉദ്ദേശിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അടുത്തെവിടെയോ ആതിച്ചപ്പിള്ളവീടു് എന്നൊരുവീടുള്ളതായി സ്ഥലം പാർവ്വത്യകാരിൽനിന്നു് അറിവാൻ കഴിഞ്ഞു. പക്ഷേ ആതിച്ചപ്പിള്ളവീടിനും ആ ക്ഷേത്രത്തിനുതമ്മിൽ എന്തെങ്കിലും ബന്ധം കല്പിക്കുവാൻ കഴിയുമെന്നതോന്നുന്നില്ല. ആ ക്ഷേത്രത്തെയായിരിക്കും ഉള്ളൂനീലിസന്ദേശകാരൻ ഉദ്ദേശിക്കുന്നതെന്നു സംശയിക്കുവാൻ എന്നെ പ്രേരിപ്പിച്ച സംഗതികൾ വേറെയാണു്. സന്ദേശത്തിലെ വള്ളുനയനസരിച്ചു പഴയകൊല്ലത്തുനിന്നു വഴിയിൽ (തിരുവനന്തപുരം-കൊല്ലംറോഡ്)നിന്നു് കോട്ടയ്ക്കകത്തു കയറിയാൽ ഒരു പ്രസിദ്ധ ഭദ്രകാളിക്ഷേത്രം കടന്നാണു ഈ ക്ഷേത്രത്തിലേക്കു വരുന്നതു്. ഇതു ഭരണിക്കാവിൽ ഭദ്രകാളി ആയിരിക്കണം. പാട്ടത്തിക്കാവും ഭരണിക്കാവും മുറവുമുള്ള സ്ഥലങ്ങളും ഉൾപ്പെട്ട പ്രദേശത്തിനായിരുന്നു പനങ്കാവു് എന്നു പറഞ്ഞുവന്നിരുന്നതു് എന്നതോന്നുന്നു. പനങ്കാവു് എന്നൊരുസ്ഥലമോ പുരയിടമോ ഇപ്പോൾ അവിടെങ്ങുമില്ല. പനയത്തു്, പനഅയ്യം, പനവിള പനമൂടു് എന്നിങ്ങനെ 'പന'യിൽ തുടങ്ങുന്ന പേരുകളും ഭരണിക്കാവു്, പാട്ടത്തിൽകാവു്, തയ്യിൽകാവു് എന്നിങ്ങനെ 'കാവി'ൽ അവസാനിക്കുന്ന പേരുകളും അവിടങ്ങളിൽ ധാരാളമാണു്. പട്ടത്താനം എന്നപേർതന്നെ ആ സ്ഥലത്തിനുണ്ടായിരുന്ന പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ഭരണിക്കാവിനുസമീപമുള്ള കോട്ടപ്പുറം, കോട്ടയടി, കോട്ടത്താഴ, കോട്ടാമല, അയിക്കരത്താഴം, പയറ്റുവയൽ മുതലായസ്ഥലങ്ങളും അതിനു വളരെ ദൂരെയല്ലാതെ ഉമയനല്ലൂരിനു പടിഞ്ഞാറുഭാഗത്തായി സ്ഥിതിചെയ്യുന്ന പടനിലവും മുൻപറഞ്ഞ ഊഹത്തിനു ബലംനൽകുകയാണു്.

പനങ്കാവിൽ കൊട്ടാരത്തിന്റെ സ്ഥാനം നിർണ്ണയിക്കുവാൻ വേറെയും വഴികളുണ്ടു്. മുച്ചന്തിക്കൽ എന്ന പേരിൽ പ്രസിദ്ധിആർജ്ജിച്ചിരുന്ന കൊല്ലത്തെ അങ്ങാടിയുടെ കിഴക്കായിരുന്നു കൊട്ടാരമെന്നു് ഉള്ളൂനീലിസന്ദേശത്തിൽനിന്നു മനസ്സിലാക്കാം. കൊട്ടാരത്തിൽനിന്നിറങ്ങി മുച്ചന്തിക്കൽക്കൂടിയാണു കരിപ്പുക്കളംകൊട്ടാരത്തിലേക്കുപോകുന്നതു്. കൊല്ലത്തുനിന്നു പനമൻയ്യപോകുമ്പോൾ കാണുന്ന 'പുതിയ പൊഴി'യുടെ തെക്കേക്കരയ്ക്കായിരുന്നു കരിപ്പുക്കളം. നീണ്ടകര, അഴിയായും പൊഴിയായും പലപ്പോഴും മാറിയിട്ടുണ്ടു്. അക്കാലത്തു് പുതിയതായി പൊഴി വീണുകിടക്കുകയായിരുന്നു. അതിനുതെക്കായി വട്ടക്കായലിനും സമുദ്രത്തിനും ഇടയ്ക്കു് കൊട്ടാരത്തിൽ എണ്ണൂറു വീടു് ഇപ്പോഴും ഉണ്ടു്. കരിപ്പുക്കളം കൊട്ടാരം സ്ഥിതിചെയ്തിരുന്നതു് അവിടെയായിരിക്കാം. പനങ്കാവിൽനിന്നു കരിപ്പുക്കളത്തേയ്ക്കു പോകുന്ന വഴിക്കുള്ള മുച്ചന്തിക്കൽ അങ്ങാടിയുടെ സ്ഥാനം, തുറമുഖത്തിന്റെ സ്ഥിതിയുംമറ്റും ആലോചിക്കുമ്പോൾ, റയിൽവേസ്റ്റേഷനും ആനന്ദവല്ലീശ്വരക്ഷേത്രവും തമ്മിലുള്ള ഭാഗത്തായിരുന്നു പനങ്കാവിൽ കൊട്ടാരമെന്നു തോന്നുന്നു. ഈ ഭാഗത്തു് ഇപ്പോൾ കാണുന്ന ഉയർന്ന പ്രദേശങ്ങൾ പണ്ടു കായലായിരുന്നുവെന്നു ഭൂമിശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. കൊല്ലത്തുനിന്നു കരിപ്പുക്കളത്തേയ്ക്കു പോകുന്ന വഴിക്കുള്ള മുച്ചന്തിക്കൽ അങ്ങാടിയുടെ സ്ഥാനം, തുറമുഖത്തിന്റെ സ്ഥിതിയുംമറ്റും ആലോചിക്കുമ്പോൾ, റയിൽവേസ്റ്റേഷനും ആനന്ദ

---

* കൊല്ലത്തിനു കുരക്കേണികൊല്ലമെന്നും പറഞ്ഞുവന്നു. ദേശിങ്ങനാട്ടരാജാക്കന്മാരുടെ പടനായകന്മാരും 'പനമ്പി'സ്ഥാനികളുമായ പുത്തേറടനയനാരുടെ കുടുംബത്തിലെ ഗ്രന്ഥവരിയിൽ 1024-ലും കുരക്കേണികൊല്ലമെന്നുപയോഗിച്ചിട്ടുണ്ടു്.

= പരുക്കൻ=കുടിക്കും.

വല്ലീശ്വരത്തിനും ഇടയ്ക്കു് ആകാശം നിവർത്തിയും ഉള്ള. മൂന്നു പെരുവഴികളും അവിടെസംഗമിച്ചിരുന്നതുകൊണ്ടായിരിക്കാം മുച്ചന്തിക്കൽ എന്ന പേരുണ്ടായതു്. ആ അങ്ങാടിക്കിഴക്കായിരുന്ന പനങ്കാവു് എന്നതു് പട്ടത്താനം ഭരണിക്കാവു് എന്നീ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം യോജിക്കുന്നുണ്ടു്.

ഇനി ചിന്തിക്കുവാനുള്ളതു് മൂരിത്തിട്ട ഗണപതിക്കോവിലിനെപ്പറ്റിയാണു്. മേതിക്കുന്നുപോലെ 'പഴവുമടയും ചക്കയും നൽകരിനും' പൂരിപൊക്കിമതുവുന്ന' ഈ ഗണപതിയെ വന്ദിച്ചിട്ടാണു് ആദിശൂരവമ്മൻ പനങ്കാവനം കോട്ടയ്ക്കുള്ളിൽ പ്രവേശിക്കുന്നതു്. ഭരണിക്കാവുക്ഷേത്രത്തിനു് തെക്കുകിഴക്കുമാറി, പഴയ കൊല്ലപ്പെരുവഴിക്കു സമീപമായിരിക്കണം ഈ ഗണപതിക്കോവിലിന്റെസ്ഥാനം. കഴിഞ്ഞ അനേകവർഷങ്ങൾക്കുള്ളിൽ ഞാൻ പല അന്വേഷണങ്ങളും നടത്തിയെങ്കിലും മൂരിത്തിട്ടയിൽ എന്നോ തിട്ടയിൽ എന്നോ പേരോടുകൂടിയ ഒരു ഗണപതിക്കോവിൽ അവിടെങ്ങും ഉള്ളതായി അറിവാൻ കഴിഞ്ഞിട്ടില്ല! എന്നാൽ 'തിട്ടയിൽ' എന്നൊരു വീടു് ഭരണിക്കാവിനു് കിഴക്കഭാഗത്തുണ്ടെന്നു് ഒരുമാസംമുമ്പു് ശ്രീ. സി. കേശവനിൽനിന്നു് എനിക്കു് മനസ്സിലാക്കാൻകഴിഞ്ഞു. ഒരുപക്ഷെ ആ വീട്ടിനുസമീപം വല്ല ഗണപതിക്കോവിലും ഉണ്ടായിരിക്കാം എന്നൊരു ഊഹം പെട്ടെന്നു എനിക്കുതോന്നി. പിറേറദിവസം രാവിലെ ഞാൻ കൊല്ലത്തെത്തി ശ്രീ: അയിരൂർമാധവൻപിള്ളയേയും കൂട്ടിക്കൊണ്ടു് ആ ഭാഗങ്ങളിലെല്ലാം പോയി സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തിയതിൽ 'തിട്ടയിൽ' എന്ന ഒന്നിലധികം സ്ഥലങ്ങൾ ഉണ്ടെന്നു മനസ്സിലായി. എനിക്കുതോന്നുന്നതു് ഭരണിക്കാവിൽനിന്നു ഒന്നര നാഴിക തെക്കുകിഴക്കു് ആയിരംതെങ്ങിലുള്ള തിട്ടയിൽ ശാസ്താംകോവിലായിരിക്കണം അക്കാലത്തെ മൂരിത്തിട്ട ഗണപതിക്കോവിലെന്നാണു്. ഇപ്പോഴും ഗണപതിയുടെ പ്രതിഷ്ഠ മൻഭാഗത്തു കാണാൻകഴിയും. വിസ്തൃതമായ മൈതാനത്തിന്റെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന ആ കോവിൽ ഒരുകാലത്തു വലിയ ഒരു ക്ഷേത്രമായിരുന്നുവെന്നു അവിടം സന്ദർശിക്കുന്ന ഏവർക്കും മനസ്സിലാം. പ്രതിഷ്ഠകൾ കാലാന്തരത്തിൽ മാറിപ്പോകുമെന്നുള്ളതിനു് പല ഉദാഹരണങ്ങൾ ധാരാളമുണ്ടു്. ഉണ്ണുനീലിസന്ദേശകാവ്യത്തു മണികണ്ഠപുരം ക്ഷേത്രത്തിലെ പ്രധാനദേവൻ ശിവൻ ആയിരുന്നു.

"അഗ്രേകാണം തദനുമണിക-
ണ്ഠാഖ്യപൂവ്വം പുരം തേ
തെക്കിൻക്രാന്നൊരുമണിവരം
തത്ര മേവും പുരാരിം" എന്ന ഭാഗം നോക്കുക. ഇപ്പോൾ ശിവപ്രതിഷ്ഠയും വടക്കുകിഴക്കേമൂലയിൽ കാണുമെങ്കിലും പ്രധാനദേവൻ വിഷ്ണുവാണു്. വിഷ്ണുക്ഷേത്രമെന്നാണു് പറയാറുള്ളതും. അതുപോലെ പുലിയൂർ വിഷ്ണുക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠ അക്കാലത്തു ശിവനായിരുന്നു. 'നാമംചൊൽവാനരുതാത്ത' പുലിയൂർക്കുടിയാണല്ലോ സന്ദേശഹരൻ പോകുന്നതു്. പുലിയൂർ എന്ന രാവിലെ പറഞ്ഞാൽ അന്നു പിന്നെ അത്താഴപ്പട്ടിണിയാണെന്ന ചൊല്ലു് ഇപ്പോഴും ഉണ്ടു്. (അന്നത്തെ കണ്ടിയൂർ–തിരുവല്ലാനടകം വഴി കൊല്ലകടവുപാലത്തിനു് ഒരുനാഴിക പടിഞ്ഞാറുവച്ചു് അച്ചൻകോവിലാറു കടന്നു പുലിയൂർ, കാട്ടിവഴിയാണു് പോയിരുന്നതു്.) ശ്രീനരായണഗുരുസ്വാമികളും പ്രതിഷ്ഠനടത്തിയ ചെമ്പഴന്തി ശിവൻകോവിൽ അക്കാലംവരെ ഭദ്രകാളിക്ഷേത്രമായിരുന്നല്ലോ. ഇതുപോലെ തിട്ടയിൽ ശാസ്താംകോവിൽ ഒരുകാലത്തു് ഗണപതിക്ഷേത്രമായിരുന്നുവെന്നുവരാം. ഏതായാലും വേറെ ഗണപതിക്കോവിൽ അവിടെങ്ങും ഇല്ല.

കൊല്ലത്തു പനങ്കാവിൽ കോട്ടയ്ക്കുള്ളിലുള്ള ആദിച്ചപുരത്തപ്പനെ അവിടെനിന്നു പത്തുനാഴികയോളം കിഴക്കുള്ള ആതിച്ചനല്ലൂർ പെരുമാൾകോവിലിലെ ദേവനാണെന്നു ചിലർ തെറ്റിദ്ധരിക്കാൻ ഇടയായിട്ടുണ്ടു്. അഭിവന്ദ്യനായ ആറാട്ടുപുഴ ആ സ്ഥലങ്ങളെപ്പറ്റിയുള്ള പരിചയക്കുറവുകൊണ്ടു് ആതിച്ചപുരം എന്നതിനു് ആതിച്ചനല്ലൂർ എന്ന അർത്ഥം കൊടുത്തതാണു് ഇതിനുകാരണം. കൊല്ലത്തു ആദിച്ചപുരം ഉണ്ടോ എന്ന അദ്ദേഹം ആരോടൊടു ചോദിച്ചപ്പോൾ ആദിച്ചനല്ലൂരുണ്ടെന്ന മറുപടി പറഞ്ഞിരിക്കും. ആദിച്ചനല്ലൂർ കൊല്ലംതാലൂക്കിലാണെന്നതുകൊണ്ടു് പറഞ്ഞതു ഏറക്കുറെ ശരിതന്നെ. പക്ഷേ കൊല്ലംപട്ടണത്തിലാണോ ആദിച്ചനല്ലൂർ എന്ന ആ പണ്ഡിതൻ ആരാഞ്ഞിരിക്കയില്ല. ഇത്തിക്കരയാറുകടന്നു കൊല്ലത്തെത്തി കൊല്ലംപട്ടണത്തെയും മൂരിത്തിട്ട ഗണപതിയേയും പനങ്കാവിൽ കോട്ടയ്ക്കുള്ളിലുള്ള ഭദ്രകാളിയേയും, വണ്ടിച്ചിരിനശേഷമാണു് ആതിച്ചപുരത്തപ്പനെപ്പറ്റി പറയുന്നതു്. സന്ദേശഹരൻ തിരിയെ എട്ടുനാഴിക കിഴക്കെ ഇത്തിക്കരയോളംവന്നു് * അവിടെനിന്നു രണ്ടുനാഴികയിലധികം പിന്നെയുംസഞ്ചരിച്ചു് ആതിച്ചനല്ലൂർ എത്തിയതിനുശേഷം ഉടൻതന്നെ മടങ്ങി പനങ്കാവിൽ കൊട്ടാരത്തിലേക്കുപോകുന്നതായി കല്പിക്കുന്നതു അസംഗതമാണല്ലോ. ആതിച്ചനല്ലൂരിൽ ഒരു ഭദ്രകാളിക്ഷേത്രവും ഉള്ളതുകൊണ്ടു് പനങ്കാവിൽകൊട്ടാരം അവിടെത്തന്നെയായിരുന്നുവെന്നു് കൽപ്പിച്ചുകൂടെ എന്നൊരുചോദ്യമുണ്ടാകാം. എന്നാൽ കൊല്ലം 149-ലെ മാമ്പള്ളി താമ്രശാസനത്തിലും 278-ലെ രാമേശ്വരത്തു ശിലാരേഖയിലും പനങ്കാവിൽകൊട്ടാരം കൊല്ലംപട്ടണത്തിൽതന്നെയായിരുന്നുവെന്നു സ്പഷ്ടമാണു്. കൂടാതെ ആദ്യകടന്നാൽ ആദ്യം ഒരു ഗണപതി കോവിലിൽ, പിന്നീടു ഭദ്രകാളിക്കോവിലിൽ, രണ്ടുംകഴിഞ്ഞു് ശിവൻകോവിലിൽ, ഈ മാർഗ്ഗമാണു് സന്ദേശഹരൻ എത്തിച്ചേരുന്നതു്. ആതിച്ചനല്ലൂരിൽ ഗണപതികോവിലേ ഇല്ല. പെരുമാൾകോവിലിനും ആറാറിനും ഇടയ്ക്കുള്ള ഭദ്രകാളിക്ഷേത്രവും. ആയകടന്നാൽ ആദ്യം പെരുമാൾ കോവിലിലാണു് എത്തുന്നതു്. പിന്നീടാണു് ഭദ്രകാളിക്ഷേത്രത്തിലേക്കുപോകേണ്ടതു്. അതുകൊണ്ടു ഗണപതിക്കോവിൽ, ഭദ്രകാളിക്കോവിൽ, ശിവൻകോവിൽ എന്ന ഉണ്ണുനീലിസന്ദേശത്തിലെ ക്രമവും ആതിച്ചനല്ലൂരിനുയോജിക്കയില്ല. കൊല്ലംപട്ടണത്തിൽ പനങ്കാവിൽ കോട്ടയ്ക്കകത്തുള്ള ആതിച്ചപുരം ആതിച്ചനല്ലൂർ ആകുകയില്ലെന്നു സ്പഷ്ടമാണെങ്കിലും, ആദ്യം അബദ്ധമായ ഒരു അഭിപ്രായം ഉണ്ടായിപ്പോയതുകൊണ്ടു് ചരിത്രപരമായ സൂക്ഷ്മസ്ഥിതികം മനസ്സിലാക്കാതെ ഇന്നും അന്ധവിശ്വസിക്കുന്നതിനാൽ ഈ ഭാഗം ഇത്രയും വിസ്തരിച്ചതാണു്.

ആതിച്ചപുരം ആതിച്ചനല്ലൂരല്ലെന്നുതീർച്ചയാണെങ്കിലും പട്ടത്താനത്തുതന്നെയായിരുന്നുവെന്നു തീർത്തുപറവാൻ സാധ്യമല്ല. ശ്രീനരായണഗുരുസ്വാമികളും പ്രതിഷ്ഠനടത്തിയ ഉടയമാത്തണ്ഡപുരത്തു് അമ്പതുകുടുംബങ്ങൾ ശിവൻകോവിലിന്റെ സ്ഥാനത്തു മുമ്പു് ഒരു പ്രതിഷ്ഠയുണ്ടായിരുന്നു. അതായിരിക്കുമോ ആതിച്ചപുരം ക്ഷേത്രം എന്നും ഞാൻ ശങ്കിക്കയുണ്ടായി. ഏതാനുംദിവസംമുമ്പു് മുണ്ടയ്ക്കൽ, ഇരവിപുരം ഭാഗങ്ങളിലെല്ലാംപോയി അന്വേഷണംനടത്തിയതിൽ അതാകാൻ ഇടയില്ലെന്നാണു് എനിക്കുതോന്നിയതു്. പക്ഷേ പനങ്കാവിൽ കോട്ടയ്ക്കുള്ളിലായിരുന്ന അമ്പതുകുടുംബങ്ങളും സ്വാമിയുപ്പദേശങ്ങളിൽനിന്നു പ്രതിഷ്ഠനടത്തിയ ശിവൻകോവിൽ ഭാഗങ്ങളും എന്നുള്ളതിനു സംശയമില്ല. കോട്ടത്തറഴി, കോട്ടയടി ഈ വീട്ടുകാർകടന്നു അമ്പതുകുടുംബത്തിനു പടിഞ്ഞാറുഭാഗംവഴി ഇപ്പോഴത്തെ ശ്രീനരായണകോളേജിനടുത്തുകൂടിയായിരുന്നു പടിഞ്ഞാറെ കോട്ടമതിൽ പോയിരുന്നതെന്നുവിചാരിക്കാൻ ന്യായമുണ്ടു്.

കൊല്ലം ആറാംശതകത്തിൽ ആശ്രമത്തു് ഒരു കൊട്ടാരം ഉണ്ടായിരുന്നതായി വൈക്കം ഗ്രന്ഥവരിയിൽ കാണുന്നു. അക്കാലത്തെ കുറ്റങ്ങളും പറയുന്നകൂട്ടത്തിൽ പിന്നീടുണ്ടായ കൊട്ടാരക്കരരാജവംശത്തെപ്പറ്റി പ്രസ്താവിക്കുന്നതുപോലെയാണോ ഇതും എന്നറിയാൻപാടില്ല. ആ ഗ്രന്ഥവരി പിഷ്ണുലത്തു് എഴുതിയിരുന്നതുകൊണ്ടു് പൂർണ്ണാവിശ്വാസമർഹിക്കുന്ന ഒരു ചരിത്രരേഖയായി സ്വീകരിക്കാൻപാടില്ല. ആശ്രമത്തു ക്ഷേത്രത്തിനുതെക്കു് ഇപ്പോഴത്തെ കൊട്ടാരം, ഠസിഡൻസി ഇവയുടെസ്ഥാനത്തു് അന്നു ഒരു കൊട്ടാരം ഉണ്ടായിരുന്നുവെന്നുവരാം. അതിനു യോജിച്ച ഒരുസ്ഥാനമാണു് അവിടം. പക്ഷേ പനങ്കാവിൽകൊട്ടാരം അവിടെയായിരുന്നുവെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. ആതിച്ചപുരത്തപ്പൻ ആശ്രമപുരത്തപ്പനാണെന്നുവിചാരിച്ചാലും അതിനടുത്തു ഭദ്രകാളിക്ഷേത്രമില്ല $ ഗണപതികോവിലുമില്ല. അതുകൊണ്ടു് പട്ടത്താനം ഭരണിക്കാവു എന്നീ പ്രദേശങ്ങളും അതിനു ചുറ്റുമുള്ള സ്ഥലങ്ങളും പനങ്കാവിൽ കോട്ടയ്ക്കുള്ളിൽപെട്ടിരുന്നുവെന്ന വിചാരിക്കുന്നതാണു് ഏറ്റവും യുക്തം. പോർട്ടുഗീസുകാർ ചുട്ടപൊടിച്ച മൈതാനമാക്കിത്തീർത്ത ചരിത്രപ്രസിദ്ധമായ ഈ കൊട്ടാരത്തിന്റെ സ്ഥാനം, ശാസ്ത്രീയമായരീതിയിൽ ഖനനം നടത്തിനോക്കിയാൽ ഒരുപക്ഷേ മനസ്സിലാക്കുവാൻകഴിഞ്ഞേക്കും.

---

* പഴയ കൊല്ലപ്പെരുവഴി നെടുങ്ങോലത്തുവച്ചു് ഇത്തിക്കര ആയകടന്നു, ഇന്നത്തെ തിരുവനന്തപുരം–കൊല്ലം റോഡിനു ഒരുനാഴികയിലധികം പടിഞ്ഞാറുകൂടിയാണു് പോയിരുന്നതു്.

$ ആശ്രമത്തിനു് ആശ്രമപുരമെന്നു് പഴയരേഖകളിൽ ഉപയോഗിച്ചിട്ടുണ്ടെന്നും ആസ്ഥാപുരമെന്നു ചിലർ പറയുമെന്നും സ്ഥലം പാവ്വൃാരിൽനിന്നു മനസ്സിലാക്കാൻകഴിഞ്ഞു.

★

'ഗീതാ, ഗീതാ, ഗീതാ'' എന്നു വേഗം തുടർച്ചരിച്ചാൽ താഗീ, താഗീ എന്ന ശബ്ദം വരുന്നതു കേൾക്കാം; (താഗീ എന്നതു് ത്യാഗി എന്നതിന്റെ രൂപാന്തരമാണു്.) ലോകബന്ധുമുള്ളവരേ, നിങ്ങളും ഉണരുവിൻ! എല്ലാം ഉപേക്ഷിച്ചു ഈശ്വരനിൽ മനസ്സു നിലനിർത്തുവിൻ! എന്നു് ഗീതാ ഒരേ സ്വരത്തിൽ ഉദ്ഘോഷിപ്പിക്കുന്നു. 2—45

"രാജാവിന്റെ തുല്യനാകുന്ന വ്യക്തിയെത്തേടിയെ കണ്ണുകൊണ്ടുപോലും നോക്കയില്ല. അതുപോലെ ഈശ്വരസന്നിധ്യനന്തരം അത്മാനന്ദമുള്ള ആത്മാവുകൂടെ, നിസ്സാരമായ ലൗകികസുഖങ്ങളിൽ ആശവയ്ക്കയില്ല." 2—46

"ആദ്യം ഈശ്വരനെ പ്രാപിക്ക, അതിനുശേഷം, ഭൗതികവസ്തുക്കളെ അന്വേഷിക്കുക; ഇതിനു വിപരീതമായി പ്രവർത്തിക്കരുതു്. ആത്മജ്ഞാനലാഭത്തിനുശേഷം നീ ലൗകികജീവിതം നയിച്ചാൽ നിനക്കു മനശ്ചാഞ്ചല്യം ഉണ്ടാകയില്ല." 2—53

"ജീവനുള്ളപ്പോൾതന്നെ ഏതൊരാൾ മരിച്ചവനെപ്പോലെയാകുന്നുവോ അതായതു് ആരുടെ ആശാപാശങ്ങൾ മൃതനിലെന്നപോലെ നശിച്ചിരിക്കുന്നുവോ അയാളാണു് യഥാർത്ഥ ആത്മജ്ഞാനി." 2—55

"പാനും അതിൽനിന്നു പൊഴിയുന്ന പാടവും, എങ്ങിനെ ഭിന്നമോ, അതുപോലെ ആത്മാവും ശരീരവും വ്യത്യസ്തമാണു്." 2—22

"അനിത്യത്തെക്കൊണ്ടു് നിത്യത്തെ പ്രാപിക്ക." 2—51

ശ്രീരാമകൃഷ്ണദേവൻ.

★

കിരീടധാരണ മഹോത്സവം

മിനിട്ടൊന്നിന് 7000 ഡാളർവീതം ആഭരണക്കുറ്റേരം

അടുത്ത ജൂൺ 2-ാംനു-യാണു് ഇംഗ്ലണ്ടിലെ എലിസബത്തു ദ്വിതീയയുടെ കിരീടധാരണം. ബ്രിട്ടനിലെ പൗരാവലി ആഘോഷസമനിതം കൊണ്ടാടുന്ന മഹാമഹാഘോഷങ്ങൾക്കു് ഗവൺമെൻറു് 30 ലക്ഷം ഡാളറോളം ചിലവുചെയ്യുന്നതാണു്. അതിൻെറ മൂന്നിരട്ടിയോളം സാമാന്യജനങ്ങളും ചിലവുചെയ്യും. പക്ഷെ, മൊത്തത്തിൽ ഇതു് ബ്രിട്ടനു് ആദായകരമായിരിക്കുമെന്നാണു് പ്രതീക്ഷ. ഫ്രെഡ്ഡോംഫ്ളിഗർ എന്ന ഐ. എൻ. എസ്. സ്റ്റാഫ് പ്രതിനിധി എഴുതിയ ലേഖനത്തിൽ ശതവത്സരങ്ങളായി കിരീടധാരണംസംബന്ധിച്ചു അനുഷ്ഠിക്കപ്പെട്ടുവരുന്ന ചടങ്ങുകളും വിവരിക്കുന്നു. ആനന്ദവും ആയാസവും ഇടതിങ്ങുന്ന കൃത്യബാഹുല്യത്തിലാണു് അനേകായിരം ജനങ്ങളും ഇതു സംബന്ധിച്ചു് ഏർപ്പെടുന്നതു്.



വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽ വീതിമുതൽ രാജ്ഞിയുടെ ശിരസ്സിൽ സജ്ജീകൃതമാകുന്ന ആസനങ്ങളുടെ ലേപനം ചെയ്യപ്പെടുന്നതെല്ലാം കാ

ഒരു യുവതിയുടെ ജീവിതത്തിലെ ഒരു ദിവസത്തെ സംഭവംമാത്രമാണതു്.

എങ്കിലും അടുത്ത ജൂൺ 2-ാംനു-നടക്കുന്ന എലിസബത്തുരാജ്ഞിയുടെ കിരീടധാരണദിനത്തിൽ ആയിരം സംവത്സരങ്ങളായി കിരീടധാരണം സംബന്ധിച്ചു നിലനിൽക്കുന്ന ചടങ്ങുകളും, ആഘോഷങ്ങളും, ചരിത്രസ്മരണകളും എന്നിവ ഉൾക്കൊള്ളിക്കപ്പെടുന്നതാണു്; അനേകമാസങ്ങളായി സ്ത്രീപുരുഷന്മാരുംപ്പടെയുള്ള ഒരു വൻപിച്ച സൈന്യം നടത്തിവരുന്ന ജോലികളും പരിതികളും അന്ത്യഫലപ്രാപ്തിയിലെത്തുന്നതാണു്.

അതു് പരിസമാപിക്കുമ്പോൾ സഹസ്രക്കണക്കിന ജനങ്ങൾ ആശ്വസിച്ചു നിശ്വസിക്കും—അവരിലൊരു എലിസബത്തുരാജ്ഞിതന്നെയായിരിക്കും—മറ്റനേകസഹസ്രം പേർ ജീവിതത്തിലെ അതിസ്മരണീയമായ ആനന്ദം അനുഭവിച്ചും കഴിഞ്ഞിരിക്കും. ബ്രിട്ടീഷ് കാമൺവെൽത്തു് എന്നറിയപ്പെടുന്ന 130 ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഭൂവിഭാഗങ്ങളിലെ 60 കോടി ജനങ്ങളും തമ്മിൽ സുദൃഢമായ ഒരു നവീനബന്ധത്തിൽ അന്ന ഏർപ്പെട്ടുകഴിയും.

ഇംഗ്ലണ്ടിൻെറ ഏറ്റവും വലിയ ഉത്സവമാണതു്. അതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിന ചെറിയ ആടിപ്പു സവ്ശേഷതികളുമുപയോഗിച്ചു ലണ്ടൻനഗരത്തെ അതു അഭിനയിക്കപ്പെടുന്നതിനുള്ള രംഗമായി സജ്ജീകരിക്കുകയണിപ്പോൾ.

കിരീടധാരണമഹാമഹത്തിൻെറ ചുമതലകളുടെ പരമാധികാരം വഹിക്കുന്നതു 44 വയസ്സുപ്രായമുള്ള തടിച്ചുകൊഴുത്ത ഡ്യൂക്ക് ഓഫ് നോർഫോക്കു് എന്ന പേരുധാരനായ നാർഥക്കിലെ 16-ാമത്തെ ഡ്യൂക്കും ഇംഗ്ലണ്ടിലെ ഏൾമാർഷലും എന്ന പ്രഭവാണു്. പേരുപോലെ വലിയ ജോലിയുമാണതിനേറ്റതു്.

ഇംഗ്ലണ്ടിലെയും കാമൺവെൽത്തിലെയും ഉൾപ്പടെ—ക്യാനഡായിലെ പ്രധാനമന്ത്രി മി: ലൂയിസെൻറലാറൻവും ഇതിൽ ഉൾപ്പെടുന്നു—36 അംഗങ്ങളുടങ്ങിയ കിരീടധാരണക്കമ്മിഷൻെറ ഡെപ്യൂട്ടിചെയർമാനാണതിനേറ്റം.

പുരാതനമായ ചടങ്ങുകളും ഭരണനിയമപരമായ ഇന്നത്തെ ആവശ്യങ്ങളും തമ്മിൽ പൊരുത്തപ്പെടുത്തി ആഘോഷങ്ങളും തയാറ്ചെയ്യുന്നതിനുള്ള സംയുക്തകക്കമ്മിറ്റിയുടെ അധ്യക്ഷൻകൂടിയാണതിനേറ്റം; ക്രമത്തെ കിരീടധാരണംസംബന്ധിച്ചുള്ള ദൈനംദിനകാര്യങ്ങളും നടത്തുന്നതിനുള്ള കമ്മിറ്റിയുടെ അധ്യക്ഷനും, കിരീടധാരണകമ്മത്തിൻെറ ചടങ്ങുകളും നിർണ്ണയിക്കുന്നതിനുള്ള പ്രിവികൗൺസിൽ അധ്യക്ഷനും അതേഹംതന്നെ.

അടുത്തതിപ്പു്

ചൂയെടുക്കുന്നതുവരെയുള്ള കാര്യങ്ങളുടെ മേൽനോട്ടം അദ്ദേഹത്തിനാണു്.

ഏൾമാർഷലിൻെറ സിൽബന്ധികളിൽ ഒരു പ്രധാനി ചക്ക്സ് വകുപ്പുമന്ത്രി ഡേവിഡ് എക്ലിസ് ആയിരിക്കും. ദേവാലയത്തിലെ നിരവധി സ്മാരകങ്ങളും പ്രതിമകളും പൊതുജനത്തു അദൃശ്യമാക്കുക, ദീപങ്ങളും സംഗീതോപകരണങ്ങളും ഏർപ്പാടാക്കുക, ഉച്ചഭാഷിണികളും എർപ്പാടാക്കുക എന്നിവ എക്ലിസ്സിൻെറ ചുമതലയിൽ ഉൾപ്പെടും.

7600 അതിഥികൾക്കു സ്ഥാനത്തിരിപ്പിടം കാണേണ്ടതായുണ്ടു്—ഒരിഞ്ചുസ്ഥലംകൂടി കളയാതെ എക്ലിസ്സ് അതു സജ്ജീകരിക്കേണ്ടതായിരിക്കുന്നു.

ഫലം: പ്രഭുക്കൾക്കും പ്രഭുപത്നിമാർക്കും 19 ഇഞ്ചു വീതിയുള്ള ഇരിപ്പിടങ്ങളും, അല്ലാത്തവർക്ക് 18 ഇഞ്ചു ഇരിപ്പിടങ്ങളും. സ്ഥാനികൾ അന്നു ധരിക്കുന്ന വിശേഷവസ്ത്രങ്ങളാണു് ഒരു ഇഞ്ചുകൂട്ടൽ സ്ഥലത്തിനു കാരണം. അവകാശികളുംക്കുന്നതു്. തെരുവീഥികളിൽ കിരീടധാരണഘോഷയാത്രകാണുന്നവർക്കു ഒരുലക്ഷം ഇരിപ്പിടങ്ങളും തയാറാക്കപ്പെടുന്നുണ്ടു്.

ദേവാലയം അലങ്കരിച്ചു മനോഹരമാക്കുന്നതിനു വിചിത്രവേലചെയ്യപ്പെട്ട വസ്ത്രങ്ങളും കാർപ്പെറുകളും തയാറാക്കപ്പെട്ടന്ന ജോലിയിൽ നിരവധി ആളുകളും ഏർപ്പെട്ടുവരുന്നു. പൂജാസ്ഥലം പ്രത്യേകമായി അലങ്കരിക്കപ്പെടുന്നതാണു്. ഒരു പ്രത്യേകം സിംഹാസനവും പണിതീർത്തുവരുന്നു.

അടുത്തുള്ള രാജകീയോദ്യാനത്തിൽ മനോഹരമായ ചെടികളും ആയുരക്കണക്കിനവച്ചുപിടിപ്പിക്കുന്നതു അന്നത്തെ അലങ്കാരങ്ങളും സംബന്ധിച്ചാണു്.

പലരും അന്നു അസംതൃപ്തരാകുമെന്നുള്ളതു സ്വാഭാവികമാണു്. തൻെറ ഇരിപ്പിടം അകലെയായിപ്പോയി; തൻെറ ഇരിപ്പടം 18 ഇഞ്ചു മാത്രമാണു് എന്നും മറ്റും.

ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും ആഘോഷപൂർവമായ ഉത്സവംസംബന്ധിച്ചു പല തർക്കങ്ങളും അവകാശവാദങ്ങളും തീരുമാനിക്കേണ്ടതായുണ്ടു്. രാജ്ഞിയുടെ കുറുകം ആരാണു് ധരിപ്പിക്കേണ്ടതു്? സ്റ്റർസ്യംഖഡ്ഗവും മറ്റു രാജകീയ ചിഹ്നങ്ങളും കൊണ്ടുനടക്കേണ്ടതു ആരുടെ അവകാശം? ഇവിടെ രാജ്ഞിയെ അനുഗമിക്കുന്നതു ആർ? അവരുടെ ആർ!

അവകാശവാദങ്ങൾ

ഒരായിരം സംശയങ്ങളും തർക്കങ്ങളും പരിഹരിക്കുന്നതിന ഒരു സ്ഥാനം ആവശ്യമാണു്. ഒരു സ്പെഷ്യൽ കോർട്ട് "അഫ്ക്ലെയിംസ്" ഇതിനേർപ്പെടുത്തപ്പെട്ടിട്ടുണ്ടു്. 1902-ലെയും 1911-ലെയും 1937-ലെയും നടപടികളുടെ അനുഭവത്തിൻെറയായി സഹായിക്കും. സിങ്ക് പോർട്ട്സിൻെറ പ്രഭുക്കന്മാർ (Barons of the Cinque Ports

ണ്ട് കിരീടധാരണംസംബന്ധിച്ചു
ള്ള ചരിത്രം വഹിക്കുന്നതിന അവകാശ
പ്പെട്ടവർ.

ക്രിസ്റ്റൽമേസ് (Crystal Mace) സ്റ്റിക്കുണ്ടുവഹിക്കുന്നതിനുള്ള അ
വകാശം ലണ്ടനിലെ ലാർഡുമേയ
ർക്കാണെന്ന തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

ഹോസ്റ്റിംഗ്സ് പ്രഭുവും ചർസ്റ്റൺ
പ്രഭുവുമാണ ഗ്രേറ്റ്സ്പർസ് (Great Spurs) വഹിക്കുന്നു. ഡഡ്ലി
പ്രഭുവിട്ട സ്കോട്ലൻഡിലെ രാജകീയ
പതാകവഹിക്കുന്നതാണ്.

ഉന്നയിക്കപ്പെട്ട അവകാശവാദ
ങ്ങളിൽ നാലുമാത്രമാണ ഇതുവരെ
തള്ളിക്കഴിഞ്ഞിട്ടുള്ളതു. സോമർ
സെറ്റഡ്യൂക്ക് രത്നഖചിതമായഗോ
ളം (Bejewelled Orb) വഹിക്കുന്ന
തിനു പുറപ്പെടുവിച്ച അവകാശവാ
ദം തെളിവില്ലെന്നുള്ള കാരണത്താൽ
തിരസ്കരിക്കപ്പെട്ടു.

കിരീടധാരണച്ചടങ്ങുകളും സംബ
ന്ധിച്ചുണ്ടായ അതിപ്രധാനമായ ഒരു
പ്രശ്നത്തിനു കോടതിയല്ല പരി
ഹാരം കണ്ടുപിടിച്ചതു. ലാർഡു
ചേമ്പർലെയിൻ അയ ക്ലാരൻഡൽ
പ്രഭുവാണ അതിനു തീരുമാനമുണ്ടാ
ക്കിയതു. കിരീടധാരണകർമ്മം നട
ക്കുവേ 32-ഇഞ്ചുനീളമുള്ള രാജഖ
ഡ്ഗം കൺസർവേറ്റിവുകക്ഷിയുടെ
പ്രമുഖനായ ബിഷപ്പിനെ ഏൽപ്പിക്കണമെന്നതു ലാർ
ഡുചേമ്പർലെയിൻ എന്ന കൊട്ടാ
രം ഉദ്യോഗസ്ഥനാണ്. 1938-മുത
ൽ ലാർഡുചേമ്പർലെയിൻ ക്ലാരൻ
ഡൻപ്രഭുവാണ്. 75-വയസ്സുപ്രായ
മുള്ള അദ്ദേഹത്തിന കാലിൽ ഒരു
അവശതയുമുണ്ട്. ഖഡ്ഗം എടു
ത്തുകൊണ്ടുനടക്കുക അസാധ്യമാണ
ദ്ദേഹത്തിന്. ക്ലാരൻഡൻ പ്രസ്തുതകൃ
ത്തിൽനിന്നു രാജിസമർപ്പിച്ചു ഒഴി
കയാൽ സ്റ്റാർബറോ പ്രഭു ലാർഡു
ചേമ്പർലെയിനായി നിയമിതനായി.

കുഴപ്പംതീർന്നു

രാജകീയഖഡ്ഗം ഇതിനുമുമ്പും
കുഴപ്പത്തിനു കാരണമായിട്ടുണ്ടായ്തു.
അതു ജാക്കു് തൃതീയന്റെ കിരീട
ധാരണം സംബന്ധിച്ചായിരുന്നു. അ
ന്നു ഉപവാളിന്റെകയ്യിൽ എങ്ങിനെ
യോ മാക്കുണ്ടിടയായി. ലാർഡ് മേ
യരുടെ വാഹനത്തിലുണ്ടായിരുന്ന ഇരവ
ൽവാങ്ങിയണ കൃത്യം നിറവേറ്റിയ
തു്. യുവാവായ രാജാവു കർമ്മങ്ങളും
സമാപിച്ചുശേഷം ചുമതലക്കാരനാ
യ ഡെപ്യൂട്ടി ഏൾമാർഷലിനോടുകാ
ര്യം ചോദിച്ചു. അദ്ദേഹത്തിന്റെ
സമാധാനം കേട്ടുങ്ങും അല്പംകൂടി
വക്ഷുബ്ധനാകയാണ ചെയ്തതു. "തി
രുമേനി, ഇനിഞാൻ സൂക്ഷിച്ചുകൊ
ള്ളാം. അടുത്ത കിരീടധാരണത്തി
ന യാതൊരു പിശകുംവരാതെ നോ
ക്കിക്കൊള്ളാം" എന്നായിരുന്നു വി
ഷണ്ണനായ അദ്ദേഹം വിക്കി വിക്കി
പറഞ്ഞുപോയതു.

ഈ കാര്യത്തെയെല്ലാംകേന്ദ്രീകരി
ച്ചുകൊണ്ടാണ് എലിസബത്തു് രാ
ജ്ഞി, രാജ്ഞിയും കിരീടധാരണ
ത്തിൽ ഏർപ്പെട്ടിരിക്കുകയാണ്, അ
ന്റെ ഭരണകാലത്തെ അതിപ്രധാന
മായ ആഭരണനിർമ്മാണത്തിന്റെ ചട
ങ്ങുകൾക്കുവേണ്ടി.

ചിലവു്

ആഭരണനിർമ്മാതാക്കൾക്കൊണ്ടാണ കിരീട
ധാരണകർമ്മം അവസാനിക്കുന്നതു്;
അതിനുള്ള ചിലവു മിനിമംരുന്നിന
8000-ഡാളർവീതവും. ഒരുദ്യോഗി
കച്ചടങ്ങുകൾക്കുവേണ്ട ധനം സംഭ
രിക്കുക ബ്രിട്ടനു അനായാസേന സാ
ധ്യമല്ലെന്നു വ്യക്തമാണല്ലോ. 30-ല
ക്ഷം പവൻ ഇതിനു ആകെ ചില
വുവരുമെന്നു കണക്കാക്കപ്പെട്ടിരി
ക്കുന്നു.

മാറുചിലവുകളോ? സ്വകാര്യവ്യ
ക്തികളുടെ ചിലവുകളും വൻപിച്ച
തായിരിക്കും. മേൽവിവരിച്ചതിന്റെ
രണ്ടോ മൂന്നോ ഇരട്ടിസംഖ്യയാണ
സ്വകാര്യവ്യക്തികളും വ്യയംചെയ്യേ
ണ്ടിവരിക.

ഡ്യൂക്ക് എന്ന സ്ഥാനമുള്ള പ്രഭു
ക്കന്മാർ അഞ്ചു്, കിരീടധാരണകർമ്മം
സംബന്ധിച്ചുമാത്രം അവരുടെ ആയു
ഷ്കാലത്തിൽ ഒരിക്കൽ, ധരിക്കുന്ന വ
സ്ത്രങ്ങൾക്കു 1500-ഡാളറോളം വില
പിടിപ്പുണ്ടായിരിക്കും. പ്രഭുസ്ഥാന
മില്ലാത്ത സാധാരണന്മാർക്കു (Com
moners) 250 മുതൽ 300 ഡാളർവി
ലയുള്ള "കൊട്ടാരവസ്ത്രങ്ങൾ" മതി
യാകുന്നതാണ്.

കിരീടധാരണ ഉദ്യോഗസ്ഥന്മാരുടെ
വിയായ ഏൾമാർഷലും ഇന്നത്തെ
സാമ്പത്തികസ്ഥിതി പരിഗണിച്ചു
വേഷം സംബന്ധിച്ച പല സൗജന്യ
ങ്ങളും അനുവദിച്ചിട്ടുണ്ട്. അമിത
വ്യയത്തിനെതിരായി രാജ്ഞിയും അ
ഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്.
എങ്കിലും ഈ മഹാമഹം വേണ്ടവി
ധം ആഘോഷിക്കുന്നതിനു ജനങ്ങളും
സന്നദ്ധരാണ്.

ദർശകർക്കുണക്കിനു അലങ്കാരങ്ങ
ളും വിചിത്രവസ്ത്രങ്ങളും, ദീപ
സജ്ജീകരണാദികളും ദേവാലയ
ത്തിനുള്ളിൽ ചിലവുചെയ്യുവരുന്നു.
ഘോഷയാത്രപോകുന്ന വീഥികളിൽ
ഇരിപ്പിടങ്ങളും തയ്യാർചെയ്യുന്നതിനു
ആയിരമായിരം കണക്കിനു്. അന്നു
മാത്രംചെയ്യുന്ന സൈന്യങ്ങൾക്കു ആ
കർഷകമായ പുതിയ യൂനിഫാറ
ത്തിനു് ആയിരംആയിരം.

സ്വകാര്യസ്ഥാപനങ്ങളും ധനം
നിർല്ലോഭം വ്യയംചെയ്യുകയാണ്.
ലണ്ടനും ഇതരപ്രദേശങ്ങളും അലം
കരിക്കുന്നതിനും ആഗതരാകുന്ന സ
ന്ദർശകർക്കു് വിനോദവും വിശ്രമവും
നൽകുന്നതിനും.

ആദായകരം

എങ്കിലും ആകെക്കൂടി ബ്രിട്ടനു്
ഇതുമൂലം നല്ല ആദായംലഭിക്കുമെ
ന്നാണു് പ്രതീക്ഷ.

ആകർഷകങ്ങളായ ആഭരണങ്ങ
ളും ഇതരസാധനങ്ങളും നിർമ്മിക്കുന്ന
വർ, നെയ്ത്തുശാലകളും, പ്ലാസ്റ്റിക്കു്
നിർമ്മാണശാലകളും എന്നിവയിൽനി
ന്നു കിരീടധാരണസ്മാരകവസ്തുക്കളും
ലക്ഷക്കണക്കിനു നിർമ്മിച്ചുവരുന്നു—
അവ ഒന്നുംതന്നെ വിൽക്കപ്പെടാതെ
അവശേഷിക്കുന്നതല്ല എന്നാണവരു
ടെ പ്രതീക്ഷ.

കൃാനഡായും കാമൺവെൽത്തി
ലെ മാറു രാജ്യങ്ങളും സാരമായ
സാമ്പത്തികസഹായം നൽകി സ
ഹായിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ട
ന്നു. അതിൽ കൂട്ടത്തലായി പ്രതീ
ക്ഷിക്കപ്പെട്ടുന്നതു സന്ദർശകരിൽനി
ന്നു കിട്ടാവുന്ന സംഖ്യകളാണ്. ല
ക്ഷക്കണക്കിനു വിദേശങ്ങളിൽനിന്നു
ള്ള സന്ദർശകർ കിരീടധാരണമഹാമ
ഹത്തിൽ പങ്കുകൊള്ളുന്നതിനു ആഗ
തരാകുമെന്നാണു പ്രതീക്ഷ.


ഘോഷയാത്ര പോകുന്ന തെരുവീ
ഥികളിൽ 100000 ഇരിപ്പിടങ്ങളും
സജ്ജീകരിക്കപ്പെടുന്നവ 10 ഡാളർ
മുതൽ 15 ഡാളർവരെയുള്ള വാടക
യ്ക്കു കൊടുക്കപ്പെടുന്നതാണ്. സ്വ
കാര്യവ്യക്തികളുടെ സ്ഥലത്തും ഭവ
നങ്ങളുടെയും ആഫീസുകളുടെയും
ബാൽക്കണികളിലും ജനലുകൾക്കരി
കിലുമായി 100000 ഇരിപ്പിടങ്ങളും
കൂടിയുണ്ടായിരിക്കുന്നതാണ്.

ഒരു യാത്രാഏജൻസി ഉദ്ദേശ
സ്ഥാൻ പറയുകയുണ്ടായതു് ഇപ്പോൾ
തന്നെ ഇരിപ്പിടമൊന്നിനു 140 മു
തൽ 170 വരെ ഡാളർ കൂലിക്കു സ
ന്ദർശകർ ഏർപ്പാടു ചെയ്തുകഴിഞ്ഞെ
ന്നാണ്.

കിരീടധാരണകർമ്മം

എലിസബത്തുമഹിതീയയ്ക്കു് ജൂൺ
2-ംതീയതി നൽകപ്പെടുന്ന കിരീട
ധാരണത്തിനു തുല്യമായി ആധുനിക
ലോകത്തിൽ ഗാംഭീര്യത്തിലോ ആ
ഘോഷവായ്പിലോ മറ്റൊരു കർമ്മവു
മില്ലതന്നെ.

സുന്ദരിയായ എലിസബത്തിനു്
അതു അതിഭീർഘവും ശ്രമാവഹവും



വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽവച്ചു ജൂൺ 2-ംനു നടക്കുന്ന കിരീടധാരണച്ചടങ്ങുകളും വിശദീ
കരിക്കുന്ന ചിത്രം. വെസ്റ്റ്മിൻസ്റ്ററിൽവച്ചു ഒന്നാമതായി നടത്തപ്പെട്ട കിരീടധാരണകർമ്മം 1066-ൽ
വില്യം ദി കൺകറർ എന്ന വില്യം ഒന്നാമന്റെതായിരുന്നു. ദേവാലയത്തിലെ ഏറ്റവും പരി
പാവനമായി കരുതപ്പെടുന്ന സ്ഥാനം അതിന്റെ സ്ഥാപകനായ എഡ്വർഡ് പുണ്യവാളന്റെ
ചാപ്പലാണ്. ഇവിടെയാണ് മദ്ധ്യകാലത്തെ രാജാക്കന്മാരുടെ കിരീടങ്ങളുടെ മദ്ധ്യത്തിലായി
1297-ലെ കിരീടധാരണസിംഹാസനം സ്ഥിതിചെയ്യുന്നതു. കിരീടധാരണകർമ്മത്തിനായി അതു
ദേവാലയമദ്ധ്യത്തിലുള്ള ബലിപീഠത്തിനു സമീപം വയ്ക്കുന്നതാണ്. ദേവാലയത്തിനുള്ളിലെ
സജ്ജീകരണങ്ങളും ചിത്രത്തിൽ കാണാം.

കിരീടധാരണച്ചടങ്ങുകൾ

★

ജൂൺ രണ്ടാംതീയതിയിലെ സുപ്രഭാതത്തിൽ ആശ്ചര്യാധീനരായ ഭടന്മാരാൽ പരിസേവിതയായി ബക്കിംഗ്ഹാം കൊട്ടാരത്തിൽനിന്നും പുരാതനികമായ വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിലേക്ക് എലിസബത്ത് ദ്വിതീയരാജ്ഞി എഴുന്നെള്ളുന്നതാണ്. അവിടെവച്ചു ആധുനികലോകത്തു് കണ്ടെത്താൻ കഴിയാത്ത ആഡംബരങ്ങളോടുകൂടി രാജ്ഞിയെ കിരീടം ധരിപ്പിക്കുന്നതായിരിക്കും. വജ്രഭൂഷാങ്കങ്ങളുടെയും മണിനാദങ്ങളുടെയുമിടയ്ക്കു യുവതിയായ രാജ്ഞി ലോകത്തിന്റെ എല്ലാഭാഗങ്ങളിൽനിന്നും വന്നെത്തുന്ന ജനങ്ങളുടെ മധ്യത്തിൽക്കൂടി രഥത്തിൽ കൊട്ടാരത്തിലേക്കു മടങ്ങും. തദവസരത്തിൽ അവരുടെ ശിരസ്സിലണിഞ്ഞിരിക്കുന്നതു 'ഇംപീരിയൽക്രൗൺ' എന്നറിയപ്പെടുന്ന മകുടമാണ്.

വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിൽവച്ചു നടത്തപ്പെട്ട ഒന്നാമത്തെ കിരീടധാരണശുശ്രൂഷ വില്യം ഒന്നാമന്റേതായിരുന്നു. അന്നുമുതൽ (1066 എ ഡി) ലണ്ടന്റെ ഹൃദയാന്തർഭാഗത്തു സ്ഥിതിചെയ്യുന്ന ഈ ദേവാലയം എല്ലാം ഇംഗ്ലീഷ് രാജാക്കന്മാരുടെയും എല്ലാം ബ്രിട്ടീഷ് രാജാക്കന്മാരുടെയും (1603-നുശേഷം) കിരീടധാരണത്തിനു സാക്ഷ്യംവഹിച്ചിട്ടുണ്ട്. ഇതിനു വിഭിന്നരായി എഡ്വർഡ് അഞ്ചാമനും എട്ടാമനും മാത്രമേയുള്ളൂ.

രാജകീയവസ്ത്രങ്ങൾ

ഭർത്താവായ എഡിൻബറോ പ്രഭുവുമൊന്നിച്ച ദേവാലയത്തിലെത്തുന്ന രാജ്ഞി ചെമന്ന വില്ലസ് പട്ടുകൊണ്ടു നിർമ്മിച്ച വസ്ത്രങ്ങളായിരിക്കും ധരിച്ചിരിക്കുക. അതിൽ രാജകീയ അങ്കി അതു. ആദ്യമായി രാജ്ഞിയെ അഭിവന്ദിക്കുന്നതു പക്ഷേ ഭർത്താവായ എഡിൻബറോപ്രഭുതന്നെയായിരിക്കും.

കിരീടധാരണകർമ്മം ഇതോടുകൂടി സമാപിക്കുകയായി. രാജ്ഞി എഡ്വർഡ് പുണ്യവാളന്റെ ചാപ്പലിലേയ്ക്കു പ്രവേശിക്കുന്നു. ധരിച്ചിരുന്ന വസ്ത്രങ്ങളും മാറിയശേഷം ചുവന്ന സൂഷ്മപടത്തിലുള്ള വസ്ത്രങ്ങളാണു പിന്നീടണിയുന്നതു. എഡ്വർഡ് പുണ്യവാളന്റെ കിരീടം മാറി സാമ്രാജ്യകിരീടം (Imperial Crown) ആണു അപ്പോൾ ധരിക്കുന്നതു്. സുവർണ്ണഗോളവും കുരിശു ഘടിപ്പിച്ച ചെപ്പുകവും കൈകളിൽ വഹിച്ചുകൊണ്ടു് എലിസബത്തുരാജ്ഞി വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിൽനിന്നും ഇറങ്ങുന്നു. ദേശീയഗാനം അന്തരീക്ഷത്തിൽ മുഴങ്ങുന്നു.

കിരീടധാരണം സംബന്ധിച്ച ദേവാലയത്തിലെ കർമ്മങ്ങൾ ഇതോടെ സമാപിക്കുന്നു.

—o—

ആയ ഒരു സന്ദർഭമാണ്; വികാരവിവശമാക്കുന്ന ഒരു അനുഭവം. കിരീടധാരണകർമ്മമോ അതിന്റെ ഏതെങ്കിലും ഭാഗമോ ദർശിക്കുന്നതിനു് ഭാഗ്യം സിദ്ധിക്കുന്ന നിരവധി സഹസ്രം ജനങ്ങൾക്കു് അതു വസ്റ്റ്മിൻസ്റ്റർ ചത്വരമായ ഒരു മഹാമഹാ ഘോഷമായാണു് അനുഭവപ്പെടുക; അവരുടെ ജീവിതകാലത്തിലെ ഏകയും അതുല്യവുമായ ഒരു മഹോത്സവം.

കിരീടധാരണകർമ്മം ആരംഭിക്കുന്നതു് വെസ്റ്റ്മിൻസ്റ്റർ ദേവാലയത്തിലെ ഡീൻ ഗായകസംഘവുമായി പള്ളിയിലെ ബലിപീഠസവിധത്തിൽനിന്നും, പശ്ചിമഭാഗത്തുള്ള പ്രവേശനദ്വാരത്തിൽ ആഗതയായ്ക്കുന്ന രാജ്ഞിയെ സമീകരിക്കുന്നതിനായി നീങ്ങുന്നതുമുതലാണു്. ലിറ്റനിഗീതം അപ്പോൾ ആലപിക്കപ്പെടുന്നു. കട്ടം ചുവപ്പുപിടിയുള്ളതും പാർലമെന്റിൽ ആഗതയാകുമ്പോൾ ധരിക്കുന്നതുമായ വസ്ത്രാലംകാരങ്ങളുമണിഞ്ഞ രാജ്ഞി അണിഞ്ഞൊരുങ്ങിയിരിക്കുന്നതു്. കർമ്മങ്ങൾക്കിടയ്ക്കിടെ ഗീതങ്ങളും പ്രാർത്ഥനകളും സംഗീതവുമുണ്ടായിരിക്കുന്നതാണു്. ആദ്യത്തെ കർമ്മം "അംഗീകരണം" (Recognition) എന്നാണു അറിയപ്പെടുന്നതു്. രാജ്ഞിയെ ജനങ്ങളുടെമുമ്പാകെ സമർപ്പിക്കുകയാണു് പിന്നീടു നടക്കുന്നതു് (Presented). അവർ "ദൈവം എലിസബത്തുരാജ്ഞിയെ രക്ഷിക്കട്ടെ", എന്നു ആർത്തുവിളിക്കുന്നു. കാഹളധ്വനിയും മുഴങ്ങുന്നു. രാജചിഹ്നങ്ങളും വഹിക്കുന്ന പ്രഭുക്കളും അവയെ ബലിപീഠത്തിൽ സ്ഥാപിക്കുന്നു. രാജ്ഞി സത്യപ്രതിജ്ഞചെയ്യുന്നു. അനന്തരം കമ്മ്യൂണിയൻ എന്ന കർമ്മമാണു്.

രാജ്ഞിയുടെ പ്രാർത്ഥനാനന്തരം ലാർഡ് ഗ്രേറ്റ് ചേമ്പർലെയിൻ അവരുടെ പാർലമെന്ററിവസ്ത്രങ്ങളും മാറ്റിക്കുകയും, ക്യാപ്പ് ഓഫ് സ്റ്റേറ്റും എന്നറിയപ്പെടുന്ന ശിരോവരണം എടുത്തശേഷം രാജ്ഞി ബലിപീഠത്തിലേക്കു (Altar) നടക്കുകയും ചെയ്യുന്നു. എഡ്വർഡുരാജാവിന്റെ സിംഹാസനത്തിൽ രാജ്ഞി ഉപവിഷ്ടയാകുമ്പോൾ നാല് "നൈറ്റ്സ് ഓഫ് ദി ഗാർട്ടർ" (Knights of the Garter) ഒരു സുവർണ്ണവസ്ത്രം മേൽക്കെട്ടിയായി ശിരസ്സിനുമീതെപിടിക്കുന്നു. രാജ്ഞിയുടെ ശിരസ്സിൽ തൈലലേപനം ചെയ്യപ്പെട്ടശേഷം രാജ്ഞിയെ അനുഗ്രഹിക്കുന്നു. പിന്നീടവർ Colobium Sindoms എന്നറിയപ്പെടുന്ന വസ്ത്രം രാജ്ഞിയെ അണിയിക്കുന്നു. സ്വർണ്ണവസ്ത്രനിർമ്മിതമായ മേൽക്കുപ്പായവും (Supertunice) അരപ്പട്ടയും രാജ്ഞി അണിയുന്നു.

സ്വർണ്ണംകൊണ്ടുള്ള സ്പർസ് ബലിപീഠത്തിൽനിന്നെടുത്തു രാജ്ഞിയുടെ കരംകൊണ്ടു സ്പർശിപ്പിക്കുന്നു. ചുവന്ന സൂഷ്മപടംകൊണ്ടുള്ള ഉറയോടുകൂടിയ ഖഡ്ഗം (Sword of State) രാജ്ഞിയുടെ കയ്യിൽ കൊടുക്കുന്നു. "ഈ ഖഡ്ഗംകൊണ്ടു നീതി നടത്തുക, ദൈവത്തിന്റെ തിരുസഭയെ സംരക്ഷിക്കുക, വിധവകളെയും മാതാപിതാക്കൾ നഷ്ടപ്പെട്ടവരെയും രക്ഷിക്കുക" എന്നു ആശ്ചബിഷപ്പു ആശംസ നടത്തിയശേഷം ഖഡ്ഗം ദേവാലയത്തിൽ നിക്ഷേപിക്കപ്പെടുന്നു.

രാജ്ഞി സിംഹാസനത്തിൽനിന്നും എഴുന്നേറ്റു ഖഡ്ഗം ബലിപീഠത്തിൽ അർപ്പിച്ചശേഷം "കിരീടധാരണ സിംഹാസന"ത്തിൽ ആസനസ്ഥയാകുന്നു. രാജഖഡ്ഗം വിളക്കുന്ന ഒരു രസകരമായ ചടങ്ങാണു പിന്നീടു്. ഒരു പ്രഭു 100 ഷില്ലിംഗ് വിലകൊടുത്തു വാങ്ങുന്ന ഖഡ്ഗം കിരീടധാരണകർമ്മം പര്യവസാനിക്കുംവരെ അതീവശ്രദ്ധയോടെ രാജ്ഞിയെ അകമ്പടിസേവിക്കുന്നതിനു അവകാശമുണ്ടു്.

രാജ്ഞി വീണ്ടും സിംഹാസനത്തിൽനിന്നും എഴുന്നേറ്റു മറ്റു വസ്ത്രങ്ങളും ധരിക്കുന്നു. സ്വർണ്ണവസ്ത്രനിർമ്മിതമായ രാജകീയവസ്ത്രങ്ങളുമണിഞ്ഞ രാജ്ഞി ധരിക്കേണ്ടതു് (Armill and robe royal of cloth of gold) കുരിശു ഘടിപ്പിച്ച ഗോളം രാജ്ഞി വാങ്ങി, ആശ്ചബിഷപ്പിന്റെ ആശംസയ്ക്കുശേഷം, വെസ്റ്റ്മിൻസ്റ്റർ ഡീനിനെ ഏല്പിക്കുന്നു.

അടുത്തതായി അംശലീയംധരിപ്പിക്കുകയാണു്. വലതുകയ്യിലെ അണിവിരലിൽ അതു ധരിപ്പിക്കുന്നു— രാജപദവിയുടെ ചിഹ്നം. പിന്നീടു് ആശ്ചബിഷപ്പു ഇരുകരങ്ങളിലും മാറു രാജകീയചിഹ്നങ്ങളും കൊടുക്കുന്നു (Sceptre with crosssceptre with dove) നീതിയുടെയും കാരുണ്യത്തിന്റെയും ഭണ്ഡുകളാണിവ.

എഡ്വർഡു പുണ്യവാളന്റെ മുടിചൂടിക്കുന്ന കർമ്മമാണു അടുത്തതു്. രത്നഖചിതമായ സ്വർണ്ണക്കിരീടമാണിതു്. വജ്രം, മരതകം, മാണിക്യം, ഇന്ദ്രനീലം, പവിഴം തുടങ്ങിയ നിരവധി രത്നങ്ങളാൽ അലംകൃതമായ ഒരു മനോഹരമായ കിരീടമാണ് എഡ്വർഡു പുണ്യവാളന്റെ സ്വർണ്ണക്കിരീടം. അതിനു ഉദ്ദേശം എഴുറാത്തൽ ഭാരമുണ്ടു്. പ്രസ്തുത കിരീടം രാജ്ഞിയുടെ ഭരണകാലത്തു ധരിക്കുന്നതു ഈ സന്ദർഭത്തിൽ ഏതാനും നിമിഷനേരത്തേയ്ക്കു മാത്രമാണു്.

അനന്തരം നടക്കുന്ന ചടങ്ങു ഏറ്റവും ആകർഷകമായ ഒന്നാണു്. ആശ്ചബിഷപ്പു്, ബിഷപ്പുമാർ, രാജവംശജർ, പ്രഭുക്കൾ എന്നിവർ രാജ്ഞിയെ അഭിവന്ദിക്കുന്ന രംഗമാണു അതു്. ആദ്യമായി രാജ്ഞിയെ അഭിവന്ദിക്കുന്നതു പക്ഷേ ഭർത്താവായ എഡിൻബറോപ്രഭുതന്നെയായിരിക്കും.



രാജ്ഞിയും ഭർത്താവും

പിഹനങ്ങൾ പലതും തുന്നിപ്പിടിപ്പി
ണ്ടാകും. കിരീടധാരണശുശ്രൂഷാ
വേളയിൽ കുറെക്കൂടി കനത്തതും
കൂടുതൽ തൂക്കം വേലകളുള്ളതുമായ
കുലവസ്ത്രമായിരിക്കും ധരിക്കുക.
ദേവാലയത്തിനു പുറത്തുവച്ച് ശ്യാമ
വർണ്ണമുള്ള വില്ലു സൂപ്പട്ടുകൊണ്ടു നി
ർമ്മിച്ച അങ്കിയായിരിക്കും രാജ്ഞി
അണിയുക. രാജകീയമകുടങ്ങളിൽ
ഏറ്റവും മനോഹരവും വിക്ടോറിയാ
മഹാരാജ്ഞിക്കുവേണ്ടി നിർമ്മിക്കപ്പെ
ട്ടതുമായ 'ഇംപീരിയൽ ക്രൗൺ ഒഫ്
സ്റ്റേറ്റ്സ്' ആണ് അപ്പോൾ രാജ്ഞി
ശിരസ്സിൽ ചൂടുന്നതു്.


കിരീടധാരണശുശ്രൂഷ

ആദ്യവസാനം മതാചാരനിർ
മിതമായ ഈ കർമ്മം ദിവ്യസ്വഭാവത്തോ
ടുകൂടിയുള്ളതാണ്. പണ്ട് ഈ ചട
ങ്ങിനു് കിരീടധാരണമെന്നല്ല 'പട്ടം
കൊടു' എന്നാണു പറഞ്ഞുവന്നിരുന്ന
തു്. കിരീടധാരണസന്ദർഭം നാടകീ
യമായ ഒരു മുഹൂർത്തമാണ്. മകടം
ചൂടുന്ന ആ ഘട്ടമല്ല, അഭിഷേകാവ
സരമാണ് ശുശ്രൂഷയുടെ ജീവനായ
ഭാഗം. "പുണ്യതൈലം" കൊണ്ടു്
രാജ്ഞിയെ അഭിഷേകംചെയ്യുകയും
അനുഗ്രഹിക്കുകയും ചെയ്യുമ്പോഴാ
ണ് അവർ സ്ഥാനാരോഹണം നട
ത്തുന്നതു്. ആ നിമിഷംമുതൽ തൈ
വാഭീഷ്ടത്താൽ ജനങ്ങളെ ഭരിക്കാ
നും നിയന്ത്രിക്കാനും രാജ്ഞിക്കധികാ
രം ലഭിക്കുന്നു.


തൈലാഭിഷേകം മുതൽ കിരീട
ധാരണംവരെ നടക്കുന്ന എല്ലാ നട
പടികൾക്കും 1200-ൽപരം കൊല്ല
ത്തെ പഴക്കമുണ്ട്. ഉടവാൾ നൽകു
ക, രാജകീയവസ്ത്രങ്ങളണിയുക,
മോതിരമിടുക, കാരുണ്യത്തിന്റെ
യും നീതിയുടെയും ചിഹ്നമായ ചെ
ങ്കോലുകൾ സ്വീകരിക്കുക, അവസാ
നം കിരീടമണിയുക ഇവയെല്ലാം
ആത്മീയമായ ചില അർത്ഥങ്ങളുണ്ട്.

ഘോഷയാത്ര

കിരീടധാരണത്തിന്റെ നിമിഷം
പ്രതിയുള്ള നടപടികൾ ടെലിവി
ഷൻവഴിയായും റേഡിയോമുഖാന്തിര
വും വർത്തമാനപ്പത്രങ്ങൾമുഖാന്തിര
വും ലോകത്തെ അറിയിച്ചുകൊണ്ടി
രിക്കും. ദേവാലയത്തിൽനിന്നു ബ
ക്കിംഗ്ഹാം കൊട്ടാരത്തിലേക്കുള്ള
ഘോഷയാത്ര ദർശിക്കാൻ എത്രലക്ഷം
ജനങ്ങളാണ് ലണ്ടൻതെരുവുകളിൽ
തിങ്ങിക്കൂടുക. കൊടികൾ പറത്തി
യും ആർപ്പുവിളിച്ചും രാജ്ഞിക്കുപ്ര



എഡ്വർഡ് പുണ്യവാളന്റെ കിരീടം. കിരീടധാരണകർമ്മത്തിനുപയോ
ഗിക്കപ്പെടുന്ന പുരാതനമായ ഈ കിരീടത്തിനു 7 റാത്തൽ ഭാരമുണ്ട്.
ചാൾസ് രണ്ടാമന്റെ കാലത്തു് ഇതു അഴിച്ചു പണിതീർത്തതാണ്.
രത്നഖചിതവും സ്വർണ്ണനിർമ്മിതവുമായ ഈ മകുടം ഏതാണ്ടു നിമിഷനേ
രം മാത്രമാണ് ഒരു രാജാവോ രാജ്ഞിയോ ധരിക്കുന്നതു്.



"ഇമ്പീരിയൽ സ്റ്റേറ്റ് ക്രൗൺ" എന്നറിയപ്പെടുന്ന സാമ്രാജ്യകിരീടത്തി
ന്റെ അഴിച്ചുപണിജോലി നടന്നുവരുന്നു. കിരീടധാരണകർമ്മം കഴി
ഞ്ഞശേഷം ധരിക്കുന്ന ഈ കിരീടമാണ് തുടർന്നുള്ള പ്രധാന ച
ടങ്ങുകളിലും രാജ്ഞി ധരിക്കുന്നതു്. വിദഗ്ദ്ധന്മാരായ പണിക്കാർ
രാജ്ഞിക്കു ധരിക്കത്തക്കവിധം ഇതിനു ഭേദഗതികളും വരുത്തുകയാ
ണ്. വിക്ടോറിയാരാജ്ഞിക്കുപയോഗിക്കുന്നതിനാണ് ഇതു നിർമ്മിക്ക
പ്പെട്ടതു്. വിശിഷ്ടങ്ങളായ പല രത്നങ്ങളും ഇതിൽ ഘടിപ്പിച്ചിട്ടു
ണ്ടു; ബ്ലൂക്കേ പ്രിൻസിന്റെ പത്മരാഗം എഡ്വർഡ് കൺഫസ്സറി
ന്റെ ഇന്ദ്രനീലം രണ്ടാമത്തെ സ്റ്റാർ ആഫ് ആഫ്രിക്കാ (309 കാര
റ്റ്). ഇതു കലിനാൻ വജ്രത്തിൽനിന്നുമുറിച്ചെടുത്തതാണ്.) ആകെ
കിരീടത്തിൽ 2783 വജ്രങ്ങളും, 277 മുത്തുകളും, 17 നീലം, 11 മര
തകം, 5 പത്മരാഗം എന്നിവയാണുള്ളതു്. ബ്ലൂക്കേ പ്രിൻസിന്റെ
പത്മരാഗം ഘടിപ്പിക്കുന്ന ജോലി നടക്കുകയാണ്. ഇതിൽ ചില ഭാഗ
ങ്ങളും ഇളക്കിവച്ചിരിക്കുന്നതും കാണാം

ടിസേവിക്കുന്ന സൈന്യവ്യൂഹത്തെ
ജനങ്ങളും അഭിവാദ്യംചെയ്യും. അ
ശത്രുധ്വനികളായ ബ്രിട്ടീഷ്സൈ
ന്യങ്ങളും കോമൺവെൽത്തുരാജ്യങ്ങ
ളിൽനിന്നുള്ള കാലാൾപടയും അ
ശ്വസൈന്യങ്ങളും രാജകുടുംബാംഗ
ങ്ങളെയും പ്രധാനമന്ത്രിമാരെയും വ
ഹിച്ചുകൊണ്ടുള്ള രഥങ്ങളും മുന്നോട്ടു
നീങ്ങുന്നതു് നയനാഭിരാമമായ ഒരു
കാഴ്ചയാണ്.

എല്ലാറ്റിനും പിന്നിലായി
കണിശം പ്രതീക്ഷിച്ചുനിൽക്കുന്ന
രാജ്ഞിയുടെ രഥം—എട്ടു കുതിരക
ളെ പൂട്ടിയതു്—കടന്നുപോകുന്നു.
ഈ രഥത്തിനു 200 കൊല്ലത്തെ പ
ഴക്കമുണ്ട്. ഈ രഥത്തിന്റെ കിളി
വാതിലിലൂടെ പുതുതായി സ്ഥാനാ
രോഹണംചെയ്ത രാജ്ഞിയെ ജന
ങ്ങൾ ദർശിക്കും.

രാജകീയ രത്നാകരം

ആയിരത്തോളം കൊല്ലങ്ങളായി
ബ്രിട്ടീഷുരാജാക്കന്മാരുടെ കിരീടധാ
രണവേളയിൽ അവിഭാജ്യമായ ഒരു
പ്രകൃവഹിച്ചതും ലോകപ്രസിദ്ധിയാ
ർജ്ജിച്ചിട്ടുള്ളതുമായ രാജകീയരത
ങ്ങളും ലോകത്തിലെ രത്നശേഖരങ്ങ
ളിൽ ചരിത്രപ്രധാനവും ശോഭയേറി
യതുമാണ്. കിരീടധാരണങ്ങളുടെയിട
യ്ക്കുള്ള കാലങ്ങളിൽ ലണ്ടൻഗോപു
രത്തിൽ സൂക്ഷിക്കപ്പെടുന്ന ഈ രത്ന
ങ്ങളുടെ അഴകും പ്രഭയും അണ്ണനേ
ന്ദ്രിക്കുന്നതും അതിലെ കൈവേലകളെ
അഭിനന്ദിക്കുന്നതും അക്കാലങ്ങളിൽ
ആയിരക്കണക്കിനു ജനങ്ങളാ അവി
ടെ എത്തുന്നുണ്ട്.

ചാൾസ്രണ്ടാമന്റെ സ്ഥാനാ
രോഹണച്ചടങ്ങുകൾക്കുവേണ്ടി 1690
-ൽ നിർമ്മിക്കപ്പെട്ടതാണ് ഇപ്പോ
ഴത്തെ രാജകീയചിഹ്നങ്ങളിൽ പല
തും. ആദ്യമുണ്ടായിരുന്നവയെല്ലാം
ഒലിവർ ക്രോംവലിന്റെ ഭരണകാല
ത്തു നശിപ്പിക്കപ്പെട്ടു എങ്കിലും നശീ
കരണത്തിൽനിന്നൊഴിവാക്കപ്പെട്ട ഒ
ന്നുരണ്ടു സാധനങ്ങളും ഇന്നും അവ
ശേഷിക്കുന്നുണ്ട്. കിരീടധാരണസ
മയത്തു് തൈലാഭിഷേകകർമ്മത്തിനു
പയോഗിക്കുന്ന കഴുകന്റെ ആകൃതി
യിലുള്ള ഒരു സ്വർണ്ണപാത്രവും കര
ണ്ടിയും എലിസബത്തുമഹാരാജ്ഞി
യുടെ രത്നഖചിതമായ ഒരു "സോൾ
ട്ട്സെല്ലർ" ഇന്നും ഉപയോഗിക്കു
പ്പെടുന്നു.

രാജകീയചിഹ്നം കിരീടമാണെ
ന്നു പറയേണ്ടതില്ലല്ലോ. വെസ്റ്റ്മിൻ
സ്റ്റർ ദേവാലയത്തിൽവച്ചു് രാജ്ഞി
യുടെ ശിരസ്സിൽ ചൂടിക്കുന്ന കിരീടം
'എഡ്വർഡ് ദി കൺഫസ്സർ' എന്ന
ഇംഗ്ലീഷ്രാജാവു് ഉപയോഗിച്ചതാ
ണ്. ഏഴുറാത്തലോളം ഭാരമുള്ള
ഈ മകടം ഏതാണ്ടു നിമിഷത്തേക്കു


മാത്രമേ ശിരസ്സിൽ വയ്ക്കുകയുള്ളൂ. സ്വർണ്ണനിർമ്മിതമായ ഈ കിരീടം മാണിക്യമരതകമോതേകക്കോടി അമൂല്യരത്നങ്ങൾകൊണ്ടും മുത്തുകൾകൊണ്ടും അലങ്കരിക്കപ്പെട്ടതാണ്. ഇതിന്റെ ഉപരിഭാഗത്തു് ഒരു കുരിശടയാളമുണ്ടു്:

അമൂല്യസമ്പത്തു്

ഈ കിരീടം രാജ്ഞിയുടെ ശിരസ്സിൽനിന്നു നീക്കംചെയ്യപ്പെട്ടുകഴിഞ്ഞാൽ ഇംപീരിയൽ സ്റ്റേറ്റ് ക്രൗൺ ആണു് പിന്നീടു് അണിയിക്കുന്നതു്. രാജ്ഞി ഭരണകാലംമുഴുവൻ ഉപയോഗിക്കുന്ന ഈ കിരീടത്തിനു് 39 ഔൺസു് തൂക്കമേയുള്ളൂ. ഈ കിരീടം ശിരസ്സിൽ ചൂടിക്കൊണ്ടായിരിക്കും രാജ്ഞി പാർലമെന്റ് സമ്മേളനങ്ങളും ഉൽഘാടനംചെയ്യുക. പ്ലാറ്റിനംകൊണ്ടുനിർമ്മിതമായ ഈ കിരീടത്തിൽ 2783 വജ്രങ്ങളും 277 മുത്തുകളും 17 ഇന്ദ്രനീലക്കല്ലുകളും 11 മരതകക്കല്ലുകളും 5 പുഷ്യരാഗക്കല്ലുകളും പതിച്ചിട്ടുണ്ടു്. ഏഡ്വർഡ് ദി കൺഫസർ കിരീടധാരണത്തിനു ഉപയോഗിച്ച ഒരു പുഷ്യരാഗക്കല്ലും എലിസബേത്തുരാജ്ഞിയുടെ കണ്ണുനീരണത്തിലെ മുത്തുകളും ഇക്കൂട്ടത്തിലുൾപ്പെട്ടതാണു്.

ജോർജ് നാലാമന്റെ കിരീടധാരണത്തിനു് 5000 പവൻ ചെലവാക്കിനിർമ്മിച്ച 5 ഉടവാളുകളും 5 ചെങ്കോലുകളും നിറയെ രത്നംപതിക്കപ്പെട്ടതാണു്. രാജ്ഞിയുടെ ചെങ്കോലിൽ രണ്ടരഇഞ്ചുള്ളതും കള്ളിനൻ രത്നത്തിൽനിന്നുമുറിച്ചെടുത്തതുമായ ഒരു വലിയ കല്ലുപതിച്ചിട്ടുണ്ടു്. ക്രിസ്തീയരാജത്വത്തെ പ്രതിനിധാനംചെയ്യുന്ന രണ്ടു് സ്വർണ്ണഗോളങ്ങളും സെന്റ് എഡ്വർഡിന്റെ അംശവടി, കിരീടധാരണമോതിരം എന്നിവയെല്ലാമാണു് രാജചിഹ്നങ്ങളിലുൾപ്പെട്ട മറ്റു സാധനങ്ങൾ. മോതിരമണിയുമ്പോൾ രാജ്ഞി സ്റ്റോറിനെ വിവാഹംചെയ്യുന്നതായി പരിഗണിക്കപ്പെടുന്നു. കിരീടധാരണത്തിനുശേഷമുള്ള കർബാനയ്ക്കുപയോഗിക്കുന്ന ഒരു പാനപാത്രം വളരെ പുരാതനമായ ഒന്നാണു്.

1900-മാണ്ടു് രാജകീയരത്നങ്ങളുടെ മതിപ്പുവില 3000000 പവനെന്നാണു് കണക്കാക്കപ്പെട്ടിരുന്നതു്. അങ്ങനെയാണെങ്കിൽ ഇന്നതിന്റെവില എത്രയിരിട്ടിയുണ്ടാകും?



കിരീടധാരണഘോഷയാത്രാമദ്ധ്യത്തിൽ ദീപപ്രശോഭിതമായ ഒരു ദൃശ്യം.



ത്തെലപ്പാത്രവും കരണ്ടിയും. കിരീടധാരണാവസരത്തിൽ ഉപയോഗിക്കപ്പെടുന്ന വിശിഷ്ടസാധനങ്ങളിൽ മിലവയാണു് ഗോൾഡൻ അംപൂളയും അനോയിന്റിംഗ് സ്പൂണും. ചിറകുവിടർത്തിനിൽക്കുന്ന കഴുകന്റെ ശ്രുതത്തിലുള്ള അംപൂളയാണു് എണ്ണപ്പാത്രം. ഇതു് ഷെൻറിനാലാമന്റെ കാലത്തുപയോഗിച്ചിട്ടുള്ളതായറിയുന്നു. കരണ്ടിയുടെ കൈപിടി ജ്വൈസൺറിയത്തിൽനിന്നുള്ളതാണെന്നും വിശ്വസിക്കപ്പെടുന്നു.

തുടർച്ചയുണ്ടു്

ശ്രീ: 53,250

രജി: നമ്പർ: 5025.
കയ്യി: Parivartan

എല്ലാസമ്മാനങ്ങളും 15 സമ്മാനങ്ങളായി വീതിക്കപ്പെട്ടതും. ഉത്തരവാദമുള്ളതു്.

എല്ലാം ശരിയായ ഉത്തരത്തിനു് ശ്രീ 3550/- ആദ്യമൂന്നുവരി ശരിയാക്കുന്നവക്കു് രണ്ടാംസമ്മാനം ശ്രീ: 950/- ആദ്യത്തെ ഒരുവരി ശരിയാക്കുന്നവക്കു് ശ്രീ: 90/- എ, ബി അഥവാ എ, സി ശരിയാക്കുന്നവക്കു് ശ്രീ: 20/-

a	b		
c			

4 മുതൽ 19 വരെയുള്ള അക്കങ്ങൾകൊണ്ടു് പൂരിപ്പിക്കുക. ഓരോവരിയും നേരേയും കുറുകേയും കോണോടുകോണും കൂട്ടിയാൽ ആകത്തുക 46 കിട്ടണം. ഒരക്കം ഒരുപ്രാവശ്യംമാത്രമേ ഉപയോഗിക്കരുതു്. അവസാനതീയതി: 26-5-'53. ഉത്തരം: 8-6-'53. പ്രവേശനഫീസു് ഒരുത്തരത്തിനു് ശ്രീ: 1/- 4 ഉത്തരങ്ങൾക്കു് ശ്രീ: 3/- 8 ഉത്തരങ്ങൾക്കു് ശ്രീ: 5/-

കഴിഞ്ഞ ശരി ഉത്തരം.

13	11	8	10
6	9	12	15
7	4	17	14
16	18	5	3

ആകെത്തുക 42.

നിബന്ധനകൾ: നിർദ്ദിഷ്ടഫീസ് സഹിതം വെള്ളക്കടലാസിൽ എഴുതിയ എത്ര ഉത്തരങ്ങളും സ്വീകരിക്കും. ഫീസ് മണിഓർഡറായോ, പോസ്റ്റൽ ഓർഡറായോ, ബാങ്ക് ഡ്രാഫ്റ്റായോ അയയ്ക്കാം. ഡൽഹിയിലെ ഒരു പ്രധാന ബാങ്കിൽ സീൽവച്ചു നിക്ഷേപിച്ചിരിക്കുന്ന ശരി ഉത്തരത്തോടൊപ്പം യോജിക്കുന്നതാണു് ശരിയായ ഉത്തരം. അക്കങ്ങൾ ഇംഗ്ലീഷിൽ എഴുതുക. മേൽകാണിച്ച ശ്രീ: 53,250 എന്നുള്ളതു് ശരി ഉത്തരങ്ങൾ ലഭിക്കുന്നതനുസരിച്ചു വ്യത്യാസപ്പെടുത്തും. എന്നാൽ ഗാരൻറി ചെയ്ത സമ്മാനങ്ങൾക്കു ഭേദമില്ലാത്തതുമാണു്. ഉത്തരം അറിയണമെന്നുള്ളവർ മേൽവിലാസം എഴുതി പോസ്റ്റ്കവർ അയയ്ക്കണം. എഴുതുക:—

**Maya Distributors (22) Regd, Ch. Chowk,
Post Box 73A, Delhi.**



തകഴി കെ. രാമവാര്യർ

28—9—1128· 4—10—1128·
11—5—1953· 17—5—1953·

അശ്വതി—ആലോചനാരഹിതമായ പ്രവൃത്തി ദുഃഖത്തെയുണ്ടാക്കും. അഭിപ്രായങ്ങളും വിമർശനങ്ങളും ശത്രുക്കളെ സൃഷ്ടിക്കും. സാമ്പത്തികമായ പ്രയാസങ്ങളുടെ ഇടയിലും സന്താനാഭിവൃദ്ധിയും പാലിപ്പാൻ കഴിയും. കളത്രചിന്തയുദിക്കും. ഉന്തപീഡയുണ്ടാകും.

ഭരണി—ഇടപാടുകൾ ലാഭകരമായിരിക്കും. സ്വകൃത്യം വിജയകരമായി നിർവ്വഹിക്കും. ബന്ധുക്കളെ പലവിധത്തിൽ സഹായിക്കും. ആധ്യാത്മികകാര്യങ്ങളിൽ ശ്രദ്ധകൂടും. അനർഹമായ ചെലവുകൾ കടത്തെയുണ്ടാക്കും.

കാർത്തിക—പുതിയ സ്നേഹിതന്മാർ നിമിത്തം ചിരപ്രതീക്ഷിതമായിരുന്ന കാര്യങ്ങൾ സാധിക്കും. ജീവിതസൗകര്യങ്ങൾക്ക് അല്പംചില വ്യതിയാനങ്ങൾ സംഭവിക്കും. ക്രൂരമായ സംഭാഷണങ്ങൾ ശ്രവിക്കേണ്ടിവരും.

രോഹിണി—കർമ്മജീവിതത്തിന വേണ്ടി വളരെ പണിപ്പെടും. എന്നാൽ നിരാശക്കിടംകൂടാതെ കഴിയും. അപ്രതീക്ഷിതമായ സുഖാനുഭവങ്ങൾ ഉണ്ടാകും. യാത്രകൊണ്ട് ചില പരിചയം സമ്പാദിക്കും. വിജയസാധ്യതകൾ പ്രതീക്ഷിക്കാം.

മകയിരം—മനസ്സ് എപ്പോഴും ചുറ്റിപിടിച്ചുകൊണ്ടിരിക്കും. അഭിപ്രായങ്ങൾപോലും ചില അവസരത്തിൽ ഒതുക്കും. ക്ലേശഭൂയിഷ്ഠമായ ജീവിതപ്പോരാട്ടത്തെ ചിന്തിച്ച് സ്വയം അൽഭുതപ്പെടും. ആശയും കഴിവുമായി യാതൊരു സാമ്യതയും കാണുകയില്ല.

തിരുവാതിര—ആത്മാർത്ഥമായി സ്നേഹിച്ചിരുന്നവർ അകലുവാൻ ആലോചിക്കും. ക്ലേശാധിക്യത്തിൽ അക്ഷോഭ്യനായി വർത്തിക്കും. ഗാർഹികസുഖം കുറയും. ഭാരിച്ചചുമതലകളിൽ വിഷമിക്കും. സന്താനപീഡക്കിടയുണ്ട്.

പുണർതം—ഔദ്യോഗികജീവിതത്തിൽ അല്പം ചീത്തപ്പേരുകൾ സമ്പാദിക്കും. പ്രബലന്മാരോട് എതിരിടുവാൻ ഇടയാക്കും. കൂട്ടുകൾ ആസ്തികുണ്ഠിയുള്ളവരാകും. ത്രിദോഷം കോപിക്കും. പൊതുജനങ്ങളിൽ വിശ്വാസം കുറയും. തലവേദനയുണ്ടാകും.

പൂയം—ചുമതലയേറിയ പല കാര്യങ്ങളിൽ മനസ്സു പുകഞ്ഞുകൊണ്ടിരിക്കും. ശരീരസുഖം കുറയും. സ്വപ്രവർത്തികൾ ചെയ്തീർക്കുവാൻ സമയമതിയാകാതെവരും. അന്യധനം കൈവശം വന്നുമറിയുന്നതിനിടവരും. ജനകീയസേവനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

ആയില്യം—സ്വപ്രവർത്തികളിൽ യഥാവസരം ഇടപെടുകയാൽ സന്തോഷത്തിനവകാശമുണ്ട്. പല ബുദ്ധിപ്രവർത്തനങ്ങളിലും ഹൃദയം പ്രവേശിക്കും. എന്നാൽ പൊതുജനങ്ങളുടെ സ്നേഹം ആർജ്ജിക്കും. സ്വജനവിപത്തുകാണും.

മകം—ശരീരത്തിന് അസ്വാസ്ഥ്യംതട്ടും. അതീതകാര്യങ്ങളിൽ ഇടപെടും. ആഗ്രഹിതരുടെ കൂനയങ്ങൾപോലെ വിപരീതമാംവണ്ണം പ്രവർത്തിക്കും. പുതിയ മൈത്രി പ്രശസ്തിയും പ്രയോജനവും വളർത്തും. വ്യർത്ഥ വിട്ടുമാറും.

പൂരം—ഭാവികാര്യങ്ങൾ ക്രമപ്പെടുത്തുന്നതിൽ ശ്രദ്ധയേറും. സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കും. വ്യാപാരം പുഷ്ടിപ്പെടുത്തും. ധനം കടം വാങ്ങിയും കാര്യം നിർവ്വഹിക്കും. അധികൃതരുമായി എതിർക്കും.

ഉത്രം—സാഹസികയത്നവും കൂടാതെ മറിപ്പും സ്വന്തം താല്പര്യങ്ങളെ വിഷമിപ്പിക്കും. പൊതുസ്ഥാപനചിന്ത പല നഷ്ടത്തെയും ക്ലേശത്തെയും ഉണ്ടാക്കും. എന്നാലും മതിപ്പും സംതൃപ്തിയും പ്രവർത്തനവിജയവും ലഭിക്കും. എതിരുകൾ നീങ്ങും.

അത്തം—പരസ്പരവിരുദ്ധമായ ചിന്തകളും കർത്തവ്യബോധത്തെ ഹനിക്കും. ആഗ്രഹിതരെക്കൊണ്ട് കാര്യലാഭമുണ്ടാക്കും. നൂതനമായി ചില ആദായമാർഗ്ഗങ്ങളുണ്ടാകും. അതിഥികൾ കൂടും.

ചിത്തിര—ദിനചര്യയുടെ മാറ്റത്താൽ ആരോഗ്യം കുറയും. വിനോദകാര്യങ്ങളിൽ മനസ്സ പ്രവേശിക്കും. അനുചിതകാര്യങ്ങളിൽ ശ്രദ്ധാപതിയും. പൊതുജനസ്നേഹം വർദ്ധിക്കും. ദാമ്പത്യസുഖം കുറയും.

ചോതി—പ്രവർത്തികൾ വിപുലപ്പെടുത്തുന്നതിന് വേണ്ട പരിപാടികൾ ആലോചിച്ചുറയ്ക്കും. ചില ബാധ്യതകൾക്ക് വിധേയനാകും ധനാഗമമാർഗ്ഗങ്ങൾ ഉണ്ടാകും. എതിരാളികൾ അധപ്പതിക്കും.

വിശാഖം—മനസ്സും ശരീരവും ഒന്നുപോലെ ക്ഷീണിക്കുന്ന പ്രവർത്തികൾ ചെയ്യും. സംഘടിതശ്രമങ്ങളിൽ ബഹുജനപിൻതുണയാർജ്ജിക്കും. മനസ്സന്തോഷം ഉണ്ടാകും. ആശാവഹമായ പുരോഗതിയുണ്ടാക്കും.

അനിഴം—വാസ്തവം അറിയാതെ പല അനർത്ഥങ്ങളിൽ ചെന്നുചാടും. ഗൃഹത്തിൽ സൈരതകുറയും. യാത്രയിൽ വ്യയാധിക്യത്തിനിടവരും. വ്യാപാരലാഭം ലഭിക്കും. ഭീതിയുണ്ടാകും.

തൃക്കേട്ട—അല്പം ചില വൈരാഗ്യതകൾ നഷ്ടത്തിൽ കലാശിക്കും. പശ്ചാത്താപങ്ങൾക്ക് ശാന്തികിട്ടും. ഒരു ചലനവും വിരഹവും സംഭവിക്കും. സൽക്കാരത്തിനും പണമുടക്കും. വേണ്ടപ്പെട്ടവർ ശത്രുക്കളായി രൂപംപ്രാപിക്കും.

മൂലം—കൃത്രിമബുദ്ധികളാൽ ആദായം വർദ്ധിപ്പിക്കും. അടിപ്പുമുള്ളവരിൽനിന്നും ഉപദ്രവം നേരിടും. നയംവെടിഞ്ഞുപോലും പൊരുമാറും. കഴിഞ്ഞകാര്യങ്ങൾവെച്ചുകൊണ്ട് പകവീട്ടുവാൻ ചിലർ മുതിരും. സന്താനങ്ങൾക്ക് അനർത്ഥം കൂടിവരും.

പൂരാടം—കഠിനപ്രവർത്തിചെയ്യും പണമുണ്ടാക്കും. ക്രമത്തിലധികം യാത്രചെയ്യും. വ്യാപാരം പുഷ്ടിപ്പെടുത്തുവാൻ പണത്തിൻറെകായ്ത്തിൽ വെമ്പൽകൊള്ളും. മരാമത്തുകളിൽ ഇടപെടും.

ഉത്രാടം—ഉന്നതവൃക്തികളിൽനിന്നുള്ള പ്രതീക്ഷയ്ക്കുടയുതട്ടും. ലാഭമാർഗ്ഗവിധത്തിൽ കൊടുത്തും കാര്യം നടത്തും. സർക്കാർകാര്യത്തിൽ ആനുകൂല്യം ലഭിക്കും. വിഷജന്തുക്കളിൽനിന്നോ മാരകവിധേനയോ പരുക്കോ വിപത്തോ തട്ടും.

തിരുവോണം—മനസ്സും ദേഹവും ഒരുപോലെ ക്ഷീണിക്കുന്ന പ്രവർത്തികൾചെയ്യും. ഗൗരവമേറിയ സംഗതികൾ വന്നുകൂടും. സൈരത നാമാവശേഷമാകും. സമുചിതമായ പെരുമാറ്റത്താൽ മൈത്രിയാർജ്ജിക്കും. പ്രതിബന്ധങ്ങൾ നീങ്ങും.


അവിട്ടം—വ്യാപാരം മന്ദഗതിയിൽ ആകുമെങ്കിലും ആദായം കുറയുകയില്ല. താനേ ചില അനർത്ഥങ്ങളിൽ ചാടും. പ്രതീക്ഷയിൽ കവിഞ്ഞ ചെലവുണ്ടാകും. സ്ഥിരീകരണങ്ങൾക്ക് പണം മുടക്കും.

ചതയം—സാഹസികങ്ങളായ പ്രവർത്തികൾചെയ്യും. ക്ലേശസൂചകങ്ങളായ അനുഭവങ്ങളുണ്ടാകും. വ്യാപാരങ്ങൾ പുനരുദ്ധരിക്കുന്നതിനോ പുഷ്ടിപ്പെടുത്തുന്നതിനോ കഴിയും. സ്വപ്രവർത്തിയിൽ ആലസ്യം കുറയുകയില്ല.

പൂരുരുട്ടാതി—ചുമതലയുള്ള പല കാര്യങ്ങളിൽ ഇടപെടും. പണമിടപാടുകളാൽ മനസ്സുഖം കുറയും. അഭീഷ്ടങ്ങൾക്ക് സാധുതയുണ്ടാകും. ആഗ്രഹിതരാൽ ചില നഷ്ടം സംഭവിക്കും. ക്രമത്തിലധികം ജോലിയുണ്ടാകും.

ഉത്തൃട്ടാതി—ഭരണീയർനിമിത്തം പല വൈഷമ്യങ്ങളേയും അഭിമുഖീകരിക്കേണ്ടതായിവരും. ബഹുജനപ്രീതിലഭിക്കും. ആത്മാഭിമാനത്തിൻറെ പേരിൽ എത്ര പണം വേണമെങ്കിലും മുടക്കും. പ്രലോഭനകരമായ സംഭവമുണ്ടാകും.

രേവതി—സുനിശ്ചിതപരിപാടികൾപോലും യഥാവസരം നടത്തുവാൻ തരപ്പെടാതെ വിഷമിക്കും. സ്വസ്ഥതകുറയും. നയത്തുനൃമായ നടപടികൾകൊണ്ട് വിളംബവും നഷ്ടവും ഉണ്ടാകും. പണക്കഴപ്പും നല്ലപോലെ ബാധിക്കും. വിപ്രിയംകൂടും.



പേരൂർ ഹിന്ദുകൺവെൻഷൻറെ ആഭിമുഖ്യത്തിൽ ശ്രീ: തലയ്ക്കോരി സുകുമാരൻ കളരിപ്പയറ്റ്, യോഗാസനങ്ങൾ മുതലായവ പ്രകടിപ്പിക്കുകയുണ്ടായി. ശ്രീ: സുകുമാരൻ.

ജാതകാദേശം

(സവ്യാഖ്യാനം)

★

ജ്യോതിഷസംബന്ധമായും ജാതകസംബന്ധമായും അനർഘങ്ങളായ വിവരങ്ങളും അടങ്ങിയ ഒരു ഉത്തമ ജ്യോതിഷഗ്രന്ഥം. വില ശ്രീ: 1.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

പൂവില്ലാത്ത ഞെട്ട്

★

— ഡി. പി. നായർ, ഭാമോദരസദനം —

ജീവിതത്തിന്റെ വഴിത്താരയിലൂടെ കനത്ത ശോകഭാരവും പേറിക്കൊണ്ട് മുന്നോട്ടുനീങ്ങുമ്പോൾ ഒരു ചുമടുതാങ്ങി കാണുവാൻ നാം ആശിച്ചുപോകും. അതു സ്വാഭാവികമാണ്. ചുമടുതാങ്ങി കാണാത്തപ്പോൾ നാം ക്രമേണ ചിന്തിക്കും. നീറുന്ന ഹൃദയത്തെ ആശ്വസിപ്പിക്കുവാൻ ആളെ കാണാതെ ഉഴറുന്ന വ്യക്തികൾ ധാരാളമുണ്ട്. വേദനയുടെ ആ കഥകൾ പകുത്തുവാൻ കഴിവില്ലാതെ പോകുന്നതിൽ എനിക്ക മാപ്പുതരൂ...

പകലിന്റെ പൈതലിനെ രാത്രി തള്ളി കടലിലേയ്ക്കിട്ട. ആ അമ്മയുടെ മുഖമാകെ ചുകന്നുപോയി. അങ്ങുദൂരെ, ആ ചുകപ്പു കടലിൽ പാറി പിടിച്ച. ബാലികയായ സന്ധ്യ യുവതിയായി മാറുകയാണ്—രാത്രി മെല്ലെ പരന്നുതുടങ്ങി. നക്ഷത്രപഥത്തിൽ മേഘലേഖകൾ ശാന്തമായി ഒഴുകുകയാണ്. തെരുവീഥിയിലെ വിളക്കുകൾ തെളിഞ്ഞു. നിരവധി ജനങ്ങൾ നാലുപാടും നടന്നകലുന്നു. പാഞ്ഞുപോകുന്ന വാഹനങ്ങളുടെ ലൈറ്റിലെ പ്രഭയും, വൈദ്യുതദീപങ്ങളുടെ പ്രകാശവും ടാറിട്ട റോഡിനു വെളിച്ചം പകർന്നുകൊടുത്തു. അടുത്തുള്ള തിയേറ്ററിൽ സിനിമാതുടങ്ങിയിട്ട് സമയം അധികമായില്ല. ഇടതടവില്ലാതെ ഓടിക്കൊണ്ടിരുന്ന വാഹനങ്ങളുടെ ശബ്ദം അന്തരീക്ഷത്തിന്റെ നിശ്ശബ്ദതയെ ഇല്ലാതാക്കി. ചൂളംവിളിച്ചുകൊണ്ട് അടുത്തുള്ള സ്റ്റേഷനിൽനിന്നും ഒരു തീവണ്ടി ഇഴഞ്ഞിഴഞ്ഞ് മുന്നോട്ടുനിങ്ങി. ആ ഹൃദയത്തിന്റെ പ്രതിഫലനമല്ലാതെ മറ്റൊന്നുമവിടെ കാണാനില്ല.

വാടകക്കാരുകളുടെ കുതിരവണ്ടികളും സ്റ്റേഷന്റെ സമീപം യാത്രക്കാരെ കാത്തുകിടക്കുകയാണ്. യാത്രക്കാരെ കയറ്റിക്കൊണ്ട് ചില വണ്ടികളും കാറുകളും മുന്നോട്ടുനീങ്ങി.

"സാർ, എങ്ങോട്ടേപോകാനാണ്"

"കോണംസാർ..."

"നാലുപൈസനൽകുമിസാർ..."

"...ഒരു റൈറ്റ്...കോണങ്ങ്"—വാടകക്കാരുകളുടെ ബഹളം. തീവണ്ടിവന്നസമയമാണ്.

അല്പം അകലെ ഒരു കോണിലായി ഇതിൽനിന്നെല്ലാമകന്ന് ഒരു കുതിരവണ്ടി നിൽപ്പുണ്ട്. കുതിര യാതൊന്നുതിന്നാതെ വെകുത്തെനിൽക്കുന്നു. വാസുവിന്റെ വണ്ടിയാണത്. ഏതോ ചിന്തയിൽ മുഴുകി വാസു മൂകനായി അകത്തു ഇരിക്കുകയാണ്. കരയിക്കുന്ന വേദനകളുടെ കരിനിഴലുകൾ ആ മുഖത്തു വ്യക്തമായി കാണാം. പകുതി ക്രമനിയ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുനിന്നു. എന്തോ കേട്ടിട്ടെന്നപോലെ അയാൾ തലയുയർത്തി. ഇല്ല. ആരും വിളിച്ചില്ല. വിളിക്കരുതെന്നായിരിക്കും ആഗ്രഹം. കണ്ണീരുതുടയ്ക്കുവാൻ ആ കൈകൾ ഇതേവരെ ഉയർന്നില്ല. ശോകത്തിന്റെ കുത്തകയായ ആ വദനത്തിൽ പ്രകാശമില്ലാത്ത കണ്ണുകൾ വാടി തളർന്നിരുന്നു.

വാസുവിന്റെ മുന്നിൽ പഴയകാല സ്മരണകൾ പഴകാതെ നിരക്കുവാൻ തുടങ്ങി. കഴിഞ്ഞ ചില സംഭവങ്ങൾ പൂവ്കാലത്തിലെ തങ്കംപൂശിയ ഏടുകളിൽ കൊരുപ്പതേച്ച. ദുഃഖം കുന്നുകൂട്ടുമ്പോൾ, ദുഃഖത്തിനടിസ്ഥാനമായ സംഭവത്തിന്റെ ഉറവിടംമുതൽ നാം ചിന്തിച്ചുപോകും. വാസു പലതും പ്രതീക്ഷിച്ചിരുന്നു. പ്രതീക്ഷയുടെ കൈക്കുമ്പിളിൽനീട്ടി അയാൾ കാത്തിരുന്നു—ആത്മാർത്ഥതയുടെ വെള്ളിനൂലുകൾ വീഴുവാനായി. മധുരം നിറഞ്ഞ പ്രതീക്ഷാചഷകം പൊട്ടിത്തകർന്നിട്ട് കുറച്ചനാളേ ആയുള്ളൂ. മൂന്നുദിവസം കഴിഞ്ഞിരിക്കുന്നു—അയാളുടെ സ്നേഹമുള്ള ഭാര്യമരിച്ചിട്ട്. ഇന്നു നാലാമത്തെദിവസമാണ്. ഇതാ ഈദിവസവും എരിഞ്ഞടങ്ങാറായി. ഇങ്ങനെ എത്രദിവസങ്ങൾ!

ലക്ഷ്മി പൊറ്റ പിഞ്ചുകുഞ്ഞിന്റെ പുഞ്ചിരികണ്ട ആ ദിവസം...ഹയ്...വാസു കോരിത്തരിച്ചുപോയി. ആ ആത്മാർത്ഥതയുള്ള ഒരുഭാര്യയും, തികഞ്ഞ ഒരു മാതാവുമായിരുന്നു ലക്ഷ്മി. ലക്ഷ്മിയുടെ ഹൃദയമാണ് വാസുവെകിൽ, വാസുവിന് ലക്ഷ്മി കണ്ണും കരളുമാണ്. വാസു ലക്ഷ്മിക്ക എല്ലാമായിരുന്നു. ലക്ഷ്മി വാസുവിന് എല്ലാമായിരുന്നു. വീട്ടുകാർ തമ്മിൽ നിശ്ചയിച്ചതായിരുന്ന കല്യാണം. രണ്ടുപേരും തമ്മിൽ പലതവണയും കണ്ടിട്ടുണ്ട്. പിന്നെ അങ്ങു സ്നേഹിക്കുവാൻ തുടങ്ങിയെന്നുമില്ല. വിവാഹംനടന്നു അത്രതന്നെ—സാധാരണപോലെ. കൊഞ്ചിച്ചു കൊഞ്ചിച്ച് ഗോപിയെ അവർ വളർത്തി. "ഗോപീ..." ആ കുഞ്ഞിനെനോക്കി അവൻ നീട്ടിവിളിക്കും. ആ കുഞ്ഞ് പിതാവിനെനോക്കി ചിരിക്കും. ലോകം കാണാൻ കൊതിക്കുന്ന ആ നിഷ്കളങ്കതമുള്ള ചിരി കാണുമ്പോൾ "എടകള്ളച്ചെക്കാ—"—എന്നു ഓമനത്തവൻ ഒരു ഉമ്മകൊടുക്കും. സ്നേഹം സ്നേഹത്തെ കിക്കിളിയിടുന്നു. ഗോപിയെ ലാളിക്കുന്നതിൽ, ഗോപിയെ ശ്രദ്ധിക്കുന്നതിൽ ആരുണ്ടെ കൂടുതൽ ശ്രദ്ധാലുകാണിക്കുന്നതു എന്നുപറയുവാൻ പ്രയാസമുണ്ട്. അമ്മയുടെ എളിയിൽനിന്ന് അച്ഛന്റെ കൈകളിലേയ്ക്കും, അവിടെനിന്ന് അമ്മയുടെ മടിത്തട്ടിലേയ്ക്കും ആ ശിശു ചാടിക്കളിച്ചു.

ജീവിതത്തിന് ആനന്ദം വാരികൊടുത്തുകൊണ്ട് കാലങ്ങൾ ചിറകുവച്ചു പറന്നകന്നു. ആ കൊച്ചുവീട്ടിൽ ദാരിദ്ര്യത്തിന്റേയോ, പൊരുത്തമില്ലായ്മയുടേയോ നിഴൽ വീശിയില്ല. ആ തെളിഞ്ഞ അന്തരീക്ഷത്തിൽ ഒരു കുത്തിച്ച പൂത്തിരിപോലെ ഗോപിയും വളർന്നു.

വാസു താമസിക്കുന്ന പുരയിടവും വീടും വാസുവിന്റെ സ്വന്തമാണ്. കുതിരവണ്ടി പിതൃസ്വത്തായി കിട്ടിയെങ്കിലും ഉണ്ടായിരുന്ന കടംവീട്ടുവാൻ കുറച്ചനാളും വേണ്ടിവന്നു. വിയർപ്പുള്ളികൾ ആ മണ്ണിൽകിടന്നു വിളഞ്ഞു പവിഴങ്ങളായി മാറിയതു പലതവണ ലക്ഷ്മി കണ്ടിട്ടുണ്ട്.

"ഏയ് ജഡ്ക്കാ"—ആരോ വിളിച്ച. ഏതോ ഒരന്യലോകത്തുനിന്നു വന്നിറങ്ങിയവനെപ്പോലെ വാസു കണ്ണുതുറന്ന് ചുറ്റുംനോക്കി. നനഞ്ഞകണ്ണുകൾ പതുക്കെത്തുടച്ചു. ഏതോ രണ്ടുയാത്രക്കാർ വന്നുനിൽക്കുന്നു. വാസു വണ്ടിയിൽനിന്നും വെളിയിലിറങ്ങി.

"ഓ-എവിടെപ്പോകാനാസാർ."

"പോസ്റ്റാഫീസ്സിന്റെ അടുത്തുവരെ."

"ശരി. കയറണം. പോസ്റ്റാഫീസീന്ന് എത്രദൂരം പോകണം."

"പോസ്റ്റാഫീസ്സിന്റെ അടുത്തുള്ള ഇടവഴിയിൽക്കൂടി പോകുമ്പോൾ കാണുന്ന വലത്തുവശത്തെ നാലാമത്തെ വീട്ട്. കറ്റച്ചുപോയാൽമതി."

"...കേറണം"—അവൻ ജഡ്ക്കയുടെ കതകുതുറന്നു.

"ക്ലീ എന്തുവേണം."

"എന്തെങ്കിലും തന്നാൽമതി."—ക്ലീക്കുവേണ്ടി വഴക്കടിക്കുവാൻ ഇന്നവന്റെ മനസ്സിനു ശേഷിയില്ല. വേറൊരവസരമായിരുന്നെങ്കിൽ തീച്ചയായും അവൻ പറയാതിരിക്കയില്ല. മകനുവേണ്ടി വല്ലതും സമ്പാദിക്കേണ്ടതായിട്ടുണ്ട്. പക്ഷെ ഇന്നവനു അതിനാകുകയില്ല. ഭാര്യ മരിച്ചതിന്റെ ദുഃഖം അതുകണ്ടവനെ മറിവെല്പിച്ചിട്ടുണ്ട്. ഉന്മേഷരഹിതനായി അവൻ വീണ്ടുംവീണ്ടും പറഞ്ഞു ക്ലീ എന്തെങ്കിലും തന്നാൽമതിയെന്ന്. വണ്ടി യാത്രക്കാരെ കയറ്റിക്കൊണ്ട് മുന്നോട്ടുനീങ്ങി.

"എടോ തനിക്കുകണ്ണില്ലേ..." കുതിരവണ്ടിയുടെ ഒരുഭാഗം സൈക്കിളിന്റെ എവിടെയോ ഒന്നുതട്ടി. സൈക്കിൾകാരൻ വാസുവിനെ തുറിച്ചുനോക്കിക്കൊണ്ട് പറഞ്ഞു. വാസു സൈ



മഹാത്മാഗാന്ധിയുടെ 77-ാം ജന്മദിനം സംബന്ധിച്ച് മാർച്ച് 2-ാംതീയതി എടുത്ത ഫോട്ടോ.

ക്കിളകുന്നതൊന്നും ഒന്നുനോക്കുകപോലും ചെയ്തില്ല. ശോകത്തിന്റെ കൂത്തകയായ ആ വദനത്തിൽ പ്രകാശമില്ലാത്ത കണ്ണുകൾ വാടിത്തളർന്നിരുന്നു.

"ബൗവ്വ്വ്വ്....." വണ്ടി ഒരു പട്ടിയുടെ വാലിൽക്കൂടി കയറിപ്പോയി. പട്ടി വേദനകൊണ്ടുവിളിച്ചു. അതു് ഓടിമറഞ്ഞു. ലക്കില്ലാതെ പോയ ആ വണ്ടി പലരുടേയും ദേഹത്തു് തട്ടിത്തിയില്ലാ എന്നമട്ടിൽ നീങ്ങിക്കൊണ്ടിരുന്നു. ആരൊക്കെയോ അയാളെ ചീത്തപറയുന്നുണ്ടു്.

"ആരാടാ വണ്ടി ഓടിക്കുന്നതു്. നിനക്കു കണ്ണുകാണില്ലേ?"—വണ്ടി ആരുടെയോ ദേഹത്തു് ഒന്നുപതുക്കെതട്ടി.

"എന്താ തനിക്കു് സുഖമില്ലേ"—വണ്ടിക്കകത്തിരുന്ന ഒരാൾ ചോദിച്ചു.

"മനസ്സിനു് വലിയ വൈഷമ്യംകാരണം കുറച്ചുനാളായി തുടങ്ങിയിട്ടു്."

"ഉം.....എന്താ വിഷമം?....."

വാസു, തന്റെ കഥകേൾക്കാൻ ഒരാളെങ്കിലും കൗതുകംകാണിച്ചതിൽ ഉപ്പുനയി.

"ഇതുവഴിയാണോ പോസ്റ്റാഫീസ്സിലേയ്ക്കുപോകുന്നതു്. താനെവിടെയാടോ ഞങ്ങളെ കൊണ്ടുപോകുന്നതു്....." വണ്ടി വഴിതെറ്റി പാഞ്ഞുപോയ പരമാർത്ഥം അപ്പോഴാണു് വാസു അറിയുന്നതു്.

"ക്ഷമിക്കണം, സാറെ. മനസ്സിനു് സ്ഥിരമില്ലായ്മയുണ്ടു്"—വേറൊന്നും പറയുവാൻ നിവർത്തിയില്ല. വാസു വണ്ടി തിരിച്ചുവിട്ടു—പോസ്റ്റാഫീസ്സിനേരെ. അപ്പോഴേയ്ക്കും അകത്തിരുന്നവർ വണ്ടിക്കാരുടെ കുറ്റങ്ങളെ അവരുടെ അനുഭവങ്ങളിൽനിന്നും വിവരിച്ചുതുടങ്ങി. സംഭാഷണം അതിശയോക്തിയിലൂടെ കാടുകയറി നീണ്ടുപോയി. ചിരിച്ചും സംസാരിച്ചും അവർ സമയംകഴിച്ചു. വണ്ടി നിന്നപ്പോഴാണവർ വീടു് എത്തി എന്നറിയുന്നതു്. വണ്ടിയിൽ നിന്നു് ഇറങ്ങിയിട്ടു് അവർ ഒരുരൂപ കൂലികൊടുത്തു. അവിടെ തക്കിക്കേണ്ട ആവശ്യം ഇല്ല. വാസുവിന്റെ മനസ്സു് എവിടെയോ അലയുകയാണു്. ഒരു ചിന്താശീലന്റെ മട്ടുണ്ടയാൾക്കു്. അവന്റെ കഥ അവരെ കേൾപ്പിക്കുവാൻ സാധിച്ചില്ല. അതിൽ നികുത്തുവാനാവാത്ത വേദനയുണ്ടയാൾക്കു്. വാസു വണ്ടി പോസ്റ്റാഫീസ്സിനുസമീപം കൊണ്ടുനിത്തി. അയാൾ കുതിരയ്ക്കു് പുല്ലിട്ടുകൊടുത്തു. അകത്തുകയറി ഇരുപ്പായി വാസു.

വാസുവിന്റെ ഓർമ്മകൾ ഇങ്ങിനി വരാത്തവണ്ണം പോയി മറഞ്ഞ കാലങ്ങളുടെ കാൽപ്പാടുകൾതേടി പോകുകയാണു്. ശോപി പള്ളിക്കൂടത്തിൽ പോകുന്നതുംനോക്കി നിന്നിമേഷരായി വാസുവും ലക്ഷ്മിയും എത്രനേരം നിന്നിട്ടുണ്ടോ.

"മോനെ ഇന്നു് പഠിപ്പിച്ച പാഠം ഒന്നുചൊല്ലിച്ചേ"—വാസു രാത്രിയിൽ ശോപിയോടുപറയും. ഈണത്തിൽ നീട്ടിവലിച്ചു് പാഠം ചൊല്ലുമ്പോൾ വാസു തൊഴുതിരുത്തിക്കൊടുക്കും... അയാളുടെ മകൻ വിജ്ഞാനത്തിൽ കുട്ടി വളരുകയാണു്.

"കന്തിക്കുടിക്കാൻവരിൻ. പഠിത്തം ഇനി പിന്നാട്ടെ"—ലക്ഷ്മി പഠിക്കുന്ന കുട്ടിയേയും, പഠിപ്പിക്കുന്ന അച്ഛനേയും നോക്കി പറയും. ഇന്നു് കന്തിക്കുടിക്കാൻ വിളിക്കാൻ—അവയ്ക്കു് വിളമ്പിക്കൊടുക്കുവാൻ ആളില്ല. വാസു ചെന്നിട്ടുവേണം മകനു് വല്ലതും വച്ചുകൊടുക്കാൻ. പാവം. അവൻ തനിയെയായിരിക്കും ഇപ്പോൾ. ഒരുപക്ഷെ അയലത്തെ വീട്ടിലായിരിക്കും.

"അച്ചാ ഇന്നന്നാമ്മെസാറു് ഒരു പുതിയ പാടം പടിപ്പിച്ചു." കുതിര വണ്ടിയുമായി തിരിച്ചുപോന്ന പിതാവിനെ വീട്ടിൽ കയറുമ്പോൾ ഓമനക്കുഞ്ഞു് സാഭിമാനംചൊല്ലുന്നതിങ്ങനെയാണു്.

ലക്ഷ്മികാണും—ഈ സന്തുഷ്ടിനു് സാക്ഷിനിൽക്കുവാൻ. ചിരിച്ചുനിന്ന നിമിഷങ്ങളും കരയിക്കുന്ന നിമിഷങ്ങളായി രൂപംമാറി. ജീവിതത്തിന്റെ മധുരസ്വപ്നത്തെയെന്നും മുഴുവൻ കാണാതെ ലക്ഷ്മി അവനെ പിരിഞ്ഞു. നൃത്തംതുടങ്ങിയപ്പോഴേയ്ക്കും അവൾ പൊയ്ക്കഴിഞ്ഞു. ലക്ഷ്മി പോയെങ്കിലും അവളോടൊത്തു് ജീവിതം തുടരേണ്ട വ്യക്തി പോയില്ല. പുഷ്പം അടർന്നുവീണെങ്കിലും തൈച്ചെടി കൊഴിയാതെ നിൽക്കുകയാണു്. ഞെട്ടോടെ ആ പൂവു് അടർന്നുവീഴുവാനാണു് വാസു ആശിച്ചതു്. ശോപിയെ കരയിക്കാതെ നോക്കുവാൻ അയാൾ നന്നെ പാടുപെട്ടു. അവൻ അമ്മയെ ഓർത്തു നിലവിളിക്കും. എന്തുപറയാനാണു്? എന്തെങ്കിലുമൊക്കെ പറയും. പിന്നെപ്പിന്നെ ഒരു നിയമംപോലെ അകത്തുകരച്ചിൽ ശാന്തമായിക്കൊള്ളും. എങ്കിലും ആ കുടി കരയുമ്പോൾ വാസുവിനു് ഹൃദയം പിളർന്നുപോകുന്നപോലൊരനുഭവം. തന്റെ കാലം കഴിഞ്ഞാലവൻ എങ്ങിനെ വളരും. ശോപിയുടെ കാലക്ഷേപത്തിനു്, ഭാവികാര്യങ്ങൾക്കു് ഒരു തുക സമ്പാദിക്കണം—വാസു ചിന്തിച്ചുതുടങ്ങി—ഒരച്ഛനെപ്പോലെതന്നെ. വാസുവിന്റെ ഉത്സാഹം നശിച്ചു. ജീവിതത്തിന്റെ മണിശോപുരത്തിലേയ്ക്കു പോകുമ്പോൾ അവിടം മുഴുവൻ പിശാചുക്കളാണെന്നു പറഞ്ഞാൽ—അവിടം ഇരുട്ടിന്റെ കലവറയാണെന്നുപറഞ്ഞാൽ പിന്നെ ജീവിതത്തിനു് എന്തൊരു സുഖം. ഓമനപ്പുത്രനൊരാളുണ്ടു് കുടുംബം കാത്തുരക്ഷിക്കുവാൻ.

"ജഡ്ക്കയുടെ ആളില്ലേ"—നാലഞ്ചു് ആളുകളുണ്ടു്. അവർ ജഡ്ക്കയുടെ സമീപം നിന്നുകൊണ്ടു് ചോദിച്ചു. വാസു ഞെട്ടി തിരിഞ്ഞുനോക്കി. അവൻ താഴെ ഇറങ്ങി. നനഞ്ഞ കണ്ണുകളും പതുക്കെ ഒന്നുതുടച്ചു. ശോകത്തിന്റെ കൂത്തകയായ ആ വദനത്തിൽ പ്രകാശമില്ലാത്ത കണ്ണുകളും വാടിത്തളർന്നിരുന്നു. സന്താപം കൊണ്ടുണ്ടാക്കിയ ഒരു രൂപംപോലുണ്ടു് വാസു. ജീവിതം തുടരാനല്ല അയാൾ വേണ്ടിവന്നതു്—തന്റെമകൻ വീട്ടിലുണ്ടുവും. അവൻ വളരണം.

"എവിടെ പോണംസാർ."

"റെയിൽവേസ്റ്റേഷൻവരെ. ഏകുലി"

അന്നേരം "എന്തെങ്കിലും തന്നാൽമതി." മുമ്പുനിലത്തെപ്പോലെതന്നെ ഇത്രവണ്ടിയും അയാൾ കൂലിക്കുതർക്കിച്ചില്ല. ആ കപ്പടുതകർന്നഹൃദയം ഉള്ളിൽകിടന്നു പിടയ്ക്കുകയാണു്. അവർ അകത്തുകയറി വണ്ടി മുന്നോട്ടുനീങ്ങി. മുമ്പുനിലത്തേതുപോലെ അപകടങ്ങളും ഉണ്ടാകാതിരിക്കുവാൻ വാസു ശ്രമിച്ചു. വണ്ടി പതുക്കെയാണു പൊയ്ക്കൊണ്ടിരുന്നതു്.

"കുറച്ചു വേഗംഓടിക്കണം"

"ടൈമിനുസമയമായി." വാസു വണ്ടിയുടെവേഗത അൽപംകൂട്ടി.

"ടൈമിൻ എത്രമണിക്കാണെന്നറിയാമോ"—വാസുവിനോടായി ഒരാൾ ചോദിച്ചു വാസു അതുകേട്ടില്ല. അവന്റെചിന്ത ലക്ഷ്മിയെ തേടിപ്പോയി. അവിടെനിന്നും, മങ്ങിക്കത്തുന്നവിളക്കിനുമുമ്പിൽ പുസ്തകവുമായി കമഴ്ന്നുകിടക്കുന്ന ശോപിയുടെ സമീപത്തേയ്ക്കും പാഞ്ഞുപോയി.

"എടോ ടൈമിൻ എട്ടിനോ എട്ടരയ്ക്കോ"—ശബ്ദംകൂട്ടിക്കൊണ്ടു് കുറച്ചൊരുശൗരവത്തോടെ അയാൾ ചോദിച്ചു. ഇല്ല, വാസുകേട്ടില്ല.

"എടോ തനിക്കുചെവിയില്ലേ, ടൈമിൻ എത്രമണിക്കാണു്..." വാസുപെട്ടെന്നു് ചിന്തവിട്ടുണർന്നു.

"എട്ടരയ്ക്കാണു് വണ്ടി"—ഒരപരാധിയെപ്പോലെ അവൻ മറുപടിപറഞ്ഞു.

"എന്താ താൻ വല്ലാതെഇരിക്കുന്നതു് സുഖമില്ലേ"—വേറൊരാൾ ചോദിച്ചു.

"സാറെ എന്തുപറയാനാ. രണ്ടുമൂന്നായി മനസ്സിനു വലിയവൈഷമ്യം."

"എന്താവിഷമം"—അയാൾ ചോദിച്ചു.

"കുമാർ ലാറൻസ്സും എട്ടുത്തിട്ടുണ്ടോ"—വാസു തന്റെ കഥപറയാൻ നാവനക്കിയപ്പോൾ അകത്തുള്ള ഒരാൾ സ്നേഹിതനോടുചോദിച്ചു.

"ഓ...എസ്സ്. ഡെല്ലിയിൽനിന്നു വന്ന ലെറേഴ്സ്സെല്ലാം ശേഖറിന്റെ ബാഗിലാണു്"".

"ആപ്പിക്കേഷൻസ്സെല്ലാം ഉണ്ടല്ലേ"".

"എല്ലാമുണ്ടു്. ഭാഗ്യമുണ്ടെങ്കിൽ കിട്ടും."

"ഗുഡ്, യു വിൽ ഗെറ്റിറിച്ച്"."

"മദ്രാസ്സിൽ മി: മേനോൻറെവീട്ടു് എവിടെയാണെന്നാണുപറഞ്ഞതു്."

"ടിപ്പിക്കേനിലാണു്"." അവരുടെസംഭാഷണം അങ്ങിനെപോയി. വാസുവിന്റെ മുഖംവാടി. വണ്ടിനിന്നു—സ്റ്റേഷനായി. എല്ലാവരും ഇറങ്ങി. ഉദ്ദേശിച്ചതിലും കൂലികുറഞ്ഞുപോയെങ്കിലും വാസു ഒന്നും പറഞ്ഞില്ല.

"നേരം കുറെയായി"—അവൻ തനിയെപറഞ്ഞു. അവന്റെ ശോപി മാത്രമേ വീട്ടിലുള്ളു. വാസു വണ്ടി വേഗത്തിൽവിട്ടു. മകനെവിചാരിച്ചപ്പോഴേയ്ക്കും എല്ലാംമറന്നു. ഊടുവഴിയിലൂടെ കുളമ്പടിയുടേയും, കുതിരയുടെ കഴുത്തിലെ മണിയുടേയും ശബ്ദത്തിന്റെ അകമ്പടിയോടുകൂടി വണ്ടി മുന്നോട്ടുപാഞ്ഞു.

കുടിലിനൊരുമുന്നിൽ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുനിത്തി. ഓമനപ്പുത്രൻ വിളക്കിനുസമീപം ഇരുന്നുവായിക്കുകയാണു്. ഹൃദയം വെമ്പുകയാണു്. അയാളുടെമകൻ അതാകിടക്കുന്നു. വാസു ഓടിച്ചെന്നവനെ വാരിപ്പുണർത്തു. കെട്ടിപ്പിടിച്ചൊരുമ്മ സ്നേഹം സ്നേഹത്തെ കിക്കിളിയാക്കുന്നു. ആ പിതൃവു് ഒഴുകിവന്ന കണ്ണുനീർ പതുക്കെ തുടച്ചുമാറ്റി. നാലഞ്ചുതുള്ളികൂടി തന്റെ മകന്റെമുഖത്തു പററിപ്പിടിച്ചുനിൽക്കുന്നതു് അയാൾ കാണാതിരുന്നില്ല...

"മോനിവിടിരി. അച്ഛൻ കുതിരെ കെട്ടീട്ടുവരാം."

"ഞാനും വരട്ടെഅച്ഛാ."

"മോനിരുത്തുവരണ്ട. അച്ഛനിപ്പം മോന്നു് കുത്തിതരാം"—വാസു കുട്ടിയെ സമാധാനിപ്പിച്ചിട്ടു് കുതിരയെ കെട്ടാൻപോയി.

കുടിലിനുസമീപം അഞ്ചെട്ടുകീറു് ഓലകൊണ്ടു മറച്ചിട്ടുണ്ടു്—കുതിരയ്ക്കു വേണ്ടി. കുതിരയെ അഴിച്ചുകെട്ടി. ഉണ്ടായിരുന്ന കുറച്ചുപുല്ലു് ഇട്ടുകൊടുത്തു. കുതിരയ്ക്കു് ഒരുതൊട്ടിയിൽ വെള്ളം ഒഴിച്ചുനീക്കിവച്ചു. ശോപിയെപ്പോലെതന്നെ അവൻ ആ കുതിരയേയും സ്നേഹിച്ചു. കുതിരയെ തടവിക്കൊണ്ടു് വാസു കുതിരയുടെ അടുത്തിരുന്നു.

കലങ്ങിമറിഞ്ഞ ഹൃദയം തെളിഞ്ഞുവരുന്നില്ല. സ്നേഹമുള്ള ലക്ഷ്മി മരിച്ചുപോയവിവരം കരഞ്ഞുകൊണ്ടു സ്നേഹിതന്മാരോടു് വാസു പറഞ്ഞതാണു്. മൂടിപ്പൊതിഞ്ഞ ആ ശരീരം എന്നന്നേയ്ക്കുമായി പട്ടടയിലേയ്ക്കുകൊണ്ടുപോയ രംഗം ഒഴിക്കുവാൻ വാസുവിനു കരുത്തില്ല. അവന്റെ പ്രിയപ്പെട്ടവൾ—ലക്ഷ്മി. കരഞ്ഞുകൊണ്ടിരുന്ന ശോപിയെ അടുത്തവീട്ടിലെ തള്ള എടുത്തുകൊണ്ടുപോയി. ചിതയിൽ എരിഞ്ഞടങ്ങുന്ന ശരീരത്തെ കണ്ണിമയ്ക്കാതെ അവൻ എത്രനേരം നോക്കിനിന്നെന്നോ? അതിനുള്ള ശേഷിഉണ്ടായിട്ടല്ല—അനങ്ങുവാൻ ശക്തിയില്ലാത്തതുകൊണ്ടാണു്. പൊട്ടിപ്പുറപ്പെട്ട ആ കണ്ണീരുമതിയും കുമായിരുന്ന എരിഞ്ഞുനിന്ന ആ തീ കെടുത്താൻ. ലക്ഷ്മിയെപ്പററി പറയുവാൻ വാസുവിന്റെനാവിനു് എപ്പോഴും കൊതിയാണു്. തുടങ്ങുമ്പോൾ കരഞ്ഞുപോകുമെങ്കിലും വാസു ആ കഥ പലരോടുംപറഞ്ഞു. പറഞ്ഞുപറഞ്ഞു് തന്റെദുഃഖം കുറയ്ക്കുവാൻ മാത്രമല്ല—ഒഴുകിവരുന്ന സ്നേഹവും ആത്മാർത്ഥതയും ലക്ഷ്മിയോടു് അത്രയുണ്ടായിരുന്നു. ഇന്നു രണ്ടുദിവസമായി ആരോടുംപറയുവാൻ തരപ്പെട്ടില്ല. വണ്ടിയിൽവച്ചു് രണ്ടവസരം കിട്ടി. പക്ഷെ പ്രയോജനപ്പെട്ടില്ല: എത്തിപ്പിടിക്കാൻനേരത്തു ചാടിപ്പോകുന്നതുപോലെ—മറീചികമാതിരി ലക്ഷ്മിയെപ്പററി ചിന്തിച്ചു കണ്ണീരൊഴു

അത്യത്ഭുതവാഹിനിയായ ഒരു നദി



മൂക്കോത്തു കുഞ്ഞപ്പ

അതൊരു നദിയല്ല, സമുദ്രമാണ്; സമുദ്രം! ഒഴുകുന്ന സമുദ്രം! അതുള്ള രാജ്യക്കാർ പണ്ടും ഇന്നും അതിനു നൽകിയിട്ടുള്ള പേരും സമുദ്രമെന്നാണ്. ആദ്യകാലത്തു് അവിടെ എത്തിയ സഞ്ചാരികളും അതിനെ "Sweet Sea" അഥവാ "ശുദ്ധജല സമുദ്രം" എന്നു വിളിച്ചുപോന്നു. ഇന്നുള്ളവർ അതിനു "സമുദ്രപ്പുഴ" (Sea River) എന്നാണു പേരുനൽകീട്ടുള്ളതു്. ഭൂഗർഭശാസ്ത്രജ്ഞന്മാർ പറയുന്നതു്, ആ പുഴ പണ്ടു കടലായിരുന്നുവെന്നാണു്. തെക്കെ അമേരിക്കയെ രണ്ടു ഖണ്ഡങ്ങളാക്കി വിഭജിച്ചുകൊണ്ടും, അറ്റ്ലാന്റിക്കുസമുദ്രത്തേയും, ശാന്തസമുദ്രത്തെയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു കടലുണ്ടായിരുന്നുവത്രെ. എപ്പോഴുണ്ടായിരുന്നു? പണ്ടു്. വളരെ പണ്ടു്. പിന്നീടു് ആൻഡീസ്സുപർവ്വതം പൊങ്ങിവന്നപ്പോൾ കടലു് മുറിഞ്ഞുപോയി. മുറിഞ്ഞഭാഗം പുഴയായി അറ്റ്ലാന്റിക്കിലേക്കു ഒഴുകിത്തുടങ്ങി. പല പല മലനിരകളിൽനിന്നും 1400 കൈവഴികളും അതിൽചെന്നുചേരുകയാൽ, അതു വറ്റിപ്പോകാതെ ഒഴുകിത്തുടങ്ങി. വറ്റിപ്പോകുകയെന്നാണോ പറഞ്ഞുപോയതു്. അമസോൺനദി വല്ലകാലത്തും വറ്റുമെന്നു് ഊഹിക്കാനുംകൂടി കഴിയുകയില്ല. അതിന്റെ അഴിമുഖത്തു 100 നാഴികയോളം കടലിൽ ഉപ്പുവെള്ളമല്ല, ശുദ്ധജലമാണുള്ളതു്. അത്രയുണ്ടു് അതിന്റെ ഒഴുക്കിന്റെശക്തിയും ജലത്തിന്റെ അഗാധതയും. ഒരിക്കൽ, കരയിൽനിന്നു വളരെദൂരെയായിരുന്ന ഒരു കപ്പലിൽ വെള്ളം തീർന്നുപോകയാൽ, കപ്പലിലുള്ളവർ എതിരെപോകുന്ന മറ്റൊരുകപ്പലിനോടു വെള്ളത്തിനു പേക്ഷിച്ചു. "കടലിൽ തൊട്ടിയിറക്കി വെള്ളംകോരി കുടിച്ചുകൊള്ളുക" എന്നുള്ള നിർദ്ദേശത്തിന്റെ ആന്തരം ശരിയായി മനസ്സിലായില്ലെങ്കിലും, ഗത്യന്തരമില്ലാത്തതിനാൽ പറഞ്ഞതുപോലെ ചെയ്യുനോക്കുകതന്നെയെന്നു വെച്ചു. വെള്ളംകോരി നോക്കിയപ്പോഴാണുകാര്യംമനസ്സിലായതു്. അതു ശുദ്ധജലമായിരുന്നു. അമസോൺനദിയുടെ തുറമുഖത്തുനിന്നു നൂറുനാഴികഅകലെയുള്ള പുറംകടലിൽവെച്ചാണു ഇതുസംഭവിച്ചതു് എന്നുള്ള വസ്തുവും അവരെ അമ്പരപ്പിക്കുകയുണ്ടായത്രെ.

ഗോദാവരിനദി ഒരു വലിയ നദിയാണെന്നാണല്ലൊ വെപ്പു്. ഇന്ത്യയിലെ നീർവണ്ടിപ്പാലങ്ങളിൽ ദീർഘം കൊണ്ടുനോക്കിയാൽ ഗോദാവരിപ്പാലം രണ്ടാമത്തേതാണു്. അതുകടക്കുവാൻ മണിക്കൂറിൽ 15 മൈലോടുന്ന തീവണ്ടി പത്തുപതിനഞ്ചുമിനുട്ടസമയം എടുക്കുന്ന വാസ്തവം രസമുള്ള ഒരു വിവരമായി എനിക്കു പണ്ടുതോന്നിയിട്ടുണ്ടു്. അമസോൺനദി കടക്കാൻ പക്ഷേ അരമണിക്കൂറുസമയം പിടിക്കുമത്രെ. ഏതുവാഹനത്തിനു്? മണിക്കൂറിൽ പതിനഞ്ചുനാഴികയോടുന്ന തീവണ്ടിക്കല്ല. പിന്നെയോ? മണിക്കൂറിൽ 300 നാഴിക ഓടുന്ന വിമാനത്തിനാണു് ആ "കടൽപ്പുഴ" കടക്കാൻ അരമണിക്കൂറുസമയം വേണ്ടിവരുന്നതു്. ഇതെന്തൊരുപുഴ? ചിലടിക്കിൽ 150-ം മറ്റുചിലടിക്കിൽ 300-ം നാഴിക വീതിയുണ്ടു് അമസോൺനദിക്കു്.

അത്ഭുതങ്ങൾ തീർന്നില്ല, അമസോൺനദിയുടെ അത്ഭുതസൃഷ്ടികൾ. അമസോൺനദിയെപ്പറ്റിയുള്ള ഒരു ലേഖനം ഒരു ഇംഗ്ലീഷുപത്രത്തിൽ കണ്ടപ്പോൾ അതു വായിക്കണം എന്നു നിശ്ചയിച്ചതാണു്. ഭൂമിശാസ്ത്രം പഠിക്കുന്ന കുട്ടികളോ അതു പഠിപ്പിക്കുന്ന ഗുരുനാഥന്മാരോ വായിച്ചുകൊള്ളട്ടെ എന്നുവെക്കുകയാണുണ്ടായതു്. അല്ലെങ്കിൽത്തന്നെ ഭൂമിശാസ്ത്രം എനിക്കു പണ്ടെ അധികം ഇഷ്ടമില്ലാത്ത ഒരു വിഷയമാണു്. യദൃച്ഛയാ, ഒരു ഖണ്ഡികവായിച്ചപ്പോഴാണു് "അല്ലാ! ഇതു രസമുണ്ടല്ലൊ? ഇത്രയും വിവരങ്ങളും നത്താനിയിൽ മാസ്റ്റർ അന്നു പറഞ്ഞുതന്നിരുന്നുവെങ്കിൽ ഭൂമിശാസ്ത്രം ഒരു രസമുള്ള വിഷയമാകുമായിരുന്നുവെന്നുതോന്നി. നമ്മുടെ പുഴകളിലൊക്കെ വേലിയേറ്റമുണ്ടാകാറുണ്ടു്. അമസോണിൽ വേലിയേറ്റത്തിന്റെ മൂർദ്ധന്യത്തിൽ 15 അടി പൊക്കത്തിലുള്ള ഒരു ചുമരുപോലെയാണു വെള്ളം മണിക്കൂറിൽ 45 നാഴികവേഗത്തിൽ ഉള്ളിലേക്കു സഞ്ചരിക്കുക, എന്നുള്ളവാചകമാണു് എന്റെ ശ്രദ്ധയെ ആകർഷിച്ചു്, ലേഖനംമുഴുവനും എന്നെക്കൊണ്ടുവായിപ്പിച്ചതു്. ചിലപ്പോൾ മൂന്നടിപൊക്കമുള്ള തിരകൾ അങ്ങിനെ വഴിക്കുവഴിയായി വരും. തിരയിൽ നിറയെ മരത്തടികളും, കൊമ്പുകളും ഉള്ളതു്, മേൽപ്പോട്ടേറിഞ്ഞും, ശക്തിപൊരുത്തകുരങ്ങളിലേറിയും" കൊണ്ടുള്ള ഗമനം ഭയങ്കരമായിരിക്കുമത്രെ. മഴക്കാലത്തു വെള്ളം കുത്തിയൊലിച്ചുവരുന്നവരവിൽ വെള്ളപ്പൊക്കംകൊണ്ടു് ഇരുപതുശത്തുള്ള വനങ്ങൾ നിരയും. കുട്ടിത്തീയേപ്പൊട്ടു് ഓട്ടംപോലെയാണു് ഭീമങ്ങളും ഈവെള്ളപ്പൊക്കം ഭയപ്പെട്ടോടുക.

അമേരിക്കയുടെ ഒരുപടം എടുത്തുനോക്കുക. അമസോൺനദിയുടെ ചുക്കുംവളവും തീർത്തു നേരെവെച്ചാൽ അതു ശാന്തസമുദ്രത്തിൽ 1600 നാഴികവരെയ്ക്കും എത്തുമത്രെ. അതിനെ ബ്രസീലിലെ ഒരു നദിയായിട്ടാണു് നാം ഗണിച്ചുവരുന്നതെങ്കിലും, അതു് ബൊളിവിയാ, പെരു, ഇകുഡോർ, കൊളമ്പിയാ, വെനീസുലാ മുതലായ രാജ്യങ്ങളിലൊക്കെക്കൂടിയാണു് ഒഴുകുന്നതു്. കടലിൽമാത്രം സഞ്ചരിക്കാവുന്ന കപ്പലുകൾക്കു് ആ നദിയിൽ 2400 നാഴികയോളം സഞ്ചരിക്കുവാൻ സാധിക്കുന്നതാണു്. ആ പുഴയുണ്ടാക്കുന്ന ചാലുകൾ, അഞ്ഞൂറുമുതൽ ആയിരം അടിവരെ ആഴമുള്ളവയായിരിക്കുമത്രെ.

അമസോൺനദിയിൽ നിരവധി ദ്വീപുകളുണ്ടു്. ചിലതു് അൽപം ചതുരശ്രയടി മാത്രമേയുണ്ടാവുകയുള്ളൂ. ചിലതു വലുതായിരിക്കും. ഒന്നിലെങ്കിലും ജനവാസമില്ല. എങ്ങിനെ വസിക്കും. ചിലപ്പോൾ, ദ്വീപു പൊങ്ങിവരും; പൊടുന്നനെ മുങ്ങിപ്പോകും. മഴക്കാലത്തു് ഒലിച്ചുപോകുന്ന ദ്വീപുകൾക്കു കണക്കില്ല. മുങ്ങിപ്പോകുന്ന ദ്വീപുകൾക്കു പകരമായി പുഴ മറ്റു ദ്വീപുകൾ ഉണ്ടാക്കിവിടും. ഒരുകൊല്ലത്തിലിടയ്ക്കു് ആ ദ്വീപുകളിൽ സസ്യാദികൾ നിബിഡമായി വളർന്നുപിടിച്ചിരിക്കും. അങ്ങിനെ തഴച്ചുകൊഴുത്തുനിൽക്കുമ്പോഴാണു് നദി ദ്വീപിനെ സംഹരിക്കുന്നതു്. സൃഷ്ടിസ്ഥിതിസംഹാരാദികർമ്മങ്ങൾ കഴിച്ചുകൊണ്ടു് അമസോൺ അങ്ങിനെ ഒഴുകുകയാണു്. ചിലപ്പോൾ ദ്വീപുകൾ വലിയകെട്ടുമരംപോലെ ഒഴുകുന്നവയിൽ കയറി, ആ രാജ്യക്കാർ സഞ്ചരിക്കുകയും. എപ്പോഴാണു് വാഹനം ആണ്ടുപോകുകയെന്ന നിശ്ചയമില്ലാത്ത സഞ്ചാരം, ആപൽഭീതിയുണ്ടു് ധീരന്മാരായവർക്കു ഒരു പ്രത്യേകരസം നൽകുന്ന സഞ്ചാരമാണു്.

ദ്വീപുകളിലെ സസ്യങ്ങളെപ്പറ്റി പറഞ്ഞുവല്ലൊ. അമസോൺ നദീതീരങ്ങളെപ്പോലെ ഫലവത്തായ നിലങ്ങളും ലോകത്തിൽ വേറെയുണ്ടോഎന്നു സംശയമാണു്. ഒരുകൊല്ലംകൊണ്ടു പത്തുപന്ത്രണ്ടടി ഉയരത്തിൽ വളരുന്നസസ്യങ്ങളുണ്ടു്. ഒരു ഏക്കർ സ്ഥലമെടുത്താൽ ഇരുനൂറുതരം ഉൽപ്പന്നങ്ങളും അവിടെ കണ്ടെത്തും. പക്ഷികളുമവധി, ഇഴജന്തുക്കളുമവധി, മൃഗങ്ങളും അനവധിയുള്ള ഈ സ്ഥലത്താണത്രെ ലോകത്തിൽവെച്ചു് ഏറ്റവും വിഷമുള്ള പാമ്പുകളുള്ളതു്. അതുഭയങ്കരവിഷത്തിന്റെ ജ്വാലയേറ്റാൽത്തന്നെ മനുഷ്യർ കാഞ്ഞുപോകും. അത്തരം ഒരു മഹാവിഷമുള്ള ഒരു നാഗേന്ദ്രന്റെ വിഷത്തിൽനിന്നുണ്ടാക്കിയതാണു് ഹോമിയോപ്പതിയിലുള്ള "ലാക്കേസ്സിസ്സു്" എന്ന മരുന്നു്. മാറത്തുപുണ്ണുകൾക്കു ലാക്കേസ്സിസ്സു സിഫൊഷധമാണു്. അടിമുതൽ മുടിയോളം ചൊറിയും ചിരങ്ങുമായി ഉരുമ്പരിക്കുന്ന സ്ഥിതിയിലുള്ള ഒരു കുട്ടിയുടെചിരങ്ങു് ഒരൊറ്റ ഡോസ്സു് ലാക്കേസ്സിസ്സുകൊണ്ടു്, ഒരുമാസത്തിനകം ഭേദമാവുന്നതു ഞാൻ എന്റെ കണ്ണുകൊണ്ടു കണ്ടിട്ടുള്ളതാണു്. ദൈവം വിഷജന്തുക്കളെ എന്തിനുസൃഷ്ടിച്ചുവെന്നു് ഇനിയാരും ചോദിക്കുകയില്ല. അവിടെയുള്ള പൂമ്പാറ്റകളുംകൂടി വൻതോതിലാണു സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. ആറടിവിസ്താരമുള്ള ചില്ലിപുഷ്പത്തിൽ, ആറംഗുലം വലിപ്പമുള്ളചിറകോട്ടുകുടിയ പൂമ്പാറ്റയാണു് തേൻനുകരാൻ തത്തിക്കളിക്കുന്നതു്. അത്രവലിയ നദീതീരത്തു അത്രവലിയപുഷ്പത്തിൽ, വിലസുന്ന പൂമ്പാറ്റയും അത്രതന്നെവേണം. സൃഷ്ടാവു് ഒരു ചിത്രബോധമുള്ള ഒരു കലാകാരനാണുകൂടിയാണു്. വൻമരങ്ങളിൽ പാറിക്കളിക്കുന്ന വെളുത്ത പാറ്റകളെ കൊച്ചയോ മറ്റൊരു ആണെന്നു ഒരെനിന്നു സംശയിച്ചുപോകും, എന്നു പറഞ്ഞാൽ അവയുടെ വലിപ്പം ഊഹിക്കാമല്ലൊ.

3000000 ചതുരശ്രനാഴിക വിസ്തൃതമായ ഈ നദിയുടെ തീരപ്രദേശങ്ങളിൽ മനുഷ്യൻമാത്രമേ ഒരു ദുർല്ലഭജീവിയായിട്ടുള്ളൂ. ഒരു ചതുരശ്രനാഴികയ്ക്കു് അരമനുഷ്യനാണു് അവിടെയുള്ളതു്. മൂന്നടി മുന്നിൽ കാണാൻ പാടില്ലാത്ത നിബിഡമായ വൻകാടുകളിൽ മനുഷ്യൻ എങ്ങിനെ താമസിക്കും എന്നുവെക്കാനില്ല. കൃഷിക്കും കന്നുകാലികളെ മേയ്ക്കുന്നതും പറഞ്ഞിടവും, ശീതോഷ്ണസ്ഥിതി അസഹനീയമല്ലാത്തതും പലടിക്കിലും പ്രസന്നമായതും ആയ നിലവാരങ്ങളാണു് ആ തീരപ്രദേശങ്ങളിൽ 90 ശതമാനസ്ഥലങ്ങളും എന്നാണു് ഭൂമിശാസ്ത്രജ്ഞന്മാർ പറയുന്നതു്.

—o—

വൈശാഖ്

★

ഗ്രാമജീവിതവും ഭവനനിർമ്മാണകലയും

— വി. എസ്സ്. പിള്ള —

മൻലേഖനത്തിൻ * പ്രസ്താവിച്ച സംഗതികളുടെ ജീവിതസങ്കേതങ്ങളാണ് ഇവിടുത്തെ ഗ്രാമങ്ങൾ. വിരലിലെണ്ണാവുന്ന ചില ധനികകുടുംബങ്ങൾ ഒഴിച്ചാൽ ഗ്രാമത്തിന്റെയും ഭൂരിഭാഗം ജനവർഗ്ഗങ്ങളുടെയും ഏതാണ്ട് ഗ്രാമമദ്ധ്യത്തിലായിട്ടാണ്. ഇവർതന്നെയായിരിക്കും ആ ഗ്രാമത്തിന്റെ ആധിപത്യംവഹിക്കുന്നതും. മിക്കവാറും അവരുടെ സ്വാധീനശക്തിയുടെ മികവിലപ്പെട്ടതന്നെയാണ് ബാക്കിയുള്ള ഗ്രാമീണരെല്ലാം കഴിയുക. ഏതാണ്ട് ഒരു ക്ഷേത്രത്തിന്റെ ആകൃതിയിൽ ഒരു കുന്നിടം കമ്മട്ടിവച്ചമാതിരി മണ്ണോട് ഉരുമ്മിയുരുമ്മിക്കഴിയുന്ന മേൽക്കൂരകളാൽ തിങ്ങിയൊലകൊണ്ട് മേഞ്ഞു വെടിപ്പാക്കി അതിന്റെ ഒരു ഭാഗത്തു് ഓലത്തുമ്പുകളാൽ അല്പം അകത്തുമാറി ഭീർഘവൃത്താകൃതിയിൽ ഒരു വഴിയുണ്ടാക്കി അതിനുള്ളിൽ ഭവനമെന്നുള്ള വിശ്വാസത്തിൽ ഇഴഞ്ഞുകയറിപ്പോകുന്ന ഗ്രാമീണനും, മിക്കവാറും അല്പം അഭിവൃദ്ധിപ്പെട്ട ഒരു കാരാഗൃഹത്തിന്റെ മതിൽക്കെട്ടുകളെ അനുസ്മരിപ്പിക്കുന്ന കൽത്തുരുകുപോലുള്ള വെണ്മാളികയിൽ വസിക്കുന്ന ധനികനായ ബാബുവാണ് പരമാധികാരിയും സർവ്വജ്ഞനുമായിത്തോന്നുക.

ആന്ധ്രവംശത്തിന്റെ വിശ്വകർമ്മാവു് ആയിരമായിരം വർഷങ്ങൾക്കുമുമ്പു് വരച്ചുവച്ച തച്ചുശാസ്ത്രമാണോ ഇന്നും ഇവിടുത്തെ ഗൃഹനിർമ്മാണത്തിന്റെ അസ്ഥിവാരമെന്നു് സംശയിക്കുന്നെങ്കിൽ അതു സ്വാഭാവികം മാത്രമാണ്. ഈ കടിൽ നിർമ്മാണകലയ്ക്കു്, ഇവ എത്രത്തോളം പരിമിതവും പരിഹാസ്യവുമായി നമുക്കു തോന്നിയാലും ശരി, ചില പ്രത്യേക ഉദ്ദേശങ്ങളും മറവുമുണ്ട്. അത്യധികമായ ഉഷ്ണവും ഇടവിട്ടുള്ള കൊടുങ്കാറ്റുകളും സഹിച്ചു് പ്രകൃതി ശക്തികളോടു മല്ലിട്ടു നിലനിൽക്കാൻ ഈ സമ്പ്രദായം അനുപേക്ഷണീയമത്രെ. എത്ര ചെറുതെങ്കിലും ഈ കുമ്പിൾ കുടിലുകൾക്കും ചുവരുകളും തട്ടുകളും മറവുമുണ്ട്. തന്നിമിത്തം കൊണ്ടുമാത്രമായോ, ഈറയും ചെറുതടികളും വൃത്തകാരത്തിൽ കെട്ടിനിറുത്തി നല്ലപശമണ്ണുകൊണ്ടു് പൊതിഞ്ഞിട്ടുള്ളതോ ആണ് ഈ ചുവരുകൾ. ഇതുപോലെ മണ്ണുകൊണ്ടുപൊതിഞ്ഞ ഒരു മേൽത്തട്ടും ഉണ്ടായിരിക്കും. ഇതിനെ പരിപൂർണ്ണമായും മറയ്ക്കുന്നതുക്കവണ്ണമാണ് മേൽക്കൂര നിർമ്മിച്ചിട്ടുള്ളതു്. ഇത്തരമുള്ള ഒരു കുടിലിനകത്തു് തേനീച്ചക്കൂട്ടിനുള്ളിലുള്ളതുപോലെ നിരവധി അറകളും മുറികളുമൊക്കെയുണ്ട്. ഒരു കുടിലിൽ കുറഞ്ഞതു് അഞ്ചുമുതൽ പതിനഞ്ചുവരെ അംഗങ്ങളും ഉണ്ടായിരിക്കും. ഇങ്ങനെയുള്ള നൂറുകണക്കിനു കുടിലുകൾ ചേരുന്നതു് ഒരു ഗ്രാമമായി. മൻപറഞ്ഞതുപോലുള്ള കുടുംബകലഹങ്ങളോ അജാഗ്രതയോ മതി, ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഒരുഗ്രാമം മുഴുവൻ വെന്തുവെണ്ണീറാക്കാൻ കെൽപ്പുള്ള ഒരു തീപിടിത്തം സൃഷ്ടിക്കാൻ. പക്ഷേ ഒരു തീപിടിത്തംകൊണ്ടു് ഒരുഗ്രാമം മുഴുവൻ വെന്തെരിഞ്ഞു് ഒടുങ്ങിയാലും ശരി, ചുവരുകൾക്കോ തട്ടുകൾക്കോ കേടുപിടിക്കുക സാധാരണയല്ല. ആളിക്കത്തിക്കൊണ്ടിരിക്കുന്ന അഗ്നിക്കുമദ്ധ്യേ സ്വന്തം കുടിലിനകത്തിരുന്നു് ഒരുമൂലയിൽ കൂടത്തിലോ പാത്രത്തിലോ കഴിച്ചുവച്ചിരിക്കുന്ന പണ്ടങ്ങളും പണവും ബദ്ധപ്പെട്ടു് ചിത്തത്തെടുത്തു് അരയിൽ ചുറ്റിയിട്ടുള്ള തുണിക്കഷണങ്ങൾക്കുള്ളിൽ മറച്ചുകൊണ്ടു് ജ്വലിക്കുന്ന തീമുഖത്തുകൂടി കുതിക്കുതുപുറത്തുചാടാൻ വെമ്പൽകൊള്ളുന്ന അവയവത്തെന്നു് പിടിപിടുത്തുകഴിയുന്ന വൃദ്ധകളെക്കണ്ടുനോക്കുമ്പോൾ അവരുടെ വിപദ്ധൈര്യത്തിലും ധനമോഹത്തിലും അത്ഭുതപരതന്ത്രതയോടെ നോക്കിനിന്നുപോകാനിടവന്നിട്ടുള്ള സന്ദർഭങ്ങളും നിരവധിയാണ്.

ആഭരണഭ്രമം


ആഭരണഭ്രമമാണ് ഇവിടുത്തെ സ്ത്രീകളെ സംബന്ധിക്കുന്ന മറ്റൊരു പ്രത്യേകത. ഓരോ സ്ത്രീയും തന്റെ സമ്പത്തിൽ നല്ല ഒരുഭാഗം ആഭരണങ്ങളായി സൂക്ഷിക്കുവാൻ ബദ്ധശ്രദ്ധയാണ്. ഈ ആഭരണങ്ങളും നിത്യോപയോഗത്തിനുമാത്രമല്ലാ, പ്രതൃത പൂർത്തീവിശ്യാനും ഉപയോഗിക്കുന്നുണ്ട്. സ്വർണ്ണമായും വെള്ളിയായും ഈ ആന്ധ്രദേശത്തുകാരുടെ നിശ്ചലമായി നിധിരൂപത്തിൽ കെട്ടിവയ്പുള്ള ധനത്തിന്റെ തുച്ഛമായ ഒരംശംമാത്രം ബുദ്ധിപൂർവ്വകമായി പുറത്തുകൊണ്ടുവന്നു് വിനിയോഗിക്കാൻ കെൽപ്പുള്ള ഒരു ഭരണക്രമം വ്യക്തമായ നിയമനിർമ്മാണംമൂലം അതു സാധിതപ്രായമാക്കുമെങ്കിൽ, ഇന്ത്യയുടെ ഏതൊരു വിഭാഗത്തെക്കാളും അനേകമടങ്ങു് ഐശ്വര്യസമൃദ്ധമായ ഒരൊന്നാംകിട രാഷ്ട്രമായി ഉയരാൻ ആന്ധ്രസംസ്ഥാനത്തിനു സാധിക്കുന്നതാണ്. ഭിക്ഷയാചിക്കാൻ നടക്കുന്ന ഒരു നിർദ്ധനയിൽപോലും അരിച്ചുപെറുക്കിയെടുത്താൽ പത്തുനൂറുരൂപയുടെ ആഭരണങ്ങളും കണ്ടെത്താൻ കഴിയും.

എന്നാൽ ആഭരണങ്ങളെ സംബന്ധിച്ചിടത്തോളം ആകാരത്തിനല്ലാ, അളവിനാണ് ഇവർ മൻഗണനനൽകുന്നതു്. പുരാണചിത്രങ്ങളിൽ രാക്ഷസികളും മറവും ഉപയോഗിച്ചിട്ടുള്ളതായി കാണപ്പെടുന്നവിധം, വിലങ്ങുപോലുള്ള ഭാരമേറിയ കാൽത്തളകളും കൈവളകളും, ഇടതൂർന്നമേൽ ഉദ്ദേശം നാലിഞ്ചുവീതിവരുന്ന ഉലക്കപ്പുണ്ണുപോലുള്ള ചില "ബങ്കാര"ങ്ങളും വലിപ്പത്തിലും തൂക്കത്തിലും ഒട്ടും മോശമല്ലാത്ത തോടകളും ഞെരുത്തുകളും, കല്ലുകടം പതിച്ച വലിയ ചൂഡാമണികളും പതക്കവും, വെറും സുവർണ്ണത്തുടലുകളും തുടങ്ങി അനവധിയിനം ആഭരണങ്ങളും ഇവിടെ നിലവിലുണ്ട്. ഇതെല്ലാം അണിഞ്ഞു് വിവാഹവേദിയിലേക്കാനയിക്കപ്പെടുന്ന, അഥവാ തെരുവീഥിയിൽക്കൂടി ഉരുച്ചുറാക്കുന്ന ഒരു നവവധുവിനെക്കണ്ടാൽ എന്തോ കഠിനപരാധത്തിനു് ഒരു ചുമട്ടുകഴുതയായി അവളെ സമുദായം ശിക്ഷിക്കയാണോ എന്നുതോന്നും. ആകൃതികൊണ്ടും പ്രകൃതികൊണ്ടും ഈ ആഭരണരീതിയെല്ലാംതന്നെ ആയിരമായിരം വർഷങ്ങൾക്കുമുമ്പു് സമ്പൽസമൃദ്ധമായിരുന്ന ആന്ധ്രവംശത്തിന്റെ സംസ്കാരത്തെയും സമ്പുഷ്ടിയേയും പ്രതിനിധാനം ചെയ്യുന്നവയായിരിക്കണം. വിവാഹം, ഉത്സവാദികം തുടങ്ങിയ വിശേഷസന്ദർഭങ്ങളിൽ ഉപയോഗിക്കാവുള്ള ഇത്തരം ആഭരണങ്ങളും അടുക്കും മുറയുമനുസരിച്ചു ധരിച്ചുകാണുന്നതു് എത്രത്തോളം നയനാനന്ദകരമായിരുന്നാലുംശരി, അനാവശ്യവും അനാശാസ്യവുമായ ഈ സമ്പൽപ്രദർശനത്തിൽ അസൂയപ്പെട്ടുന്നതോടൊപ്പംതന്നെ, ഇവയെ ഒന്നിച്ചു ചുമക്കുന്നതിനു് നാലു കഴുതകളും പോരാത്തവയാണെന്നിരിക്കെ, ഉർബലയായ ഒരു സ്ത്രീ എങ്ങിനെയാണ് ഇതെല്ലാം വഹിച്ചുകൊണ്ടു് നിവർന്നിൽക്കുക എന്നോർത്തു് അത്ഭുതപ്പെട്ടുകയുംചെയ്യുന്നു.

വിവാഹസമ്പ്രദായം

ഒരുതരം ശൈശവവിവാഹസമ്പ്രദായമാണ് ഇവിടെ നിലനിൽക്കുന്നതു്. സ്ഥലഭേദമനുസരിച്ചു് മിക്കവാറും ബ്രാഹ്മണീയമായ ചടങ്ങുകളാണ് ഇവിടെ അനുവർത്തിച്ചുപോരുക. ആകയാൽ ഈ ചടങ്ങുകളെപ്പറ്റി വിവരിച്ചുദീർഘിപ്പിക്കണമെന്നു കരുതുന്നില്ല. എന്നാൽ അന്ധവും രസാവഹവുമായ ചില അഭ്യാസത്തുങ്ങൾ ഇത്തരുണത്തിൽ മറച്ചുവയ്ക്കുക ആശാസ്യമല്ല.

തികച്ചും ബാല്യത്തിലേതന്നെ ഇവിടെ വധൂവരന്മാരെ പരസ്പരം നിശ്ചയിച്ചുകഴിയുന്നു. ഏതാണ്ടു് സ്ത്രീക്കു പ്രായപൂർത്തിയാകുംമുമ്പു് വിവാഹവും നടത്തിവയ്ക്കുന്നു. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇതു നിർബന്ധമാണ്. സദാചാരമുദ്രകൾ പരിപൂർണ്ണമായും പരിരക്ഷകരമായി നിലകൊള്ളുന്ന ഈ അവശസമുദായമദ്ധ്യത്തിൽ പ്രായമായിപ്പോയ ഒരു പെൺകുട്ടിക്കു് ഒരുഭർത്താവിനെ ലഭിക്കുക എന്നകാര്യം വളരെ ബുദ്ധിമുട്ടാണ്. തന്നെയുമല്ല, വിവാഹത്തിനുമുമ്പു് ഋതുവായിപ്പോകുന്ന ഒരു പെൺകുട്ടിയുടെ ജീവിതം ശപിക്കപ്പെട്ടതായിട്ടാണ് ഗണിക്കപ്പെട്ടുപോരുന്നതു്. മിക്കവാറും അപഥസഞ്ചാരവും വ്യഭിചാരവുംമാത്രമേ ആ ഗ്രാമീണകന്യകയ്ക്കു് ഒരു തൊഴിൽവഴിയുള്ളൂ. അഥവാ അവൾക്കൊരു ഭർത്താവുണ്ടാകണമെങ്കിൽത്തന്നെ അവളുടെ താരുണ്യത്തെയും ജീവിതാഭിലാഷങ്ങളെയും ബലികഴിച്ചു് ഒരു പടുകിഴവനോടുകൂടി അവളുടെ മാതാപിതാക്കളുടെ സ്വത്തുക്കളും വാങ്ങിക്കൊണ്ടു് ജീവിതദുഃഖം പങ്കിട്ടു് ആസഹിക്കേണ്ടിവരും.



"റോസ്സ്ഹില്ലി"നുകളിൽ നിന്നാൽ കാണുന്ന വൈശാഖ്റയിൽ വേസ്റ്റേഷനും ടൌണും. ഹാർബറിന്റെ ഒരുഭാഗത്തുനിന്നും ടൌണിനു സമാന്തരമായിക്കിടക്കുന്ന ഒന്നരമൈൽ നീളമുള്ള തോട്ട് മദ്ധ്യത്തു കാണാം.

* ഏപ്രിൽ 13-നും-ലെ ലക്കം ആന്ധ്രപ്രതിഭയിലെ ലേഖനം.

പ്രകൃതിവിഭവങ്ങളുടെ കയറ്റുമതിച്ചരക്കുകളും

ഇന്നാട്ടിലെ പ്രധാനപ്പെട്ടവയുടെയും വ്യാപാരസാധനങ്ങളുടെയും ചെറിയ ഒരു വിവരണം നമ്മുടെ നാട്ടിലെ കഴിവും തല്പര്യവുമുള്ള പലേ കച്ചവടക്കാർക്കും മുതലെടുക്കാനുള്ള സൗകര്യത്തെ വെളിപ്പെടുത്തുന്നതിനുതകുന്നതാണ്. കാർഷികോല്പന്നങ്ങളിൽ പ്രധാനമായവ അരി, ചോളം, ക്വരക്ക്, മുളക്, കരിമ്പ്, കശുഅണ്ടി, പുകയില, മറ്റു സസ്യങ്ങൾ ഇവയാണ്. ഇവിടെനിന്നും 20 മൈലകലെയുള്ള "അനകാപ്പള്ളി" (കനകാപുരം) തെന്നിന്ത്യയിലെ ഏറ്റവും മികച്ച പഞ്ചസാരയും ശർക്കരയും ഉല്പാദനകേന്ദ്രമാണ്. ഇവിടെ ഒരു 'വിശം' (3 പൗണ്ട്) ശർക്കരയ്ക്ക് 4 മുതൽ 5 വരെ അണമാത്രം വിലയുള്ളപ്പോൾ മൊത്തവില നിരക്കിനു പൌണ്ടിനു ഒരണയോ അതിനടുത്തോ മാത്രമേ വില നില്പുണ്ടാള്ളൂ. അതിസമയം നമ്മുടെ നാട്ടിൽനിന്നും വരുന്ന തേങ്ങാ എണ്ണയ്ക്ക് ഇവിടെ അതികഠിനമായ വിലയുമാണ്. അങ്ങനെ, നല്ല ഒരു തുകമുടക്കി വ്യാപാരം ചെയ്യാൻ സന്നദ്ധതയുള്ളവർക്ക് ഈ സംഭ്യുത വേണ്ടംവണ്ണം വിനിയോഗിക്കാവുന്നതാണ്. അതുപോലെ വൈശാഖിൽ പ്രത്യേകിച്ചും ആന്ധ്രദേശത്തു പൊതുവെയും പ്രതിവർഷം വളരെയധികം കശുഅണ്ടി ഉണ്ടാകുന്നുണ്ട്. ഇതു മുഴുവൻ കൊതോതിൽ ഇവിടെത്തന്നെ ചുട്ടതല്ലി വിറ്റഴിക്കുന്നതല്ലാതെ, വളരെ കുറഞ്ഞവിലയ്ക്കു ഇവിടെ കിട്ടാവുന്ന ഈ കശുഅണ്ടി മുഴുവനും ശേഖരിച്ചു നമ്മുടെ നാട്ടിലുള്ള കശുഅണ്ടിഫാക്ടറികളിലേക്കയച്ചു നാട്ടുകാർക്കു കൂടുതൽ തൊഴിലും മുതലാളിമാർക്കു കൂടുതൽ ആദായവുമുണ്ടാക്കുവാനുള്ള ശ്രമം ആരും ചെയ്യുകാണുന്നില്ല. ആഫ്രിക്കയിലും മറ്റുംനിന്നു ഉണക്കണ്ടി വരുത്തി വ്യവസായം നടത്തുന്ന നാടൻ മുതലാളിമാർ ഈ സംഗതി ശ്രദ്ധിക്കുന്നതു നന്നായിരിക്കുമെല്ലോ. കൂടാതെ നമ്മുടെ നാട്ടിൽ വിലക്കുടുതലും ഉർല്ലുതയുമുള്ള പലേസാധനങ്ങളും ഇവിടെ ചു




ഇവിടത്തെ ശരിയായ ഒരു ഗ്രാമീണഭവനം.

പൊതുവേ ഈ വിവാഹസമ്പ്രദായത്തിനു പ്രായമോ തരമോ മാനദണ്ഡമല്ല. ധനപ്രമത്തതയും കുലമഹിമയുമുള്ള ഒരുവനാണ് യൗവനം മൊട്ടിട്ടു നില്ക്കുന്ന രണ്ടോ മൂന്നോ ഭാര്യമാരുണ്ടായിരിക്കും. സമുദായനീതിയിലെ ഏറ്റവും കാപിടിച്ച ഏടുകളിലൊന്നാണ് ഇവിടുത്തെ വിവാഹബന്ധമെന്നു പറഞ്ഞു ചുരുക്കട്ടെ.

കന്നുകാലികളാണ് കർഷകന്റെ പ്രധാന ജീവിതാലംബമായിട്ടുള്ളതു്. കാളകൾക്ക് ഇവിടുള്ള വില മറ്റേതു നാട്ടിലോതിനേക്കാളും കൂടുതലുമാണ്. ഈ കാളകളെ കൃഷിക്കായും വണ്ടിവലിക്കാനും വിനിയോഗിക്കുന്നുണ്ട്. ഇവിടുത്തെ വണ്ടിയടിക്ക് പ്രത്യേകരീതിയുകളോ നിർത്തുകളോ ആവശ്യമില്ല. കുന്നും കുഴിയും ബാധകമല്ല. സ്വന്തമല്ലാത്ത ജമീൻ ഭൂമികളിൽ പണിപ്പെട്ട് വിളയിച്ചെടുക്കുന്ന വിഭവങ്ങളെ സ്വന്തം കാളവണ്ടിയിൽ നിറച്ച് ഗൃഹനാഥയും പ്രൌഢയുമായ ഭാര്യയുടെ മേൽനോട്ടത്തിൽ പാവപ്പെട്ട കൃഷിക്കാരൻ വണ്ടിക്കാരന്റെ വേഷം കെട്ടി, ഇരുപതും മുപ്പതും മൈലകലെയുള്ള ഈ പട്ടണത്തിലേക്ക് കൊണ്ടുവന്നു വിറ്റഴിച്ച്, അവശ്യപ്പെട്ടിട്ടുള്ള ചേലകളും തുണികളും മറ്റും വാങ്ങി, ബാക്കിയുള്ളതിനെ അവളുടെ നീണ്ട മടിക്കുത്തിലൊതുക്കി ബലമായി ഒരു ചരടുകൊണ്ടു അരയെ ഒന്നു ക്രുടി മുറുക്കിക്കെട്ടി, വിജയഭാവം കലർന്ന അവളുടെ ആ പ്രസന്നവദനം അവന്റെ തോളോടുചേർത്തു പിടിച്ച് ഇരുപ്പുറപ്പിച്ചുകൊണ്ടു പെട്ടന്നോടുകുന്ന അൻപതും അറുപതും സഹഗ്രാമീണവണ്ടികളോടൊപ്പം സംതൃപ്തിയുടെയും സമ്പന്നതയുടെയും ആകർഷകയായ ഒരു മൂളിപ്പാട്ടും പാടി അഭിജാഗ്രതാവസ്ഥയിൽ അങ്ങിനെ വരിവരിയായ ഒരു ദീപാവലി പ്രദർശനത്തോടെ തന്റെ ആ ഛൊകുടിലിലേക്ക് തിരിച്ചുപോകുന്ന ആ പോക്കുകണ്ടാൽ ആയിരമായിരം കവിതകളും അരനിമിഷംകൊണ്ട് ഹൃദയത്തിൽ പൊടിച്ചു പൊന്തി വിരിഞ്ഞമന്ദം പോകുന്നതുപോലെ തോന്നും. ഹൃദ്യമായ ഈ പരമാർത്ഥങ്ങളെ അതുത്തോളം വ്യക്തമായി ചിത്രീകരിക്കാനുള്ള പാടവം ഇത്തുലികയ്ക്കില്ലാതെപോയല്ലോ എന്നോർത്തു ഖേദിക്കയേ തരമുള്ളൂ.

ഇത്തരം അജ്ഞതയും അവശതയുമായ ഭൂരിപക്ഷം ജനതതി എപ്പോഴും ഒരു രാഷ്ട്രത്തിനു ആപൽക്കരമാണ്. സ്ത്രീചിത്തമോ, സാമ്പത്തികബോധങ്ങളോ, പരിഷ്കാരമോ, ബാഹ്യലോകവുമായുള്ള ബന്ധമോ തീരെച്ചും ഇവരെ സംബന്ധിച്ചിടത്തോളം അസ്ഥാനത്താണ്. രാഷ്ട്രീയം എന്തെന്ന് അറിയുകയോ അറിയണമെന്ന് ആഗ്രഹിക്കുകയോ ചെയ്യാത്ത നിരക്ഷരകുക്ഷികളായ ഈ ഗ്രാമീണർ കമ്യൂണിസം എന്ന പേരു കേട്ടാൽ നടുങ്ങിപ്പോകും. എന്നാൽ തികഞ്ഞ വാഗ്മിതാവും സന്ദർഭോചിതമായ കൌശലവും നിറഞ്ഞ ഒരു നേതാവിനു ഈ ആദർശങ്ങളെ സരളവും ഗ്രാമ്യവുമായ ഭാഷയിൽ വിവരിച്ചുകൊണ്ടുള്ള ഏതാനും നിമിഷങ്ങൾ അവരുടെ മദ്ധ്യത്തിൽ കഴിച്ചുകൂട്ടാൻ സാധിച്ചുവെന്നു വന്നാൽ ആ വേശത്തോടും അന്ധമായും അവർ ആകമാനം പിടഞ്ഞെണീൽക്കുന്നതു കാണാം. പക്ഷെ ഒരിക്കൽ ഇങ്ങിനെ ആവേശം കൊള്ളിച്ചുകഴിഞ്ഞാൽ പിന്നൊരിക്കലും നയിക്കാനോ നിയന്ത്രിക്കാനോ കഴിയാത്തവിധം അവർ ഭ്രാന്തരായി മാറുന്നതും സ്വാഭാവികമാണ്. ഈ ദുഃസ്ഥിതിയുടെ പ്രധാനകാരണം വിദ്യാഭ്യാസത്തിന്റെയും വിവേകത്തിന്റെയും നേരിയ നിഴൽപോലും ഇവിടത്തെ ഗ്രാമീണരിൽ തലകാണിച്ചിട്ടില്ലെന്നുള്ളതാണ്.

ഇങ്ങനെയുള്ള ഗ്രാമീണന്റെ അത്യധ്വാനത്തിന്റെ പ്രയത്നഫലം പലതരത്തിലും അനുഭവിക്കുന്നവരാണ് പട്ടണജീവികൾ. എത്രയോ നാഴികയ്ക്കുള്ളിലുള്ള വിവേചനശൂന്യമായ നിരവധി ഗ്രാമങ്ങളിൽനിന്നും തുടൽമാലപോലെ പട്ടണത്തെ ലാക്കാക്കി ഇരുവശങ്ങൾ യന്ത്രചെയ്യുന്ന നൂറുകണക്കിനുള്ള കാളവണ്ടികളിലാണ് വൈശാഖ് പട്ടണനിവാസികളുടെ ജീവിതം തങ്ങിനിൽക്കുന്നതു്. പടിഞ്ഞാറു 'വിജയനഗര'ത്തേയ്ക്കും, തെക്ക് 'അനകാപള്ളി'ക്കും വടക്കു കട്ടക് വഴി കൽക്കട്ടായിലേക്കും നീണ്ടുകിടക്കുന്ന വൈശാഖിന്റെ ശിരോലിഖിതംപോലുള്ള മൂന്നു റോഡുകൾ തടയപ്പെട്ടുകഴിഞ്ഞാൽ വൈശാഖിലെ നഗരജീവിതം അവതാളത്തിലായതുതന്നെ. എങ്കിലും ഒരു തികഞ്ഞ സുഖവാസസ്ഥലവും, സാമാന്യം കുറഞ്ഞ ചിലവിൽ ഭംഗിയായ ഒരു ജീവിതമാനന്ദങ്ങൾ പുലർത്തിക്കൊണ്ടുപോകാനുള്ള സൗകര്യങ്ങളുള്ളതുമായ ഈ പട്ടണം, ജലദൗർല്ലഭ്യമെന്നുള്ള ഒരു ചെറുന്യൂനത ഒഴിച്ചാൽ ഏതാണ്ട് ആന്ധ്രദേശത്തു സർവ്വപ്രധാനമായ ഒരു നഗരമാണ്.



"കിംഗ് ജോർജ്ജ്" ഹാസ്പിറ്റൽ"—ഒരുഭാഗംമാത്രം. ഇതുപോലുള്ള ഒൻപതു പുതിയ കെട്ടിടങ്ങളും ഇവിടെ പണി തീർന്നിട്ടുണ്ട്.



തുറമുഖപ്രദേശം—ബർമാഷെൽ[കമ്പനിക്കാരുടെ പ്രധാന സ്ഥാപനങ്ങളും ഉൾപ്പെട്ട "ദ്വീപസ്ഥാപനങ്ങളും!" (Island Installations)

അരാജകവാദത്തിന്റെ ഉപജ്ഞാതാക്കൾ

★

— പ്രോഥനും ബകുനിനും —

കെ. ആർ. രാമചന്ദ്രൻനായർ ബി. എസ്സ്സി.

പതിനെട്ടാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടുകൂടി ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻരാജ്യങ്ങളിലും നടന്ന വ്യവസായികവിപ്ലവം, അന്നുവരെ നിലവിലില്ലാതിരുന്ന ഒരു സാമ്പത്തികവർഗ്ഗത്തെ സൃഷ്ടിച്ചു. ഈ വ്യവസായികമുതലാളി (Industrial capitalists) മാരാണ് പിന്നീടുള്ള ചരിത്രത്തെ നയിക്കുന്നതായി നാം കാണുന്നതു്. വൻകിടവ്യവസായങ്ങളുടെ വളർച്ചയോടെ, ഈ വ്യവസായിക നവോത്ഥാനത്തിൽ പങ്കെടുക്കുന്ന സമുദായത്തിൽ വ്യക്തമായും രണ്ടു വിഭിന്ന വർഗ്ഗങ്ങൾ ശ്രുപം കൊണ്ടിരുന്നു. വ്യവസായിക ഉല്പാദനഉപകരണങ്ങളും ഉല്പാദനവിഭവങ്ങളും കൈയടക്കിവച്ചിരുന്ന മുതലാളിമാരും, ഉല്പാദനോത്സ്ഥം ജോലിചെയ്യുന്ന തൊഴിലാളിമാരും ആയിരുന്നു ഇവർ. ആദ്യത്തെ കുട്ടർ കൂടുതൽ കൂടുതൽ ലാഭം തട്ടിയെടുത്തു് കൊഴുത്തു തടിക്കുന്തോറും മറുകുട്ടർ ദിനംപ്രതി സാമ്പത്തികമായി തകർന്നുകൊണ്ടിരുന്നു. ഈ രണ്ടു സാമ്പത്തികവർഗ്ഗങ്ങളുടെ വിഭിന്ന താല്പര്യങ്ങളും തമ്മിലുള്ള സംഘട്ടനമാണ് പിൽക്കാലചരിത്രത്തിൽ നാം കാണുന്നതു്. ഈ വളർന്നുവന്ന വൈരുദ്ധ്യത്തിനു് വേഗതയും വെളിച്ചവും നൽകുന്നതിനു പല ആശയനേതൃതലങ്ങളും പതിനെൻപതാംനൂറ്റാണ്ടിന്റെ ആവിർഭാവത്തോടെ ഉണ്ടായിത്തുടങ്ങി. അവശതയനുഭവിക്കുന്ന ഭൂരിപക്ഷത്തിന്റെ മോചനത്തിനു വേണ്ടിയുള്ള ഈ നൂതന ചിന്താപ്രസ്ഥാനങ്ങളും "സോഷ്യലിസ്റ്റ് ചിന്താഗതികളും" എന്ന പേരിലാണ് അറിയപ്പെടുന്നതു്. പതിനെൻപതാം നൂറ്റാണ്ടു് ഒന്നിനുപുറകെ ഒന്നായി അനേകം സോഷ്യലിസ്റ്റ് ചിന്തകന്മാരെ സംഭാവനചെയ്തിട്ടുണ്ട്. ഇവയിൽ ഏറ്റവും ശാസ്ത്രീയവും ചലനാത്മകവുമായതെന്നു് ഇന്നു വിശ്വസിക്കപ്പെടുന്ന മാർക്സിയൻ സോഷ്യലിസത്തിന്റെ പ്രചാരത്തിനു മുൻപുതന്നെ പലവിധത്തിലുള്ള സോഷ്യലിസ്റ്റ് ചിന്താഗതികളും നിലവിലിരുന്നു. ഇംഗ്ലണ്ടിൽ ഓവനെറയും ഫ്രാൻസിൽ സെൻറ്റസൈമൺ, ഫോറിയർ, ലൂയിസ് ബ്ലാങ്ക് മുതലായവരുടെയും നേതൃത്വത്തിൽ വളർന്നവന്ന സോഷ്യലിസ്റ്റ്പ്രസ്ഥാനങ്ങളും ഇവയിൽ പ്രധാനങ്ങളാണു്. അതിനുശേഷം പ്രോഥൻ, ബകുനിൻ മുതലായ വിപ്ലവചിന്തകന്മാരുടെ തത്വസംഹിതകളും സോഷ്യലിസ്റ്റ് ലേബലോടുകൂടിയവയായിരുന്നു. ഇവയിൽ പലതും അശാസ്ത്രീയവും അകാലികങ്ങളുമായിരുന്നുവെങ്കിൽ കൂടിയും കഴിഞ്ഞ നൂറ്റാണ്ടിലെ സോഷ്യലിസ്റ്റ് ചിന്താപ്രസ്ഥാനത്തിനു് അവ വളരെയേറെ സംഭാവനചെയ്തിട്ടുണ്ട്.

ഇന്നു് അരാജകവാദം എന്നറിയപ്പെടുന്നതും മിക്കവാറും നശിച്ചുകഴിഞ്ഞിരിക്കുന്നതുമായ ആശയങ്ങളുടെ ഉപജ്ഞാതാക്കൾ പ്രോഥനും. ബകുനിനുമാണു്. പ്രോഥൻ അതിന്റെ തത്വികഭാഗികനാണെങ്കിൽ ബകുനിൻ അതിനെ പ്രവർത്തനമധ്യേ യാഥാർത്ഥ്യമാക്കിയ വിപ്ലവാചാര്യനാണു്. മാർക്സിയൻ സോഷ്യലിസത്തിന്റെ സ്വാധീനശക്തിക്കുമുമ്പു് യൂറോപ്യൻ രാജ്യങ്ങളിലെ ബൂർഷ്വാവർഗ്ഗത്തെ വിറങ്ങലിപ്പിച്ച അനേകം ചെറിയ ചെറിയ വിപ്ലവങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പിന്നിൽനിന്ന വിപ്ലവകരമായ തത്വശാസ്ത്രം അരാജകവാദത്തിന്റേതായിരുന്നു.

അരാജകവാദത്തിന്റെ ഉപജ്ഞാതാക്കളിൽ പ്രധാനിയായ ജോസഫ് പ്രോഥൻ 1809 ലാണ് ജനിച്ചതു്. ഫ്രഞ്ചുവിപ്ലവത്തിന്റെ പരാജയത്തിനുശേഷം നെപ്പോളിയൻ തന്റെ വ്യക്തിപ്രഭാവംകൊണ്ടു് യൂറോപ്പിനെ വിറപ്പിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അതു്. ഭരണകൂടത്തിന്റെ സേച്ഛാധിപത്യപരവും ജനദ്രോഹകരങ്ങളുമായ ചെയ്തികൾകൊണ്ടും പ്രഭുക്കന്മാരുടെയും വളർന്നവന്ന ബൂർഷ്വാവർഗ്ഗത്തിന്റെയും ചൂഷണംകൊണ്ടും സാധാരണക്കാരന്റെ ജീവിതം ദുരിതമയമായിരുന്നു. ആ സാധാരണക്കാരന്റെ ചേരിയിൽ നിന്നുകൊണ്ടാണ് പ്രോഥൻ തന്റെ ചുറ്റുപാടുകളെ വീക്ഷിച്ചതു്. വിദ്യാഭ്യാസം ചെയ്യുവാനുള്ള സൗഭാഗ്യം അദ്ദേഹത്തിനു ലഭിച്ചിരുന്നില്ലെങ്കിലും സ്വപ്രയത്നത്താൽ, തനിക്കു് സ്വായത്തമായിരുന്ന അസാമാന്യകഴിവുകളെ വികസിപ്പിക്കുവാനും സാമൂഹ്യജീവിതത്തിന്റെ നാനാവശങ്ങളെയും ശാസ്ത്രീയമായി അപഗ്രഥിച്ചു പഠിക്കുവാനും അദ്ദേഹത്തിനു് സാധിച്ചു. ഫ്രഞ്ചുവിപ്ലവത്തോടുകൂടി സ്ഥിരീകരണം ലഭിച്ച സ്വകാര്യസ്വത്തുടമയുടെ പരിശുദ്ധതയെ ചോദ്യംചെയ്തുകൊണ്ടാണ് പ്രോഥൻ തന്റെ സാമൂഹ്യജീവിതം ആരംഭിച്ചതു്. സ്വത്തുടമയെപ്പറ്റി പൊതുവായി വിമർശിക്കുന്ന അനേകം ലഘുലേഖകളിൽകൂടി അദ്ദേഹം സ്വകാര്യസ്വത്തുടമയുടെ അനാശാസ്യതയേയും ആവശ്യമില്ലായ്മയേയുംകുറിച്ചു് ഭീർഘമായി എഴുതി. "സാമ്പത്തികവ്യവസ്ഥിതിയിലെ വൈരുദ്ധ്യങ്ങൾ" എന്ന പേരിൽ അദ്ദേഹം എഴുതിയിട്ടുള്ള ശാസ്ത്രീയലേഖനങ്ങളിൽകൂടിയും പിന്നീടു് പ്രസിദ്ധീകരിച്ച പല ഗ്രന്ഥങ്ങളിൽകൂടിയും അദ്ദേഹം തന്റെ തത്വസംഹിതകളെ ആവിഷ്കരിച്ചിട്ടുണ്ട്.

സ്വത്തുടമയെപ്പറ്റിയും, സാമ്പത്തികബന്ധങ്ങളെപ്പറ്റിയും അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങൾ ചിലതൊക്കെ അയുക്തികങ്ങളായിരുന്നുവെങ്കിലും ചിന്തനാർഹങ്ങളായിരുന്നു. എല്ലാസമ്പത്തുക്കളും ഒരുവിധത്തിലുള്ള കവർച്ചയോ മോഷണമോ ആണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. മാത്രമല്ലാ, സ്വകാര്യസ്വത്തുടമയുടെ കാവൽനായയായി വർത്തിക്കുന്ന ഭരണകൂടം (State) എന്നും ജനങ്ങളെ 'ഞെക്കിക്കൊല്ലാ'നുള്ള ഒരു ഉപകരണമാണെന്നും അദ്ദേഹം വാദിച്ചു. ഭരണകൂടത്തിന്റെ ഇല്ലായ്മയിൽ മാത്രമേ സാധാരണക്കാരനു് സമുദ്ധാനപരമായ ജീവിതം സാദ്ധ്യമാകുകയുള്ളുവെന്നും, ഇന്നുകാണുന്ന സാമ്പത്തികവ്യവസ്ഥിതിയുടെ വളർച്ച കാലക്രമത്തിൽ അതിന്റെ നാശത്തിൽ കലാശിക്കുമെന്നും പിന്നീടു് സ്വതന്ത്രവും പരസ്പരബന്ധമുള്ളതുമായ ചെറിയ ചെറിയ സംഘടനകളുടെ ഒരു ലോകമായി

രുങ്ങിയ വിലയ്ക്കു സുലഭമാണ്. പക്ഷേ ആയിരം മൈലകലെയുള്ള ഇവിടുത്തെ ഈ സൌകര്യങ്ങളെപ്പറ്റി കൂടുതൽ വിശദീകരിച്ചു പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും മാങ്ങാ, പക്കപ്പഴം, വൃശ്ചികച്ചക്ക തുടങ്ങിയ ഫലവർഗ്ഗങ്ങൾക്കു് സകേതസ്ഥാനമെന്നു അഭിമാനിക്കുന്ന നാമുടെ നാട്ടിനു് പല പ്രോഴും ഇണത്തിലും, ഇനത്തിലും, ചിലപ്പോൾ അളവിൽത്തന്നെയും ഈ നാട്ടിനെ കവച്ചുവയ്ക്കുവാൻ സാധിക്കുമോ എന്നു അതിശയോക്തികൂടാതെ പറയാൻ കഴിയും. മാന്യവായനക്കാരുടെ കാലമായാൽ അവയുടെ വിലക്കുറവും ഇണസമൃദ്ധിയും പെരുപ്പവും നമ്മെ അമ്പരപ്പിച്ചുപോകും. ഫലഭൂയിഷ്ഠമായ മണ്ണും പ്രയത്നശീലരും ധനമോഹികളുമായ മനുഷ്യരും, അനിശ്ചിതമായ കാലാവസ്ഥയും മാറുപലേ സൌകര്യസൌകര്യങ്ങളും ഒത്തിണങ്ങിയ ഈ നാടു് സാമ്പത്തികമായി ഒരു കലവറതന്നെയാണു്.

വിശാഖപട്ടണം ഒരു ഒന്നാന്തരം വ്യവസായകേന്ദ്രം കൂടിയാണു്. ഹൈദരാബാദു് സംസ്ഥാനത്തിലും ഒറീസായിലുംനിന്നു ഖനനംചെയ്യുവരുന്ന ഇരുമ്പുമണ്ണു്, മാൻഗനീസു്, കൽക്കരി എന്നിവയെല്ലാം വിദേശങ്ങളിലേക്കു കയറ്റി അയയ്ക്കുന്നതു ഈ തുറമുഖം വഴിയാണു്. തന്മൂലം നൂറുക്കണക്കിനു് തൊഴിലാളികൾക്കു തൊഴിലും ലഭിക്കുന്നുണ്ടു്. വ്യാപാരത്തിലും വ്യവസായത്തിലും വളർന്നവന്ന ഈ വൈശാഖ് ഇന്ത്യാഗവൺമെന്റിന്റെ വരുമാനത്തിലും സാരമായ ഒരു പങ്കു് വഹിക്കുന്നുണ്ടു്.

ഇവിടുത്തെ മലയാളികൾ

ഉദ്ദേശം ആയിരത്തി എണ്ണൂറിൽപരം മലയാളികൾ ഇവിടുണ്ടു്. ചുരുക്കം ചില ഉയർന്ന ഉദ്യോഗസ്ഥന്മാരും (ഉദാ: ഇവിടുത്തെ എസ്സി: ഇൻജിനീയർ, കെ. ജി. ഹോസ്പിറ്റൽ സർജൻ ജനറൽ, മെഡിക്കൽകോളേജ് പ്രിൻസിപ്പാൾ, വിക്ടോറിയാ ഹോസ്പിറ്റൽ ചീഫ് സർജൻ, ഐ. ജി., ചീഫ് അക്കൌണ്ടൻറു് പോർട്ടു് etc.) മറെ ചില ഗവൺമെൻറു് ജീവനക്കാരും, കമ്പനികളിലും മറ്റും പണിയെടുത്തു കഴിയുന്നവരും ഒഴിച്ചാൽ, ബാക്കിമുഴുവനും ഹോട്ടൽ ജീവനക്കാരും മുക്കാൻ കടക്കാരുമാണു്. വൈശാഖിലെ ഹോട്ടലുകളിൽ 90 ശതമാനവും മലയാളികളുടേതാണെന്നു് സംശയമെന്യേ പ്രഖ്യാപിക്കാം. എവിടെനോക്കിയാലും ഒരു 'കൊച്ചിൻകഫേ'യോ ഒരു 'ജനതാ ഹോട്ടലോ' ഒരു 'കേരളഭവനോ, ഒരു 'മലബാർ മിലിട്ടറി ഹോട്ടലോ' ഇല്ലാത്ത ഒരു കോണില്ല. ഒരു കാലത്തു വളരെ പരിമിതമായ കഴിവുകളോടെ തികച്ചും മോശമായ നിലയിൽ ആരംഭിച്ചു് ആയിരക്കണക്കിനു സമ്പാദിച്ചു വീടും നാടും മറന്നു കഴിയുന്ന അനാഥി ഹോട്ടൽക്കാർ ഇന്നിവിടെയുണ്ടു്. പക്ഷേ പ്രബലമായ ഒരു സംഘടനയുടെയോ ഐക്യശ്രുപ്യത്തിന്റെയോ അഭാവം പല പ്രോഴും അസുഖകരങ്ങളായ പല അനുഭവങ്ങൾക്കും വഴിതെളിക്കുന്നുണ്ടു്. എന്നാൽ ഒരു "കേരളസമാജ"ത്തിന്റെ ആവശ്യകത ഇപ്പോഴെങ്കിലും മനസ്സിലാക്കി അതിനുവേണ്ടി പ്രയത്നിക്കാൻ ഈയുള്ളവനുൾപ്പെടെ പല മാന്യന്മാരും ശ്രമം നടത്തിവരികയുമാണു്.

* * *

ഇങ്ങനെ ചുരുക്കത്തിൽ വൈശാഖ് ഡിസ്ട്രിക്റ്റിനെപ്പറ്റി പൊതുവെയും വൈശാഖിനെപ്പറ്റി പ്രത്യേകിച്ചും പ്രതിപാദിച്ചുകഴിഞ്ഞു. ഇനി ഈ നാട്ടിന്റെ മേന്മയെക്കുറിക്കുന്ന 'സിംഹാചലം'ക്ഷേത്രം, ആന്ധ്രായൂണിവേഴ്സിറ്റി, സിന്ധ്യാ കപ്പൽനിർമ്മാണകേന്ദ്രം, ഹാർബർ, കെ. ജി. ഹോസ്പിറ്റൽ, വിമാനത്താവളം തുടങ്ങിയ സ്ഥാപനങ്ങളെപ്പറ്റി അടുത്തലക്കങ്ങളിൽ ചുരുക്കി പ്രസ്താവിച്ചു ഈ ലേഖനപരമ്പര അവസാനിപ്പിക്കാമെന്നാണു കരുതുന്നതു്.

★

രിക്കും നിലവിലിരിക്കുന്നതെന്നും അദ്ദേഹം പ്രവചിച്ചു. ആ അരാജകതാവ്യവസ്ഥിതിയിൽ ഓരോരുത്തനും സ്വതന്ത്രനായിരിക്കുമെന്നു മാത്രമല്ലാ അവനവന്റെ പ്രയത്നത്തിന്റെ ശരിയായ ഫലം അനുഭവിക്കുവാൻ അർഹനായിരിക്കുമെന്നും അദ്ദേഹം വിഭാവനംചെയ്തു. അപ്പോൾ ഇന്നു് അവശ്യമായനുഭവിക്കുന്ന സാധാരണക്കാരന്റെ കടമ നിലവിലിരിക്കുന്ന ഭരണകൂടത്തെ തകർത്തുകൊണ്ടു് അടുത്ത അരാജകവ്യവസ്ഥിതിക്കു് കളമൊരുക്കുകയാണെന്നും അദ്ദേഹം മുന്നറിയിപ്പുനൽകി.

ഓരോ വ്യക്തിയും ഓരോ ആദർശജീവിതം നയിക്കത്തക്കവിധം മനുഷ്യസമുദായം സംഘടിതമാകണമെന്നുള്ളതാണു് അരാജകവാദത്തിന്റെ മർമ്മം. ഒരു കേന്ദ്രഭരണകൂടമില്ലാതെതന്നെ, വ്യക്തിസ്വാതന്ത്ര്യം പരമാവധി അനുഭവിക്കുന്ന ഒരു വ്യവസ്ഥിതിയാണു് അരാജകവാദികൾ വിഭാവനചെയ്യുന്നതു്. പരസ്പരം അവകാശങ്ങളെ മാനിക്കുന്നവരും സ്വയം സംഘടിതങ്ങളുമായ ചെറിയ ചെറിയ സംഘടനകളായിരിക്കും ആ വ്യവസ്ഥിതിയുടെ ആണിക്കല്ലു്. അതാണു അരാജകവാദികൾ. "ആരെയുംഭരിക്കാത്ത ഭരണകൂടമാണു് ഏറ്റവും നല്ലതു്" എന്ന മുദ്രാവാക്യം മുഴക്കിയതു്. അരാജകവാദികൾ "പ്രവർത്തനംകൊണ്ടുള്ള പ്രചരണ"ത്തിലാണു വിശ്വസിച്ചിരുന്നതു്. ഓരോ താത്കാലികമായ പ്രസ്ഥാനങ്ങൾക്കും പ്രവർത്തനം മുഖേന സ്ഥിരീകരണം നൽകുന്ന ഈ മാർഗ്ഗം കാലക്രമേണ ഭീകരപ്രവർത്തനത്തിനും അരാജകിവിപ്ലവങ്ങൾക്കും വഴിതെളിക്കയാണുണ്ടായതു്. വ്യക്തിസ്വാതന്ത്ര്യത്തെ കൂട്ടുതലായി ആശ്രയിച്ചുകൊണ്ടുള്ള 'സാമൂഹ്യമോചന'മായിരുന്ന അവരുടെ ലക്ഷ്യം. അതു് കാലാന്തരത്തിൽ മറ്റു തത്വശാസ്ത്രങ്ങളുടെ മുൻപിൽ നശിക്കാതെ ഗത്യന്തരമില്ലാതെവന്നു.

ഈ തത്വശാസ്ത്രത്തിനു് മാർഗ്ഗദർശനം നൽകാൻമാത്രമേ പ്രോധനു സാധിച്ചുള്ളുവെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനശക്തി ചിന്നിട്ടു് ഫ്രാൻസിലെയും ജർമ്മനിയിലെയും വിപ്ലവപ്രസ്ഥാനങ്ങൾക്കു് ഉണർവു നൽകിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ മാർക്സിസത്തിന്റെ ആവിർഭാവത്തിനു മുൻപുള്ള സോഷ്യലിസ്റ്റു് പ്രസ്ഥാനങ്ങളെ നയിച്ചിരുന്നവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സിദ്ധാന്തമായിരുന്നു ഇതു്.

എല്ലാവിപ്ലവചിന്തകന്മാരെപ്പോലെതന്നെ പ്രോധനും, ജയിൽവാസത്തിനും ഒടുവിൽ ഫ്രാൻസിൽനിന്നുമുള്ള പലായനത്തിനും ഇടവന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയ സാമയികവുമായ ചിന്താഗതികളോടൊപ്പം, മതത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവവും അന്നത്തെ ഭരണാധികാരികളെ വെറുപ്പിച്ചിരുന്നു.

ബകുനിൻ

1865-ൽ പ്രോധൻ മരിച്ചപ്പോൾ അതു യൂറോപ്പിലെ സോഷ്യലിസ്റ്റു പ്രസ്ഥാനത്തിനു് ഒരു നഷ്ടമായിരുന്നു. പ്രോധന്റെ സിദ്ധാന്തങ്ങളെ പുതിയ സാമൂഹ്യസാഹചര്യങ്ങൾക്കനുസരിച്ചു പരിഷ്കരിച്ചു്, പിന്നീടുള്ള വർഷങ്ങളിൽ യൂറോപ്പിലെ സോഷ്യലിസ്റ്റു പ്രസ്ഥാനങ്ങൾക്കു ചൂട്ടും വെളിച്ചവും നൽകിയതു് ബകുനിനായിരുന്നു. അരാജകവാദത്തിന്റെ തത്വശാസ്ത്രത്തിൽ അടിയുറച്ചുനിന്നുകൊണ്ടു്, നിലവിലിരുന്ന സമ്പത്തിക സാമൂഹ്യനീതികൾക്കും സംഘടിതമായ മതത്തിന്റെ ചൂഷണങ്ങൾക്കും എതിരായുള്ള ഒരു വൻപിച്ച സമരമായിരുന്നു ബകുനിന്റെ ജീവിതം. 1814-ലാണു് ബകുനിൻ ജനിച്ചതു്. റഷ്യൻസൈന്യത്തിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. പക്ഷേ അവിടെ സ്ഥിരകാലം നിൽപ്പാൻ ആ വിപ്ലവകാരിക്കു സാധ്യമല്ലായിരുന്നുവെന്നു. റഷ്യൻഗവണ്മെന്റു് പോളണ്ടിനോടു് അനുവർത്തിച്ച നയത്തിൽ പ്രതിഷേധിച്ചു് അദ്ദേഹം തന്റെ ഉദ്യോഗം ഉപേക്ഷിച്ചു്, സാമൂഹ്യപ്രവർത്തനത്തിലേപ്പെട്ടു. പിന്നീടുണ്ടായ "ഡ്രെസ്ഡൻവിപ്ലവ"ത്തിന്റെ നേതാക്കന്മാരിലൊരുവനെന്നനിലയിൽ അദ്ദേഹം സൈബീരിയായിലേക്കു് നാടുകടത്തപ്പെട്ടുവെങ്കിലും, അവിടെനിന്നും രക്ഷപ്പെട്ടു് അദ്ദേഹം 1861-ൽ യൂറോപ്പിലെത്തി. മാർക്സിന്റെ പ്രസിദ്ധമായ "കമ്മ്യൂണിസ്റ്റു മാനിഫസ്റ്റോ" കഴിഞ്ഞുള്ള കാലമായിരുന്നു അതു്. മാർക്സിന്റെ പുതിയതും ശാസ്ത്രീയവുമായ വിപ്ലവ തത്വസംഹിതകളും പഴയ തത്വശാസ്ത്രങ്ങളെയെല്ലാം പിൻതള്ളിക്കൊണ്ടു് സോഷ്യലിസ്റ്റു പ്രസ്ഥാനങ്ങൾക്കു് ജീവൻനൽകിക്കൊണ്ടിരുന്ന കാലഘട്ടം. ഒരു തികഞ്ഞ വിപ്ലവകാരിയായിരുന്ന ബകുനിനു് മാർക്സിസത്തേക്കാളേറെ പ്രോധന്റെ അരാജകവാദമാണു് ആദരണീയമായിത്തോന്നിയതു്. സത്യത്തുടമയെപ്പറ്റിയും രാഷ്ട്രതന്ത്രജ്ഞതയെപ്പറ്റിയും പ്രോധനെക്കാൾ ഒരുപടികൂടി മുൻപോട്ടുകടന്നു് ചിന്തിക്കുവാനാണു് ബകുനിൻ തുനിഞ്ഞതു്. രാഷ്ട്രം എന്നു പറയുന്നതു് അപഹാസ്യതനിരഞ്ഞെടുത്തും, മനുഷ്യവംശത്തെ നിഷേധിക്കുന്നതുമായ ഒരു പിൻതിരിപ്പൻശക്തിയാണെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. മാർക്സിന്റെ വർഗ്ഗസമരസിദ്ധാന്തത്തെ അതിന്റെ ശരിയായ വെളിച്ചത്തിൽ കാണുവാനോ മനസ്സിലാക്കുവാനോ അദ്ദേഹത്തിനു് സാധിച്ചില്ല. സാമൂഹ്യശക്തികളുടെ വളർച്ചയ്ക്കനുസരിച്ചു്, അല്പാംനിക്കുന്ന വർഗ്ഗത്തിന്റെ സംഘടിതവും; ശാസ്ത്രീയവുമായ സമരത്തിൽക്കൂടിമാത്രമേ വിമോചനം കൈവരുകയുള്ളുവെന്നു് മാർക്സ് വിശ്വസിച്ചപ്പോൾ ബകുനിനുകണ്ടെത്തിയതു് സംഘടിതമായി അച്ചടക്കമില്ലായ്മയിലായിരുന്നു. ബകുനിന്റെ ആത്മാർത്ഥതയേയോ ഉദ്ദേശശുദ്ധിയേയോ ആക്ഷേപിക്കുവാൻ സാധ്യമല്ല. മാത്രമല്ലാ തന്റെ തത്വശാസ്ത്രത്തിൽ വിശ്വസിച്ചുനിന്നുകൊണ്ടു അദ്ദേഹം ജീവിതകാലമുഴുവൻ അല്പാംനിക്കുന്ന വർഗ്ഗത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടു്. 1865-നും 1876-നും ഇടയ്ക്കു് യൂറോപ്പിലുണ്ടായ പല "പൊട്ടിത്തെറിക്കലി"നും പിന്നിൽ ബകുനിന്റെ നേതൃത്വം നമുക്കു് കാണാം. 1870-ൽ നടന്ന ലെയോൺസു് വിപ്ലവത്തെ നയിച്ചതും അദ്ദേഹമായിരുന്നു. പരാജയങ്ങളും അദ്ദേഹത്തെ പിൻതിരിപ്പിച്ചിട്ടില്ല: 1873-ലെ സ്പാനിഷു വിപ്ലവകാലത്തും ബകുനിസ്റ്റുകൾ അവരുടെ പങ്കു് നിർവഹിച്ചിട്ടുണ്ടു്. ഒന്നാം ഇൻറർനാഷനലിന്റെ സ്ഥാപനത്തിനു് ബകുനിൻ മാർഗ്ഗരേയും കാൾ മാർക്കെയെടുത്തു് പ്രവർത്തിച്ചിട്ടുണ്ടു്. പക്ഷേ മാർക്സിയൻസിദ്ധാന്തങ്ങളുമായി അദ്ദേഹത്തിനൊരിയിരുന്ന വിയോജിപ്പിന്റെഫലമായി മാർക്സും അനുയായികളും അദ്ദേഹത്തെയും മാറ്റു അരാജകവാദികളേയും ഒന്നാം ഇൻറർനാഷനലിൽനിന്നും ബഹിഷ്കരിക്കയാണുണ്ടായതു്. 1876-ൽ ബകുനിൻ മരിച്ചപ്പോൾ അദ്ദേഹം ചിന്തിക്കുന്നവർക്കുവേണ്ടി സംഭാവനചെയ്തതു് "ഈശ്വരനും രാഷ്ട്രവും" എന്ന തന്റെ ഒരുഗ്രന്ഥം മാത്രമാണു്. പക്ഷേ ബകുനിന്റെയും അദ്ദേഹത്തിന്റെ തത്വശാസ്ത്രങ്ങളുടേയും സ്വാധീനശക്തി പിൽക്കാലത്തു് മാർക്സിസ്റ്റു പ്രസ്ഥാനങ്ങളെ വളരെയേറെ പ്രതിലോമകരമായി ബാധിച്ചിട്ടുണ്ടു്.

ബകുനിന്റെ കാലശേഷം അരാജകവാദത്തിനു് വളരുവാൻസാധിച്ചില്ലെങ്കിലും വേറെ പല ബുദ്ധിജീവികളെയും അങ്ങോട്ടാകർഷിക്കുവാൻ സാധിച്ചിട്ടുണ്ടു്. റഷ്യയിലെ ക്രോപോട്കിൻ രാജകുമാരനും ഇറ്റലിയിലെ "എൻട്രിക്കോമലാടെസ്റ്റാ" എന്ന തൊഴിലാളി നേതാവും അരാജകവാദത്തിന്റെ പിൽക്കാലത്തെ പ്രഗത്ഭരായ പ്രവാചകരായിരുന്നു.

★



ടോംകോ കലാസമിതി (ടാറാപുരം) യുടെ ആഭിമുഖ്യത്തിൽ നടത്തിയ നാടകമത്സരത്തിൽ ഏറ്റവും നല്ല നടനായി നിശ്ചയിക്കപ്പെട്ട ശ്രീ: കെ. പി. വിജയൻമേനോൻ ബി. എസ്സ്സി.

ഗീതഗോവിന്ദം

(അഷ്ടപദി)

സവ്യാഖ്യാനം

വില – രൂ: 1 മാത്രം

മാനേജർ, ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, കൊല്ലം.


ബ്രാഞ്ചുകൾ–തിരുവനന്തപുരം, ആലപ്പുഴ–എറണാകുളം.

"ആരോ തന്നെ കുഴിച്ചുമൂടുകയാണു് വെട്ടിമൂടിക്കുന്നതിനു വരുന്നതായി ഭാവം സപ്പോസുചെയ്തു. ഭയന്നു പരിഭ്രമിച്ചു് അവൻ എഴുന്നേല്ക്കുന്നു; കുതറുന്നു നോക്കുന്നു; അതു അകത്തുനിന്നും സംക്ഷയിച്ചിരിക്കുന്നതും, മുള്ളിൽ വേറെ ആരുമില്ലെന്നതും അറിയുന്നു; എന്നാലും അവന്റെ ഹൃദയം വീണ്ടും കൂടുതൽ കൂടുതൽ തീവ്രമായിമിടിച്ചുകൊണ്ടിരിക്കും; ഇതാണു് ദേഹാഭിമാനമുള്ളതിന്റെ ലക്ഷണം."

2—30

"കഴുകൻ ആകാശത്തിൽ അതുച്ചം പറക്കുന്നു; എന്നാൽ താഴെ ഏവിടെയോ കിടക്കുന്ന ചീത്തശവത്തിലാണു് അതിന്റെ ദൃഷ്ടിയും മനസ്സും ഇരിക്കുന്നതു്. വേദം, ശാസ്ത്രം മുതലായവ എത്ര പഠിച്ചിരുന്നാലും, കാമത്തിനധീനനായവൻ കഴുകനെപ്പോലെയാണു്; കാമവും, ധനേച്ഛയും ഉള്ളിലുള്ളപ്പോൾ ഈശ്വരലാഭം ഉണ്ടാകാൻ സാധ്യമല്ല." 2-42-44


ശ്രീരാമകൃഷ്ണദേവൻ.



"എക്സർസൈസസ് വിജയ" സംബന്ധിച്ച് ഒരു ഫീൽഡ് കമ്മാൻഡർ തയാറാക്കിയ "ആക്രമണ പദ്ധതി" പ്രധാനമന്ത്രി പരിശോധിക്കുന്നു.



ഹേഗിലെ ഇൻഡ്യൻഅംബാസ്സഡർ ശ്രീ. ബി. പ്പൊക്കം സംബന്ധിച്ചുള്ള ഉദിതരാശപാസത്തിനെ നെപ്പറ്റി ചർച്ചചെയ്യുന്നു.



ഇംഗ്ലണ്ടിലെ കിരീടധാരണഘോഷയാത്രമാർഗ്ഗം—ഒരു ഭാഗം. അഡ്മിറാൽറ്റി ആർച്ചിൽനിന്നു ബക്കിംഗാം കൊട്ടാരത്തിലേയ്ക്കു പോകുന്ന "മാൾ", പ്രസ്തുതഭാഗത്തിന്റെ ഒരു മോഡലാണു ചിത്രത്തിൽകാണുന്നതു്.




രാജ്ഞിയും കാമൺവെൽത്തു മന്ത്രിമാരും—കാ
നിൽ സന്നിഹിതരായ മന്ത്രിമാർക്ക് രാജ്ഞി
ലെ സിംഹാസനമുറിയിൽവച്ചേർപ്പെടുത്ത ഘോഷ
ലോൺ), സർ ഗോഡ്ഫ്രി ഹഡ്ലിൻസ് (ദക്ഷി
ഡ്), വിൻസ്റ്റൻ ചർച്ചിൽ (ബ്രിട്ടൻ), രാജ്ഞി
ലറൻഡ് (ക്യാനഡ), എൻ. സി. ഹവംശ (
സി. ഡി. ദേശ്മുഖ് (ഇൻഡ്യ), ദക്ഷിണഘ
ും ഇതരരാജ്യങ്ങളിലെ പ്രധാനമന്ത്രിമാരും




ൻ. ചക്രവത്തി നെതർലൻഡ്സിലെ വെള്ള
ി ഒരു സംഭാവന ഡച്ചുവിദേശമന്ത്രി മി. ലൂൺസി



ഇൻഡ്യയുടെ യു. എൻ. പ്രതിനിധിസംഘം നയിച്ച ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ് ഇൻഡോ
നേഷ്യൻപ്രതിനിധി എൽ. എൻ. പലാറുമായി യു. എൻ. സമ്മേളനത്തിനിടയിൽ സംഭാഷണ
നടത്തുന്നു.



മൺവെൽത്ത് സാമ്പത്തികസമ്മേളനത്തിനു് ലണ്ട
ൽകിയ വിരുന്നിനുശേഷം ബക്കിംഗാംകൊട്ടാരത്തി
ഇടതുനിന്നു്—ഡി. എസ്സ്. സേനാനായക (സി
നറെഡിക്ഷ്യ), എസ്. ജി. ഹോളൻഡ് (ന്യൂസിലൻ
ആർ. ജി. മെൻസീസ് (ആസ്ത്രേലിയ), സെൻ
ആഫ്റിക്ക), ഖാജാ നാസിമുദ്ദീൻ (പാക്കിസ്ഥാൻ),
ിക്കയിലെയും ഇൻഡ്യയിലെയും ധനകാര്യമന്ത്രിമാ
ാ സമ്മേളനത്തിൽ സംബന്ധിച്ചതു്.



വെസ്റ്റ്മിനിസ്റ്റർ നൂപാലസ്സ് യാർഡിൽ സന്ദർശകർക്കു് ഇരിപ്പിടങ്ങ
തയ്യാറാക്കുന്നു.

പത്രക്കാരുടെ അഭിപ്രായസ്വാതന്ത്ര്യത്തിന് നേരിട്ടിരിക്കുന്ന വൈഷമ്യം

★

തൽപരിഹാരാർത്ഥമുള്ള ഇംഗ്ലണ്ടിലെ പുതിയ നിയമം

★

പ്രൊഫസ്സർ പി. എസ്സ്. അച്യുതൻപിള്ള M. A. M. L.

നിലവിലിരിക്കുന്ന സിവിൽനിയമം

നിലവിലിരിക്കുന്ന അധികൃത വിധിനിയമങ്ങളനുസരിച്ച് പത്രപ്രവർത്തകർ, അപകീർത്തിനിയമത്തിനടിപ്പെട്ട് പലപ്പോഴും അഭിപ്രായപ്രകടനസ്വാതന്ത്ര്യമില്ലാതെ വിഷമിക്കുന്നുണ്ട്. ഇന്നത്തെ അപകീർത്തിനിയമമനുസരിച്ച് ഒരാൾക്ക്, തനിക്ക് ആക്ഷേപകരമായ ഒരു പ്രസിദ്ധീകരണമുണ്ടായെങ്കിൽ അതിന് പരിഹാരം ലഭിക്കുന്നതിന് പൂർണ്ണമായ വകാശമുണ്ട്. ആ പ്രസിദ്ധീകരണത്തിന് കാരണക്കാരനായ ലേഖകനോ പത്രാധിപർക്കോ, പത്രമുടമസ്ഥനോ ആ വ്യക്തിയെ ആക്ഷേപിക്കണമെന്ന യഥാർത്ഥത്തിൽ ഉദ്ദേശം ഉണ്ടായിരുന്നില്ലെങ്കിൽതന്നെയും അവർ നിയമപ്രകാരം അപകീർത്തിക്ക് ഉത്തരവാദികളാകും. ഈ തത്വം ഒരുദാഹരണംമൂലം വ്യക്തമാക്കാം. എറണാകുളം ജില്ലാക്കോടതിയിൽ അച്യുതൻപിള്ള എന്നു പേരുള്ള ഒരാളിന്റെ പേരിൽ ഒരു പുനർവിവാഹക്കേസ്സ് നടന്നുവെന്നിരിക്കട്ടെ. ആ കേസ്സ് വിസ്തരിച്ച ജഡ്ജി ഒടുവിൽ പെരുമാന്തുർസ്വദേശിയായ ആ അച്യുതൻപിള്ളയ്ക്ക് ശിക്ഷയായി രണ്ടു മാസത്തെ വെറുംതടവും, അൻപതു രൂപാ പിഴയും നൽകി. കേസ്സ് അവസാനിച്ചു. ഈ വാർത്ത കൊല്ലത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്ന "മലയാളരാജ്യം" പത്രത്തിൽ "എറണാകുളം ജില്ലാക്കോടതിയിൽനിന്നും അച്യുതൻപിള്ളയെ പുനർവിവാഹക്കാര്യത്തിനു ശിക്ഷിച്ചിരിക്കുന്നു. ശിക്ഷ രണ്ടുമാസം വെറുംതടവും അൻപതുരൂപാ പിഴയും" എന്നിപ്രകാരം പ്രസിദ്ധപ്പെടുത്തുകയും ഈ നാട്ടിൽ എന്നെ അറിയാവുന്ന എന്റെ സ്നേഹിതന്മാരോ ബന്ധുക്കളോ ആ വാർത്ത എന്നെപ്പറ്റിയുള്ളതാണെന്ന് വിശ്വസിക്കുകയും ചെയ്താൽ, ഉടൻതന്നെ മലയാളരാജ്യത്തിന്റെ പേരിൽ എനിക്ക് അപകീർത്തിക്കുവേണ്ടി നഷ്ടവ്യവഹാരം കൊണ്ടുവരാം. മലയാളരാജ്യം പത്രാധിപരും അവരുടെ എറണാകുളം ലേഖകനും, അവർ വാസ്തവത്തിൽ എറണാകുളം ജില്ലാക്കോടതി മുൻപാകെ നടന്ന ഒരു കേസ്സിലെ വിധിയാണ് പ്രസിദ്ധപ്പെടുത്തിയതെന്നും അവരുടെ മാന്യമിത്രമായ പ്രൊഫസർ അച്യുതൻപിള്ളയെ അപമാനിക്കണമെന്നും അവർക്ക് അശേഷവും ഉദ്ദേശമില്ലായിരുന്നുവെന്നും ഉള്ള തക്കങ്ങളും സത്യമായി പുറപ്പെടുവിച്ചുൽതന്നെയും ആയതു് എന്റെ നഷ്ടവ്യവഹാരത്തിന് മതിയായ സമാധാനമാകുകയില്ല. ഈമാതിരിക്കേസ്സുകളിൽ "പ്രതിയുടെ ഉദ്ദേശമല്ലാ നോക്കേണ്ടതു്. ആക്ട് പറഞ്ഞിരിക്കുന്നതെന്താണ്?" എന്നുള്ളതുമാത്രമാണ് കോടതിയിൽനിന്നും പരിഗണിക്കേണ്ടതു്. സമുദായമദ്ധ്യത്തിൽ വാദിയുടെ സൽപേരിനു് ഹാനി തട്ടിയിട്ടുണ്ടോ എന്നുള്ളതാണ് തീരുമാനിക്കേണ്ടതായ പ്രശ്നം. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെന്നല്ല—ഇന്ത്യയിലാകമാനം എന്നെ പരിചയമുള്ളവരുടെ ഇടയിൽ എനിക്ക് ഒരു സൽപേരുണ്ട്. എന്റെ ബന്ധുക്കളുടെയും സ്നേഹിതരുടെയും ഇടയിൽ എനിക്കൊരു മതിപ്പുണ്ട്. എന്നെപ്പറ്റി അവക്കെല്ലാം നല്ല അഭിപ്രായമാണ്. ഈ അഭിപ്രായം, അഥവാ സൽപേരു് എന്റെ വലിയ സ്വത്താണ്. ഇതു് എനിക്ക് ബാഹ്യമായിട്ടുള്ളതാണ്. യഥാർത്ഥത്തിൽ പുറമെ ആളുകളും മനസ്സിലാക്കിയിരിക്കുന്നതുപോലെ ഞാൻ നല്ല വനല്ലായിരിക്കാം. എന്നോടു വളരെ അടുത്തു് ചില സംഗതികളിൽ ഇടപെട്ടിട്ടുള്ളവർക്കുമാത്രം അറിയാം എന്റെ തനിനിറം. പക്ഷെ, നിയമം ഒരു മനുഷ്യന്റെ ഹൃദയാന്തർഭാഗങ്ങളിൽ നിഗൂഢനം ചെയ്തിരിക്കുന്ന സ്വഭാവത്തെപ്പറ്റി അന്വേഷിക്കുന്നില്ല. കാരണം ഒരു ജഡ്ജി എത്ര തന്നെ പരിചയസമ്പന്നനും വിദ്വാനും പണ്ഡിതനും ആയിരുന്നാൽതന്നെയും, അയാളുടെ മുൻപാകെ വരുന്ന ഒരു മനുഷ്യന്റെ ഹൃദയാന്തർഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന മനസ്സിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുവാൻ അയാൾക്കു സാധിക്കുന്നതല്ല. മനഃസ്ഥിതിയുടെ ഫോട്ടോ എടുക്കുവാൻ ആർക്കും കഴിവില്ലല്ലോ. അതിനാൽ നിയമത്തിന്റെ പ്രായോഗിക കഴിവുകളിൽപ്പെട്ട കാര്യങ്ങളിൽ മാത്രമേ നിയമം കാര്യമായി പ്രവേശിക്കുന്നുള്ളൂ. അതിൽപ്പെട്ടതാണ് ഒരു വ്യക്തിക്ക്, സമുദായമദ്ധ്യത്തിൽ ഉള്ള പ്രശസ്തി അഥവാ മതിപ്പു്. ഇതിനു് അന്യായമായി ഹാനിവരുത്തുന്ന ഇതരവ്യക്തികളെ നിയമം സിവിലായും ക്രിമിനലായും ശിക്ഷിക്കുന്നു.

മുൻപറഞ്ഞ കേസ്സിൽ, എന്റെ ചില മാന്യസ്നേഹിതന്മാർ, "മലയാളരാജ്യത്തിലെ' ആ വാർത്തകണ്ടു് അതു എന്നെപ്പറ്റിയാണെന്നു് അതാത്മാർത്ഥമായി വിശ്വസിക്കുകയും, ഞാൻ പുനർവിവാഹത്തിലേർപ്പെട്ടുകയും ഒടുവിൽ ഈ അവമതിക്കു പാത്രീഭൂതനായിരിക്കുമെന്നുഹിക്കുകയും അപ്രകാരം വിശ്വസിക്കുകയും തന്മൂലം എന്നെപ്പറ്റി അവർക്ക് ദുരഭിപ്രായവും അവജ്ഞയും ഉണ്ടാകുകയുംചെയ്താൽ, എനിക്ക് വ്യവഹാരകാരണം ലഭ്യമായിക്കഴിഞ്ഞു. ഞാൻ പിന്നീടു് കൊണ്ടുവരുന്ന അന്യായം അനുവദിക്കാതെ ജഡ്ജിക്കു നിവൃത്തിയില്ല. "മലയാളരാജ്യ'പ്രവർത്തകർ പറയുന്നതു് വാസ്തവത്തിൽ അക്ഷരംപ്രതി ശരിയായിരിക്കും, സത്യമായിരിക്കും. എന്റെ ആത്മസുഹൃത്തുക്കളായ അവർക്ക് എന്നെ അധിക്ഷേപിക്കണമെന്നും അശേഷവും ആഗ്രഹമുണ്ടായിരുന്നില്ലതന്നെ. അതു് കോടതിക്കും ബോദ്ധ്യമായി. എന്നിരുന്നാലും കൊല്ലത്തുള്ള എന്റെ ചില മാന്യസ്നേഹിതന്മാരും ഭാര്യാബന്ധുക്കളും ഈ വാർത്ത വായിച്ചമാത്രയിൽ, മലയാളരാജ്യം എറണാകുളം ലേഖകൻ എഴുതിഅയച്ചിരിക്കുന്ന റിപ്പോർട്ട് എന്നെ സംബന്ധിക്കുന്നതാണെന്നു് ആത്മാർത്ഥമായി വിശ്വസിച്ചെങ്കിൽ, എനിക്ക് ആയതിന് പ്രതിഫലംകിട്ടും. എന്നെപ്പറ്റി എന്റെ മിത്രങ്ങളുടെ ഇടയിൽ ദുരഭിപ്രായം ഉണ്ടായിക്കഴിഞ്ഞു. ആ വിവരം അവർ കോടതിമുൻപാകെ നൽകുന്ന മൊഴിയിൽനിന്നും വിശദമാകുന്നു. ഈ സ്ഥിതിയിൽ മലയാളരാജ്യപ്രവർത്തകർ എനിക്ക് നഷ്ടപരിഹാരംതന്നേ മതിയാകൂ. ഇതാണ് ഇന്നത്തെ ഇംഗ്ലണ്ടിലേയും അതനുസരിച്ചുള്ള ഇന്ത്യൻ ഹൈക്കോടതികളിലേയും അധികൃത വിധിസംഗ്രഹം.

വിധികർത്താവ്

ഈ നിലയ്ക്ക് ഉപോൽബലകമായി അധീശകോടതികളുടെ രണ്ടു പ്രധാന വിധികളെ ഉദ്ധരിക്കുവാനുണ്ട്. അതിൽ ഒന്നിലെ വസ്തുതകളും ഞാൻ മേലുദ്ധരിച്ച എന്റെ സാങ്കല്പികകേസ്സിലെ വസ്തുതകളുമായി സാമ്യംവഹിക്കുന്നു. ഇംഗ്ലണ്ടിൽ ഒരു നീതിന്യായക്കോടതി മുൻപാകെ, കുംബെർവെൽ എന്ന സ്ഥലവാസിയും മുപ്പതു വയസ്സു പ്രായമുള്ളവനുമായ ഹാറെൽഡ് സ്മൈഡ് എന്നയാളും, അയാളുടെ ആദ്യവിവാഹം നിലവിലിരിക്കെ, രണ്ടാമതൊരു വിവാഹത്തിലേർപ്പെട്ട എന്നുള്ള പുനർവിവാഹക്കാര്യത്തിന് വിസ്തരിക്കപ്പെട്ടു. ബഹുമാനപ്പെട്ട കോടതിയിൽ നിന്നും അയാൾക്ക് ഒൻപതു മാസത്തെ തടവുശിക്ഷ നൽകി. ഈ വിവരം ലണ്ടനിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന "ലണ്ടൻ എക്സ്പ്രസ്സ്" എന്ന ദിനപ്പത്രത്തിൽ താഴെ ചേർത്തിരിക്കുന്നപ്രകാരം,

"മുപ്പതു വയസ്സുള്ള കുംബെർവെൽ സ്വദേശി 'ഹാറെൽഡ്' സ്മൈഡ്" പുനർവിവാഹത്തിന് 9 മാസം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു." പ്രസിദ്ധീകരിക്കപ്പെട്ടു. എന്നാൽ കുംബെർവെൽ സ്വദേശിയും ഏകദേശം മുപ്പതുവയസ്സ് പ്രായംതന്നെ വരുന്നയാളുമായ മറ്റൊരു ഹാറെൽഡ് സെസിൽ സ്മൈഡ് എന്നയാൾ," ഈ വാർത്ത തനിക്കുപകീർത്തികരമായിത്തീർന്നുവെന്നു കാണിച്ചു കോടതിമുൻപാകെ മാനനഷ്ടവ്യവഹാരം കൊണ്ടുവന്നു. ഈ കേസ്സിലെ വാദിയുടെ തൊഴിൽ ക്ഷൗരമായിരുന്നു. എന്നാൽ പുനർവിവാഹക്കേസ്സിലെ പ്രതി ഒരു കള്ളുഷാപ്പിൽ ജോലിക്കാരനായിരുന്നു. തൊഴിൽ രണ്ടുപേരുടെയും വിഭിന്നമായിരുന്നു. പേരിലും സ്വല്പ വ്യത്യാസമുണ്ട്. പത്രവാർത്തയിൽ ശിക്ഷിതന്റെ പേരു് 'ഹാറെൽഡ് സ്മൈഡ്" എന്നായിരുന്നെങ്കിൽ, ഈ കേസ്സിലെ വാദിയുടെ പേർ, ഹാറെൽഡ് സെസിൽ സ്മൈഡ്" എന്നാണ്. ഇങ്ങനെ തൊഴിലിലും പേരിലും വ്യത്യാസമുണ്ടെന്നും തങ്ങൾ യഥാർത്ഥത്തിൽ നടന്ന ഒരു കേസ്സിലെ വിധിയാണ് റിപ്പോർട്ടുചെയ്തതെന്നും, മാനനഷ്ടകേസ്സിലെ വാദിയായ ഹാറെൽഡ് സെസിൽ സ്മൈഡിനെ ആക്ഷേപിക്കുവാൻ തങ്ങൾക്ക് വിദൂരമായുദ്ദേശംപോലുമില്ലായിരുന്നുവെന്നും മറ്റുമുള്ള പത്രാധിപരുടെയും മാനം തങ്ങൾ കോടതിയിൽനിന്നു സ്വീകരിച്ചില്ല. വാദിയുടെ ചില സ്നേഹിതന്മാർ പ്രതികളുടെ പത്രത്തിലെ വാർത്ത വായിച്ച അവസരത്തിൽ അതു വാദിയെപ്പറ്റിയാണെന്നു വിശ്വസിക്കുകയും തന്മൂലം ടിയാനെപ്പറ്റി അവജ്ഞയും ദുരഭിപ്രായവും അവരിൽ ജനിക്കുന്നതിനും സംഗതിയായിയെന്നും കോടതിമുൻപാകെ മൊഴികൊടുത്തു. ഈ വസ്തുതകളും നിരാക്ഷേപമായി തെളിഞ്ഞിരിക്കുന്ന സ്ഥിതിക്ക്, പ്രതിയുടെ യഥാർത്ഥോദ്ദേശവും സത്യസ്ഥിതിയും ഒരു സമാധാനമാകുകയില്ലെന്നാണ് ഇംഗ്ലണ്ടിലെ അപ്പീൽകോടതി ഈ കേസ്സിൽ വി

ധിച്ചത്. (Newstead V London Express Newspapers Ltd;, 1940 I. K. B. 377)

അപകീർത്തിക്കേസ്സുകളിൽ, പ്രതിയുടെ ഉദ്ദേശം പരിഗണനാർഹമല്ലെന്നുള്ളതിനു്, ഇംഗ്ലണ്ടിലെ പരമാധികാരനീതിപീഠമായ ഹൗസ് ഓഫ് ലോർഡ്സിലെ ഒരു വിധി പ്രത്യേകം പ്രസ്താവയോഗ്യമാണു്. 1910 ൽ നടന്ന ഈ കേസ്സു് സംഭവകാലത്തു്, ഫ്രാൻസിൽ ഡീപ്പ് എന്ന സ്ഥലത്തു് ഒരു വലിയ മത്സരമോട്ടോർപ്പന്തയം നടന്നു. അതു കാണുവാനായി ഇംഗ്ലണ്ടിൽനിന്നും പലരും ഫ്രാൻസിൽ പോയി. ഈ മത്സര മോട്ടോർപ്പന്തയത്തെപ്പറ്റിയുള്ള ഒരു വിവരണം ലണ്ടനിൽനിന്നും പുറപ്പെട്ടിരുന്ന "സൺഡേ ക്രോണിക്കിൾ" എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനു് സംഗതിയായി. പത്രത്തിന്റെ ഡീപ്പ് എന്ന സ്ഥലത്തെ സ്വന്തം ലേഖകനായിരുന്ന ആ റിപ്പോർട്ടയച്ചിരുന്നതു്. ആ റിപ്പോർട്ടു്, വായനക്കാർക്കു് കൂടുതൽ രസപ്രദമാക്കുവാൻ വേണ്ടി, നേരമ്പോക്കിൽ ഒരു കല്പിത ഇംഗ്ലീഷുവികാരിയുടെ ഡീപ്പ് സന്ദർശനംകൂടെ അയാൾ ആ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു. ഇംഗ്ലണ്ടിൽ വലിയ സദാചാരനിഷ്ഠരും സഭ്യത്തരും പരിശുദ്ധ സ്ത്രീസ്വഭാവക്കാരുമെന്നും മറ്റും ഭാവിച്ചു നടക്കുന്ന ചില ആളുകളും, ഫ്രാൻസിൽ കടന്നു് സ്ത്രീകളുമായി ഉല്ലസിച്ചുനടക്കുന്ന അഴിഞ്ഞ ജീവിതരീതിയെ വായനക്കാർക്കു് സോദാഹരണം മനസ്സിലാക്കിക്കൊടുക്കണമെന്നുമാത്രമായിരുന്നു ലേഖകന്റെ ഉദ്ദേശം. ആയതിലേക്കു് അയാൾ തിരഞ്ഞെടുത്ത സങ്കല്പികപേരു് ഇംഗ്ലണ്ടിലെ പെക്കാം എന്ന സ്ഥലത്തെ പള്ളിയിലെ വികാരിയായ "ആർടിമിസ് ജോൺസ്" എന്നായിരുന്നു. ലേഖകൻ ഡീപ്പുമോട്ടോർപ്പന്തയം തുടങ്ങുന്നതിനുമുൻപു് അതു കാണുവാൻ തിങ്ങിക്കൂടിയ ആളുകളുടെ ഒരു വിവരണം നൽകിയശേഷം ഇപ്രകാരം തുടർന്നു: "ഇതാ വരുന്നു! മൈതാനത്തിലേക്കു നമ്മുടെ ആർടിമിസ് ജോൺസ് സുന്ദരിയായ ഒരു സ്ത്രീ സമേതനായി — ആ സ്ത്രീ ആര്? തീച്ചയായും അദ്ദേഹത്തിന്റെ ഭാര്യയല്ല — പിന്നെ ആരാണു"? നിങ്ങൾക്കറിയാം — മറ്റൊരു സഖാവു്. ഇതൊക്കെക്കണ്ടോയാണു", നമ്മുടെ സ്വദേശികളായ ചിലർ ഇംഗ്ലീഷ് ചാനൽകടന്നു വിദേശത്തിലെ വന്യമായ പെരുമാറ്റരീതി നമ്മെ സ്മാദ്യചിത്തരാക്കുന്നതു്. ഇംഗ്ലണ്ടിൽ ആരെങ്കിലും വിചരിച്ചിരിക്കുമോ പെക്കാംപള്ളിയിലെ വികാരി, അഭിവന്ദ്യനിതാന്തവന്ദ്യശ്രീ വൈദികൻ ഇപ്രകാരം പെരുമാറുമെന്നു". സ്ത്രീസമേതനായി മൈതാനത്തിൽ പ്രവേശിച്ച ആളും, പള്ളിവികാരിയെന്നു" ആരെങ്കിലും സംശയിക്കുമോ? അയാളും ഇവിടെ അതേ —ഇംഗ്ലീഷ് ചാനലിനിക്കരെ, ഫ്രെഞ്ചുകരയിൽ, ഡീപ്പിലെ ആഘോഷപരിപാടികളിൽ മുഴുകിമതിമറന്നു", സിനിമാ മുതലായവ കണ്ടു്, രാത്രിയെല്ലാം പകലാക്കി; വേശ്യപ്പകിട്ടുകൊണ്ടു് മനംമയക്കുന്ന പെണ്ണുങ്ങളുടെ ഇടയിൽ ഉല്ലസിച്ചുദിനങ്ങളെക്കഴിക്കുകയാണു്."" ലണ്ടനിൽ അക്കാലത്തു് "ആർടിമിസ് ജോൺസ്"" എന്നപേരുള്ള ഒരു ബാരിസ്റ്റർ താമസിച്ചിരുന്നു. അയാളും "സൺഡേക്രോണിക്കിളും" പത്രത്തിൽ സാധാരണയായി തന്റെ പേരുവച്ചു് ലേഖനങ്ങളും പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നു ബാരിസ്റ്റർ ആർട്ടിമിസ് ജോൺസിന്റെ പരിചയക്കാരായ ചില സ്നേഹിതന്മാർ "സൺഡേക്രോണിക്കിളും" പത്രത്തിലെ ഡീപ്പ് മത്സരമോട്ടോർപ്പന്തയറിപ്പോർട്ടു വായിച്ചപ്പോളും, തങ്ങളുടെ സ്നേഹിതൻ ജോൺസുതന്നെയാണു് ചാനൽ അക്കരെക്കടന്നു് ഇപ്രകാരം പെരുമാറിയതെന്നു് തീച്ചയാക്കി — തൽഫലമായി അവർക്കു ബാരിസ്റ്റരെപ്പറ്റി വലുതായ വെറുപ്പും പുശ്ചവും അവജ്ഞയും ഉണ്ടായി. ഈ വിവരം അറിഞ്ഞ ബാരിസ്റ്റർ ജോൺസ്, 'സൺഡേക്രോണിക്കിൾ, പത്രാധിപരുടേയും ഉടമസ്ഥരുടേയും പേരിൽ അപകീർത്തിക്കുവേണ്ടി നഷ്ടവ്യവഹാരം കൊടുത്തു. അപകീർത്തികരമായ പ്രസിദ്ധീകരണങ്ങൾക്കു് സാധാരണ അവ അച്ചടിക്കുന്നവരും പത്രാധിപരും റിപ്പോർട്ടരും ഉടമസ്ഥരും എല്ലാം ഒരുപോലെ ഉത്തരവാദികളാണു്. ഈ കേസ്സിൽ വാദിയെ ആക്ഷേപിക്കണമെന്നു് തങ്ങൾക്കു ശേഷവും ഉദ്ദേശമുണ്ടായിരുന്നില്ലെന്നും, തങ്ങളുടെ ലേഖകൻ യഥാർത്ഥത്തിൽ തന്റെ റിപ്പോർട്ടിൽ ഉദ്ദേശിച്ചതു് വെറും ഒരു കല്പിതകഥാപാത്രമായിരുന്നെന്നും, വാദി ബാരിസ്റ്റർ ആർടിമിസ് ജോൺസ്സുയിരിക്കെ, റിപ്പോർട്ടിലെ ജോൺസ് പെക്കാമിലെ പള്ളിവികാരിയാണെന്നും മറ്റും പ്രതികൾ ശക്തിയായി വാദിക്കുതിരുന്നില്ല. എന്നാൽ അധീശകോടതിയിൽനിന്നും പത്രക്കാരുടെ തക്കത്തിലെല്ലാം തള്ളി. അവർ വലിയ ഒരു തുക വാദിക്കു് മാനനഷ്ടം കൊടുക്കണമെന്നു വിധിച്ചു.

ഇപ്രകാരമുള്ള അധീശകോടതികളുടെ ചുമതല വളരെ വിഷമമേറിയതായിത്തീർന്നിട്ടുണ്ടു്. പ്രത്യേകിച്ചു് ദിനപ്പത്രക്കാരുടെകാര്യത്തിൽ അവരുടെ ചുമതല വളരെ വലിച്ചിട്ടുണ്ടു്. ദൈനന്ദിന കൃത്യനിർവഹണത്തിനിടയിൽ അവരുടെ ശ്രദ്ധയിൽപ്പെടുന്നതും വായനക്കാരറിയേണ്ടതുമായ പ്രധാനപ്പെട്ട വാർത്തകൾ ഉടനടൻ പ്രസിദ്ധപ്പെടുത്തേണ്ടതു് അവരുടെ ധർമ്മമാകുന്നു. ഒരോരോ വാർത്താശകലത്തിന്റേയും സത്യസ്ഥിതി അന്വേഷിച്ചുശേഷമേ പ്രസിദ്ധപ്പെടുത്താവൂ എന്നുവന്നാൽ വാർത്തയുടെ നവീനത്വം പാടേ നശിക്കും. പത്രത്തിന്റെ പ്രയോജനം കുറയും. വായനക്കാർക്കു് ആ പത്രം വായിക്കുന്നതിൽ യാതൊരു രസവും പിന്നീടു് കാണുകയില്ല. പെട്ടെന്നു വാർത്തകൾ മറ്റുള്ളവർക്കുമുൻപു് പ്രസിദ്ധപ്പെടുത്തുന്നതിലാണെല്ലോ വർത്തമാനപ്പത്രങ്ങളുടെ, പ്രത്യേകിച്ചു് ദിനപ്പത്രങ്ങളുടെ, മെച്ചം സ്ഥിതിചെയ്യുന്നതു്. രാവിലെപുറപ്പെടുന്ന പത്രങ്ങളിൽ, വാർത്തകൾ വരുന്നതും ചേർക്കുന്നതും മിക്കവാറും പാതിരാത്രിക്കു ശേഷമായിരിക്കും. ആ സമയത്തു് പത്രാധിപരുടേയും മറ്റും കൈയ്യിൽ കിട്ടുന്ന വാർത്തകളെ ഉടൻ പത്രത്തിൽ ചേർക്കാൻനോക്കുമോ, അതോ, അടുത്ത പോസ്റ്റിൽ വീണ്ടും അന്വേഷണത്തിലേക്കയയ്ക്കുമോ? തീച്ചയായും ആദ്യത്തെ മാർഗ്ഗമെ സ്വീകരിക്കുവാനിടയുള്ളു. അപ്പോഴാണു് ചില സന്ദർഭങ്ങളിൽ അവർ മുൻ ഉദ്ധരിച്ചുരീതിയിലുള്ള മാനനഷ്ടവ്യവഹാരങ്ങൾക്കു് വിധേയരായിത്തീരുന്നതു്.

തത്വങ്ങൾ

ഈമാതിരി കേസ്സുകളും വിധിക്കേണ്ടിവരുന്ന ജഡ്ജിമാർക്കു് തുല്യപ്രാമാണ്യമുള്ള രണ്ടു വിരുദ്ധതത്വങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. പത്രപ്രവർത്തകർ പ്രതിനിധീകരിക്കുന്ന അഭിപ്രായസ്വാതന്ത്ര്യവും വ്യക്തിയുടെ അവകാശസ്വാതന്ത്ര്യവും, അപകീർത്തിനിയമത്തിൽ ഇംഗ്ലീഷുനിയമശാസ്ത്രം മുൻപാരിച്ചുവിധികളുംമൂലം വ്യക്തിയുടെ അവകാശത്തിനു് കൂടുതൽ വിലകല്പിക്കുന്നുവെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പുതിയ ഇംഗ്ലീഷ്നിയമം

എന്നാൽ ഇപ്രകാരം ധർമ്മസങ്കടത്തിൽപ്പെട്ടു് കഴിയുന്ന ഇംഗ്ലണ്ടിലെ പത്രപ്രവർത്തകരെ ഉദ്ദേശിച്ചു് ഇംഗ്ലീഷ് പാർലമെൻറ് ഒരു പുതിയ അപകീർത്തിനിയമം ഈയിടെ പാസ്സാക്കിയിട്ടുണ്ടെന്നുള്ളവിവരം ഇതേവരേയും ഈ ശാഖയിൽ ഇംഗ്ലീഷുനിയമത്തെ അതേപടി അനുകൂലിച്ചുവരുന്ന ഇന്ത്യാക്കാർ അറിഞ്ഞിരിക്കണമെന്നുതോന്നുന്നില്ല. 1952 ഒടുവിലാണു് ആ നിയമം പാസ്സായിട്ടുള്ളതു്. "1952-ലെ അപകീർത്തിനിയമ"മെന്നപേരിനാൽ അറിയപ്പെടുവാനുള്ള ഈ ചട്ടം ഇപ്പോൾ ഇംഗ്ലണ്ടിൽ നടപ്പാണെന്നുള്ള ഏലിസബത്തു് മഹാരാജ്ഞിയാണു് നടപ്പിലാക്കിയിട്ടുള്ളതു്. ഈ ചട്ടമനുസരിച്ചു്, ആരെക്കുറിച്ചെങ്കിലും അപകീർത്തികരമായ പ്രസ്താവനകൾ പുറപ്പെടുവിക്കുകയും അതിൽ ഒരാൾമാത്രം പ്രതിവിധിക്കു തയ്യാറാകുകയും ചെയ്താൽ, വാദിക്കു് പ്രതിവിധിക്കു തയ്യാറില്ലാത്ത കക്ഷിയുടെമേൽ മാപ്പുകാരുള്ള നടപടികൾ നടത്തുവാനും കഴിയുന്നതാകുന്നു. പുതിയ ചട്ടത്തിലേക്കു് തന്നാൽ കഴിവുള്ള പ്രതിവിധികൾ ചെയ്യുവാൻ താൻ തയ്യാറാണെന്നും കാണിച്ചു് ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും വിവരം അപകീർത്തിതനെ അറിയിക്കുകയും ചെയ്യാം. പ്രതിവിധികൾ പലതായ, അപകീർത്തിപ്പെടുത്തണമെന്നും പരസ്യമായ ക്ഷമായാചനം അതിൽപ്രധാനമർഹിക്കുന്നു. തനിക്കു തൊഴിലാവാൻ ഇടയായ പരിതഃസ്ഥിതികളും തന്റെ യഥാർത്ഥ ഉദ്ദേശവും നിരുപാധികത്വവുമാകും വിശദമാക്കുന്ന ഒരു സത്യവാംഗ്മൂലം അയാളും പ്രതിവിധിയായി ഉടൻ പുറപ്പെടുവിക്കണം. അപകീർത്തിതൻ ഈ പ്രതിവിധി സ്വീകരിച്ചു് തുടർനടപടികൾ വഴക്കവിടെത്തന്നെ അവസാനിക്കുമെന്നു കണക്കാക്കാം. എന്നാൽ അയാളും അതുകൊണ്ടുതൃപ്തനാകുന്നില്ലെങ്കിൽ അയാൾക്കു് കോടതിമുൻപാകെ അന്യായം ബോധിപ്പിക്കുന്നതിനു കഴിയും. എന്നാൽ കോടതിയിൽനിന്നും പ്രതിയുടെ പ്രതിവിധി ന്യായമെന്നും പരിതഃസ്ഥിതികൾക്കു് പര്യാപ്തമെന്നും കണ്ടാൽ വാദിയുടെ അന്യായം സംക്ഷേപത്തിൽ തള്ളുന്നതായിരിക്കും. വാദിക്കു തന്റെ കോടതിച്ചെലവു ലഭിക്കുകയില്ല. കക്ഷികൾതമ്മിൽ പ്രതിവിധിസംഗതിയിൽ യോജിപ്പില്ലെങ്കിൽ കുത്തകേസ്സുകളിൽ ഹൈക്കോർട്ടിൽനിന്നും ഇടപെട്ടു് തിരുമാനം കല്പിക്കുന്നതിനും പുതിയ നിയമത്തിൽ വ്യവസ്ഥകളുണ്ടു്. പ്രതിക്കു് അപകീർത്തിക്കു് പ്രതിവിധിയായി ഒരു സംഖ്യ വാദിക്കു് നൽകാം. അപ്രകാരം തുകനൽകുവാൻ കോടതിക്കു വിധിക്കുകയുംചെയ്യാം. തൽസംഗതികളിൽ പ്രതിവിധിമാർഗ്ഗങ്ങൾ ഇന്നഇന്ന വിധത്തിലായിരിക്കണമെന്നു തീരുമാനിക്കുന്നതിനു് ഹൈക്കോടതിക്കു് പരമാധികാരമുണ്ടു്. പ്രതി അപകീർത്തിക്ക പ്രതിവിധിയായി, ഇന്നഇന്ന പത്രങ്ങളിൽ, ഇന്നഇന്ന ഇഞ്ചു സ്പേസിൽ; ഇന്നഇന്ന ടൈപ്പിൽ, പത്രത്തിന്റെ ഇന്നഇന്നഭാഗത്തു്, ഇത്ര ഇത്ര തവണ, നിരുപാധികമായ തന്റെ ക്ഷമയാചനം പ്രസിദ്ധപ്പെടുത്തണമെന്നും, അപകീർത്തിയടങ്ങിയ പത്രങ്ങളും, ലഘുലേഖകളും, പിൻവലിക്കാവുന്നവയെങ്കിൽ അവയെ കഴിയുന്നതും വേഗം പിൻവലിക്കണമെന്നും വാദിക്കുവല്ല ചിലവുകൂടെ വന്നിട്ടുണ്ടെങ്കിൽ അവ പ്രതി കെട്ടിവെയ്ക്കണമെന്നും മറ്റൊരു സംഖ്യ നഷ്ടപരിഹാരമായി വാദിക്കു പ്രതി നൽകണമെന്നും മറ്റും പ്രതിവിധികൾ ഹൈക്കോടതിയിൽനിന്നും നിർദ്ദേശിക്കുന്നതായിരിക്കും.

ഒന്നരണ്ടുപേർചേർന്നു് വാദിക്കു് അപകീർത്തിപരമായ പ്രസ്താവനകൾ പുറപ്പെടുവിക്കുകയും അതിൽ ഒരാൾമാത്രം പ്രതിവിധിക്കു തയ്യാറാകുകയും ചെയ്യുകിൽ, വാദിക്കു് പ്രതിവിധിക്കു തയ്യാറില്ലാത്ത കക്ഷിയുടെമേൽ മാപ്പുകാരുള്ള നടപടികൾ നടത്തുവാനുള്ള തന്റെ തൊഴിലിനും അതിനുവേണ്ടുന്ന യാതൊരു വ്യവസ്ഥകളും അതിനു ബാധകമല്ല.

ഈ നിയമത്തിലും വ്യക്തിയുടെ അവകാശത്തിനു് വലിയ കോട്ടമൊന്നും വരുത്തിയിട്ടില്ല. എന്നാൽ വാദി

തനിക്കുരുക്കം ഉദ്ദേശമുണ്ടായിരുന്നില്ല എന്ന തർക്കം മേലാൽ അപകീർത്തിക്കേസ്സുകളിൽ പ്രതിക്ക് പുറപ്പെടുവിക്കാവുന്നതാണ്. മുൻ വിധികളിൽ ഈമാതിരിയുള്ള ഒരു തർക്കം, പ്രതിയുടെ ഉദ്ദേശം ഇന്നതായിരുന്നു എന്നുപറയുന്നതിനുതന്നെ, പ്രസിദ്ധീകരണക്കാർക്ക് നിർവ്വാഹമില്ലായിരുന്നു. ഇനി പ്രസിദ്ധീകരണക്കാരുടെ യഥാർത്ഥ ഉദ്ദേശം കോടതിമുൻപിൽ കൊണ്ടുവരുന്നതിനുതന്നെ പരിശ്രമിക്കാവുന്നതാണ്. മുൻപ് അതു പാടില്ലായിരുന്നു. ഇതുതന്നെ പുതിയ നിയമംമൂലം ഇംഗ്ലണ്ടിൽവരുത്തിയിരിക്കുന്ന പ്രധാന വ്യത്യാസം.

ഇന്ത്യയിലും പത്രപ്രവർത്തന സ്വാതന്ത്ര്യസംരക്ഷണത്തിനു ഈദൃശനിയമം അത്യാവശ്യം

കാലാകാലം യഥാസ്ഥിതികത്തിനു പേരുകേട്ട ഇംഗ്ലീഷുകാർപോലും പത്രപ്രവർത്തന സ്വാതന്ത്ര്യസംരക്ഷണാർത്ഥം ഇപ്രകാരമൊരു പുതിയനിയമം പാസ്സാക്കിയിരിക്കുന്നസ്ഥിതിക്ക്, അഭിപ്രായസ്വാതന്ത്ര്യം മൗലികാവകാശമായി രേഖപ്പെട്ടിയിരിക്കുന്ന ഭരണവ്യവസ്ഥയുള്ള നമ്മുടെ റിപ്പബ്ലിക്കൻ ഇന്ത്യയിൽ, ഇപ്രകാരമൊരു നിയമം ക്രിയേതീയ്യ എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. പത്രപ്രവർത്തനസ്വാതന്ത്ര്യ സംരക്ഷണത്തിന് ഇപ്രകാരം ഒരു നിയമം കേന്ദ്രപാർലമെൻറിൽനിന്നും ഉടൻ പാസ്സാക്കേണ്ടതു് അത്യാവശ്യമാകുന്നു. നമ്മുടെ ഭരണഘടനയിൽ പ്രഖ്യാപനം ചെയ്തുപോട്ടിട്ടുള്ള അഭിപ്രായസ്വാതന്ത്ര്യം, നിലവിലിരിക്കുന്ന അപകീർത്തിനിയമത്തിനു വിധേയമായിട്ടുമാത്രമാണ് നമുക്കു കിട്ടിയിട്ടുള്ളതു്. ഇന്ത്യയിലിന്നു നിലവിലിരിക്കുന്നഅപകീർത്തിനിയമംഎങ്ങനെയുള്ളതാണ്? പത്രസ്വാതന്ത്ര്യത്തെ ഹനിക്കുന്നതും സത്യാവസ്ഥയെപ്പോലും പ്രസിദ്ധപ്പെടുത്തുവാൻ പാടില്ലാത്തതും പ്രസിദ്ധീകരണക്കാരുടെ സത്യമായ ഉദ്ദേശത്തെ അവഗണിക്കുന്നതുമാണ്. ഇതായിരുന്നു വിദേശാധിപത്തിൽ ഇരുന്ന ഇന്ത്യയിലെനിയമം. അക്കാലത്തു് ഇംഗ്ലണ്ടിൽ പ്രാബല്യത്തിലിരുന്ന നിയമം അതേപടി ഇന്ത്യൻഹൈക്കോടതികളും സ്വീകരിച്ചു. ഇന്നു് ഇംഗ്ലണ്ടിൽ ആ നിലപുതിയ നിയമംമൂലം മാറിക്കഴിഞ്ഞു. സ്വതന്ത്രഇന്ത്യയിലും നിയമം മാറേണ്ടകാലം അതിക്രമിച്ചിരിക്കുന്നു! പത്രപ്രവർത്തനസ്വാതന്ത്ര്യ സംരക്ഷണത്തിന് അതു് അത്യാവശ്യവുമാണ്. ഇപ്പോൾ ഇന്ത്യയുടെ വിവിധസ്റ്റേറ്റുകളിൽ സഞ്ചരിച്ച് അഭിപ്രായശേഖരിക്കുന്ന പ്രസ്സ്കമ്മീഷൻമുൻപാകെ, പത്രപ്രവർത്തകർക്ക് കാര്യകാരണസഹിതം ഉന്നയിക്കാവുന്ന ഒരു സംഗതിയാണ് ഈ നിയമപരിഷ്കരണമെന്നു് പ്രത്യേകം പറയണമെന്നില്ലല്ലോ.



വൃഥാതത്തോടെന്നിച്ച പൊടിവിടർന്ന പനിനീർപ്പൂക്കളെ അങ്ങനെ നോക്കിയിരിക്കുക ഒരു രസമാണ്. കിഴക്കുഭാഗത്തെ വേലിപ്പടർപ്പിന്നരികേ ആ പൂക്കൾ പുഞ്ചിരിച്ചു നില്ക്കുന്നതും അവയിൽനിന്നു മഞ്ഞുകണികകൾ അടർന്നടർന്നു വീഴുന്നതും വളരെ മനോഹരമായിത്തോന്നുന്നു. ചുകന്നതും വെളുത്തതുമായ പൂക്കൾ... മഞ്ഞുതട്ടി നില്ക്കുന്ന പൂക്കൾക്ക് മധുരമായൊരഴകുണ്ട്. മകളിലെ വാരന്തയിൽ ഞാൻ അവയെ അങ്ങനെ നോക്കിയിരുന്നു.

പച്ചപിടിച്ച ഞങ്ങളുടെ വേലിപ്പടർപ്പിന്നരികെ ഒരു തൈമാവിൽ മുല്ലവള്ളി പൂവണിഞ്ഞുനില്ക്കുന്നുണ്ട്. അവയിൽനിന്നു വെള്ളപ്പാറ്റകൾപോലെ പൂക്കൾ അടർന്നടർന്നു വീഴുന്നു

അവളുടെ മുഖം മങ്ങിപ്പോയി. ആ കണ്ണുകളിൽ നിരാശ കുമിഞ്ഞുനിന്നു. ആ കൊച്ചുകുട്ടിയേ എനിക്കിഷ്ടമായി. അവളുടെ പിഞ്ചുഹൃദയം പൂവിനുവേണ്ടി വെമ്പുകയായിരിക്കും. പക്ഷേ കുട്ടി ചെയ്യാൻ അവൾ തെയ്യാറില്ല അല്ലെങ്കിൽ അവൾക്കാരെങ്കിലും കൊണ്ടുത്തു കൊടുത്തിപ്പിടിക്കാം. ആ പൂങ്കുലതന്നെ അടർത്തിയെടുക്കാം. അല്പനേരമെന്തോ ആലോചിച്ചുനിന്നശേഷം അവൾ തിരിഞ്ഞു നടക്കാൻ ഭാവിച്ചു.

ഞാനവളെ വിളിച്ചു. അവളുടെ മുഖം പ്രകാശിക്കഴിഞ്ഞു. ഒരുപക്ഷേ സഹജമായ ലജ്ജയായിരിക്കും. ഒരു നല്ലകുട്ടി; എനിക്കവളെ ഇഷ്ടമായി. അവളുടെ ഉടുപ്പും നടപ്പും നോട്ടവും. ആ പൂക്കളുടെപോലെ അവളും മനോഹരിയാണ്. കൈതപ്പൂവിന്റെ നിറവും പനിനീർപ്പൂവിന്റെ ഇടുപ്പുമുള്ള കവിളുകൾ ചെമ്പകപ്പൂമൊട്ടുകൾ. ഇന്ദ്രനീലക്കണ്ണുകൾ. കറുത്തമിന്നുന്നമുടി ഭംഗിയായിക്കോതിവെച്ചിരിക്കുന്നു. തെളിയാൻവെമ്പുന്ന ഒരു മഴവില്ല്.

“ഞാൻ ദിവസവും വസന്തയുടെ പൂന്തോപ്പം...കേട്ടോ...?”

“എന്തും.....?”

“അതെ എന്തും.”

ആ മുഖം വിടർന്നു. കണ്ണുകളിൽ നിലാവും ചുണ്ടുകളിൽ പുഞ്ചിരിയും തുളുമ്പി

പൂക്കളും പുഞ്ചിരിയും!

പുഞ്ചിരിയും പൂക്കളും!

ഞാൻ അവളെ അങ്ങനെ നോക്കിനിന്നു. ആ കണ്ണുകളിലെ പ്രകാശവും, മുഖത്തെ പ്രസന്നതയും എന്നെ ആകർഷിച്ചുകൊണ്ടേയിരുന്നു. അപ്പോൾമാത്രം ഹൃദയത്തിൽ സുഖകരമായൊരുപരിമളംനിറയുന്നതായെനിക്കു തോന്നി.

“വസന്തയുടെവീട്ടിൽ ആരെല്ലാം മുണ്ട്...”

“അച്ഛനും അമ്മയും.”

“പിന്നാരുണ്ട്...?”

“പിന്നാരുമില്ല.”

“ചേട്ടന്റെ പേരെന്താ?”

“എന്റെപേരെന്തിനാ?”

“അറിയാൻ.”

“ചന്ദ്രൻ...” ഞാൻ പറഞ്ഞുകൊടുത്തു.

“ചേട്ടാ...ഞാൻ പിന്നെവരാം.”

“എപ്പോൾ.”

“ഇപ്പോൾത്തന്നെ”

“അമ്മയോടു സമ്മതംവാങ്ങിയിട്ടുവന്നാൽമതി.....ഞാനിവിടെയുണ്ടാകും.”

അവൾ സമ്മതംമൂളിത്തിരിഞ്ഞുനടന്നു. അവളെസംബന്ധിച്ചു എല്ലാം എനിക്കിഷ്ടപ്പെട്ടുകയാണ്. അവൾ തിരിഞ്ഞുനോക്കിപ്പുഞ്ചിരിച്ചു. നല്ലകുട്ടി...അവൾ ഓടിപ്പോയി. പുറത്തുരോ നില്ക്കുന്നുണ്ട്. അമ്മയായിരിക്കും. ഇങ്ങോട്ടുപുറപ്പെടുമ്പോൾ അവൾ എന്തോ പറഞ്ഞു. ഒരുപക്ഷേ എന്നെയും പൂക്കളേയുംകുറിച്ചായിരിക്കും.

പിന്നീടുള്ളദിവസങ്ങളിൽ ഞാൻ മിക്കപ്പോഴും കണികാണുക വസന്തയേആയിരിക്കും. എല്ലാപൂക്കളിലും പനിനീർപ്പൂക്കൾപോലെ തുടുത്തമുഖവും, നീലിമവിടർന്ന നയനങ്ങളുമായി പുലരിക്കിളിയുടെ മധുരസ്വരത്തിൽ വസന്തപാടും:

“ചന്ദ്രേട്ടാ, എനിക്കു പൂവേണം.”

പരിചിതമാണെങ്കിലും ആ സ്വരം മധുരതരമാണ്. പൂപ്പുഞ്ചിരിവിടർന്നവിലസുന്ന അവളുടെ മുഖത്തുറ്റുനോക്കിക്കൊണ്ടു ഞാൻപറയും.

“എത്രവേണമെങ്കിലും പറിച്ചോളൂ...”

പിന്നേയും അവളവിടെനിൽക്കും. പ്രകാശംപൊഴിയുന്ന നീലക്കണ്ണുകളോടെ എന്നെനോക്കിപ്പുലമ്പുപാടും, പനിനീർപ്പൂക്കളം അങ്ങനെ ദിവസവും ഒഴിയാതെവിടരുന്നതു അവൾക്കുവേണ്ടിയായിരിക്കും. കുലകുലയായി എന്നുമതിൽ മൊട്ടുകളുണ്ടാകും. ആ പനിനീർപ്പൂക്കൾ കൊഴിയരുതേ എന്നു ഞാൻ വിചാരിക്കാറുണ്ട്. കാരണം ആ മുഖത്തേപ്പുഞ്ചിരിമങ്ങുന്നതു എനിക്കിഷ്ടമല്ല. ആ മിഴികളി

പനിനീർപ്പൂക്കളം*

വി. എൻ. പുതുപ്പണം

എനിക്കു കാരണമായിരുന്നു. പൂക്കളം തോപ്പുകളംക്കൊരലങ്കാരമാണ്. ചിതുശലഭങ്ങൾപോലെ എന്റെ കണ്ണുകൾ അവയിൽ പാറിക്കളിച്ചു.

അങ്ങനെ നോക്കിയിരിക്കേ ഒരു കൊച്ചുപെൺകുട്ടി അവിടെവന്നുനിന്നു. അവളുടെ കയ്യിൽ ഒരു വാഴയിലകുമ്പിളിൽനിറയെ മുല്ലപ്പൂക്കളുണ്ട്. അവളുപ്പടപ്പിന്നരികേനിന്നു ആ വലിയ പനിനീർപ്പൂക്കളെ നോക്കുകയാണ്. ആ കണ്ണുകളിൽ വല്ലാത്തൊരു കൊതിയുണ്ട്. ആ പൂക്കളം അവൾക്കു ഏറ്റവിപ്പിടിക്കാൻ വയ്യ. അങ്ങനെ കുറെനേരം നോക്കിനിന്നപ്പോഴും അവളുടെ മുഖമങ്ങി. ആ പൂക്കളം കിട്ടാത്തതുകൊണ്ടായിരിക്കണം, അവൾ ആത്മിയേടെ അവയെ നോക്കുന്നുണ്ട്. ഒരു പൂ കിട്ടിയിരുന്നെങ്കിൽ എന്നവൾ ആശിക്കുന്നുണ്ടായിരിക്കും. ഒരു നല്ല കുട്ടി. അവളുടെ നീലക്കണ്ണുകളും ചുറവും ഉഴറുന്നുണ്ട്. അവൾ ഇടയ്ക്കിടക്കുപൂക്കുമ്പിളിലേക്കുനോക്കും. ആ പനിനീർപ്പൂക്കളം അവയേക്കാളും എത്ര മനോഹരമാണ്.

“കുഞ്ഞിനെന്തുവേണം” ഞാൻ ചോദിച്ചു.

മൌനം. അവൾ പൂക്കുമ്പിളിലേക്കു നോക്കിനിന്നു.

“പൂ വേണോ?”

അവളെന്റെ മുഖത്തുനോക്കി. സംശയമായിരിക്കും. ഞാനൊരു വലിയ പനിനീർപ്പൂങ്കുല പൊട്ടിച്ചുകൊടുത്തു. ആ നീണ്ടകണ്ണുകളിൽ ആശയുടെ നിലാവൊളി തുളുമ്പി. ഞാനതവൾക്കു നൽകിയപ്പോൾ അവളുടെ ഭംഗിയുള്ള മുഖത്തു കൃതജ്ഞതയുടെ അലകൾ ചലിച്ചു.

“കുഞ്ഞിന്റെ പേരെന്താ”?

“വസന്ത...”

ആ ശബ്ദം എനിക്കു പിടിച്ചു. ആകെ എനിക്കൊരിഷ്ടം.

“എന്തിനാണു വസന്തക്കിത്രയധികം പൂക്കളം...?

“ഞാൻ മുടിയിൽചൂടും. ബാക്കി അമ്മയ്ക്കും കൊടുക്കും...”

ആ സമാധാനം എനിക്കിഷ്ടമായി. അവളുടെ നിന്നിമേഷയായി നോക്കുകയാണ്. പൂക്കളംപോലെ മനോഹരമായനോട്ടം. അവളുടെ ചുണ്ടുകളിൽ മുല്ലപ്പൂക്കളം വിടർന്നു.

“അതു മതിയോ...?

“ധാ...ധാരാളം”

---

* ആൾഇന്ത്യാ റേഡിയോ കോഴിക്കോട്ടു നിലയത്തിന്റെ അനുമതിയോടുകൂടി.

ലെ അഴകുകൂവുന്നതെനിക്ക് കാണാൻവയ്യ. അതിനുവേണ്ടി ഞാനെന്നും ആ തോട്ടത്തിൽ നോക്കിക്കൊണ്ടിരിക്കും. അതിൽ മുകുളങ്ങളുണ്ടെങ്കിൽ എനിക്കൊരാനന്ദമാണ്".

ആ പൂക്കൾ ഞാനവൾക്കു നിത്യവും നൽകുന്നതു അതിലുമെത്രയോമടങ്ങ് അഴകുള്ളപുഞ്ചിരി പ്രതിഫലം ലഭിക്കാനാണ്".

അഴകുള്ളപൂക്കളും!

അഴകുള്ളപുഞ്ചിരിയും!

എഴുന്നേറ്റുകഴിഞ്ഞയുടനെ ഞാൻ ജനലിലൂടെ തെക്കോട്ടുനോക്കും. അവൾ ഓടിവരുന്നതു എനിക്കുകാണാം. പത്തുനിമിഷങ്ങൾക്കുള്ളിൽ അവൾ ഏണിപ്പടിയിൽ കയറുന്നശബ്ദം എനിക്കു കേൾക്കാൻകഴിയും.

മഞ്ഞുള്ളപ്പോൾ അത്യധികംകുലുത്തു വരുതെന്നും, കോണിപ്പടികൾ സൂക്ഷിച്ചുകയറണമെന്നും ഞാനവളെ ഉപദേശിക്കും. ഒരു പുഞ്ചിരിയോടെ തലയൊരുവശത്തേക്കുചെരിച്ചുവെച്ച അവളതെല്ലാം ശ്രദ്ധിക്കും. പക്ഷെ അതൊന്നുമവൾ അനുസരിക്കാറില്ലെന്നുമാത്രം. എന്നാൽ അവയൊരനുസരണക്കേടായി എനിക്കു തോന്നാറില്ല. ഞാനവളെ ഇഷ്ടപ്പെട്ടിരുന്നു—അതിലുമതിനേറെ അത്മാർത്ഥമുഴുക്കെ അടങ്ങിയിട്ടുണ്ട്. ഞാനവളെ കൂടുതൽ അരുമയായി സ്നേഹിച്ചുതുടങ്ങി.

അതു മിഡ്സമ്മർ വെക്കേഷനു കോളേജടച്ചു ഞാൻ നാട്ടിൽ വന്നകാലമായിരുന്നു: അത്യുഷ്ണംകൊണ്ടു പുറത്തിറങ്ങാൻ വയ്യാത്തകാലം. ഞാനെപ്പോഴും വീട്ടിൽത്തന്നെ പുസ്തകങ്ങളും പത്രങ്ങളും മാറിമാറിയായി കഴിച്ചുകൂട്ടും. അപ്പോഴെല്ലാം വസന്തയവിടെ വരും. ആ ദിവസങ്ങൾ മനോഹരങ്ങളായിരുന്നു. കൂട്ടികൾ കൂടെയുണ്ടായാൽ സമയം പോകുന്നതറിയില്ല. അവരുടെ കളിയും ചിരിയും സംശയവുമെല്ലാം ഉന്മേഷത്തിന്റെ അലകടൽ വിതച്ചുകൊണ്ടേയിരിക്കും. പോകുംകഴിഞ്ഞാൽ അവർക്കിടയ്ക്കു ചിത്രങ്ങളാണ്. മാസികകളിലേയും വാരികകളിലേയും ചിത്രങ്ങൾ ഞാനവൾക്കു മുറിച്ചുകൊടുക്കും.

ഞങ്ങളുടെ തൊട്ടടുത്തു കുറച്ചുമാറ്റു മാത്രം താമസമാക്കിയ ഒരു കുടുംബമാണ് വസന്തയുടേതു്. ഇടയ്ക്കിടയ്ക്കവളെന്നെ അവിടേയ്ക്കു പിടിച്ചുവലിച്ചുകൊണ്ടുപോകും. ഒരുപക്ഷെ ഞാനും അതിഷ്ടപ്പെട്ടിരുന്നു. അവളുടെ അച്ഛൻ സരോജം നല്ല വരവുള്ളൊരുദ്യോഗസ്ഥനാണ്. ഞാനവിടെച്ചെല്ലുന്നതവൾക്കും ഇഷ്ടമായിരുന്നു. ആ നല്ല വീട്ടുകാരുമായി സ്നേഹത്തിലായതിൽ എനിക്കു സന്തോഷമുണ്ട്. അപ്പോഴെല്ലാം അവൾക്കു പലതുമെന്നെ കാണിക്കാനുണ്ട്. അവളുടെ പുതിയ ഉടുപ്പുകൾ. അവൾ ശേഖരിച്ച ചിത്രങ്ങൾ.....അങ്ങിനെ പലതും.

അങ്ങിനെ ദിവസങ്ങൾ കഴിഞ്ഞുപോകെ ഞങ്ങൾ കൂടുതൽ കൂടുതൽ



ലഫ്റ്റനൻറുകേണൽ എം. ബി. കെ. നായർ, രണ്ടു സംവത്സരമായി കൊറിയായിൽ സേവനം അനുഷ്ഠിച്ചുവരുന്ന ഇന്ത്യൻഫീൽഡ് ആംബുലൻസ് യൂണിറ്റിന്റെ പുതിയ കമാൻറിംഗ് ആഫീസർ തലശ്ശേരി സ്വദേശിയായ ഇദ്ദേഹമാണ്. ബർമ്മ, വടക്കെ ആഫ്രിക്ക, ഇറാലി, ഗ്രീസ് എന്നീരാജ്യങ്ങളിൽ കഴിഞ്ഞ മഹായുദ്ധകാലത്തു ഒരു പ്രത്യേക വിഭാഗത്തിൽ എം. ബി. കെ. നായർ, രണ്ടു സംവത്സരമായി കൊറിയായിൽ സേവനം അനുഷ്ഠിച്ചുവരുന്ന ഇന്ത്യൻഫീൽഡ് ആംബുലൻസ് യൂണിറ്റിന്റെ പുതിയ കമാൻറിംഗ് ആഫീസർ തലശ്ശേരി സ്വദേശിയായ ഇദ്ദേഹമാണ്. ബർമ്മ, വടക്കെ ആഫ്രിക്ക, ഇറാലി, ഗ്രീസ് എന്നീരാജ്യങ്ങളിൽ കഴിഞ്ഞ മഹായുദ്ധകാലത്തു ഒരു പ്രത്യേക വിഭാഗത്തിൽ

അടുത്തു. അന്നവരെല്ലാം സിനിമയ്ക്കു പോകുന്നുണ്ടായിരുന്നു. ഞാനും കൂടെപ്പോകണം. അവളെന്നെക്കാലത്തുതന്നെ നിർബന്ധിക്കാൻ തുടങ്ങി. ഞാൻ വരുന്നില്ലെന്നു പറഞ്ഞപ്പോൾ ആ മുഖം വാടി. ആ നീലമിഴികളിൽ മഞ്ഞുതുള്ളികളും മുളച്ചു. ഞാൻ ചെന്നില്ലെങ്കിൽ അവളും പോവുകയില്ലത്രെ? ഞാൻ ചെന്നോ പാവം...! ആ മുഖം മങ്ങുന്നതെനിക്കിഷ്ടമല്ല. ഞാൻ വരാമെന്നു സമ്മതിച്ചു.

ചിത്രം അൻമോൽഘടിയായിരുന്നു. ജീവനുള്ള അഭിനയം, നല്ല ഗാനങ്ങൾ, ഒഴുക്കുള്ള കഥ. ആ കൊച്ചുകുഞ്ഞുങ്ങൾ വേർപിരിയുമ്പോൾ വസന്തയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ പലതും ചോദിച്ചുകൊണ്ടേയിരുന്നു. ഞാനവയെല്ലാം അവൾക്കു മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞുകൊടുത്തു. അതവളുടെ പിഞ്ചുഹൃദയത്തെ വേദനപ്പെടുത്തിയിരുന്നു. ലോകത്തേയും അതിന്റെ വക്രഗതിയേയുംകുറിച്ചറിയാത്ത കുഞ്ഞു".

അങ്ങിനെ സിനിമയ്ക്കു പോകുമ്പോഴും, നടക്കാൻ പോകുമ്പോഴും ഞാൻ വേണം. പുതുതായി എല്ലാം ലഭിച്ചാൽ എന്നെക്കാട്ടി അഭിപ്രായമറിയണം. വീട്ടിൽ എന്തുസംഭവിച്ചാലും എന്നോടു പറയണം. ഒരനുജത്തിയുടെ സ്നേഹം ഞാൻ അറിഞ്ഞുതുടങ്ങുകയായിരുന്നു.

പക്ഷെ അധികനാളുബന്ധം തുടരാൻ സാധിച്ചില്ല. കോളേജ് തുറക്കുന്നതിനു മുമ്പുതന്നെ വസന്തയുടെ അച്ഛനു മാറ്റമായി. അതു വസന്തയെ വളരെയേറെ വേദനിപ്പിച്ചു. ആ പതിനൊന്നുവയസ്സുകാരിയുടെ മുഖത്തെ കാന്തി കരിഞ്ഞുപോയി. അവളുടെ പ്രസരിപ്പും ഉന്മേഷവും എങ്ങോ പോയ്മറഞ്ഞു.

അന്നവർ പോവുകയായിരുന്നു. ആ കൊച്ചുനഷ്ടത്തിനെ വിട്ടുപിരിയേണ്ടിവന്നതിൽ എന്റെ ഹൃദയം നീറുകയായിരുന്നു. അവളോടുള്ള സ്നേഹം എന്നിൽ തുളുമ്പിത്തി. ഞാനതു പുറത്തുകാട്ടിയില്ല. ആ ഹൃദയത്തെ അതു കൂടുതൽ വേദനിപ്പിക്കും. അവർ യാത്ര പുറപ്പെട്ടു. വസന്തയെ എണ്ണും കണ്ടില്ല. അവൾ എന്റെ മുറിയിലായിരുന്നു. ആ നീലമിഴികൾ നിറഞ്ഞുവഴിഞ്ഞു. ബാഷ്പബിന്ദുക്കൾ അവളുടെ മാറിൽ അടർന്നുവീണു.

'വസന്തേ...''

അവൾ ഏങ്ങിയേങ്ങിക്കരയുകയാണ്. എന്റെ കണ്ണുകളും നിറഞ്ഞുപോയി. ഹൃദയം വല്ലാതെ വിങ്ങി.

''എന്റെ വസന്ത കരയരുതു്. നിനക്കെന്തുവേണം'' ഞാനവളുടെ കണ്ണുനീർ ഒപ്പിക്കൊണ്ടു ചോദിച്ചു.

''എനിക്കൊന്നും വേണ്ട''.

''ഒന്നും.....എന്തെങ്കിലും ചോദിക്കൂ''.

എന്തുണവും ആവശ്യപ്പെടുക.

എന്തെങ്കിലുമൊന്നവൾ ആവശ്യപ്പെട്ടേ മതിയാകൂ.''

''ചോദിക്കൂ...''

ആ മങ്ങിയ മുഖമുയർന്നു. അവളുടെ കണ്ണുകളും ഉഴറുകയാണ്. എന്താണു ചോദിക്കേണ്ടതു്. അവളും എന്തോ ആലോചിക്കുകയാണ്.

''ചോദിക്കൂ.....''

''ഒന്നുംവേണ്ട.....''

''എന്തെങ്കിലും; ചന്ദ്രേട്ടനോടു ഇഷ്ടമില്ലേ?

അവളുടെ മുഖമുയർന്നു. അതു എന്റെ ഒരു ഹോട്ടോവിലേക്കായിരുന്നു. ഞാനതെടുത്തു കൊടുത്തു. അതിലേക്കുമെന്റെ മുഖത്തേക്കുമവൾ മാറിമാറി നോക്കി.

''ഒന്നു ചിരിക്കൂ.''

എന്റെ കഴുത്തിലൂടെ കയ്യിട്ട എന്റെ മുഖത്തുനോക്കിക്കൊണ്ടവൾ മന്ദഹസിച്ചു എന്റെ ഹൃദയം തുടിച്ചുയർന്നുവോ? എനിക്കറിയില്ല.

''ചന്ദ്രേട്ടൻ വരുമോ.....?''

''എവിടെ.....''

''വീട്ടിൽ.....''

''വരും.....''

''തീച്ചയാണോ?''

''തീച്ചയായും.....''

അവൾ വീണ്ടും മന്ദഹസിച്ചു. എന്റെ ഹൃദയം തുടിച്ചു. എന്റെ അനുജത്തി! ഞാനവളെ വാരിയെടുത്തു എന്റെ ഹൃദയത്തോടുചേർത്തു. അവളെന്റെ കവിളിൽ തലോടി.

''ചന്ദ്രേട്ടനെ മറക്കുമോ?''

''ങേ അതു...മറക്കുകയോ?''

ഞാനവളുടെ മുടിയിൽ തലോടി. അപ്പോഴേക്കുമവളുടെ അച്ഛൻ പുറത്തുനിന്നു വിളിച്ചു. ഞങ്ങൾ പുറത്തിറങ്ങി. ആ വേലിപ്പടർപ്പിനരികേ പനിനീർപ്പൂക്കൾ അവളുടെ മുഖംപോലെ വാടിനിന്നിരുന്നു. ഞാൻ ഒന്നൊഴിയാതെ അവ പറിച്ചെടുത്തു. അവളിനിക്കാലത്തു പൂചോദിച്ചുവരില്ല. നാളെ ആ പൂക്കൾ ആർക്കുവേണ്ടി വിടരണമെന്നു ഞാനാശിക്കുമോ? അവൾ പോകയാണ്. ആ പൂക്കൾ അവൾക്കുള്ളതാണ്. നാളെയാപ്പൂക്കൾ വിടരുമ്പോൾ എനിക്കവളെ ഓർമ്മിക്കാനെ കഴിയൂ...!!

ഞാനവരെ യാത്രയയ്ക്കാൻ ചെന്നു. അവൾ തെരുതെരെ സംസാരിച്ചു. സൌകര്യമുള്ളപ്പോൾ വരണമെന്നു അവളുടെ അച്ഛനമ്മയുമെന്നെ നിർബ്ബന്ധിച്ചു. നിമിഷങ്ങളിഴഞ്ഞുനീങ്ങി. അവൾ പോവുകയാണ്. എന്റെ ഹൃദയം അതുരവിടുകയാണ്. അവളുടെ മുഖത്തു ഒരിറ്റുരക്തമില്ല. എന്റെ കൊച്ചനുജത്തി.....ഹൃദയം പിടഞ്ഞു. വണ്ടി ചൂളമടിച്ചു മുന്നോട്ടുനീങ്ങി അവളെന്റെ കൈയിൽ പറഞ്ഞു.

''ചന്ദ്രേട്ടൻ വരണേ.....ഞാൻ കാത്തിരിക്കും.''

''വരും. വസന്ത നന്നായിപ്പഠിക്കണം കേട്ടോ?''

വണ്ടിനീങ്ങി. അവൾ പുറത്തു കയ്യിട്ടു കൈലേസിളക്കി. അപ്പോഴും

ആ മുഖം വാടിയിരുന്നു. ആ കൈ ലേസ്സ് എന്റെ അടുക്കലേക്കു പാറി വന്നു. അവളതു കരുതിച്ചെയ്തതായിരിക്കണം ഞങ്ങൾ വീണ്ടും കൈവിരിച്ചു. എന്റെ കാഴ്ചപ്പാടിൽനിന്നും വണ്ടിയകന്നു.

* * *

അടുത്ത ഏതാനുംദിവസം കാലത്തു പനിനീർപ്പൂക്കളും വിടരുമ്പോഴും എന്റെ ഹൃദയം അസഹ്യമായ നോവിൽ പിടഞ്ഞുകൊണ്ടേയിരുന്നു. ആ പൂക്കളിൽ മനോഹരമായ ഒരു കവിതതന്നിട്ടുപോകുമെന്നു പ്രതീക്ഷിച്ചു. പനിനീർപ്പൂക്കളുപോലെ ദിവസങ്ങളും കൊഴിഞ്ഞുപോയി.

കോളേജുതുറന്നു ക്ലാസ്സുകളും വിഷയങ്ങളും പുറകെപുറകെ മാറിയപ്പോഴും അവയെല്ലാമെന്നെടുത്തിനിന്നു. എന്നാലും ഇടയ്ക്കിടെ ഞാൻ അവളെ ഒന്നുപോകും. ആ ഒരുമ്മകളെ കിക്കിളിപ്പെടുത്താൻ അവളുടെ കൊച്ചുകൈപ്പടയിലുള്ള എഴുത്തുവരും. ആ വടിവില്ലാത്ത എഴുത്തുകളിൽ ഞാനവളെക്കാണും. ആ പുഞ്ചിരിയും മിഴിവുള്ള കണ്ണുകളും പ്രസാദാത്മകമായ ചലനവുമെല്ലാമുണ്ടു ആ എഴുത്തിൽ. അതിന്റെ ചുവടെ അനുജത്തി വസന്തയെന്നു വായിക്കുമ്പോൾ ഹൃദയം മനോഹരമായൊരുവികാരം നുഴഞ്ഞിറക്കും.

അക്കൊല്ലത്തു മൂന്നാംപാദപരീക്ഷ ഞാനവിടെപ്പോയിട്ടുണ്ട്. ഞാൻ ചെല്ലുന്നദിവസങ്ങളും അവൾക്കൊരുത്സവമാണ്. എന്റെ കഴുത്തിൽ കൈമുറുകി ഒരു നൂറുമുത്തം കാംക്ഷിച്ചുകൊണ്ടവൾക്കു പറയാൻകഴിഞ്ഞില്ല. രണ്ടും മൂന്നും ദിവസങ്ങൾക്കുശേഷമേ എനിക്കവിടം വിട്ടുപിരിയാൻ കഴിയാറുള്ളൂ. അവളെപ്പോലെ അവിടെ എല്ലാവരിനേയും ഞാനിഷ്ടപ്പെട്ടിരുന്നുവോ? എനിക്കറിയില്ല.

അവൾ വളരുകയാണ്.....!

ജീവിതത്തിന്റെ ഇതളുകൾ വീണ്ടും കൊഴിഞ്ഞുപോയി. പക്ഷെ ഒന്നുകൂടി വാടിക്കരിയുകയോ കൊഴിയുകയോ ചെയ്തില്ല. നാലഞ്ചുവർഷങ്ങൾ എത്ര എളുപ്പത്തിലാണു കടന്നുപോകുന്നതു്. അവൾ വളരുകയാണ്.....! ആ എഴുത്തുകളിലൂടെ ഞാനവളെക്കാണും. പൂക്കളിലൂടെ ഞാനോമ്മിക്കും. ആ അനുജത്തിയെ ഹൃദയത്തിൽനിന്നൊഴിച്ചുനിർത്തുക സാധ്യമല്ല.

അങ്ങിനെ ഔദ്യോഗികജീവിതവുമായിക്കഴിയുന്ന ഞാൻ ഒരിക്കലവിടെച്ചെന്നപ്പോൾ അമ്പരക്കുകതന്നെചെയ്തു. എന്റെ പ്രതീക്ഷകളിലെ രൂപം തികച്ചും മാറിക്കഴിഞ്ഞിരുന്നു.

"ചന്ദ്രേട്ടൻ" എന്നു പറഞ്ഞുകൊണ്ടെന്നെ സ്വാഗതംചെയ്തതു ഒരു മധുരപ്രതിനേഴുകാരിയാണ്. ലജ്ജയുടെ അലയൊലികൾ അവിടെ ഉയർന്നുവെങ്കിലും ഒരു നിമിഷത്തിനകം അവ മാഞ്ഞു. ഞങ്ങൾ പഴയ കുട്ടുകാരായി മാറി.

"ചന്ദ്രേട്ടൻ വല്ലാതെ തടിച്ചുപോയി, ഇല്ലേ.....?"

"അതെ. എനിക്കതൊന്നും മനസ്സിലായില്ല....." ഞാൻ ചിരിച്ചുകൊണ്ടുപറഞ്ഞു. അതുകൊച്ചു ബാലികയിൽനിന്നുള്ള ഇരുചുകയറ്റമായിരുന്നുവെന്നു്. അവളെനിക്കു പായ ഒഴിച്ചുതന്നുകൊണ്ടുചോദിച്ചു:

"ചന്ദ്രേട്ടനു ഞങ്ങളെയൊക്കെ ഓർമ്മയുണ്ടോ?

"ഇല്ല, മറന്നുപോയി" ഞാൻ ചിരിച്ചു. ബിസ്ക്കറ്റുകഷണങ്ങളും എന്റെ മുക്കിലൂടെ പുറത്തുചാടി. ഒരു കൊച്ചുബാലികയുടെ നിഷ്കളങ്കഭാവത്തോടെ അവളെന്റെ പുറത്തു തലോടിത്തന്നു. അങ്ങിനെയായിരുന്നു ആ ദിവസങ്ങൾ! മധുരവും മനോഹരവുമായ ദിവസങ്ങൾ!!

പിന്നീടു ഞാനവിടെപ്പോയതു വസന്തയുടെ വിവാഹത്തിനായിരുന്നു. എന്റെ വിവാഹസമ്മാനം പുതുതരത്തിലുള്ള രണ്ടു വളകളായിരുന്നു. എന്റെ സമ്മാനത്തേക്കാൾ എന്റെ സാന്നിദ്ധ്യത്തിലാണവൾ സന്തോഷിച്ചതു്. ഞാൻതന്നെയതു കയ്യിലിട്ടുകൊടുക്കണമെന്നവൾ അച്ഛന്റെയും അമ്മയുടെയും മുമ്പിൽനിന്നാവശ്യപ്പെട്ടു. സങ്കോചമില്ലാതെ ഞാനതുചെയ്തു. അവൾ മന്ദഹസിച്ചു.

സ്നേഹവും മന്ദഹാസവും!

മന്ദഹാസവും സ്നേഹവും!!

ആ വിവാഹം നടന്നു. ഞാനുമതിൽ അതിരറ്റ സന്തോഷിച്ചു. അനുരൂപനായൊരു വരനെ അവൾക്കു ലഭിച്ചു. അവരുടെ ഭാവി മനോഹരമായിരിക്കട്ടെ എന്നു ഞാൻ ആശിച്ചു.

വസന്തയുടെ ഭർത്തൃഗൃഹം തെങ്ങുകളുടെ ആധിപത്യമുള്ള ഒരു കുഗ്രാമത്തിൽനിന്നു രണ്ടുമൂന്നുനാഴിക അകലത്താണ്. ഇടയ്ക്കിടെ അവളുടെ സ്ഥിതിഗതികളും അന്വേഷിച്ചറിയിക്കുവാൻ അവളുടെ അച്ഛൻ എനിക്കെഴുതാറുണ്ട്. അങ്ങിനെ രണ്ടുമൂന്നുതവണ ഞാനവിടെപ്പോയിട്ടുണ്ട്. നഗരത്തിലെ ബഹളങ്ങളിൽനിന്നും തികച്ചും വിഭിന്നമായ ഒരു പരിതഃസ്ഥിതിയിലാണവളുടെ വാസം. അവളിൽ യാതൊരു മാറ്റവും വന്നിട്ടില്ല. അന്നു പൂപറിക്കുവാൻ വന്നിരുന്ന കുട്ടിയുടെ, അതെ നിർമ്മലമായ സ്വഭാവവിശേഷങ്ങളുംതന്നെ. അപ്പോഴൊന്നുംതന്നെ അവളുടെ പൂർണ്ണമായ ആഥിത്യം സ്വീകരിപ്പാൻ എനിക്കു കഴിയാറില്ല. കുറച്ചു സംസാരിക്കുക ഒരുകപ്പു ചായകുടിക്കുക, സ്ഥിതിഗതികളും അന്വേഷിക്കുക, അത്രമാത്രം. അയാളുള്ളപ്പോൾ വരാൻ അവളും നിർബ്ബന്ധിക്കാറുണ്ട്. പക്ഷെ അതൊന്നും സ്വീകരിക്കപ്പെടാറില്ല. അവരുടെയിടയിൽനിന്നു മാറിപ്പോകുന്നതിനു മുമ്പു ഒരുതവണകൂടി ഞാനവളെക്കണ്ടിരുന്നു.

* * *

അങ്ങിനെ വീണ്ടും ഒൻപതു നീണ്ട മാസങ്ങൾക്കുശേഷമാണു വേദനപൂർണ്ണമായ ആ വാർത്ത ഞാനറിഞ്ഞതു്. അവളുടെ അച്ഛനിൽനിന്നും വന്ന ഒരെഴുത്തിൽ അതു വ്യക്തമായെഴുതിയിരുന്നു. ഞാൻ അവളെ അന്വേഷിച്ചു് അവിടെച്ചെന്നതു അയാളറിഞ്ഞിരുന്നുവത്രെ? ഒരുദിവസം എന്റെ ഒരു പടം അവളുടെ പെട്ടിയിൽനിന്നു അയാളും കണ്ടെടുത്തു.....അങ്ങിനെ ആ ബന്ധമിന്നു തകരാൻപോവുകയാണു്. എന്റെ സിരകളിൽ ഉരുകിയ ഉരുക്കൊഴുകുകയാണു്. ശരീരത്തിൽ വിയർപ്പുപൊട്ടി. എന്റെ കൊച്ചനുജത്തി.....! അവളുടെ ദാമ്പത്യം ഞാൻമൂലം തകരുക. അവളിനു അച്ഛന്റെ ക്രൂരയാണു്. എന്റെ തലച്ചോറിൽ മിന്നൽപ്പിണരുകളും പാഞ്ഞു.....എന്റെ ഹൃദയം തകരുന്നതായെനിക്കു തോന്നി.

ഞാനെങ്ങിനെയാണവരുടെ വീട്ടിലെത്തിയതെന്നു എനിക്കു നിശ്ചയമില്ല. വേദനയുടെ തീനാളംകൊണ്ടു വാടിക്കരിഞ്ഞ മുന്നു മുഖങ്ങളും എന്നെ സ്വാഗതംചെയ്തു. കണ്ണീരിന്റെ പാടുകളും അവയിൽ ആറിയിട്ടില്ല.

"ചന്ദ്രേട്ടാ....." അവളൊന്നു പൊട്ടിക്കരഞ്ഞു. എന്റെ ഹൃദയം വജ്രംകൊണ്ടു ഇരുമ്പുമുറിക്കുന്നതുപോലെ എനിക്കുതോന്നി. മൂന്നു ജീവിതം "മുഴുക്കെക്കരിഞ്ഞുപോവുക! അവളൊന്നു വിളറിശോഷിച്ചുപോയി. നീലമിഴികളിൽ അഗാധമായ നിരാശയും മുഖത്തുണങ്ങാത്ത വേദനയും കിടന്നു പൂയുകയാണു്. ഉന്മേഷവും സന്തോഷവും കരിഞ്ഞുപോയി..... ഒരു പനിനീർപ്പൂവുപോലെ! പാറിപ്പറക്കുന്ന തലമുടി. മുഷിഞ്ഞുലഞ്ഞ വേഷം. കവിളിലൂടെ കണ്ണീർ അണപൊട്ടിയൊഴുകിക്കൊണ്ടേയിരുന്നു. ഞാനും കരഞ്ഞുപോയി.

അവളെന്റെ മുമ്പിൽ കൈപ്പടത്തിൽ മുഖം താഴ്ത്തിയിരുന്നു വിങ്ങിവിങ്ങിക്കരയുകയാണു്. നീറിനീറിയവൾ ദഹിച്ചുപോയി. ദിവസങ്ങൾ വേദനയിൽനിന്നും വേദനയിലേക്കു വഴുതിവീഴുക. അപമാനവും അപവാദവും അവളുടെ നിർമ്മലഹൃദയത്തെ കാർന്നുതിന്നുകയാണു്.

"ചന്ദ്രേട്ടാ! ഞാനിതെല്ലാം സഹിക്കണം. ഹൃദയം തുറന്നു ഞാനേട്ടനെ സ്നേഹിച്ചു. ഭൃത്യയെപ്പോലെ പരിചരിച്ചു. പക്ഷേ...!

"വസന്തേ ഞാനൊണ്ണിതിനു മുഴുവൻ കാരണം..."

"ചേട്ടാ, ഞാനങ്ങയെ സ്നേഹിച്ചു. അങ്ങനെന ഒരനുജത്തിയെപ്പോലെ വിചാരിച്ചു...."

അവളാസംഭവം വിവരിച്ചുതന്നു. ഒരു ദിവസമെന്തോ തിരയുമ്പോൾ ഞാൻ കൊടുത്ത പടമയാളുകണ്ടു. അതാരുടെതാണെന്നു ചോദിച്ചപ്പോൾ ചേട്ടന്റെതാണെന്നവൾ പറഞ്ഞു. പക്ഷെ അവൾക്കൊരു ജ്യേഷ്ഠനില്ല...! ആ സംശയം ആളിക്കത്തി. അവിശ്വാസത്തിന്റെ ലാവ പൊട്ടിത്തെറിച്ചൊഴുകി. അയാളും പിന്നെയവളോടു മിണ്ടിയിട്ടില്ല. ഒരിക്കലുമവിടെനിന്നു കരഞ്ഞിട്ടില്ലാത്ത അവളോടു പൊട്ടിക്കരഞ്ഞുപോയി. അതു കഴിഞ്ഞിട്ടു നാലുമാസങ്ങളും കഴിഞ്ഞു.

എന്റെ ചിന്തകൾക്കു തീപ്പിടിച്ചു. അയാളെത്തിരുപറഞ്ഞിട്ടു കാര്യമില്ല. ഭാര്യയുടെ കയ്യിൽ ഒരന്യപുരുഷന്റെ ഫോട്ടോ കാണുക. അതൊരു സഹോദരനെന്നതാണെന്നു പറയുക. ഒരു ഭർത്താവതു വിശ്വസിക്കുമോ?

അവളുടെ നിഷ്കളങ്കത്വം തെളിയിക്കണം. എന്റെ ജീവിതമരണത്തിനു വിലയെങ്കിൽ അതു നൽകണം.....പക്ഷെ എന്തുണ്ടു ചെയ്യുക. ചിന്തകൾ മൂടപിടിച്ചു. വസന്ത.....ഹാരൂ, നിമിഷങ്ങൾ നീറുകയാണു്.

* * *

പിറേന്നു ഞാനയാളുടെ വാതിൽക്കൽ മുട്ടുമ്പോൾ മണി പതിനൊന്നു കഴിഞ്ഞിരുന്നു. അയാൾ വാതിൽതുറന്ന വിളറിയമുഖം വെളിക്കുകാട്ടി. അയാളും വിളറി ശോഷിച്ചുപോയി. പാവം. നിരാശയും വേദനയും ആ മുഖത്തു കാർമേഘം വീശിയിരുന്നു. പൊള്ളുന്ന നിമിഷങ്ങൾ...!!

"നിങ്ങളാ...?" അയാൾ ചോദിച്ചു.

"വളരയേറ്റെ തെറ്റിദ്ധരിക്കപ്പെട്ട ഒരു മനുഷ്യൻ..."

"ഈ അസമയത്തു്?"

ആകെ ഒരു ഭ്രാന്തന്റെ മട്ടുണ്ടായിരുന്നു എന്റെ പ്രകൃതത്തിനു്. ഒരുപക്ഷെ അയാളും അമ്പരക്കുകയായിരിക്കണം.

"എനിക്കു നിങ്ങളോടൊരു കഥ പറയാനുണ്ടു്..."

"എന്തുകഥ?"

"എന്നോടും നിങ്ങളോടും നിങ്ങളെ ഹൃദയം തുറന്നു സ്നേഹിക്കുകയും ദൈവത്തെപ്പോലെ ആരാധിക്കുകയുംചെയ്ത നിങ്ങളുടെ ഭാര്യയേയും സംബന്ധിക്കുന്ന കഥ.

"നിങ്ങളുടെ പേരു്..."

"ചന്ദ്രൻ"

"നിങ്ങളാ"

"അതെ. നിങ്ങളാ തെറ്റിദ്ധരിച്ചിരിക്കുന്ന അതേ ചന്ദ്രൻതന്നെ."

"ദയവുചെയ്തു എന്നെ ഉപദ്രവിക്കേണ്ട. എന്റെ ഹൃദയം വീണ്ടും പിളർക്കേണ്ട. നിങ്ങളാ പോകു..."

"നീറുന്ന നിങ്ങളുടെ ഹൃദയത്തിനുവേണ്ടി മാത്രമല്ല, മറ്റു നാലുഹൃദയങ്ങൾക്കുവേണ്ടിയെങ്കിലും നിങ്ങളുതുകേൾക്കണം."

"അവളെക്കുറിച്ചൊന്നോടൊന്നും പറയേണ്ട...വഞ്ചകി" അയാളും ചുണ്ടു കടിച്ചമർത്തി.

"സഹോദരാ, അവളും പരിശുദ്ധയാണു്. എന്നെക്കാളും, ഒരുപക്ഷെ നിങ്ങളെക്കാളും. ആ പാവപ്പെട്ട അനുജത്തിയേയെങ്കിലും നീറി നീറിക്കൊല്ലുതു."

"ഈ സാധനങ്ങളും നിങ്ങളുക്കുവേണ്ട തെളിവുകളുംതരാം" ഞാൻ കൊണ്ടുവന്ന എഴുത്തുകളും പതിനൊന്നു വയ

സ്സുള്ളപ്പോൾ അന്നു ഞാനെടുത്ത അവളുടെ ഒരു ഫോട്ടോവും അയാളുടെ മുമ്പിൽ വെച്ചുകൊടുത്തു.

"ഇതിൻറെയൊക്കെ അർത്ഥം?"

"തകരുന്നൊരു ദമ്പതൃത്തെ രക്ഷിക്കാൻ..."

"അതു തകർന്നു കഴിഞ്ഞു."

"എങ്കിലതു തിരുത്തിയേപറ്റൂ... നിങ്ങളുടെ സംശയങ്ങൾ തികച്ചും അവസ്ഥവങ്ങളാണ്".

"മതി, എനിക്കീ വേദാന്തമൊന്നും കേൾക്കേണ്ട...നിങ്ങളവളേയും അവൾ നിങ്ങളേയും പ്രേമിക്കണം. അവഞ്ചന ഞാൻ സഹിക്കണം. ഇല്ല. എനിക്കു വയ്യ...!!"

"സഹോദരാ! ഇതാരുടേതാണെന്നറിയാമോ?" ഞാൻ വസന്തയുടെ പടംകൊടുത്തു.

"അറിയില്ല"

"ഇതു വസന്തയുടേതാണ്. ഏഴുകൊല്ലങ്ങൾക്കുമുമ്പു ഞാനെടുത്തതു്. നിങ്ങൾ അവളുടെ പെട്ടിൽ നിന്നും കണ്ടെടുത്തതു അന്നിരുപതോളം പ്രായംവരുന്ന എൻറെ പടമാണ്. നിങ്ങൾ ഒന്നോർത്തുനോക്കൂ.....അന്നാരുമറിയുന്ന സ്നേഹം പ്രേമമായിരിക്കുമോ?"

"ഒരു കൊച്ചുനാളത്തിയായി ഞാനവളെസ്നേഹിച്ചു. അവരന്നു ഞങ്ങളുടെ അടുത്ത അയൽവാസികളായിരുന്നു. എന്നെം ഞങ്ങളുടെ തോട്ടത്തിൽ പനിനീർപ്പൂവിന്നായവും വരും. ഞാനവൾക്കു പൂക്കളും ചിത്രങ്ങളും കൊടുക്കും. അതൊരു വെക്കേഷൻ കാലമായിരുന്നതുകൊണ്ടു അന്നെല്ലാം അവൾ എൻറെവീട്ടിൽത്തന്നെയായിരുന്നു. അവളെന്നെ ചേട്ടാ എന്നുവിളിച്ചുവന്നു. അനുജത്തിയില്ലാത്ത ഞാനവളിൽ ഒരനുജത്തിയേക്കണ്ടു. അങ്ങിനെ അവൾ ക്രമേണ ഏട്ടനും എനിക്കൊരനുജത്തിയുമുണ്ടായി."

"അങ്ങിനെ ആ ബന്ധം ശാശ്വതമായുറച്ചുപോയി. നിങ്ങൾ കണ്ടെടുത്തചിത്രം പിന്നെ മാറാമായിപ്പോകുമ്പോൾ ഞാനവൾക്കു കൊടുത്തതാണ്..."

അയാളൊരു നെടുവീർപ്പിട്ടു അതിലേക്കു തുറിച്ചുനോക്കി.

"സഹോദരാ, എന്നെ വിശ്വസിക്കൂ. എഴുത്തുകൾ എനിക്കവൾ പലപ്പോഴായി അയച്ചതാണ്, വെറുതെ ഞാനവ സൂക്ഷിച്ചുവെച്ചു. ആ എഴുത്തുകൾ നിങ്ങൾക്കു വേണ്ടതെടുത്തുകൊള്ളൂ."

അയാളവയെടുത്തു. "പ്രിയപ്പെട്ട ചന്ദ്രേട്ടാ" എന്നതുടങ്ങി "പ്രിയപ്പെട്ട കൊച്ചുനാളത്തിവസന്ത" യെന്നവസാനിക്കുന്ന എഴുത്തുകൾ. പഴക്കംകൊണ്ടു നിറംമങ്ങിയ ആഎഴുത്തുകൾ പലതുമയാൾ മറിച്ചുനോക്കി. അയാളുടെ കണ്ണുകൾ നനഞ്ഞു.

"സഹോദരാ?" രണ്ടുതുള്ളികൾ പൊട്ടിയൊഴുകി. "എനിക്കു മാപ്പുതരൂ...പാവം വസന്ത! ഞാനവളെത്തെറ്റിദ്ധരിച്ചു. ആ ഹൃദയം ഞാൻ 'മാരത്തവിധത്തിൽ മുറിപ്പെടുത്തി."

"ഇല്ല! ഒരു ഭർത്താവിനുണ്ടാകാവുന്നതുമാത്രമെ നിങ്ങൾചെയ്യുള്ളൂ. പക്ഷേ ഇനിയൊരുനിമിഷമവളെ വേദനിപ്പിക്കരുതു്. എനിക്കുവേദനയിൽ കരിഞ്ഞുണങ്ങിയ മുഖംകാണാൻ കഴിഞ്ഞിട്ടില്ല..." ഞാൻ പറഞ്ഞു. അയാളം ശൂന്യതയിലേക്കു നോക്കി വിങ്ങുകയായിരുന്നു അപ്പോൾ.

* * *

ഹൃദയസ്പർശിയായ ആ രംഗത്തിനും ഞാൻ സാക്ഷിനിന്നു. അവർ കണ്ടുമുട്ടുന്ന രംഗം. ഒരു പുതിയ ജീവിതത്തിൻറെ നാന്ദി കുറിക്കുന്ന രംഗം.

"വസന്തേ..." അവളയാളുടെ കരതലത്തിൽ വീണു. "എനിക്കു മാപ്പുതരൂ..."

"അല്ല. എനിക്കു മാപ്പുതരൂ." അവളം ഏറ്റുപറഞ്ഞു.

"ഞാൻ നിന്നെത്തെറ്റിദ്ധരിച്ചു" അവർ പരസ്പരം മാപ്പുപറയേ അവർ അന്വേഷിക്കുകതന്നെചെയ്തു. കാര്യം ഇത്ര എളുപ്പത്തിൽ കലാശിക്കുമെന്ന ഒന്നും കരുതിയിരുന്നില്ല.

"ചന്ദ്രേട്ടാ....."

"വസന്തേ....."

അവളെന്തെല്ലാമൊ പറയാനുണ്ട്. അവളുടെ കണ്ണുകളും ആനന്ദംകൊണ്ടു നിറഞ്ഞൊഴുകുകയാണ്. ആ കണ്ണുകളിൽ പ്രകാശവും മുഖത്തു പുഞ്ചിരിയും ഉദയംകൊള്ളുകയാണ്. ആ പ്രോഫൈലൻ ഹൃദയം ആനന്ദംകൊണ്ടു വികസിക്കുകയും. എൻറെ ജീവിതത്തിലെ ഒരിരുണ്ട അദ്ധ്യായം ഒരു കരിയിലപോലെ പാറിപ്പോയതായെനിക്കുതോന്നി.

* * *

ആ ദമ്പതൃം പൂവീട്ടുകഴിഞ്ഞു. വസന്ത ഇന്നൊരമ്മയാണ്. ഞങ്ങളിപ്പോൾ അയൽക്കാരും. തൊന്നൊരു ദിവസം ചെന്നില്ലെങ്കിൽ, എന്നെക്കണ്ടില്ലെങ്കിൽ; അവൾക്കു സുഖമാവില്ല. ആ ദമ്പതൃം എൻറെ കൺകളർപ്പിക്കുകയാണ്. ഒരുപക്ഷേ ഞാനിന്നവളെക്കാളും സ്നേഹിക്കുന്നതു അവളുടെ കുസൃതിക്കുട്ടികയായ കൊച്ചുകുഞ്ഞിനെയാണ്.

ഇന്നു ഞങ്ങൾ സിനിമയ്ക്കുപോവുകയായിരുന്നു. പൂത്തെരുവിൽനിന്നു അയാൾ കസവിൽ കോർത്തിണക്കിയ ഒരു പനിനീർപ്പൂമാലവാങ്ങി വസന്തയ്ക്കു സമ്മാനിച്ചു. വസന്തയതു തലമുടിയിൽ കുരുക്കി വെക്കവെ ഞാൻ പറഞ്ഞു.

"നല്ലപൂക്കളം....."

"എന്തായാലുമന്നത്തെ പൂക്കളം പോലെ അത്രഭംഗിയും വലിപ്പവുമില്ല."

"അതേ! ഈ പൂക്കളം വലിയപൂപ്പം സൃഷ്ടിക്കുകയില്ലെന്നു വിശ്വസിക്കുക."

"അതെന്തേ" അയാളംചോദിച്ചു.

"ഒരു ദമ്പതൃം തകർത്തുകളയാൻ ഈ പൂക്കളംക്കു കഴിയും."

ആരോഗ്യരക്ഷാഭോഗപദ്ധതി

ചെക്കോസ്ലവാക്യയുടെ നേട്ടങ്ങളും

[തൊഴിലാളികൾക്കായുള്ള രക്ഷാഭോഗപദ്ധതി ഇന്ത്യ സമാരംഭിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ചെക്കോസ്ലവാക്യയുടെ നേട്ടങ്ങളും അറിയുന്നതു് കൌതുകകരമായിരിക്കുമല്ലോ.]

1948 ഫെബ്രുവരിയിലെ വിപ്ലവം ചെക്കോസ്ലവാക്യയിലെ തൊഴിലാളിവർഗ്ഗത്തിനു് സമൂഹ്യമായി വൻപിച്ച നേട്ടങ്ങളാണു് പ്രദാനംചെയ്തതു്. അതിൽ ഏറ്റവും സുപ്രധാനമായതു് നാഷണൽഹെൽത്തു് ഇൻഷ്വറൻസു് (ആരോഗ്യരക്ഷാഭോഗ)പദ്ധതിയാകുന്നു. രോഗംമൂലമോ മറ്റു് അവശതയാലോ തൊഴിൽചെയ്യുന്നതിനു് അപ്രാപ്തരാകുന്ന പൗരന്മാക്കുവേണ്ടിയും ഇതിൻറെ ഗുണം സിദ്ധിക്കുന്നതാണു്. ജോലിസ്ഥലത്തുവച്ചു് വർക്കുസ്കൗൺസിലിൻറെ ഒരു പ്രത്യേകവിഭാഗം ഇൻഷ്വർചെയ്യപ്പെട്ട ആളിനു് ഇതുസംബന്ധിച്ചുള്ള അലവൻസു് നേരിട്ടുകൊടുക്കുകയാണുചെയ്യുന്നതു്.

രോഗംമൂലം തൊഴിലിലേപ്പെടാൻ നിവർത്തിയില്ലാത്തവർക്കു് ദിനംപ്രതി 15-മുതൽ 159-വരെ ക്രൗൺ അലവൻസു് നൽകപ്പെടും. 92 ദിവസം കഴിഞ്ഞു് അലവൻസു് 10 ശതമാനവും 182 ദിവസം കഴിഞ്ഞു് 15 ശതമാനവും വർദ്ധിപ്പിക്കുന്നതാണു്. പ്രസ്തുത പദ്ധതിയുടെ ഫണ്ടിൽനിന്നു് നൽകപ്പെടുന്ന മറ്റു് അലവൻസുകളും ഇപ്രകാരമാണു്. ഒരു ശിശുവിനെ പ്രസവിച്ചകഴിഞ്ഞാൽ മാതാവിനു് 2500 ക്രൗൺ അലവൻസു്; 18 ആഴ്ചക്കാലത്തെ പ്രസവശുശ്രൂഷാസംബന്ധിച്ചു് 1890-മുതൽ 20034 ക്രൗൺവരെയുള്ള അലവൻസു്. ഗർഭിണിയായ സ്ത്രീ വീട്ടുവേലകൾക്കു് രോഗംമൂലം അശക്തയായിത്തീരുന്നപക്ഷം ധനസഹായം; ഒരു ആരോഗ്യകേന്ദ്രത്തിൽ ചികിത്സനടത്തുന്ന രോഗിയുടെ കുടുംബത്തിനു് അലവൻസു്; സ്വഭവനത്തിൽ ചികിത്സനടത്തുന്ന രോഗിക്കു് അലവൻസു്, എന്നിവ; നവവധൂവരന്മാക്കു് വസ്ത്രങ്ങളും ഗൃഹസജ്ജീകരണങ്ങളും വാങ്ങുന്നതിനു് 5000 ക്രൗൺവരെയുള്ള ഒരു അലവൻസും ഇൻഷ്വറൻസ്സു ചെയ്യപ്പെട്ട ഒരാളുടെ മരണച്ചിലവുകൾക്കു് 5000 ക്രൗണും നൽകപ്പെടുന്നതാണു്.

തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സയ്ക്കും ഔഷധങ്ങൾ വാങ്ങുന്നതിനുമുള്ള ചിലവു് ഇൻഷ്വറൻസുഫണ്ടിൽനിന്നു നൽകപ്പെടുന്നതാണു്. ആരോഗ്യകേന്ദ്രങ്ങളിലും ആസ്പത്രികളിലും ദന്തരോഗശസ്ത്രക്രിയകളിലുംചികിത്സിക്കപ്പെടുന്നതിനുള്ള ചിലവുകളും ഇതിലുൾപ്പെടുന്നു. 1937-ൽ ഈവക ചിലവുകൾക്കു് 779 മില്യൺ ക്രൗൺ ആണു് വേണ്ടിവന്നതെങ്കിൽ 1951-ൽ 9800 മില്യൺ ക്രൗൺ ആയിരുന്നു ചിലവു്. യുദ്ധകാലത്തിനുമുമ്പുള്ള ചിലവിൻറെ 15 ഇരട്ടിയാണു് ആളൊന്നിനു് 1951-ൽ ചിലവുചെയ്കയുണ്ടായതു്. 1952-ൽ പ്രസ്തുതകാര്യങ്ങൾക്കു് 10000 മില്യൺ ക്രൗണിനുമേൽ വേണ്ടിവന്നു.

കുട്ടികൾക്കായുള്ള പ്രത്യേകമായ ഒരു അലവൻസും തൊഴിൽചെയ്യുന്നവർക്കു് ചെക്കോസ്ലവാക്യായിൽ ലഭിച്ചുവരുന്നുണ്ടു്. 190 മുതൽ 540

"എനിക്കു മനസ്സിലായില്ല" അയാളംപറഞ്ഞു.

"നിങ്ങളുടെ ജീവിതത്തിലേ മനോഹരമാകേണ്ടിയിരുന്ന ഒരേട്ടമുഴവൻ കരിമഷിത്തേച്ചതു ഈ പൂക്കളമാണു്"

അയാളം ചിരിച്ചു.

"എന്തായാലും ഈ പൂക്കളം വലിയകുഴപ്പംപിടിച്ചവയാണു്....."

ആ അഭിപ്രായത്തിൽ വസന്തയും പൊട്ടിച്ചിരിച്ചു. അയാളുംകൂടെ വല്ലാതെ ചിരിച്ചു.

അങ്ങിനെ പനിനീർപ്പൂക്കളം കാണുമ്പോളം എനിക്കൊരു—കഥപറയാനുണ്ടാകും. ഒരു ജീവിതംമുഴുക്കെ എനിക്കതിൽ നിഴലിച്ചു കാണാൻകഴിയും. ആ മനോഹരമായ പൂക്കളിൽ പല ഓർമ്മകളുമുണ്ടു്. എന്തുമെനിക്കൊരുജീവിതം അതിൻറെ ശുഭഭേദത്തോടെ അതിൽകാണാൻ കഴിയും. പക്ഷേ ചിലപ്പോൾ അതിൻറെ മുള്ളുകൾപോലെത്തന്നെ പനിനീർപ്പൂക്കളം എൻറെ ഹൃദയത്തെ നോവിക്കുകയും ചെയ്യും. എന്നാലും പനിനീർപ്പൂക്കളം കാണുമ്പോളം കണ്ണീരും പുഞ്ചിരിയും കലർന്ന ഈ കഥ ഞാനോർമ്മിക്കും.

★

കരുപ്പകട്ടിവ്യവസായവും ആതിന്റെ വികസനവും

★

(ജ: സെൽവനോസ്. ബി. എ. ബി. എൽ.
കരുപ്പകട്ടിവ്യവസായഓർഗനൈസർ)

പോഷകാംശമുള്ള ആഹാരസാധനങ്ങളിൽ ഒന്നാണ് കരുപ്പകട്ടി. ആരോഗ്യാഭിവൃദ്ധിക്ക് കരുപ്പകട്ടി യോജിച്ച ആഹാരസാധനമാണെന്ന് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കരിമ്പന, ചൂണ്ടപ്പന, തെങ്ങ്, ഈന്തപ്പന (Wild Date palm) എന്നീ മരങ്ങളിൽനിന്നും ഭാരതത്തിൽ കരുപ്പകട്ടി ഉൽപ്പാദിപ്പിക്കുന്നു. ഈ സംസ്ഥാനത്തിൽ ഈന്തപ്പന ഇല്ല. തേങ്ങയുടെ വിലക്കുറവുമൂലം നിമിത്തം കരുപ്പകട്ടിക്കായി ധാരാളം തെങ്ങ് ചെത്തുന്നില്ല. തോപ്പാള, അഗസ്തീശ്വരം, കൽക്കുളം വിളവങ്കോട്, നെയ്യാറിൻകര, ചെങ്കോട്ട, ചിറ്റൂർ ഈ താലൂക്കുകളിൽ ധാരാളം പനയുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ പന ചെത്തി അക്കാനി എടുക്കുകയും, അവയെ കരുപ്പകട്ടി ആക്കുകയുംചെയ്യുന്നു. ഈ ജോലി അനേകായിരം ഗ്രാമീണരുടെ പ്രധാന ജീവിതമാർഗ്ഗമാണ്. തലപ്പള്ളി താലൂക്കിൽ ചൂണ്ടപ്പനയിൽനിന്നും അക്കാനി എടുത്ത് കരുപ്പകട്ടി ധാരാളം നിർമ്മിക്കുന്നു.

കരുപ്പകട്ടിവ്യവസായം — കുടിൽവ്യവസായം

ഇത് നൂറുശതമാനവും ഒരു കുടിൽ വ്യവസായമാകുന്നു. അക്കാനി എടുക്കുന്നതിന് മില്ലുകളൊന്നുണ്ട് സാധിക്കാത്തവിധത്തിലാണ് പ്രകൃതി ഇതിന്റെ സൃഷ്ടി സാധിച്ചിരിക്കുന്നത്. പനയിൽനിന്നും അക്കാനിഎടുക്കുന്നത് പുരുഷന്റെയും, കരുപ്പട്ടിയായി പാകപ്പെടുത്തുന്നത് സ്ത്രീയുടേയും ജോലിയാണ്. പ്രസ്തുത ജോലി ഗൃഹങ്ങളിൽ നിവിഷ്ടം നിവ്വഹിച്ചുവരുന്നു. വലിയ മൂലധനം ഇല്ലാതെതന്നെ ഈ വ്യവസായം നടത്തിവരികയാണ്. ഈ വ്യവസായത്തിന് രണ്ടായിരത്തിലധികം വർഷത്തെ പഴക്കമുണ്ടെങ്കിലും, അസംഘടിതമായ നിലയിൽ, അപരിഷ്കൃതമായിട്ടാണ് നടത്തിപ്പോരുന്നത്. അതർഹിക്കുന്ന യാതൊരു പുരോഗതിയും ഈ കുടിൽവ്യവസായത്തിന് നാളിതുവരെ ഉണ്ടായിട്ടില്ല.

ബ്രിട്ടീഷുകാരുടെ ഭരണകാലത്തും ഈ കുടിൽവ്യവസായത്തെ പരിഷ്കരിക്കുന്നതിന് ശ്രമിച്ചിട്ടില്ല. ഈ വ്യവസായത്തിന്റെ വിതരണവശം പാടെ ഉല്പാദികളുടെകയ്യിൽ അകപ്പെട്ടിരിക്കുകയാണ്. മാത്രമല്ല കരുപ്പകട്ടി നിർമ്മിതിവൃത്തിഹീനവും, അപരിഷ്കൃതവും, അനാകർഷകവുമായി നിവ്വഹിക്കുന്നു. ഈ നില ഉടനെ മാറേണ്ടതാണ്. അല്ലെങ്കിൽ ഇന്നത്തേതിലും വലിയ അധഃപതനം വന്നുചേരും. അതു വരാതിരിക്കുവാനും, കരുപ്പകട്ടി വ്യവസായം ഒരു ഉയർന്ന കുടിൽവ്യവസായമായി ഉയർത്തുന്നതിനും, ഉല്പാദകനും, ഉപഭോക്താവിനും പ്രയോജനം പരമാവധി ഉണ്ടാക്കുന്നതിനും ഈ വ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു.

രാഷ്ട്രീയമഹത്വം, വില, പ്രയോജനം

ഗ്രാമവാസികളിൽ അനേകായിരം പേർക്ക് കരുപ്പകട്ടിവ്യവസായം തൊഴിൽനൽകുന്നു. ഭക്ഷ്യക്ഷാമത്തെ പരിഹരിക്കുകയും ഭക്ഷ്യോൽപ്പാദനപരിപാടിയെ സാരമായി സഹായിക്കുകയും ചെയ്യുന്നു. അൻപതുപനയിലെ അക്കാനിയിൽനിന്നും ഉണ്ടാക്കുന്ന കരുപ്പകട്ടി, ഫലപുഷ്ടിയുള്ള ഒരേക്കർ പാടത്തിലെ കരിമ്പിൽനിന്നും ലഭിക്കുന്ന പഞ്ചസാരയ്ക്കുതുല്യമാണ്. ഇന്ത്യയിൽ അഞ്ചുകോടി പനയുണ്ട്. അവയിൽനിന്നുല്പാദിപ്പിക്കുന്ന പതിനൊന്നുലക്ഷം ടൺ കരുപ്പകട്ടിക്ക് അമ്പതുകോടിരൂപ വിലകിട്ടും. ഈ കുടിൽവ്യവസായംമൂലം ഇരുപതുലക്ഷം ആളുകൾക്ക് നിത്യവും തൊഴിൽ ഉണ്ടായിരിക്കും. ഇപ്പോൾ കരിമ്പുകൃഷിചെയ്യുവാനുന്ന ഒൻപതുലക്ഷം ഏക്കർ ഭൂമിയെ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് ഉപയോഗിക്കയുംചെയ്യാം. ഈ സ്ഥലത്തുനിന്നും രണ്ടരലക്ഷം ടൺ ഗോതമ്പോ, മൂന്നുലക്ഷംടൺ നെല്ലോ ഉൽപ്പാദിപ്പിക്കാവുന്നതാണ്. ഇന്ന് ഇന്ത്യയ്ക്കു കാവുള്ള ഭക്ഷ്യധാന്യത്തിൽ ഒരു ഭാഗം ഇങ്ങനെ പരിഹരിക്കാവുന്നതാണ്. ഇതിൽനിന്നും പന, കരുപ്പകട്ടിവ്യവസായം ഇവയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ മഹത്വവും, സ്ഥിതിയും എത്രമാത്രമെന്നു സാമാന്യമായി മനസ്സിലാക്കാവുന്നതാണ്. അതിനാൽ സ്വരാജ്യസ്നേഹവും രാജ്യാഭിമാനവുമുള്ള നാം നിത്യാവശ്യങ്ങൾക്ക് കരിപ്പകട്ടി ഉപയോഗിക്കേണ്ടതാണ്.

അക്കാനി

പനയുടെ ഇളംക്കുമ്പകം മർദ്ദിച്ച് മൂപ്പേറിയ കത്തികൊണ്ട് വൃത്താകൃതിയിൽ ചേർത്തിക്കുന്നതിനെറാമ്പലമായി നിറമില്ലാത്ത ഒരിനം ദ്രവകം ഊറിവരുന്നു. ഈ ദ്രവകത്തെ "അക്കാനി" എന്നു പറഞ്ഞുവരുന്നു. ഇറിറുവീഴുന്ന ദ്രവകത്തെ മൺപാത്രങ്ങളിൽ ശേഖരിക്കുന്നു. അന്തരീക്ഷത്തിലുള്ള ചില അണുക്കളുടെ പ്രവർത്തനഫലമായി ദ്രവകം കള്ളായി രൂപാന്തരപ്പെടുന്നുണ്ട്. അക്കാനി കള്ളാകാതെയിരിക്കുവാൻ ഓരോ പാത്രത്തിലും അല്പം ചുണ്ണാമ്പ് ചെത്തുകാരൻ ഒഴിക്കുന്നു. ഈവിധത്തിലൊഴിക്കുന്ന അക്കാനിയെ വാറ്റിച്ച് പാകപ്പെടുത്തിയാണ് കരുപ്പകട്ടി ഉണ്ടാക്കുന്നത്. കള്ളായി രൂപാന്തരപ്പെടാതിരിക്കുവാൻ ചേർക്കുന്ന ചുണ്ണാമ്പിന്റെ അളവ് വളരെ സൂക്ഷ്മമായിരിക്കണം. ഈ ചുണ്ണാമ്പ് കരുപ്പകട്ടിയുടെ രുചിയെ സാരമായി ബാധിക്കുന്നു. ആധുനികഗവേഷകന്മാർ ഇതിനു പല പ്രതിവിധികളും നിർദ്ദേശിച്ചിട്ടുണ്ട്.

അക്കാനിയും കള്ളും

അക്കാനിയെ ചിലർ "മധുരക്കള്ള്" എന്നു പറയാറുണ്ട്. ഈ പേരു തെറ്റിദ്ധാരണയുളവാക്കുന്ന ഒന്നാണ്. അക്കാനിയെ അപഗ്രഥിച്ചു (Analyse) നോക്കിയ ഫലം താഴെ ചേർക്കുന്നു—

ജലം (Water)	86·08%
അന്നജം (Carbo hydrate	13·2%
മാംസജം (Protein)	0·30%
കൊഴുപ്പ് (Fat)	0·02%
ധാതുലവണങ്ങൾ (Minerals)	0.40%

അക്കാനിയിൽ ആൽക്കഹോളിന്റെ (ചാരായത്തിന്റെ) അംശം തീരെ ഇല്ലെന്നു കാണാവുന്നതാണ്. ആയതിനാൽ അക്കാനി എത്രകുടിച്ചാലും ലഹരിയുണ്ടാകുന്നതല്ല. ഒരു മരത്തിൽ നിന്നുതന്നെ രണ്ടും ലഭിക്കുന്നുണ്ടെങ്കിലും അക്കാനിക്കും കള്ളിനും തമ്മിൽ സാരമായ അന്തരമുണ്ടുള്ളത്. പച്ച വിൻപാല് പുളിച്ചു തൈരാകുന്നതുപോലെയാണ് അക്കാനി പുളിച്ചു കള്ളാകുന്നത്.

കരിപ്പകട്ടിനിർമ്മാണം

അക്കാനിയിൽ വീഴുന്ന പൊടി, ശലഭങ്ങൾ, മറ്റു മാലിന്യങ്ങൾ എന്നിവയെ അരിച്ചുമാറ്റി, വലിയ മൺപാത്രങ്ങളിലൊഴിച്ച് തിളപ്പിച്ചുകുറുക്കി ചിരട്ടയിലൊഴിച്ച് കരുപ്പകട്ടി ഉണ്ടാക്കുകയാണ് ഇപ്പോഴത്തെ പതിവ്. ഇപ്രകാരം തിളപ്പിക്കുന്നതുമൂലം ചുണ്ണാമ്പുകൂടി കരുപ്പകട്ടിയിൽ ചേരുവാൻ ഇടവരുന്നു. പൊക്കമുള്ള മൺപാത്രങ്ങളിൽ അക്കാനിക്കാച്ചി വാറ്റിക്കുന്നതുകൊണ്ട് പലപ്പോഴും പുക ഞെരുപോകുകയുംചെയ്യുന്നു. അശാസ്ത്രീയവും, അനാകർഷകവുമായ ഈ രീതി പാടെ ഉപേക്ഷിക്കേണ്ടതാണ്.

അക്കാനിയിൽ സൂപ്പർഫോസ്പെറ്റ് ചേർത്തു ചുണ്ണാമ്പിനെ വേർതിരിച്ചു തെളിച്ചുമാറ്റണം. ഇപ്രകാരം ശുദ്ധിചെയ്ത അക്കാനി, പൊക്കംകുറഞ്ഞതും അടിത്തട്ടു പരന്നതുമായ ഇരുമ്പുപാത്രത്തിൽ തിളപ്പിച്ചു വാറ്റിക്കണം. അതിനെ ആകർഷകമായ ആകൃതിയിൽ വാർത്തെടുക്കണം. പുകയടിക്കാതിരിക്കുന്നതിനും, സമയലാഭം ഉണ്ടാക്കുന്നതിനും, വിറകിന്റെ ചെലവുകുറയ്ക്കുന്നതിനും പറഞ്ഞിയ ഒരുതരം അടുപ്പ്, പുതിയരീതിയിൽ വലിയ ചെലവില്ലാതെ എളുപ്പം ഉണ്ടാക്കാവുന്നതാണ്. ഇങ്ങനെ ഉണ്ടാക്കുന്ന കരുപ്പകട്ടിക്ക് ആസ്വാദ്യത വളരെക്കൂടും. ആകൃതിഭംഗിയും നിറവും കരുപ്പകട്ടി വാങ്ങുന്നതിനു പ്രേരണനൽകാതിരിക്കുകയില്ല. ഈ രീതി ഈ വ്യവസായത്തെ പ്രയോജനപ്പെടുത്തുകയും അഭിവൃദ്ധികരമാക്കിത്തീർക്കുകയുംചെയ്യും.

അഞ്ഞൂറുരൂപ വിലയുള്ള ഒരു സെൻട്രിഫ്യൂഗൽമെഷീൻ (Centrifugal machine)കൊണ്ട് ദിവസം പ്രതി 200 റാത്തൽ പഞ്ചസാര അക്കാനിയിൽനിന്നും എടുക്കാവുന്നതാണ്. പ്രസ്തുത നവീനരീതി ഏറ്റവും ലാഭകരവും വ്യവസായപുരോഗതിക്ക് സഹായകരവുമായിരിക്കും. ആധുനികരീതി പ്രചരിപ്പിക്കുന്നതിനും, ഗ്രാമീണരെ പരിശീലിപ്പിക്കുന്നതിനും, സഹകരണാടിസ്ഥാനത്തിൽ വ്യവസായത്തെ സംഘടിപ്പിക്കുന്നതിനും തിരുവിതാംകൂർ-കൊച്ചി ഗവർമെന്റ് ഒരു പാംഫർ ഓഫീസറേയും ആറു പാംഫർ ഇൻസ്ട്രക്ടർമാരേയും നിയമിച്ചിട്ടുണ്ട്. കുടിൽവ്യവസായബോർഡു് ഇവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. പാംഫർ ഇൻസ്ട്രക്ടർമാർ നാഗർകോവിൽ, തക്കല, കുഴിത്തുറ, നെയ്യാറിൻകര, കുറ്റാലം, ചിറ്റൂർ എന്നീ സ്ഥലങ്ങളിൽ താമസിച്ച ജോലിചെയ്യുവരുന്നു. ഓർഗനൈസറുടെ ഹെഡ്ക്വാർട്ടേഴ്സ് നെയ്യാറിൻകരയാണ്.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ ഇപ്പോൾ കരുപ്പകട്ടിത്തൊഴിലാളികളുടെ അഭ്യുന്നതിക്കും കരുപ്പകട്ടിയുടെ ക്രയവിക്രയത്തിനുമായി അൻപത്തിരണ്ടു പ്രാഥമികസഹകരണസംഘങ്ങളും പ്രവർത്തിച്ചുവരുന്നു. വ്യവസായകേന്ദ്രങ്ങളിൽ കുടിൽ കരുപ്പകട്ടിസഹകരണസംഘങ്ങളും രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. തൂശ്ശൂരിലും മറ്റൊണ്ടത്തും ഓരോ കേന്ദ്രസഹകരണസംഘങ്ങളും ഇതിനകം സ്ഥാപിതമായിട്ടുണ്ട്. പ്രസ്തുത കേന്ദ്രസംഘങ്ങളിൽ പ്രാഥമിക സഹകരണസംഘങ്ങളെ സംഘടിപ്പിച്ച് പ്രവർത്തനം വിപുലവും വിജയപ്രദവുമാക്കുന്നതാണ്.

ക്രൗൺവരെ, കുടുംബത്തിലെ കുഞ്ഞുങ്ങളുടെ എണ്ണം അനുസരിച്ച്, ഓരോ ശിശുവിനും നൽകപ്പെടുന്നു 1952-ൽ 24,18,500 കുഞ്ഞുങ്ങൾക്കായി 6605800000 ക്രൗൺ ചിലവുചെയ്തിട്ടുണ്ട്. (ചെക്കോ: ഇൻ: സർവീസ്)

★

കലാബോധവും തത്വചിന്തയും

★

— പി. ഏ. ജോസഫ് —

> വിമാരങ്ങളുടെ അദൃശ്യക്ഷസ്ഥാനത്തുനിന്നകൊണ്ട് മസ്തിഷ്കത്തിനു തന്റെ അധികാരങ്ങളെപ്പറ്റി പ്രസംഗിക്കാനുണ്ടെങ്കിൽ വികാരങ്ങളുടെ കേന്ദ്രസ്ഥാനത്തുനിന്നകൊണ്ട് ഹൃദയത്തിനു അവകാശവാദംചെയ്യാനും ന്യായങ്ങൾ കാണും. പക്ഷെ കുട്ടികളുടെ ബാലിശവാദപ്രതിവാദംപോലെ 'അണ്ടിയോ മാങ്ങയോ മൂത്തത്' എന്ന മട്ടിൽ ഇതിനെപ്പറ്റി വാദപ്രതിവാദംചെയ്യുന്നതു് അനാശാസ്യംമാത്രമല്ല അന്തസ്സാരവിഹീനവുമത്രെ.

തന്റെ മനോദർപ്പണത്തിൽ പ്രതിബിംബിതമാകുന്ന വസ്തുക്കളുടേയും വസ്തുതകളുടേയും സൌന്ദര്യംശത്തെ കാണുകയും കാണിക്കുകയുംചെയ്യുന്നവനാണ് കലാകാരൻ എന്ന സാമാന്യമായി പറയാം. ഒരു തത്ത്വജ്ഞാനിയോ ശാസ്ത്രജ്ഞനിയോ വിശകലനവിചക്ഷണതയോടെ വാദപ്രതിവാദംചെയ്യുന്നതോ ലബോറട്ടറിയിലെ വിധേയനായി പ്രതിപാദനത്തിനു മുതിരുന്നതോ കലാകാരൻ തയ്യാറില്ലായിരിക്കും. തന്റെ കലാവാസനയും അഭിരുചിക്കും ചേർന്ന വിധത്തിൽ ഓരോന്നും കാണുകയും അവയെ ബഹുജനസമക്ഷം തന്റെ കയ്യശമിരിക്കുന്ന വസ്തുക്കളുണ്ടാക്കിച്ചു പ്രദർശിപ്പിക്കുകയുമാണയാൾചെയ്യുന്നതു്.

വസ്തുവിന്റെ സൌന്ദര്യാംശങ്ങളെ ആസ്വദിക്കുന്നോ അതു കലാകാരൻ വെമ്പുന്നതെങ്കിൽ പരമാർത്ഥങ്ങളുടെ വിലക്ഷണവും വിരൂപവുമായ വസ്തുതകളെപ്പോലും ചിക്കിച്ചികഞ്ഞുനോക്കുന്നുണ്ട് തത്വചിന്തകൻ വെമ്പുന്നതു്. പരമാർത്ഥത്തെ ആരാഞ്ഞുനോക്കുവാൻവേണ്ടി പരമസുന്ദരമായവയുടെ മുഖത്തും ദേഹത്തും നഖക്ഷതം ഉണ്ടാക്കുകമാത്രമല്ല ഒരുപക്ഷെ അവയെ നിർദ്ദയം കൊന്നകളഞ്ഞിട്ടുപോലും അയാൾ സത്യം കണ്ടുപിടിക്കാൻനോക്കും, ശവച്ഛേദനബുദ്ധ്യാ പരമാർത്ഥത്തെ അഭിമുഖീകരിക്കാൻ നോക്കും.

മേല്പറഞ്ഞ രണ്ടുകൂട്ടരുടേയും സാങ്കേതികമാർഗ്ഗങ്ങളും അർത്ഥസങ്കല്പനങ്ങളും ആദർശങ്ങളും വിഭിന്നമായ രണ്ടുചേരികളിൽക്കൂടിയാണ് മുന്നോട്ടുപോകുന്നതു്. എന്നാൽ കവിക്കും തത്വജ്ഞാനിക്കും വാക്കുകളുടെ പ്രയോഗമെങ്കിലും പൊതുവായിട്ടുണ്ടെന്നുപറയാം. പക്ഷെ വാഗ്സാഗരത്തിലെ ഓരോ അർത്ഥസങ്കല്പങ്ങളാകുന്ന പൊങ്ങുതടികളിന്മേൽ പിടിയുറപ്പിച്ചുകൊണ്ട് ഓരോവഴിക്കു നീന്തുന്നവരാണിരണ്ടുകൂട്ടരും. അതുകൊണ്ടു് വാസ്തവം എങ്ങിനെയായാലും പ്രത്യക്ഷത്തിൽ ഇവരിരുവരും ബദ്ധവൈരികളായിട്ടാണ് കാണപ്പെടുന്നതു്.

കവിയും ചിത്രകാരനും എന്നപോലെതന്നെ തത്വവിജ്ഞാനിയും ലക്ഷ്യത്തെ തേടിക്കൊണ്ടുതന്നെ പ്രയാണംചെയ്യുന്നവനാണ്. പക്ഷെ തത്വവിജ്ഞാനിയുടേതു് ചോദ്യച്ചിഹ്നങ്ങളാൽ അലട്ടപ്പെടാതെ, സംശയങ്ങളൊന്നിനും ഒരു നിശ്ചയത്തിൽ എത്തിച്ചേരുവാനുള്ള പ്രയാണമാണ്. ചോദ്യചിഹ്നംതന്നെയായ മനുഷ്യൻ ചോദ്യങ്ങളാകെ അറിഞ്ഞ പരമസത്യത്തിലേക്കെത്തിച്ചേരുവാൻ എത്രമാത്രം പ്രയാണംചെയ്യണം! ശ്രീ. എത്രതന്നെ പോകേണ്ടിവന്നാലും ശരി അവിടംവരെയെത്താതെ അടങ്ങുന്ന വനമല്ല തത്വചിന്തകൻ. ശ്രീരാമകൃഷ്ണപരമഹംസർ പറഞ്ഞ ഉപ്പുന്തോപോലെ കടലിന്റെ ആഴം അളക്കുവാൻപോയ ഉപ്പുപാവ ഒടുവിൽ കടലിനോടുതന്നെ അലിഞ്ഞുചേർന്നപോയകഥപോലെയിരിക്കും തത്വചിന്തകന്റെ അന്ത്യം.

അപ്പോൾ, ഈ ഗവേഷണതൃഷ്ണ അർത്ഥശൂന്യമാകുമോ? ഇല്ല. അയാളുടെ ഗവേഷണഫലമായി അനേകം തത്വങ്ങൾ സംലബ്ധമായിട്ടുണ്ട്. അവയാണ് അനന്തരതലമുറകൾക്കു പ്രയാണംചെയ്യാനുള്ള മാർഗ്ഗം തെളിയിച്ചിട്ടുള്ളതു്. ഈരണ്ടുശൈലികളുടെ വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ടെങ്കിലും കലാകാരനും തത്വചിന്തകനും ചില കാര്യങ്ങളിൽ സാമ്യമുള്ളവരാണ്. കലാകാരൻ തന്റെ വാസനാവൈഭവത്താലും ധിഷണാപാടവത്താലും കലാസൃഷ്ടിചെയ്യുന്നതിനു ചില നിദർശനങ്ങളിലും നിഗമനങ്ങളിലും എത്തിച്ചേരുന്നു. അതു് അയാളുടെ വ്യക്തിപരമായിട്ടുള്ള അഭിപ്രായങ്ങളായിരിക്കുന്നു, ശരിതന്നെ. എങ്കിലും സ്വന്തം അനുഭവങ്ങളുടേയും യുക്തിയുടേയും സന്താനങ്ങളാണ് അവ; തത്വജ്ഞാനിയുടേതുപോലെ. അങ്ങനെ തന്റെ വ്യക്തിപരമായ നിലപാടിലെങ്കിലും കലാകാരനും ഒരു തത്വജ്ഞാനിതന്നെ. തത്വജ്ഞാനിയും — നിരീക്ഷണപരീക്ഷണങ്ങളിൽക്കൂടിയായാലും, ശവച്ഛേദനവിശകലനമാർഗ്ഗേണയായാലും തന്റെ ധിഷണയാകുന്ന കാൻവസ്സിൽ യുക്തിയുടെ തൂലികകൊണ്ടു് അനുഭവങ്ങളാകുന്ന ചായപ്പകിട്ടോടുകൂടി ചിത്രങ്ങൾ വരയ്ക്കുന്ന ഒരു കലാകാരൻതന്നെ. പ്ലേറ്റോ പറയുകയുണ്ടായി — "വിശിഷ്ടതരത്തിലുള്ളൊരു സംഗീതംതന്നെയാണ് തത്വവിജ്ഞാനം."

പരസ്പരബന്ധം

ഈരണ്ടു പ്രസ്ഥാനങ്ങളും തമ്മിലുള്ള സാമ്യംകൊണ്ടുമാത്രമല്ല ഒരു തത്വചിന്തകനു് മനുഷ്യനെ ആശ്ലേഷിച്ചുന്നല്ല സ്വന്തനിലനിൽപ്പിനെത്തന്നെ ആധാരമാക്കി ഒരു കലാകാരനേയോ കലാസൃഷ്ടിയേയോ അവഗണിക്കുവാൻവയ്യാ. ബൃഹത്തായ ഈ പ്രപഞ്ചത്തിലെ ഓരോ ഘടകങ്ങളേയും വേർതിരിച്ചെടുത്തു വിവക്ഷിക്കുവാൻ യത്നിച്ചിട്ടുള്ളവരാണ് തത്വചിന്തകന്മാർ എന്നതന്നെ പറയട്ടെ. അതോടൊപ്പംതന്നെ പ്രസ്തുത ജോലി വേറൊ രുപത്തിൽ നിർവഹിച്ചിട്ടുള്ളവരും നിർവഹിക്കാനൊരുങ്ങിട്ടുള്ളവരുമാണ് കലാകാരന്മാർ എന്നും പറഞ്ഞുകൊള്ളട്ടെ. അങ്ങനെ കലാകാരന്മാരുടെയും, ശാസ്ത്രജ്ഞന്മാരുടെയും, രാഷ്ട്രീയമീമാംസകന്മാരുടെയും, തത്വചിന്തകന്മാരുടെയും എന്നുവേണ്ടാ എല്ലാവരുടെയും കൂടിയുള്ള ഒരു പൊതുസമ്പാദ്യമാണ് പ്രപഞ്ചം. അതിലെ ഒരു ചെറിയ ഘടകത്തേയോ അണുവിനേയോ എടുത്തുനോക്കിയൽ ഇവരുടെയെല്ലാം കൂടിയുള്ള ആകത്തുകയുടെ ഒരു് വീതാംശം കാണാം. അതിൽനിന്നു ഒരണുവിനെ ഒറ്റതിരിച്ചെടുത്തു നിരീക്ഷണം ചെയ്തുകൊള്ളട്ടെ, വിമർശിച്ചുകൊള്ളട്ടെ, എന്തുമായിക്കൊള്ളട്ടെ, ആപേക്ഷികമായിട്ടല്ലാതെ സ്വയംഭൂവായി ഇവയിൽ ഒന്നിനെങ്കിലും നിലനില്പുണ്ടെന്നു സാധ്യമല്ലെന്നു കാണാം.

വികാരങ്ങൾകൊണ്ടുള്ള കസർത്തുകളിയല്ലേ കലയിൽ അധികപങ്കും കാണുന്നതു് എന്നൊരാക്ഷേപം തത്വചിന്തകന്റെ ഭാഗത്തുനിന്നു പുറപ്പെടുവിക്കാറുണ്ട്. വാസ്തവം; വികാരങ്ങളുടെ അനുലോമപ്രതിലോമപ്രവർത്തനങ്ങളാണ് കലയിൽ പ്രകടമായി കാണാറുള്ളതു്. പഞ്ചേന്ദ്രിയങ്ങളുടെ പ്രവൃത്തിമുഖേനയാണ് ധിഷണാപരമായി മനുഷ്യന്റെ ശക്തിയെ നിലനിർത്തിക്കൊണ്ടുപോകുന്നതെന്നു ശരീരശാസ്ത്രം അഭിപ്രായപ്പെടുന്നുണ്ട്. ഈ പഞ്ചേന്ദ്രിയങ്ങളെ ത്രസിപ്പിക്കയും രസിപ്പിക്കയും ചെയ്യുന്നതിൽ വലിയൊരുപകാരമാണ് കലാനിർവഹിക്കുന്നതെന്നതും സുവിദിതമത്രേ. ഈ സ്ഥിതിക്കു ധിഷണാപരമായി കൂട്ടുതൽ ഉണർവ് സിദ്ധിക്കേണ്ടവനായ തത്വചിന്തകൻ കലയെ പ്രത്യേകം ബഹുമാനിക്കേണ്ടവനായിട്ടാണിരിക്കുന്നതു്.

ഔചിത്യഭിക്ഷ

സൌന്ദര്യാവബോധത്തെ ആധാരമാക്കിക്കൊണ്ടുള്ള കൃതികളുണ്ടാക്കുകയാണല്ലൊ കലാസൃഷ്ടികൾ. ഇവിടെ ഒരു മലിപിണയവേണ്ട. എന്താണീ സൌന്ദര്യം? വെറും ഭൗതികംമാത്രമോ ഭോഗതൃഷ്ണയിൽനിന്നോ മാംസദാഹത്തിൽനിന്നോ ഉടലെടുത്ത കണ്ണുകൾനികൂടി കണ്ടുപ്പെടുന്ന ഒരു സൌന്ദര്യമുണ്ട്. ഈ സൌന്ദര്യത്തിൽ ബാഹ്യസൌന്ദര്യത്തിൽ ആകൃഷ്ടമായിട്ട് കലാപ്രവർത്തനങ്ങളിൽ ഏർപ്പെ

2

മാക്കുവാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഈ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കരുപ്പകട്ടിവ്യവസായത്തെ ആദായകരവും കാര്യക്ഷമവുമാക്കീടുന്നതിനും, നവീനരീതികൾ പ്രചരിപ്പിക്കുന്നതിനും മറ്റുമായി കഴിഞ്ഞ സാമ്പത്തികവർഷത്തിലെ ചെലവിനു് ഗവർമെൻറ് 67,000 രൂപ അനുവദിച്ചു. ഈ തുകയിൽനിന്നും 5,000 രൂപ കേന്ദ്രസംഘങ്ങൾക്കും, 20,000 രൂപ പ്രാഥമികസംഘങ്ങൾക്കും ഗ്രാന്റായി കൊടുത്തിട്ടുണ്ട്. കരുപ്പകട്ടി വ്യവസായാഭിവൃദ്ധിക്കു പറ്റുപ്പെടുമായ പുതിയ ഇരുമ്പുപാത്രങ്ങൾ തുടങ്ങിയ ഉപകരണങ്ങൾ വ്യവസായികളുടെയിടയിൽ സൗജന്യമായി വിതരണംചെയ്യുന്നതിനു 20,000 രൂപ അനുവദിച്ചിട്ടുള്ളതും, അതു ഉടൻ വിതരണംചെയ്യുന്നതുമാണ്. ഈ സാമ്പത്തികവർഷത്തിലെ ചെലവിലേയ്ക്കായും ഉടരാമായ ഒരു തുക ഗവർമെൻറ് അനുവദിച്ചിട്ടുണ്ട്. ആകെ ചെലവിൽ 50 ശതമാനം കേന്ദ്രഗവർമെൻറ് സഹായധനമായി തരുമെന്നു പ്രതീക്ഷിക്കുന്നു.

കരുപ്പകട്ടിവ്യവസായ വികസനത്തിന്റെയും കരുപ്പകട്ടിത്തൊഴിലാളികളുടേയും ശ്രേഭസൂചകമായ ഭാവിയുടെ അരുണോദയം കണ്ടുതുടങ്ങിയിരിക്കുന്ന ഈ ഘട്ടത്തിൽ ജനക്ഷേമകാംക്ഷികളായ നേതാക്കന്മാരും പൊതുജനങ്ങളും കരുപ്പകട്ടിത്തൊഴിലാളികളും ആത്മാർത്ഥമായി സഹകരിച്ചു്, കരുപ്പകട്ടിവ്യവസായ വികസനപദ്ധതിയെ വിജയിപ്പിക്കുമെന്നും, രാഷ്ട്രീയമായ മഹത്വവും വിലയും വിസ്മരിക്കയില്ലെന്നും ന്യായമായി പ്രതീക്ഷിക്കുന്നു.

★

അഴിപ്പുതിപ്പ്

ട്ടുന്നവരുണ്ട്: ലൈംഗികവികാരങ്ങളെ തട്ടിയുണർത്തുവാൻമാത്രമുള്ള കലാപ്രകടനം. ഇതു നീചവും നിന്ദ്യവുമാണെന്നുള്ളതിന് രണ്ടുപക്ഷമില്ല. കലയുടെപേരിൽ ഇങ്ങനെയുള്ള പേക്കൂത്തുകളും കാട്ടിക്കൂട്ടുന്നതു കണ്ടിട്ട് കലകളെ പൊതുവേ ആക്ഷേപിക്കുന്ന തത്വവാദികളുണ്ട്. അങ്ങിനെയുള്ളവരോട് ഒന്നേമോ ഭിക്കുവാനുള്ളൂ. അണുബോംബ്, ഹൈഡ്രജൻബോംബ് മുതലായ കണ്ടുപിടിത്തങ്ങളും മാരകയന്ത്രങ്ങളും കൊണ്ട് ശാസ്ത്രത്തിന്റെ മുഖച്ഛായ കരിവാരിത്തേയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ? മനുഷ്യന്റെ സ്വാർത്ഥപ്രതിപത്തികൊണ്ടും മറ്റും അവൻ ദുഷിച്ചുപോകുന്നെങ്കിൽ ശാസ്ത്രത്തെ പഴിച്ചിട്ടെന്തുകാര്യം.

തത്വവിജ്ഞാനിയുടെ ഘനഗംഭീരങ്ങളായ തത്വസംഹിതകളും അതേപ്രകാരത്തിൽ വിഴുങ്ങുവാനോ വിഴുങ്ങിയാൽ ദഹിക്കുവാനോ പറ്റുന്നതല്ല. ജനങ്ങളുടെ മനഃസ്ഥിതിയെന്നും അവയെ കലയുടെ പൂച്ചുകൊണ്ട് ആകർഷകമാക്കി, അഥവാ പഞ്ചസാരയിൽപൊതിഞ്ഞ (ആരോഗ്യസംരക്ഷണത്തിനുചേരിയ) ഗുളികകളാക്കി കൊടുക്കുകയാണ് വേണ്ടതെന്നും തത്വവിജ്ഞാനികളിൽ ചിലർക്കും മനസ്സിലായിട്ടുണ്ട്. പക്ഷെ ചിലർ പ്രസ്തുത ഗുളികകളുടെ മധുരരസമാത്രം നുണഞ്ഞുകഴിഞ്ഞശേഷം ഗുളിക വിഴുങ്ങാതെ തുപ്പിക്കളയും. ഇങ്ങനെ പ്രസ്തുത പ്രവൃത്തികൊണ്ടുദ്ദേശിക്കപ്പെടുന്ന ഫലം ലഭിക്കാതെയുമിരിക്കാറുണ്ട്.

ചില കലാകാരന്മാർ സകുടുംബലാഭത്തെമാത്രംലക്ഷ്യമാക്കി മനുഷ്യരെ ആകർഷിക്കുന്നതെന്തൊക്കെയോ അവമാത്രം പ്രദർശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. അവരുടെ കൃതികളും മനോദൗർബല്യമുള്ളവരായ വലിയൊരു കൂട്ടം ജനങ്ങൾക്ക് രുചിക്കുന്നവയായേക്കാം. അതിൽനിന്നു മുതലെടുക്കുവാൻമാത്രമേ ആ കലാകാരന്മാർക്ക് ദ്വേഷമുള്ളൂ. ഇക്കൂട്ടർ ജനങ്ങളുടെ സംസ്കാരത്തെ ഭാരോപാടികളുയർത്തിപ്പിടിക്കുന്നുണ്ടെന്നു തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അധോഗമിപ്പിക്കുകയാണ് ചെയ്യുന്നതു്. അവർക്ക് സ്വന്തമായി പറയുവാനുള്ളതു നന്നേ ചുരുങ്ങും. ജനങ്ങൾക്കാവശ്യമായതെന്തെന്നു അവർ അന്വേഷിച്ചുകൊണ്ടിരിക്കും. അവ സുലഭമായി വച്ചു വിളമ്പുകയുംചെയ്യും. പ്രമേഹരോഗിക്കു പഞ്ചസാര ഇഷ്ടംപോലെകൊടുത്തു് അവർ രോഗിയുടെ സ്നേഹം സമ്പാദിക്കും.

പരമമായ ലക്ഷ്യത്തേയും ഉന്നതങ്ങളായ ആദർശങ്ങളേയും അധിഷ്ഠാനമാക്കിക്കൊണ്ടല്ലാതെ ജനങ്ങളുടെ താൽക്കാലത്തിനൊത്തു തുള്ളാൻതുനിയുന്ന കലാകാരൻ ഏവിടേക്കാണ് പ്രയാണംചെയ്യുന്നതെന്നു അവനുതന്നെ നിശ്ചയമുണ്ടായിരിക്കയില്ല. നല്ലതോ ചീത്തയോ എന്തായിരുന്നാലും വിരോധമില്ല. ജനങ്ങളുടെ അഭിപ്രായത്തിന്റെമാത്രം പിൻബലത്തോടുകൂടി മുമ്പോട്ടഗമിക്കുവാൻ ഉദ്ദേശിക്കുന്ന ഒരു കലാകാരനു് ഉൾക്കരുത്തു് വളരെ കുറയും. അവൻ ഒരു ഞെൻവണ്ടിയുടെ പിന്നെ ഘടിപ്പിക്കപ്പെട്ടിട്ടുള്ള കമ്പാർട്ടുമെൻറിനെപ്പോലെ 'വാലിൽതൂങ്ങി'യായിക്കഴിയുന്നു.

ആത്മവിസ്മൃതി

— റവ. എസ്. പൊന്നമ്മ ബി. എ., കോഴഞ്ചേരി —

മാതാവിൻ മണിക്കൈയിൽ മായാത്തപാടേല്പിച്ച
കുരിശുമിൻകുഞ്ഞനാം കുഞ്ഞാതീലെന്നാകിലും
മാനസംമുറിവാക്കുന്ന വേദനവമിച്ചീടും
ദീനരോദന രവമെങ്ങുമങ്ങുയരുന്നു.

ഉൾക്കടമമാവാസൃക്കുരിശും പരക്കയായ്!
പൊൽക്കതിരൊളിപുൽകും തരങ്ങളും പൊലികയായ്...!!

മായമാറുദ്യോതിക്കും ദിപത്തെ മറച്ചുകിൽ
സ്വീയമാം സരണിയെ സ്വീകരിപ്പതിനാരോ?

ബാപ്പുവിൻ പാദപ്പണപൂതമിദ്ദേശം, പക്ഷേ
ബാപ്പുവിൻ ധ്യാനാർദ്രമാം ഹൃത്തുകളും വിരളമാം
ലീനമിശ്ശരീരമി,ന്നുത്സവാഘോഷങ്ങളിൽ
പ്രാണനെക്കുറിച്ചില്ല തെല്ലുമേ വിചിന്തനം.....!

സ്വനസഞ്ചയം രംഗവേദിത്തിൽ പൊഴിച്ചെന്നാൽ
മാനസമാലിനൃങ്ങളാം മാറുവാനെളുതാരോ?

സപ്തസാഗരങ്ങൾക്കുമപ്പുറമെന്തേ ഹൃദ്യം?
തപ്തയായുഴലുംതൻ ജനിനാടിനെന്നോർക്കൂ.

കൊള്ളയിൽപുലരുന്ന കോയ്മയിൽ കൃതജ്ഞത
കൊള്ളുന്നതെ കൈയ്യക്കിൽ നീ വിശ്വാസം സമർപ്പിക്കൂ.....

ബാപ്പുവിൻ വചനങ്ങളാം വിസ്മൃതിച്ചമന്നെന്നാൽ
സാധ്യമോ സന്താപത്തിൻ സാന്ദ്രാന്ധകാരം നീക്കാൻ

★

കലയുടെ പ്രവർത്തനരംഗം

ആഹാരനിദ്രാഭയമൈഥുനാദിലക്ഷണങ്ങളും പ്രവർത്തികളും മറ്റൊല്ലാജന്തുജാലങ്ങളിലും നാം കണ്ടുവരുന്നുണ്ട്. അവയെ അപേക്ഷിച്ച് വിശിഷ്ടമായ ഈ മനുഷ്യവർഗ്ഗത്തിനുള്ള പ്രത്യേകത ബുദ്ധിശക്തിയാണെന്നുള്ളതു സുവിദിതമാണല്ലൊ. അങ്ങനെയിരിക്കെ വികാരങ്ങളെ ഇളക്കിവിട്ടുവാൻമാത്രമുള്ളതാണ് കലകളെങ്കിൽ അതുകൊണ്ട് എന്തൊരു പ്രത്യേക ഗുണമാണ് സിദ്ധിക്കുവാൻ പോകുന്നതു്. അപ്പോൾ ബുദ്ധി പൂർവ്വകംകൂടിയായിരിക്കണം മനുഷ്യന്റെ പ്രവൃത്തികൾ. ഈ ന്യായം വച്ചുകൊണ്ടുനോക്കിയാൽ കലാപ്രകടനം എന്നെന്നും സംസ്കാരത്തെ ഉദ്ദീപിപ്പിക്കയും ഉയർത്തുകയുംചെയ്യാൻ പാടുള്ളതായിരിക്കണമെന്നു തെളിയുന്നുണ്ട്. കലാകാരന്റെ യത്നം വികാരരക്ഷവാഹത്തിൽ ഒരു കോളിളക്കമാത്രമുണ്ടാക്കി അങ്ങിനെ അവസാനിച്ചുപോകുവാനുള്ളതല്ല; വിചാരശ്രേണിയിലെ ഒന്നിനൊന്നു ശ്രേഷ്ഠങ്ങളായ പടികളിൽ കയറാൻപാടുന്നതുംകൂടിയായിരിക്കണം അതു്.

പരിണാമവാദക്കാർ മനുഷ്യൻ കുരങ്ങിൽനിന്നോ മണ്ണാങ്കട്ടയിൽനിന്നോ പരിണമിച്ചതാണെന്നു് പാഞ്ഞുകൊള്ളട്ടെ. പക്ഷെ മനുഷ്യൻ മനുഷ്യനായതിൽപിന്നീടു് അവന്റെ മാനസികവിഭാഗത്തിൽ വലിയൊരുയർച്ചയുണ്ടായിട്ടുണ്ട്. പ്രസ്തുതവിഭാഗം എന്നുമാത്രം ഇനി ഉയരാനുണ്ടെന്നുള്ളകാര്യം ആലോചിച്ചാൽ, അഥവാ അവനു് എത്രമാത്രം മാനസികമായി ഉയരാമെന്നു ചിന്തിച്ചാൽ നാം അത്ഭുതസ്തിമിതരായിപ്പോകും. അത്രയുള്ള വലിയൊരു ശക്തിയാണ് മനശ്ശക്തി. ബ്രഹ്മത്തായ ഈ മാനസികശക്തിയെ ഉത്തേജിപ്പിക്കുന്ന ശ്രേഷ്ഠവും ഗൗരവാവഹവുമായ ജോലിയാണ് കലാകാരൻറേതു് എന്നു പറയുമ്പോൾ അതിന്റെ പ്രാധാന്യത ഏറെക്കുറെ ഊഹിക്കാമല്ലൊ.

സത്തയുടെ ചുറുചുറുക്കുകളിലേക്കു കടക്കുന്തോറും മനുഷ്യന്റെ ദുർബ്ബലങ്ങളായ മാനഭണ്ഡങ്ങളും ഓരോന്നായി യാത്രപറഞ്ഞു പിരിയുകയേ നിവൃത്തിയുള്ളൂ. വേറൊരു വിധത്തിൽ പറഞ്ഞാൽ കലാദേശനിമിത്തങ്ങളുടെ പരിധിക്കുള്ളിൽനിന്നുകൊണ്ടു മാത്രം തത്വചിന്തചെയ്യുന്ന മനുഷ്യന്റെ കുഴിയുകിംകം അതീതമായി ചില വസ്തുതകളുണ്ട്. അവയെ എങ്ങനെ വർണ്ണിക്കും, ആസ്വദിക്കും? കലയാകുന്ന പതംഗം ഭാവനയുടെ ചിറകുകൾ വിതുത്തു പാറിപ്പറക്കുന്ന വിഹാരരംഗമത്രെ അതു്:

ആദർശങ്ങൾ പ്രവർത്തികളാകുന്നു. സുഗന്ധവാഹിയായ ഒരു പുഷ്പത്തിന്റെ ഇതളുകൾ ഓരോന്നും പറിച്ചു പിച്ചിച്ചീന്തി അതിന്റെ ഘടകങ്ങളും സ്ഥിതിഗതികളും എന്തെന്നു ഒരു ശാസ്ത്രജ്ഞൻ പരീക്ഷിച്ചുകൊള്ളട്ടെ. അതിന്റെ മധുവെടുത്തു് അനലൈസുചെയ്തുകൊള്ളട്ടെ. പക്ഷെ എന്തുതന്നെചെയ്താലും അതിന്റെ ഘടകങ്ങളെല്ലാംകൂടി കൂട്ടിയാലും അതിന്റെ ആകത്തുക പുഷ്പമാകുന്നില്ല. സുഗന്ധത്തിന്റെ പ്രതീതിയും മധുവിന്റെ രസവുംകൂടി ചേരാതിരിക്കുന്നിടത്തോളംകാലം അതിനു സാരമായൊരു കുറവു്, അപൂർണ്ണതയുണ്ടു്. ഇപ്രകാരംതന്നെ പ്രകൃതിയിലും പ്രപഞ്ചത്തിലുംനിന്നു കലയെ പാടെ തുപ്പാന്തരപ്പെടുത്തുവാൻ സാധ്യമല്ല.

തത്വചിന്തകൻ ലോകത്തിന്റെ സ്ഥിതിഗതികളെ സൂക്ഷ്മനിരീക്ഷണംചെയ്തും പഠിച്ചും ഏതാനും തത്വസംഹിതകളെ ലോകസമക്ഷം നിരത്തിവയ്ക്കട്ടെ. രാഷ്ട്രീയമീമാംസകൻ സാമൂഹ്യതത്വങ്ങളെപ്പറ്റി വിദഗ്ധാഭിപ്രായങ്ങളും പുറപ്പെടുവിച്ചുകൊള്ളട്ടെ. അവ അപ്പാടെ ജനങ്ങളിൽ ഭേദഗതിയിലിഞ്ഞുചേരുമെന്നു വിചാരിക്കേണ്ട. നേരേമറിച്ചു കലാപരമായ പദ്ധതികളിൽക്കൂടി ആശയങ്ങളെ ജനങ്ങളിലേക്കു് എളുപ്പത്തിൽ ആവഹിപ്പിക്കുവാൻ സാധിക്കും. എന്തെന്നാൽ നിർബ്ബന്ധിച്ചുചെയ്യുന്നവ അവയുടെ സമർത്ഥത്തിന്റെ ശക്തി തീരെയോളം പൂർവ്വസ്ഥിതിയെ പ്രാപിക്കുന്നു. കല ഒരിക്കലും നിർബ്ബന്ധം ചെലുത്തുന്നില്ല. പ്രദർശിപ്പിക്കമാത്രം ചെയ്യുന്നു. 'കണ്ടുമോഹിച്ച്' ആളുകളും അവയെ സ്നേഹിക്കുന്നു, അനുസരിക്കുന്നു.


ഇപ്രകാരം സ്വീകരിക്കപ്പെടുന്ന ഗുണവിശേഷങ്ങളുടെ 'പ്രതിമകളും' ആളുകളും വളരെ ഇഷ്ടപ്പെടുന്നു. അവ അവരുടെ ആത്മീയാംശങ്ങളായി അലിഞ്ഞുചേരുന്നു. അവയിൽനിന്നുയിരെടുക്കുന്ന ഭാവനകളും അവരുടെ 'സ്വന്തം' ആയിത്തീരുന്നു. ഇങ്ങനെ പ്രേരോമുതൽപേരുടേതുമുതൽ ഗാന്ധിജി, ബർണാഡ്ഷാ മുതൽപേരുടേതുവരെയുള്ള സാഹിത്യകികചിന്താഗതി, നിയമസംഹിതകളുടേയും, അധികാരത്തിന്റേയും, നിബന്ധനകളുടേയും ശക്തിയേക്കാൾ



ശ്രുതിമധുരമായി ജനങ്ങളിൽ വേരുന്നു കയുണ്ടായി. സംസ്കൃതികമായി ജനസമൂഹങ്ങൾതമ്മിൽ ഒരു പരസ്പര ബന്ധമുണ്ടാക്കിയുയുത്തും ഈ ചിന്തഗതിയത്രേ. മതങ്ങൾ മനഷ്യർതമ്മിലുള്ള സംഘർഷത്തെപ്പറ്റി പ്രസംഗിച്ചു. സാമുദായിക പരിഷ്കർത്താക്കൾ സഹകരണത്തിന്റെ മേന്മകളെപ്പറ്റി പ്രസംഗിച്ചു. കലകൾ ഇവ രണ്ടും ചെയ്തു.

കലകൾ ധർമ്മവും മനഷ്യത്വവും ആകർഷണ ഉടുപ്പംപോലുമിട്ടുകൊണ്ട് സാമൂഹ്യമർമ്മോദ്ഘാടനം ചെയ്ത വിശിഷ്ടപദ്ധതികൾ രമണീയമായിച്ചു ജനതയുടെ അന്തസ്സ് പുലർത്തി. അവ വികാരനിർഭരങ്ങളായ നിമിഷങ്ങളെ വിചാരമന്ഥരങ്ങൾകൊണ്ടു വിശിഷ്ടമാക്കിത്തീർത്തു. ആവേശഭരിതങ്ങളായ അവസ്ഥകളെ ധ്വനീഭവിപ്പിച്ച് ആദർശസുന്ദരങ്ങളാക്കി ഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചു. മഹാത്തത്വങ്ങൾകൊണ്ട് വരച്ചുണ്ടാക്കപ്പെട്ട മഹാകാവ്യങ്ങൾ ജനതകണ്ട് ആകൃഷ്ടരായി പ്രസ്തുത ചിത്രങ്ങൾ അവരുടെ ഹൃദയങ്ങളിലും പകർത്തിവച്ച് അക്രമങ്ങൾ അനീതികൾ ഇതിലധികം മുണ്ടാകുമായിരുന്നു. പക്ഷെ അതിന്നിടയ്ക്കു ശ്രുതിമധുരമായ ഗാനലോപങ്ങൾ അക്രമികളെ സംഗീതകല പാടി ഉറക്കിക്കളഞ്ഞു. പാടത്തു പണിയെടുക്കാൻപോകുന്ന കൃഷിവലനം നൽത്തിയിൽ മുണ്ടനെയ്യാൻ പോകുന്ന നെയ്ത്തുകാരനും പാട്ടുപാടിക്കൊണ്ടു ജോലിചെയ്യുന്നതിന്റെ മേന്മ മനസ്സിലാക്കി. അങ്ങനെ തത്വചിന്തകന്റെ മാത്രമല്ല പരിഷ്കർത്താക്കൾ ഓരോരുത്തരുടേയും ആശയങ്ങൾക്കും ആദർശങ്ങൾക്കും നിറവും തിറവുംകൊടുത്തു ജനസാമാന്യത്തിൽ അലിയിച്ചുചേർത്തു പ്രായോഗികമാക്കുകയാണ് കലകൾ ചെയ്യുന്നു (ചെയ്യേണ്ട) പ്രവർത്തി.

കലാപ്രസ്ഥാനങ്ങൾ, ഇതു ഉപകാരപ്രദങ്ങളാണെങ്കിലും വഴിപിഴച്ചാൽ ഉപദ്രവകരങ്ങളുമാണ്. അപ്പോൾ അവയുടെ മാഹാത്മ്യംകൊണ്ടുണ്ടായ വൈകല്യങ്ങളെ തൊലിയുരിച്ചു കാണിക്കാൻ ഒരു തത്വചിന്തകന്റെ ആവശ്യകത വേണ്ടതിനും വൻകുട്ടിനും.



ഒരു സീലൻഡ് വിമാനത്തിന്റെ ഭാഗങ്ങൾ നാവികപരിശീലക്ക് കാണിച്ചുകൊടുക്കുന്നു.



എന്റെ കത്ത്

എത്രയും പ്രിയപ്പെട്ട കുട്ടിച്ചേച്ചിക്ക്,

ചേച്ചിയുടെ ഉപദേശനുസരണം പലതരത്തിലുള്ള തീപ്പെട്ടിപടങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കയാണ്. അതു് ഏതുതരത്തിൽ ആണ പ്രയോജനപ്പെടുത്തണമെന്നു് ഉപദേശിച്ചു തന്നാലും.

ഇപ്പോൾ പഞ്ചായത്തു തെരഞ്ഞെടുപ്പുസമയമാണു്. പ്രചരണം ഊർജ്ജിതമായി നടക്കുന്നുണ്ടു്. എനിക്കു് വോട്ടില്ലെങ്കിലും ഞാനും അങ്ങേ അറ്റം വക്കുചെയ്യുന്നുണ്ടു്. ഞാൻ ഇടതുപക്ഷക്കാരനാണു്. ചേച്ചിയും ഞാനും രാഷ്ട്രീയത്തിൽ ഒരു പക്ഷത്തിലാണോ അല്ലെയോ?

* * *

പഞ്ചായത്തു് എന്താണെന്നും മറ്റുമുള്ള ഒരു വിശദീകരണം ചേച്ചി പറഞ്ഞുതരുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ എന്റെ ചെറിയകത്തു് അവസാനിപ്പിച്ചുകൊള്ളട്ടെ.

എന്നു്,

ചേച്ചിയുടെ കൊച്ചനുജൻ

കെ. വിശ്വനാഥൻപിള്ള,

(അംഗനമ്പർ 906)

★

മര്യാദ ഇല്ലാ

ഒരുദിവസം ഒരുകുട്ടി ഒരു സ്നേഹിതനു് എഴുത്തു് എഴുതിക്കൊണ്ടിരിക്കയായിരുന്നു. അവൻ എഴുതിക്കൊണ്ടിരിക്കുമ്പോഴും ആ കുട്ടി അറിയാതെ ഉരുമ്മി പിൻപിൽനിന്ന അവൻ എഴുതുന്നതെല്ലാംനോക്കി വായിച്ചുകൊണ്ടിരിക്കയായിരുന്നു. എഴുതുന്ന കുട്ടി തന്റെ പിറകിൽനിന്നു എഴുത്തു വായിക്കുന്നവനെ കണ്ടുവെങ്കിലും കണ്ടില്ലെന്നുള്ളമട്ടിൽ തുടർന്നു. ഒടുവിൽ അവൻ ഇങ്ങനെ എഴുതി: "പ്രിയപ്പെട്ട സ്നേഹിതാ; എനിക്കു പല രഹസ്യങ്ങളും എഴുതി അറിയിക്കുവാനുണ്ടു്. എന്നാൽ ഞാൻ ഈ എഴുത്തു് എഴുതുമ്പോൾ എന്റെ പിറകുവശംനിന്നുകൊണ്ടു് മര്യാദഇല്ലാത്ത ഒരുകുട്ടി ഈ എഴുത്തുവായിച്ചുകൊണ്ടിരിക്കയാണു്. അതുകൊണ്ടു ഞാൻ അധികമൊന്നും എഴുതാൻ ആഗ്രഹിക്കുന്നില്ല." ഇതു വായിച്ചപ്പോൾ പിറകുവശത്തുനിന്ന കുട്ടി പറഞ്ഞു: "നീ എന്നെപ്പറ്റിപ്പോലും എഴുതുന്നതെന്തിനാണു്. നിന്റെ രഹസ്യം എന്തുകൊണ്ടു എഴുതിക്കൂടാ? എനിക്കു് മില്ല. ഞാൻ അങ്ങനെ അന്യർ എന്റെ കത്തുവായിച്ചിട്ടു് ആവശ്യമുള്ളതുമാത്രം എഴുതുന്ന കത്തു് വായിക്കുന്ന ഒരു മാന്യനാണു്. നിന്റെ കത്തുവായിച്ചിട്ടു് അവൻ എഴുതുന്ന കുട്ടി പറഞ്ഞു: "വളരെ നല്ലതു്. നീ അന്യർ എഴുതുന്ന എഴുത്തു് വായിക്കാത്തവനാണെന്നു പക്ഷേ ഇപ്പോൾ ഞാൻ എഴുതിയതു് നീ വായിക്കാതിരുന്നോ നിന്നെപ്പറ്റി ദ്വേഷ്യം എഴുതുന്നതെന്നു പറഞ്ഞതു്." ഇതുകേട്ടു് എഴുത്തുവായിച്ച കുട്ടി നാണിച്ചു് അവിടെനിന്നും ഓടിപ്പോയി.

ഡി. ശാന്താദേവി, (263)

★

അംഗങ്ങളുടെ പേരുവിവരം

(തുടർച്ച)

1315 റാവി, ജി. രാജമ്മ, തടാലിൽകിഴക്കതിൽവീടു്, ജനാർദ്ദനപുരം, കല്ലുമല, മാവേലിക്കര. (ചിത്രമെഴുത്തു്)

1316 പി. ജി. അരവിന്ദാക്ഷൻനായർ, വടക്കടത്തുവീടു്, കന്നിമേൽ, കിളികൊല്ലൂർ. (സ്ത്രീയിങ്കൽ)

1317 എം. സുകുമാരൻ C/o ആർ. സി. മുഖിയിൽ, വളപട്ടണം, ചിറയ്ക്കൽ. (ചിത്രംവരയ്ക്കൽ)

1318 കെ. ജി. അച്യുതവാര്യർ, കോട്ടാത്തലവാര്യം, കൊട്ടാരക്കര.

1319 സി. സുഭദ്രക്കുട്ടിഅമ്മ, ടി ടി (തയ്യൽ)

1320 സി. രാധാമണിഅമ്മ, ടി ടി (തയ്യൽ)

1321 കെ. ശാർങ്ങധരൻപിള്ള, കുരുകമൺവീടു്, കോട്ടാത്തല, കൊട്ടാരക്കര.

1322 പി. ജി. രാമമോഹനൻനായർ, ചേരിയിൽവീടു്, കിളികൊല്ലൂർ, കൊല്ലം:

1323 പി. ജി. സുകുമാരൻനായർ, ടി ടി

1324 ബി. ലളിതാംബിക, C/o പി. ഡബ്ലു. ഡി. സെക്ഷൻഓഫീസർ, പത്തനംതിട്ട, (സംഗീതം)

1325 ജി. കൃഷ്ണക്കുറുപ്പുൻനായർ, പൊറന്തിമഠം, ലക്ഷ്മിനടമുക്കു്, കൊല്ലം. (ചെറുകഥ)

1326 എച്ചു്. വെങ്കിടേശ്വരൻ, C/o എച്ചു്. സുബ്രഹ്മണ്യയ്യർ, നെടിയത്തുമഠം, കരുവാറ്റാ.

1327 എച്ചു്. വെങ്കിടാചലംഅയ്യർ ടി ടി ടി

1328 എം. കെ. രവീന്ദ്രൻനായർ, മല്ലപ്പള്ളിൽവീടു്, കീഴ്വേരിൽമേൽ, ചെങ്ങന്നൂർ. (കാർട്ടൺവരയ്ക്കൽ)

1329 കെ. കുമാരൻ, കാഞ്ഞിരംവിള, വടക്കുംകരവീടു്, അഞ്ചൽ, ഇടമുളയ്ക്കൽ.

1330 പി. ബി. കെ. സ്വാമി, പുത്തുപ്പള്ളിൽവീടു്, കുട്ടമ്പേരൂർ, മാന്നാർ, (കവിത)

1331 എ. ഭുജംഭീഭായിഅമ്മ, ടി ടി (തയ്യൽ)

1332 വി. പി. ഷൺമുഖംപിള്ള, വലിയിറക്കത്തുവീടു്, പത്തനംതിട്ട, (ചെറുകഥ)

1333 എം. എം. ബാലകൃഷ്ണൻ, പടിഞ്ഞാറെപന്തലവളപ്പിൽവീടു്, വട്ടംകുളം, ഇടപ്പാളം, S. മലബാർ. (തീപ്പെട്ടിപ്പടംശേഖരണം)

1334 എസ്സു്. വിശ്വനാഥശർമ്മ, ശ്രീവിലാസം, പുന്നത്തല, കൊല്ലം, (സാഹിത്യം)

1335 എം. മുരളീധരൻ, സരളാമന്ദിരം, കവലയൂർ.

1356 എം. സോമശേഖരൻനായർ, തൊടിയിൽവീടു് T. C. 338 ചെട്ടികുളങ്ങര, തിരുവനന്തപുരം. (ചിത്രമെഴുത്തു്)

1337 ഏ. തങ്കപ്പൻപിള്ള, T. C. 530 A പാളയംവാർഡു്, തിരുവനന്തപുരം. (ചെറുകഥ)

1338 ഡി. രാധാമണിഅമ്മ, പായിക്കാട്ടുവീടു്, ആനാരി, ഹരിപ്പാടു്. (സംഗീതം)

1339 ഡി. ശ്യാമളകുമാരി ടി ടി ടി (ചെറുകഥ)

1340 എൻ. രാധാകൃഷ്ണൻനായർ, തോട്ടാശ്ശേരിൽവീടു്, ആനാരി, ഹരിപ്പാടു്.

1341 എൻ. സുന്ദരേശൻ, തേന്നല്ലൂർവീടു്, തേന്നല്ലൂർ, പന്തളം.

1342 ജി. ഫ്രാൻസിസ്സു്, മാളികവീടു്, ജോനകപ്പുറം, കൊല്ലം. (സ്റ്റാമ്പു ശേഖരണം)

(തുടരും)

മന്ദന്മാരായ മന്ത്രിമാർ

ഒരിടത്തു് ഒരു ബുദ്ധിമാനായ രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു് ജനങ്ങൾ വളരെ സന്തോഷത്തോടും സമാധാനത്തോടും ജീവിച്ചുവന്നു. എന്നാൽ അദ്ദേഹത്തിന്റെ മന്ത്രിമാർ വളരെ മടിയന്മാരായിരുന്നു. അവർ ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിച്ചിരുന്നില്ല. അതിനാൽ രാജാവു് അവരെ ഒരു പാഠം പഠിപ്പിക്കുവാൻ നിശ്ചയിച്ചു.


അദ്ദേഹം ഒരു പട്ടിയെവാങ്ങി അതിനു് കുട്ടികളുണ്ടാകുന്നതുവരെ വളർത്തി. പട്ടിക്കുട്ടികൾക്കു കുറച്ചുപ്രായം ആയപ്പോൾ അദ്ദേഹം തന്റെ മടിയന്മാരായ മന്ത്രിമാരെ വീളിച്ചു് ആ പട്ടിക്കുട്ടികളിൽഒരെണ്ണത്തെ തനിക്കു വേണ്ടി തിരഞ്ഞെടുക്കുവാൻആജ്ഞാപിച്ചു. അവർ പറഞ്ഞു—"ഏതാണ് നല്ലതെന്നു് ആർക്കും തിരിച്ചറിയാൻ സാധിക്കാത്തവണ്ണം അവ വളരെ ചെറുതാണു്. അതിനാൽ ഒരു മാസം കഴിഞ്ഞിട്ടു് ഞങ്ങൾ ഏതാണു നല്ലതെന്നു പറയാം." രാജാവു് അതു സമ്മതിച്ചു. പട്ടികളെ രണ്ടിനെയും വളർത്തുന്നതിനു ഒരു വേലക്കാരനെ ഏല്പിച്ചു. ഒന്നിനു് നല്ല പോഷകാംശമുള്ള ആഹാരവും മറ്റേതിനു വ്യത്യസ്തമായ ആഹാരവും കൊടുക്കുവാൻ രാജാവു് ഏർപ്പാടുചെയ്തു. മന്ത്രിമാർ ഈ വിവരം അറിഞ്ഞില്ല. ഒരുമാസം കഴിഞ്ഞു് വീണ്ടും പട്ടിക്കുട്ടികളെ മന്ത്രിമാരുടെ മുമ്പിൽ കൊണ്ടുചെന്നു. അവയിൽ ഒന്നു് തടിച്ചുകൊഴുത്തിരുന്നു. രണ്ടാമത്തേതു വളരെ ക്ഷീണിച്ചും ഇരുന്നു. മന്ത്രിമാരെല്ലാം തടിച്ച പട്ടിയെ രാജാവിനു വളർത്താനായി നിർദ്ദേശിച്ചു. എന്നാൽ രാജാവുകണ്ടെത്തിയതു പട്ടിയാണു നല്ലതു് എന്നു് ഒരു പരീക്ഷണംമൂലം കണ്ടുപിടിക്കുന്നതു നിശ്ചയിച്ചതു്. അതിനാൽ അദ്ദേഹം മറിയുടെ ഒരു മൂലയിൽ ഒരു തളിക നിറച്ചു് നല്ല ആഹാരവും മറിയുടെ നടുക്കു ഒരു ജീവനുള്ള എലിയെയും വെയ്പിച്ചു. തടിച്ച പട്ടിയുടെ ശ്രദ്ധ മുഴുവനും ആഹാരത്തിൽ പതിഞ്ഞു. രണ്ടാമത്തെ പട്ടിയാകട്ടെ രണ്ടിലും ശ്രദ്ധ പതിപ്പിക്കാത്തമട്ടിൽ ഒരു സ്ഥലത്തു പതുങ്ങിയിരുന്നു. തടിച്ച പട്ടി തളികയുടെ അരു



കിടങ്ങന്നൂർ വിജയാനന്ദാശ്രമാധിപതിയായ ശ്രീ വിജയാനന്ദസ്വാമികളും, ശ്രീചിത്രപൗർണ്ണമിമഹാമഹം സംബന്ധിച്ചു മേടം 15-ന കൂടിയ മതസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കാൻ സമാഗതനായ ശ്രീ: മന്നത്തുപത്മനാഭനെ പുഷ്പമാലയും ചാർത്തി സ്വീകരിക്കുന്നു.



അദ്ധ്യക്ഷസ്വീകരണ ഘോഷയാത്ര.



മതസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു ശ്രീ: മന്നത്തു പത്മനാഭൻ പ്രസംഗിക്കുന്നു.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service

KRISHNAN NAIR'S WATCH Co

TRICHUR-ERNAKULAM & QUILON

ട്ടുക്കലേയ്ക്കു പാഞ്ഞു. അതുവരെയും അലസനായി ഇരുന്നിരുന്ന മറ്റൊരു പട്ടി ഈ സമയത്തു് ചാടിഎഴുന്നേറ്റു് എലിയെ പിടിച്ചുകൊന്നതിനു രാജാവു് വീണ്ടും പട്ടികളെപ്പറ്റി മന്ത്രിമാരുടെ അഭിപ്രായം ചോദിച്ചു. എന്നാൽ മന്ത്രിമാരെല്ലാം തലയും താഴ്ത്തി മൗനമായി ഇരുന്നതേയുള്ളൂ. ഇതുകണ്ടു് രാജാവുപറഞ്ഞു: ഈ മെലിഞ്ഞ പട്ടി കാര്യസ്ഥൻ ഒട്ടും നല്ലതല്ല. എന്നാൽ അതു് ബുദ്ധിയുള്ളതും ജോലിചെയ്യാൻ ഇഷ്ടപ്പെടുന്നതും ആണു്. നിങ്ങളാരും ഇനിയും ആ തടിച്ച പട്ടിയെപ്പോലെ ജോലിചെയ്യാതെ കഴിയാനാണു് ആഗ്രഹിക്കുന്നതെങ്കിൽ ഞാൻ നിങ്ങളെ മന്ത്രിസ്ഥാനത്തുനിന്നും മാറ്റും. ഇതുകേട്ടു ലജ്ജിതരായിത്തീർന്ന മന്ത്രിമാർ അതിനുശേഷം കർത്തവ്യനിരതരായിത്തീർന്നു.

എസ്. സുധാമണി
(1170)

വെളിച്ചം കിട്ടി

(കാഷ്ഠികപ്രശ്നത്തെ പരാമർശിച്ചുള്ള ഒരു നോവൽ)

By

എ. പി കളയ്ക്കാട്ടു്

ഇടത്തരം കൃഷിക്കാരുടെ തുടച്ചയായുണ്ടാകുന്ന തകർച്ചകളും, അവരെ പിച്ചതെണ്ടിക്കുന്നവരുടെ വിവിധങ്ങളായ ചൂഷണവിദ്യകളും ഭംഗിയായി ഇതിൽ തെളിഞ്ഞുകാണാം. സാമ്പത്തികമായിമാത്രമല്ല, സാംസ്കാരികമായുംകൂടി ഒരു പുതിയ പ്രഭാപൂരം ഇതിൽകൂടി പ്രസരിക്കുന്നുണ്ടു്.

വില തുച്ഛം ഒന്നുമാത്രം.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സു് & ബുക്കഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ & എറണാകുളം.

(മറ്റൊരു പേജിൽനിന്നു തുടർച്ച)

പോകുന്നതു്. ബഹുഭൂരിപക്ഷത്തെ കഥ പ്രേക്ഷകർപ്പിക്കുന്നുണ്ടു്. സ്ത്രീകൾക്കും പുരുഷന്മാർക്കും ജീവിതത്തിന്റെ എല്ലാ തുറകളിലും തുല്യമായ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കണമെന്നും ആവശ്യപ്പെടുന്നുണ്ടു്. മോഷണം, വഞ്ചന, അക്രമം, കൊലപാതകം തുടങ്ങിയ പ്രവർത്തനങ്ങളിലാണു് കഥയിൽ സ്ത്രീകളും പുരുഷന്മാരേക്കാൾ തുല്യത നേടാൻ ശ്രമിച്ചിരിക്കുന്നതു്. പുരുഷനെ സ്ത്രീ നിർബന്ധിച്ചും ഭയപ്പെടുത്തിയും ഭർത്താവാക്കുന്ന രീതിയും ചിത്രത്തിൽ കാണുവാനുണ്ടു്. ആനയുടെ കൈവശം വരണമാല്യം കൊടുത്തയച്ച ഭർത്താവിനെ തിരഞ്ഞെടുക്കുന്ന ഒരു പുതിയ സമ്പ്രദായവും ചിത്രത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. പൊതുവെ തലതിരിഞ്ഞ ചില ചിന്താഗതികൾക്കാണു് കഥയിൽ ദേവിയും ശ്രീപാവും നൽകിയിരിക്കുന്നതു്.

അഭിനയത്തിൽ ആരും അഭിപ്രായം പറയത്തക്കതായി ഒന്നുംതന്നെ ചെയ്യുന്നില്ല. എങ്കിലും പുലികേശിയുടെ ഭാഗം വീരപ്പാ ഭാഗിയായി അഭിനയിച്ചിട്ടുണ്ടു്. നരസിംഹഭാരതി (മണിവണ്ണൻ) മോശമായിട്ടില്ലെന്നു പറയാം. സി. ആർ. രാജകുമാരിയാണു് മദനയുടേയും മോഹിനിയുടേയും "ഡബിൾറോൾ" അഭിനയിച്ചിരിക്കുന്നതു്. കുമുദത്തിന്റെ ഭാഗത്തിൽ പൊള്ളാച്ചി കമല പ്രത്യക്ഷപ്പെടുന്നു. സി. ആർ. രാജകുമാരിയും കമലയും സ്വാഭാവികമായി അഭിനയിച്ചിട്ടില്ല. വിവിധവികാരങ്ങൾ മുഖത്തു പ്രകാശിപ്പിക്കുവാൻ ഇരുവരും വിഫലശ്രമങ്ങൾ നടത്തിയിട്ടുണ്ടു്. എം. എൽ. പതി ചെട്ടിയാരുടെ ഭാഗം സ്വാഭാവികതയോടെ ഏറെക്കുറെ അഭിനയിച്ചിട്ടുണ്ടു്. പുലിമുട്ടു രാമസ്വാമിയും എഴുമലയും കാണിക്കുന്ന ചിരിപ്പിക്കത്തക്കവിധത്തിൽ കോമിക്ക രംഗങ്ങളിൽ അഭിനയിച്ചിട്ടുണ്ടു്. ഈ ചിത്രത്തിലെ സംഭാഷണങ്ങളും അഭിപ്രായമൊന്നും അർഹിക്കുന്നില്ല. ചിത്രത്തിൽ പതിമൂന്നു ഗാനങ്ങളുണ്ടു്. ഗാനരചനയിലും ആലാപനത്തിലും വിജയം വരിച്ചിട്ടുമുണ്ടു്. വാസ്തവത്തിൽ ഈ ചിത്രത്തിന്റെ ആകർഷണീയമായ ഏക അംശം അതിലെ സുന്ദരമായ ഗാനങ്ങളും മാത്രമാണു്. ഫോട്ടോഗ്രാഫിയിൽ ന്യൂനതകളും അവിടവിടെ കാണുന്നുണ്ടു്. സൌണ്ടു് റിക്കാർഡിംഗ് സാമാന്യം ഭേദമായിട്ടുണ്ടു്. എഡിറ്റിംഗിലും പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടു്. എം. എൽ. പതിയുടെ സംവിധാനം തൃപ്തികരമായിട്ടില്ല. പഴയരീതിയിലുള്ള അവതരിപ്പിക്കലുകളും കലാവിരുതുകളുമാണു് ഡയറക്ടർ ഈ ചിത്രത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നതു്. പുരുക്കത്തിൽ കാണികളെ കാഴ്ചയായി ആകർഷിക്കത്തക്കവണ്ണം മദനമോഹിനി വിജയിച്ചിട്ടില്ല. മനഃശ്യൻ പ്രത്യേകിച്ചു് സന്ദേശങ്ങളോ ആദർശങ്ങളോ നൽകുന്നുമില്ല. യഥാർത്ഥങ്ങളുടേയും മനുഷ്യനിൽ അന്തർലീനമായ വികാരങ്ങളുടേയും ഒത്തനടുവിൽകൂടി മനുഷ്യനെ ഒരു നവയുഗത്തിലേക്കു് ആനയിക്കേണ്ട ചലച്ചിത്രമണ്ഡലത്തിൽ ഇമ്മാതിരിയുള്ള "മദനമോഹിനി" കളുടെ ആവിർഭാവം സ്വാഗതാർഹമായിരിക്കുമെന്നു തോന്നുന്നില്ല.

★

കറുപ്പും വെളുപ്പും

"ഫുട്ട്പാത്ത്" എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് സമയത്തു് വികാരനിർഭരമായി അഭിനയിക്കേണ്ട ഒരു രംഗത്തിൽ ദിലീപ് കുമാർ യഥാർത്ഥത്തിൽ കരയുകയുണ്ടായി. ആ ചിത്രത്തിന്റെ സംവിധായകനായ സിയാസഹർദി അതുകണ്ടു പൊട്ടിക്കരയുകയുണ്ടായി. സംവിധായകനും നടനും കരയുന്നതു കണ്ടപ്പോൾ സെറ്റിലുണ്ടായിരുന്ന എല്ലാവരും ഒരുക്കൂട്ടക്കരച്ചിൽതന്നെ നടത്തി. ഈ സംഭവത്തിനുശേഷം സംവിധായകന്റെ ബുദ്ധി തെളിയുകയും അദ്ദേഹം "നമ്മെല്ലാം ഒരുക്കൂട്ടം വിഡ്ഢികളാണു്" എന്നു് പുഞ്ചിരി പൊഴിച്ചുകൊണ്ടു് പ്രസ്താവിക്കുകയുണ്ടായി. നോക്കണേ സ്വാഭാവികമായ അഭിനയം വരുത്തിവയ്ക്കുന്ന വിനകൾ! വിപ്പുവങ്ങൾ!!

അവരുടെ വിവാഹം

"ലൌസ് ആഫ് കാർമെൻ" എന്ന ചിത്രത്തിന്റെ ഒരു അനുകരണമാണല്ലോ കർദാർപ്രൊഡക്ഷൻസിന്റെ "ജദു." ആ കഥയിലെ കാമുകനായ—സുരേഷ്—എന്ന നാമത്തിൽ ഒളിച്ചുകളിക്കുന്ന നസീം അഹമ്മദ്ഖാൻ തൈസംകൂട്ടംബത്തിലെ ഒരംഗമായ ജഹനാരബീഗത്തെ വിവാഹംകഴിച്ചിരിക്കുന്നു.

വീണ്ടും ചലച്ചിത്രരംഗത്തേയ്ക്കു്?

ചലച്ചിത്രലോകത്തിൽനിന്നു തെറ്റി പിരിഞ്ഞിരുന്ന ശാന്താആപ്തേ തന്റെ പൂനായിലുള്ള ഗൃഹത്തിൽ ഒരു കുടുംബിനിയായി കഴിഞ്ഞുകൂടുകയായിരുന്നു. എന്നാൽ കുടുംബജീവിതത്തെക്കാൾ കലാജീവിതം കൂടുതൽ ആകർഷണീയമാണെന്നു അവർക്കിപ്പോൾ തോന്നിത്തുടങ്ങിയിരിക്കുന്നു. ആയ്ൻപിക് ഫ്ലേഴ്സ് നിർമ്മിക്കുന്ന "തായ് തെലിൻ" എന്ന ചിത്രത്തിൽ ശാന്താആപ്തേ ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു. ഈ തിരിച്ചുവരവുകൊണ്ടു് കലാലോകത്തിനു് മുതൽക്കൂട്ടു വല്ലതും ലഭിക്കുമോ എന്നുള്ളതു് കാലംതന്നെ തെളിയിക്കേണ്ടിയിരിക്കുന്നു.

അമേരിക്കയുടെ കണ്ടുപിടുത്തം

ഇന്ത്യൻ ഫിലിംഡെലിഗേഷനിലെ ഒരംഗമായിരുന്ന സുശീലകുമാരിയെ അമേരിക്കയിൽവച്ചു് ഒരു കൌതുകവസ്തുവെന്നനിലയിൽ പലരും തുറിച്ചുനോക്കിയത്രെ. ഹോളിവുഡ്ഡ് നടിയായ ജെനിഫർ ജോൺസിന്റെ കഥയായ സുശീലകുമാരിക്കണ്ണെന്നു ചില അമേരിക്കക്കാരെല്ലാം അഭിപ്രായപ്പെടുകയുണ്ടായി. അമേരിക്കയുടെ ഈ പുതിയ കണ്ടുപിടുത്തത്തിനുശേഷം സുശീലകുമാരിക്കു് വടക്കെ ഇന്ത്യയിൽ പ്രിയം കുടിവരുന്നുണ്ടു്. സുശീലകുമാരി അമേരിക്കൻമോഡലാകാതിരിക്കട്ടെ.

സാഹിത്യകാരനു് അനുമോദനം

തിരുനെൽവേലിയിലെ ഒരു പ്രസിദ്ധ കഥാകൃത്താണു് സംബന്ധമുതലിയാർ. എൺപതുവയസ്സുള്ള ഈ സാഹിത്യകാരൻ ഇതിനകം എഴുപത്തി ഒമ്പതുനാടകങ്ങളും എഴുതിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ എൺപതാമത്തെ ജന്മദിനാഘോഷം തമിഴ്നാടകവേദിയിൽ ഒരു ചരിത്രമായിത്തീർന്നിരിക്കുന്നു. ചലച്ചിത്രതാരങ്ങളും നാടകനടന്മാരും ഒരുമിച്ചുസംഘടിച്ചു് അന്നൊരു കലോത്സവം കലാമണ്ഡപത്തിൽ സംഘടിപ്പിച്ചു. സാഹിത്യകാരന്മാർ ഘോഷയാത്രയായി പട്ടണംചുറ്റുകയുംചെയ്തു.

കിരീടധാരണ ചടങ്ങുകൾ

വെള്ളിത്തിരയിൽ

1953 ജൂൺ 2-നു തീയതി ബ്രിട്ടനിൽവെച്ചു് എലിസബത്തു് മഹാറാണിയുടെ കിരീടധാരണം നടക്കുന്നതാണു്. കിരീടധാരണത്തിന്റെ പ്രാരംഭച്ചടങ്ങുകൾ ആരംഭിച്ചിട്ടുണ്ടു്. എലിസബത്തു് മഹാറാണിയുടെ കിരീടധാരണത്തിനു പത്തുകോടി പവൻ ചിലവാകുന്നതാണു്. മഹാറാണിയുടെ ലണ്ടൻപട്ടണപ്രവേശനത്തിനായി ചെല്ലുന്ന കുഴികാണുവാൻ മുപ്പതുലക്ഷം ജനങ്ങൾക്കുമേൽ സൌകര്യം നൽകുന്നതാണു്. ഏഴുപവനുള്ള ഭാരമുള്ള കിരീടത്തെ കാണ്ടർബറി ആർച്ച്ബിഷപ്പു് എലിസബത്തു് മഹാരാജ്ഞിക്കു് മകുടംചൂടിക്കുകയുണ്ടായിരുന്നു. ഇതുപോലെ ധാരാളം നവരത്നങ്ങളും പതിച്ചിട്ടുള്ള രാജകീയകിരീടവും ചെങ്കോലും അണിയുന്നതാണു്. ആ കിരീടത്തിൽ പതിച്ചിട്ടുള്ള രണ്ടു് അംഗുലം നീളമുള്ള ഒരു മാണിക്യക്കല്ലിന്റെ വിലമാത്രം ലക്ഷംപവനാണു്. ഈ ഉത്സവത്തിനു് വെസ്റ്റ്മിൻസ്റ്റർദേവാലയത്തിൽ ചെയ്യുന്ന ഏർപ്പാടുകൾക്കു് മൂന്നുലക്ഷം പവൻ ചിലവുവരുന്നതാണു്. ബ്രിട്ടനിലെ കിരീടധാരണ മഹോത്സവംപോലെ ലോകത്തിൽ ഒരു ഉത്സവം ഉണ്ടാകാറില്ല. കിരീടധാരണത്തിലെ പ്രധാനചടങ്ങുകളെല്ലാം ഫിലിംചെയ്യുന്നതാണു്.

ഒരുഗാനം

പ്രതീക്ഷ

★

കോന്നിയൂർ ആർ. നരേന്ദ്രനാഥ്, ബി. എസ്സ്സി. ബി. എൽ.

എത്ര മിനിചിത്തമാകെനിതൃസുഖംപാർത്താൻ
എത്ര മിനിഉത്തമനെൻ പുത്രനവൻനാഥേ.

1. മാരിവില്ലിൻമൃദുമന്ദഹാസംപോലെ
മോടിചൂടുംപൊൻപതക്കംമാറിലാസ്പോലെ
വാടിതന്നിൽപൂങ്കുയിലിൻഗാനധാരപോലെ
കൂടിനില്ക്കുംശ്രീവസന്തസുനരാജിപോലെ (എത്ര)

2. പാലൊതിരംപൊയ്കയതിൽത്തുമ്പയെഴുന്തരേയ്
ചാലമരത്തോപ്പുകളിൽ തട്ടിവരുംകാറ്റരേയ്
സ്നേഹശോഭവാനിൽഴുകും താരപോലെവിണ്ണിൽ
സ്നേഹമയപാല്പൂടലിൻ പുഞ്ചിപോലെമന്നിൽ... (എത്ര)

3. വെൺമണൽവിരിച്ചുകൊച്ചു കാളിന്ദിതൻതീരെ
വെൺമുകിലൻചൂഴുമൊരു നീലമേഘംപോലെ
ശോഭബാലവൃന്ദമാകെ രോമഹർഷംനേടാൻ
ആനന്ദിയെങ്ങുംലീലയാടുംബാലകൃഷ്ണൻപോലെ.(എത്ര)

★

വാർത്തകൾ

കൈലാസ് പിക്ചേഴ്സ് അടുത്തതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ചിത്രം "കലപ്പയും വേനയും" ആണ്. മുതുകുളമാണ് ഈ ചിത്രത്തിനും കഥ എഴുതിയിരിക്കുന്നത്. പ്രബലനക്ഷത്രങ്ങളെല്ലാം ഈ ചിത്രത്തിലും പ്രത്യക്ഷപ്പെടുന്നതാണ്.

* * *

അസോസിയേറ്റഡ് പ്രൊഡക്ഷൻസ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന പേരിടാത്തചിത്രം പകുതിയിലധികം പൂർത്തിയാക്കിയിട്ടുണ്ട്. കഥയും സംഭാഷണങ്ങളും പൊൻകുന്നം വർക്കിയാണ്. പി. ഭാസ്കരനാണ് ഗാനങ്ങളും രചിച്ചിരിക്കുന്നത്. ബി. എസ്സ്. സരോജ, ആറന്മുളപൊന്നമ്മ, ഗിരിജ, സത്യൻ, ശങ്കരൻ ബാലയ്യ, ടി. എൻ. ഗോപിനാഥൻനായർ തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം പ്രകാശ്റാവുവാണ് സംവിധാനംചെയ്യുന്നത്.

* * *

ചരിത്രപരമായ ഒരു കഥയെ അടിസ്ഥാനപ്പെടുത്തി ടെമ്പിൾ ആർട്ട് ഫൈൻ ആർട്ട്സ് "ഭാഗ്യചക്രം" എന്നൊരുചിത്രം നിർമ്മിക്കുന്നതിനുള്ള പ്രാരംഭജോലികൾ ആരംഭിച്ചിട്ടുണ്ട്.

* * *

എക്സൽപ്രൊഡക്ഷൻസിന്റെ "രക്തഹാരം" എന്നചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. തിക്കുറിശ്ശിയാണ് ചിത്രത്തിനു കഥയും സംഭാഷണവും എഴുതിയിരിക്കുന്നത്. ബി. എസ്സ്. സരോജ, തിക്കുറിശ്ശി, പ്രേംനസീർ, ബോബൻ കുഞ്ചാക്കോ തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നത്.

* * *

വസന്തം പ്രൊഡക്ഷൻസ് നിർമ്മിക്കുന്ന പുള്ളിമാൻ എന്ന ചിത്രത്തിൽ ടി. എൻ. ഗോപിനാഥൻനായർ, മുത്തയ്യ, മിസ്സ് കുമാരി മുതലായവർ അഭിനയിക്കുന്നു. സംഗീതസംവിധാനം ദിവാകരനാണ്. ഗാനരചന പി. ഭാസ്കരനും.

* * *

നീലാപ്രൊഡക്ഷൻസ് നിർമ്മിക്കുന്ന രണ്ടാമത്തെ ചിത്രത്തിന്റെ ഗാനങ്ങളെല്ലാം റിക്കാർഡുചെയ്തുകഴിഞ്ഞു. മെഹബൂബ്, രേവമ്മ, ലളിത തുടങ്ങിയവരാണ് പിന്നണിഗാനങ്ങളും പാടിയിരിക്കുന്നത്. ചിത്രത്തിനു കഥയും സംഭാഷണവും എഴുതിയിരിക്കുന്നത് മുതുകുളം രാഘവൻപിള്ളയാണ്. കുഞ്ചാക്കോയാണ് ചിത്രം സംവിധാനംചെയ്യുന്നത്.

* * *

മംഗളാപിക്ചേഴ്സിന്റെ "ശരിയോ തെറ്റോ?" എന്ന ചിത്രത്തിന്റെ നിർമ്മാണം മുക്കാലും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഈ ചിത്രം ആശാസദനമാസത്തിൽ റിലീസാകുന്നതാണ്. തിക്കുറിശ്ശി, കുമാരി, സേതുലക്ഷ്മി, അടൂർപങ്കജം, കുഞ്ഞുകുഞ്ഞുഭാഗവതർ, എസ്. പി. പിള്ള, മാത്തപ്പൻ, ജോസ്പ്രകാശ്, വിജയലക്ഷ്മി, സുമംഗലി, സുലോചന തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം തിക്കുറിശ്ശിയാണ് സംവിധാനംചെയ്യുന്നത്.

* * *

എനസ്കെ കെ. കുമാരിക്കാർ വാഹിനിസ്റ്റുഡിയോവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന തോട്ടക്കാരൻ എന്നചിത്രത്തിൽ എം. കെ. രാധ, എൻ. എസ്സ്. കൃഷ്ണൻ, ടി. ഒ. മധുരം തുടങ്ങിയവർ അഭിനയിക്കുന്നു.

* * *

പ്രകാശ് പ്രൊഡക്ഷൻസിന്റെ "പൊറാതയ" എന്ന ചിത്രം പൂർത്തിയാകാറായിരിക്കുന്നു. നാഗേശ്വരറാവു, എം. എൻ. നമ്പ്യാർ, വസന്ത, ജി. വരലക്ഷ്മി തുടങ്ങിയവർ അഭിനയിക്കുന്ന ഈ ചിത്രം പ്രകാശ്റാവുവാണ് സംവിധാനംചെയ്യുന്നത്.

* * *

"പരോൾ" എന്ന തെലുങ്കുചിത്രത്തിന്റെ നിർമ്മാണം പൂർത്തിയാകാറായിരിക്കുന്നു. ചിത്രത്തിനുകഥയും സംഭാഷണവും എഴുതിയിരിക്കുന്നത് സദാശിവബ്രഹ്മമാണ്. ഗാനങ്ങളും രചിച്ചിരിക്കുന്നത് പാണ്ഡ്യാല നാഗേശ്വരറാവുവാണ്.

* * *

"കങ്കാളം" എന്ന ബംഗാളിചിത്രത്തിന്റെ ഒരു തമിഴ്പതിപ്പ് എം. ആൻഡ്. ടി. മിലിംസ് തയ്യാറാക്കുന്നു. ഈ ചിത്രത്തിൽ സുമിത്ര, രാജ്കുമാർ, യാക്കൂബ്, ലീലാമിശ്രാ എന്നിവർ അഭിനയിച്ചിരിക്കുന്നു.

* * *

"എൻതങ്കൈ" എന്ന ചിത്രം നിർമ്മിച്ച അശോകപിക്ചേഴ്സ് തങ്ങളുടെ അടുത്ത ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു, ചിത്രത്തിനു "പെൺദൈവം" എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്, ചിത്രത്തിന്റെ കഥയും സംഭാഷണവും എഴുതിയിരിക്കുന്നത് ശ്രീധരനാണ്.

* * *

"ഗ്രഹസ്ഥം" എന്ന ഉന്നതമായ സാമൂഹ്യചിത്രം നിർമ്മിച്ച അരുണാഫിലിംസ് "കോടീശ്വരൻ" എന്നൊരു ചിത്രത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. ഉള്ളവന്റെ ലോകവും ആ ലോകത്തിലെ സംഭവഗതികളുമായിരിക്കും കോടീശ്വരന്റെ കഥ.

* * *

സി. സി. പ്രൊഡക്ഷൻസിന്റെ "മുയച്ചി" എന്ന തമിഴ്ചിത്രത്തിന്റെ ഷൂട്ടിംഗ് മൈസൂർ നവജ്യോതി സ്റ്റുഡിയോയിൽ പുരോഗമിച്ചുവരുന്നു. നരസിംഹഭാരതി, വി. കെ. രാമസ്വാമി, പി. എ. തോമസ്, രേവതി, ലക്ഷ്മിപ്രഭ, സുശീല, സരോജ, രാജലക്ഷ്മി, മുതലായവർ ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *

ആലപ്പുഴ സ്വരാജ് തിയേറ്റേഴ്സുകാരുടെ "പ്രത്യാശ"യുടെനിർമ്മാണം ഉദയാ സ്റ്റുഡിയോയിൽ ആരംഭിച്ചിരിക്കുന്നു.

* * *

സുപ്രസിദ്ധ സിനിമാനടനായ എം. ജി. രാമചന്ദ്രൻ ഉടനെ നിർമ്മിക്കുവാൻപോകുന്ന ഒരു മലയാളചിത്രത്തിനു കഥയും സംഭാഷണവും രചിക്കുന്നതിനായി മുതുകുളംരാഘവൻപിള്ള മദ്രാസിലേക്കുപോയിരിക്കുന്നു. മൂന്നാഴ്ചക്കാലം മദ്രാസിൽ താമസിച്ചതിനുശേഷമേ മുതുകുളം മടങ്ങിവരികയുള്ളൂ.

* * *

കുഞ്ചാക്കോയുടെ പ്രൊഡക്ഷൻസിന്റെ "ചന്ദ്രഹാരം"ത്തിന്റെ നിർമ്മാണം ധൃതഗതിയിൽ പുരോഗമിക്കുന്നു. കാമേശ്വരറാവുവാണ് ചിത്രം സംവിധാനംചെയ്യുന്നത്. എൻ. ടി. രാമറാവു, രങ്കാറാവു, ജൂനിയർശ്രീരഞ്ജനി തുടങ്ങിയ താരങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

* * *

സുപ്രസിദ്ധ ഫോട്ടോഗ്രാഫറായ രഹിമാന്റെ സംവിധാനത്തിൽ നീണ്ടുനിന്ന ശൃംഗേരിമഠാധിപനായ ശങ്കരാചാര്യരുടെ "പതിവ്രത" വാഹിനിയിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

* * *

ഗോപു പ്രൊഡക്ഷൻസിന്റെ "മാൽക്കിൻ" എന്ന ചിത്രം സെൻസർബോർഡു പരിശോധിച്ചു പ്രദർശനാനുമതി നൽകിയിരിക്കുന്നു. ഈ ചിത്രത്തിന്റെ ഒരു ഭാഗവും "കട്ട്" ചെയ്യുകയേണ്ട ആവശ്യമുണ്ടായില്ല. നടന്മാർ, സഞ്ജൻ, ടർസ്റ്റാഖോട്ടി, പൂജ്ഞാ, പ്രൻ, രാജ്മെഹറാ, യാക്കൂബ്, ഗോപു തുടങ്ങിയവരാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നത്.

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർഷിച്ച് യൌവനം നിലനിൽക്കുന്നതിനു സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ച് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങളും ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സ്ശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H. O. തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറ്റിങ്ങൽ
4. ഇടപ്പള്ളി
5. ഈരാറ്റുപേട്ട
6. എറണാകുളം
7. കായംകുളം
8. കുഞ്ഞാർ
9. കിളിമാനൂർ
10. കുന്നാട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം
14. കോതമംഗലം
15. കോഴിക്കോട്ട്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തക്കല
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തൃപ്പൂണിത്തുറ
23. തൃശ്ശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്
26. നെയ്യാറ്റിൻകര
27. പാറശ്ശാല
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാത്താണ്ഡം
38. മാവേലിക്കര
39. മുണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം

ലോകവൃത്താന്തഗതി



ജൂബിലിസമ്മേളനം—വനിതാവിഭാഗത്തിന്റെ മേൽനോട്ടം വഹിക്കുന്നവർ. ഇരിക്കുന്നവർ ഇടതുനിന്ന്—ശ്രീമതിമാരായ സതീഭായി, ഇ. കെ. ശാന്ത, വസന്ത, ഭാരതിക്കുട്ടി. (Republic)

കൊറിയയിലെ സ്ഥിതിഗതികൾക്കു കഴിഞ്ഞയാഴ്ചയിൽനിന്നു വലിയ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. മുറിവേറ്റവരും ദീനരുമായ തടവുകാരുടെ കൈമാറ്റം തുടർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ സമ്മതമില്ലാത്ത തടവുകാരുടെ കൈമാറ്റം ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നു. അങ്ങിനെയുള്ളവരെ ഏതെങ്കിലും ഒരു 'നിഷ്പക്ഷരാജ്യത്തേക്കു' മാറ്റണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കൂട്ടത്തിൽ രാഷ്ട്രങ്ങൾക്കും സമ്മതമായ രാഷ്ട്രം പക്ഷിസ്ഥാനായിരുന്നു. പക്ഷിസ്ഥാന്റെ നാമനിർദ്ദേശം കമ്മ്യൂണിസ്റ്റുകാർ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തുകഴിഞ്ഞിട്ടില്ല. പക്ഷേ ഐക്യരാഷ്ട്രകമ്മാണ്ട് ഒരു പുതിയപ്രശ്നം ഉന്നയിച്ചിരിക്കുകയാണ്. സമ്മതമില്ലാത്ത തടവുകാരെ എങ്ങിനെ ഏതെങ്കിലും നിഷ്പക്ഷരാജ്യത്തേയ്ക്കു മാറ്റുമെന്നുള്ളതാണ് ആ പ്രശ്നം. പല തടവുകാരും അപ്രകാരം പോകാൻ ആഗ്രഹിക്കുന്നില്ലെന്നും അങ്ങിനെപോകുന്നതിനെക്കാൾഭേദം സ്വയംനശിക്കുകയാണെന്ന് കരുതുന്നുഎന്നും പ്രസ്താവിക്കപ്പെട്ടുന്നു.

* * *

മഹാരാഷ്ട്രയിൽ ഏതാനംദിവസത്തെ പര്യടനത്തിനുശേഷം പ്രധാനമന്ത്രി നെഹ്റു തലസ്ഥാനനഗരിയിൽ മടങ്ങിയെത്തിയിരിക്കുന്നു. ഈ പര്യടനത്തിനിടയിൽ അദ്ദേഹം പലയോഗങ്ങളിലും പ്രസംഗിക്കുകയും പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുകയുംചെയ്തു. 1942-ലെ വിപ്ലവക്കാലത്ത് താൻകിടന്നിരുന്ന അഹമ്മദ്നഗർകോട്ടയും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. അജന്തയിലേയും മറ്റും ചരിത്രപ്രസിദ്ധങ്ങളായ ഗുഹകളും അദ്ദേഹം സന്ദർശിച്ചു. ഈ പര്യടനവേളയിൽചെയ്ത പ്രസംഗങ്ങളിൽ ഒന്നിൽവച്ചാണ് ഭാഷാപരപ്രശ്നങ്ങളുടെകാര്യം പരിചിന്തനം ചെയ്യുവാൻ ഒരു ഉന്നതാധികാരസമിതിയെ നിയമിക്കുമെന്ന അദ്ദേഹംപ്രഖ്യാപിച്ചത്. മഹാരാഷ്ട്രപര്യടനംകഴിഞ്ഞു ബാംബ്യൂമുടങ്ങുംവഴി, അദ്ദേഹം സഞ്ചരിച്ചിരുന്ന ട്രെയിനിന്റെ മുമ്പാകെ, കല്യാൺസ്റ്റേഷനുസമീപംവച്ച് ഏതോ കമ്മ്യൂണിസ്റ്റുകാർ ബാംബുവച്ചുതായി റിപ്പോർട്ടുണ്ട്. ആഭ്യം ഉണ്ടായിരുന്ന റിപ്പോർട്ട് ബോംബു എന്തായാലും വിനാശകരമായ സ്ഫോടകശക്തിയുള്ളതായിരുന്നുവെന്നും, അതു കണ്ടുപിടിച്ച ഒരു കൺസ്റ്റബിൾ ട്രെയിൻവരുന്നതിന് ഏതാനും നിമിഷം മുമ്പുമാത്രമേ എടുത്തു മാറ്റിയെന്നും തന്മൂലം അപകടംസംഭവിക്കാതെ കഴിഞ്ഞുപോയെന്നും ആയിരുന്നു. എന്നാൽ പത്രറിപ്പോർട്ടുകളും അടിസ്ഥാനരഹിതവും അതിശയോക്തിപരവും ആണെന്നു വിവരിച്ചുകൊണ്ട് ബോംബെ ഗവർമ്മെൻറിന്റെയും കേന്ദ്രഗവർമ്മെൻറിന്റെയും റിപ്പോർട്ടുകളും പുറത്തുവന്നു, ബോംബുവച്ചതു ശരിതന്നെ, പക്ഷേ അതു നാലു പടക്കങ്ങളും ഒന്നിച്ചുകെട്ടിയതു മാത്രമായിരുന്നു. അതു പൊട്ടിയിരുന്നെങ്കിൽതന്നെ ട്രെയിനു യാതൊരു നാശം സംഭവിക്കുമായിരുന്നില്ല. ഈ ബോംബുകൊണ്ടുവച്ച കുബുദ്ധിയെ റോന്തുചുറ്റിനടന്നിരുന്ന കൺസ്റ്റബിളും വെടിവെച്ചുകൊന്നിട്ടില്ല. പോലീസ് അന്വേഷണം തുടരുകയാണ്.

* * *

മെയ് 4-ാംതീയതി കൽക്കട്ടയിൽനിന്നു ലണ്ടനിലേക്കു പുറപ്പെട്ട ഒരു കൊമറ്റ്വിമാനം, കാറിന്റെ ശക്തിയാൽ, ഡംഡം വിമാനത്താവളത്തിൽനിന്ന് തിരിച്ച് അല്പസമയത്തിനകം തകരുകയാൽ അതിലുണ്ടായിരുന്ന 43 പേരും കൊല്ലപ്പെട്ടു. സിംഗപ്പൂരിൽനിന്നും തിരിച്ച പ്രസ്തുത വിമാനം ഹോങ്കോങ്ങിലും റംഗൂണിലും ഇറങ്ങി യാത്രക്കാരെ കയറ്റിയിരുന്നു. കൽക്കട്ടായിൽനിന്നും പത്തു യാത്രക്കാരും അതിൽ കയറുകയുണ്ടായി. അടുത്തകാലത്തു സംഭവിച്ച ഏറ്റവുംവലിയ വിമാനപകടങ്ങളിലൊന്നാണിതു. ഈ വിമാനപകടത്തെപ്പറ്റി അന്വേഷിക്കുവാൻ ഒരു കമ്മിഷനെ നിയോഗിക്കുന്നതാണെന്ന് ഇൻഡ്യാഗവർമ്മെൻറ് പ്രസ്താവിച്ചിരിക്കുന്നു.

* * *

ഡോ: ആർ. കെ. ഷൺമുഖംചെട്ടി മേയ് 5-ാംതീയതി കോയമ്പത്തൂരിലുള്ള സ്വവസതിയിൽവച്ചു നിര്യാതനായി. കഴിഞ്ഞ കാൽശതാബ്ദത്തിലധികംകാലമായി ഒരു വ്യവസായപ്രമുഖൻ, സംഘാത്തികശാസ്ത്രജ്ഞൻ, ഭരണതന്ത്രജ്ഞൻ, വിദ്യാഭ്യാസവിചക്ഷണൻ തുടങ്ങിയ നിലകളിൽ അദ്ദേഹം ഭാരതം ആകെ അറിയപ്പെട്ടിരുന്നു. കൊച്ചി ദിവാൻ, ഇന്ത്യൻ ലെജിസ്ലേറ്റീവ് അസംബ്ളി പ്രസിഡൻറ്, ധനകാര്യമന്ത്രി എന്നീ നിലകളിൽ ഈ രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും അദ്ദേഹം സജീവമായി ബന്ധപ്പെട്ടിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് 61 വയസ്സേ ആയിരുന്നുള്ളൂ. ദക്ഷിണേന്ത്യൻകലകളുടെ ഉദ്ധാരണത്തിനുവേണ്ടിയും അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്.

* * *

ദ്വിഭാഷയജ്ഞപ്രസ്ഥാനത്തിനു് ഇന്ത്യ ഒട്ടുക്കു ശക്തി കൂടിക്കൊണ്ടുവരികയാണ്. ബീഹാറിൽ വിനോബാജിയുടെ ശ്രമം മിക്കവാറും സഫലമായിക്കഴിഞ്ഞു. താൻ ആശിക്കുന്നത്ര സ്ഥലം അവിടെനിന്ന് ലഭിക്കുമെന്ന് അദ്ദേഹത്തിനു് ആത്മവിശ്വാസം വന്നുകഴിഞ്ഞു. ശ്രീ ജയപ്രകാശ്നാരായൺ, ശാന്ധിജിയുടെ പ്രവിശ്വയായ ഗുജറാത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുക ആയിരുന്നു. അവിടെയും ജനങ്ങൾക്കു അത്യധികമായ ഉത്സാഹം കാണപ്പെട്ടുന്നു. തിരുവിതാംകൂർ-കൊച്ചിയിൽ കോട്ടയത്തു നടന്നവരുന്ന ദ്വിഭാഷയജ്ഞപ്രവർത്തനവും പ്രസ്താവ്യമാണ്.

* * *

കഴിഞ്ഞ മൂന്നാഴ്ചകളിലായി കൊല്ലത്തു നടന്നുവന്നിരുന്ന എസ്. എൻ. ഡി. പി. യോഗം കനകജൂബിലി വമ്പിച്ച ഒരു ആഘോഷമായിരുന്നു, ജൂബിലി സംബന്ധിച്ചു പ്രധാന പരിപാടികളും അവസാനിച്ചുകഴിഞ്ഞുവെങ്കിലും പ്രദർശനം തുടർന്നുവരികയാണ്. നേരത്തെ പരിപാടിയിൽ ഉൾപ്പെട്ടതായിരുന്നു എതാനും യോഗങ്ങളും കലാപരിപാടികളും പ്രദർശനം നീട്ടിവച്ചതിനോടൊപ്പം നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഇതുയേറെ ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ച ഒരു സംഭവം അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നുമായി പ്രദർശനങ്ങളിലും കലാപരിപാടികളിലും പങ്കെടുക്കുവാൻ വന്ന ആളുകൾക്കു കണക്കുണ്ടായിരുന്നില്ല.

എസ്. എൻ. ഡി. പി. യോഗത്തിന്റെ പുതിയ പ്രസിഡണ്ടായി കേരളകൗമുദി മാനേജിംഗ് എഡിറ്റർ ശ്രീ. കെ. സുകുമാരൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ജനറൽ സെക്രട്ടറി ശ്രീ. ആർ. ശങ്കർതന്നെ.


* * *

അടുത്തയുദ്ധം ഉണ്ടാകുന്നപക്ഷം അതിൽ പ്രയോഗിക്കാവുന്ന രണ്ടു വിശേഷപ്പെട്ട ആയുധങ്ങളും ആസ്ട്രേലിയായിൽ പരീക്ഷിച്ചുനോക്കിയിരിക്കുന്നു. അതിലൊന്ന് പൈലറ്റില്ലാതെ ഓടിക്കാവുന്ന ഒരു വിമാനമാണ്. ഇപ്പോഴത്തെ യാത്രാവിമാനത്തിന്റെ പകുതിവലിപ്പമുള്ള ഈ ആയുധം നിലത്തുനിന്നു കൊണ്ടുതന്നെ നിയന്ത്രിക്കാവുന്നതാണ്. ആസ്ട്രേലിയായിലെ പ്രധാനമന്ത്രിയായ മി: റോബർട്ട് മെൻസീസ് ആണ് ഇതിന്റെ പ്രദർശനം ഉൽഘാടനംചെയ്തത്. പ്രസ്തുത വിമാനം നിലത്തുനിന്നുപൊങ്ങിപ്പറ്റി ഉയർന്നു മുകളിൽഎത്തി അനന്തരമാപൂർവ്വം കറങ്ങിയിട്ടു വീണ്ടും നിലത്തുവന്നു. ശിലായുഗത്തിലെ മനുഷ്യർക്കു കഴിഞ്ഞിരുന്നു എന്നു വിശ്വസിക്കപ്പെടുന്നതുപോലെ ശത്രുക്കളെ മനഃശാസ്ത്രപരമായി തോൽപ്പിക്കുവാൻ കഴിയുമെന്നുള്ളതാണ് ഈ വിമാനത്തിനുള്ള ഒരു വിശേഷത. പക്ഷേ അന്നത്തെ മന്ത്രികന്മാർ ശത്രുക്കളെക്കണ്ടുപിടിച്ചുമാത്രം സ്വയം നശിക്കുകയില്ലായിരുന്നു. എന്നാൽ ഈ വിമാനങ്ങളുംകൂടെ ശത്രുക്കളോടൊപ്പം സ്വയം നശിച്ചുപോകുന്നു. സൂപ്പർ സ്യൂപ്പർസോണിയർപ്രാരാണ് കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന മറ്റൊരു ആയുധം. പൈലറ്റില്ലാത്ത വിമാനം കണ്ടുപിടിച്ചതു് നാല്പതുവയസ്സും ഇയാൻഫ്ളമിംഗ് എന്നു പേരും ഉള്ള ഒരു ശാസ്ത്രജ്ഞനാണ്.

★

മലയാളരാജ്യം

എസ്. എൻ. ഡി. പി. കനകജൂബിലി സംബന്ധിച്ചുള്ള കലോത്സവങ്ങളിൽ പങ്കെടുത്ത താരങ്ങൾ.



ശ്രീമതി എം. എസ്. സുബ്ബലക്ഷ്മിയും പത്നി രാമനും, സംഗീതം.



ശ്രീമതി ററി. സൗഭാഗ്യകുമാരി, സംഗീതം.



ശ്രീമതി കവിയൂർ രേവമ്മ.



ശ്രീ: രവിശങ്കർ, സിത്താർ.

Photos by Republic Photo News Bureau, Bombay.



ശ്രീമതി ഹേമമാലിനി, ഭരതനാട്യം.



മഹമ്മദ് റാഫി, സംഗീതം.



ലളിതാപത്മിനിമാർ, മുക്കുവനും മുക്കുവസ്ത്രീയുമായുള്ള നൃത്തരംഗം.

Reg: No. M. 2689. MALAYALA RAJYAM

ഗ്രന്ഥവിഹാരം


കൗമുദി കുട്ടികളുടെ
വിശേഷാൽപ്രതി

★

പത്രാധിപർ,
കെ. ബാലകൃഷ്ണൻ
പേജ് 98, വില 1.

കൗമുദി വാരികയുടെ കുട്ടികൾക്കുള്ള വിശേഷാൽപ്രതി കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് മെച്ചമായിട്ടുണ്ടെന്നുപറയുവാൻ സന്തോഷമുണ്ട്. ഇതിൽ ഉള്ള ലേഖനങ്ങളും, കഥകളും കവിതകളും എല്ലാംതന്നെ കുട്ടികളുടേതാണ്. പത്രാധിപക്കുറിപ്പുകളും, അറിവു വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ചില ലേഖനങ്ങളും, ചോദ്യോത്തരപംക്തി എന്നിവ മാത്രമാണ് പ്രായമായവരുടെ വകയായുള്ളത്. ഈ ലേഖനങ്ങളിലൊന്നുംതന്നെ തൽകർത്താക്കളുടെ പേരുകൾ ചേർത്തിട്ടില്ല. കുട്ടികൾക്ക് അറിവു വർദ്ധിപ്പിക്കുവാൻവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ ലേഖനങ്ങളിൽ മലയാളത്തിലെ പത്രങ്ങൾ, മലയാള സിനിമകൾ, ഐക്യരാഷ്ട്രസമിതി, ഇന്ത്യയെപ്പറ്റിയുള്ള വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്. ഈ ലേഖനങ്ങൾ കുട്ടികൾക്ക് മാത്രമല്ല പ്രായമായവർക്കും ഉപകരിക്കുന്നവയാണ്. വളരെ ലളിതമായ ഭാഷയിലാണ് ഇവ രചിച്ചിട്ടുള്ളതും പക്ഷേ അക്ഷരത്തെറ്റുകൾ നിശ്ശേഷം ഒഴിവാക്കുവാൻ ശ്രദ്ധിച്ചിട്ടില്ലെന്നു പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. പെപ്സ എന്നതിനു പെപ്സ് എന്നും, എയ്ഫൽടവറിനു ജഫേൽടവർ എന്നും മാറ്റുമാണ് അടിച്ചിട്ടുള്ളത്. മദ്രാസിലെ ശവണ്ടർ ശ്രീ പ്രകാശമല്ല ശ്രീപ്രകാശമാണ്. ഇതൊക്കെ മുതിർന്നവരെസംബന്ധിച്ച് നിസ്സാരമായി തോന്നാമെങ്കിലും എന്തെങ്കിലും മനസ്സിൽ പതിഞ്ഞാൽ മറക്കുവാൻ വിഷമമുള്ള കുട്ടികളെസംബന്ധിച്ച് ഗൗരവമുള്ള കാര്യങ്ങൾതന്നെയാണ്. ശ്രദ്ധയും നിർദ്ദോഷവുമായ ഭാഷയും അക്ഷരവിന്യാസവും ബാലന്മാരെ സംബന്ധിച്ചു പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണ്. കുട്ടികളുടെ ചിത്രങ്ങളും എഴുത്തും ആകർഷകമായി സംവിധാനം ചെയ്തിരിക്കുന്നു. ഏതാനും കാർട്ടൂണുകളുമുണ്ട്. കുട്ടികൾക്കുവേണ്ടി മിക്കവാറും കുട്ടികൾതന്നെ രചിക്കപ്പെട്ട ഈ പ്രസിദ്ധീകരണത്തിനു വിജയം ആശംസിക്കുന്നു. ഡി.

★



ശ്രീമതി സുബ്ബലക്ഷ്മിയുടെ സംഗീതസദസ്സിന്റെ ഒരു ഭാഗം. മെ: മന്നം, ശങ്കർ, വീണവിശ്വനാഥ്, ടി. സദാശിവം, ശ്രീമാങ്കുടി തുടങ്ങിയവർ.

(Republic)

★ ★ ★ ★ ★ ★ ★


റബ്ബർ
മുദ്രകൾ

★

വിവിധ ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ വളരെക്കാലംഉപയോഗിക്കത്തക്കവിധം ഉറപ്പായും ഭംഗിയായും മിതമായ ചാർജ്ജിൽ ഇവിടെ ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

★ ★ ★ ★ ★ ★ ★



ഞരമ്പുകളെ ശക്തിപ്പെടുത്തി ധാതുപുഷ്ടി ഉണ്ടാക്കുന്നതും ശാസ്ത്രീയമായ അംഗീകാരം സിദ്ധിച്ചിട്ടുള്ളതുമായ ഒരു

വിശിഷ്ട ടോണിക്ക്

പ്രത്യേകിച്ച് സ്ത്രീകൾക്ക പ്രസവാനന്തരം വളരെ ഉത്തമം

പല ചികിത്സകൾക്കുശേഷം, നിങ്ങളുടെ ദേഹബർബല്യത്തെ അകറ്റി ദൃഢഗാത്രന്മാരാക്കി തീർക്കുവാനും, ഗർഭിണികൾക്ക ശരീരപുഷ്ടി ഉണ്ടാക്കി സുഖപ്രസവം ഉണ്ടാക്കുന്നതിനും, രക്തവർദ്ധനവിനും, മാംസക്കൊഴുപ്പിനും അത്യുത്തമമായ അനുഗ്രഹിതമായ സഞ്ജീവി.

ഡോക്ടർ ജോൺ സൺസ്

എലക്സിർ-ഡി-ചവന

(അശ്വഗന്ധം, കാരസ്കരം, സ്വർണ്ണം, വൈറ്റമിൻസ് മുതലായ അപൂർവ്വം വിലപിടിച്ചതുമായ ഔഷധങ്ങൾ ചേർത്തിട്ടുള്ളത്)

ബഹുമാനപ്പെട്ട ശ്രീ: പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ പിതാവായ രാജശ്രീ. മോട്ടിലാൽ നെഹ്രുവിന്റെ വൈദ്യശിരോമണിയായ രാജവൈദ്യകവിരാജ് മുക്കർജിയുടെ പ്രശസ്തപ്രശസ്യനും, അനവധി വൈദ്യവിശാരദന്മാരുടെയും, ആയിരക്കണക്കിനു പ്രശസ്തന്മാരായ ഡോക്ടറന്മാരുടെയും, ഉപയോഗിച്ചു കൈമേൽ ഫലംകണ്ടഭിപ്രായപ്പെട്ടിച്ച നിരവധി പൊതുജനങ്ങളുടെയും അകമഴിഞ്ഞ ആശംസകളും പ്രശംസകളും നേടിയതും ഏറ്റവും ഫലപ്രദവുമായതുമാണ ഈ ദിവ്യൗഷധം.

നിങ്ങളുടെ ബന്ധുമിത്രാദികളെയും നിങ്ങളുടെ പ്രായംചെന്നവരെയും അവരുടെ ക്ഷീണാവശതയും പറഞ്ഞയച്ച 'എലിക്സിർ-ഡി-ചവന' വാങ്ങി ഉപയോഗിച്ച ക്ഷീണരഹിതരായി സന്തോഷജീവിതം തുടരുവാൻ അറിയിക്കുക ഇതു നിരവധി രോഗികളെ അവരുടെ സാധാരണജീവിതത്തിലേയ്ക്കു ഉയർത്തിയിട്ടുണ്ട്. ഓരോ തുള്ളി ടോണിക്കും പുനർജീവൻ നൽകുന്ന അമൃതാണ്. ആദ്യത്തെ ഒരു മാത്രതന്നെ നിങ്ങളുടെ സിരകളിൽ നവചൈതന്യം പ്രവഹിപ്പിക്കുകയും, രോഗത്തിൽനിന്നും പൂർണ്ണശമനം സിദ്ധിക്കാൻ സഹായിക്കയും ചെയ്യുന്നു.

പഥ്യം ഇല്ല.

24 ഔൺസുകുപ്പി 1-ക്ക് വില 5 രൂ: 8 ണ.
12 " " 3 രൂ: 4 ണ.

നിർമ്മാതാക്കൾ:

ജോൺ സൺസ് ഫാർമസ്യൂട്ടിക്കൽവർക്സ്, ആലപ്പുഴ.

എല്ലാ ഇംഗ്ലീഷുമരുന്നു കടകളിലും കിട്ടുന്നതാണ്.

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press. Quilon.